ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 03 ജൂലൈ/ഓഗസ്റ്റ് 2020 ലക്കം 08

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം

1. Prot. No. 278/20, സർക്കുലർ ........ 05
2. കോവിഡ് 19 അതിജീവന മാർഗ്ഗരേഖ-സർക്കുലർ ........ 11
3. കോവിഡ് പ്രതിരോധ പ്രവർത്തനം-സർക്കുലർ ........ 17
4. പരി. കന്യകാമറിയത്തിന്റെ മൂന്ന് അപദാനങ്ങൾ-സർക്കുലർ ........ 20
5. Prot. No. 249/20 സർക്കുലർ ........ 22
6. Prot. No. 250/20 സർക്കുലർ ........ 23
7. ഇടയലേഖനം-സഭാദിനം ........ 26
8. സർക്കുലർ യുവജനദിനം ........ 31
9. കച്ചേരിക്കാര്യം ........ 33
10. സെമിനാരി വാർത്തകൾ ........ 43
11. വിശ്വാസപരിശീലനം ........ 45
12. കുടുംബക്കൂട്ടായ്മ ........ 53
13. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 55
14. ചെറുപുഷ്പ മിഷൻലീഗ് ........ 58
15. തിരുബാലസഖ്യം ........ 67
16. യുവജനശുശ്രൂഷ ........ 70
17. കുടുംബപ്രേഷിതത്വം ........ 75
18. വിദ്യാഭ്യാസ ഏജൻസി ........ 82
19. നിർമ്മലഗിരി വാർത്തകൾ ........ 89
20. വിമലൽജ്യോതി വാർത്തകൾ ........ 94
21. സാൻജോസ് അക്കാഡമി ........ 95
22. എ.കെ.സി.സി. വാർത്തകൾ ........ 96
23. ഇൻഫാം വാർത്തകൾ ........ 97
24. എ.ഡി.എസ്.യു ........ 98
25. പ്രതീക്ഷ ........ 100
26. കെ.സി.ബി.സി ........ 103
27. സാമൂഹ്യസേവനവേദി ........ 106
28. ADAM ........ 110
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 111
30. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 115

Prot. No. 278/20, Circular No.9/2020

# സർക്കുലർ

ഈശോയിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

കോവിഡ് –19 ന്റെ പശ്ചാത്തലത്തിലുള്ള – 'ലോക്ക് ഡൗൺ' ആരംഭിച്ചിട്ട് 5 മാസങ്ങൾ പിന്നിടുകയാണല്ലോ. ലോകമെമ്പാടുമുള്ള കോവിഡ് രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇതിനോടകം 6.5 ലക്ഷം ആളുകൾ ലോകത്തോട് വിടപറഞ്ഞു. നമ്മുടെ ഭാരതത്തിൽ തന്നെ മുപ്പതിനായിരത്തിൽപരം ആളുകൾ മരിക്കുകയും 14 ലക്ഷത്തിൽപരം ആളുകൾ രോഗബാധിതരായിരിക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും കോവിഡ് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഈ കോവിഡ് കാലത്ത് സർക്കാരിന്റെ പ്രതിരോധ പ്രവർത്തന ങ്ങളോട് നമ്മൾ എല്ലാവരും സഹകരിച്ചു പോരുകയാണ്. വിവിധ ഇടവകകളുടെയും സന്യസ്ത സമൂഹങ്ങളുടേയും സംഘടനകളുടേയും ആഭിമുഖ്യത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. നമ്മുടെ അതിരൂപതയുടെ സാമൂഹ്യ ശുശ്രൂഷാ വിഭാഗമായ ടിഎസ് എസ്എസിന്റെ പ്രവർത്തനങ്ങളെ ഏറെ അഭിമാനത്തോടെ ഓർക്കുന്നു. കോവിഡിന് വിധേയരായി മരിച്ചു പോയ പ്രിയപ്പെട്ടവരേയും, നിരീക്ഷണങ്ങളിൽ കഴിയുന്നവരേയും ഓർത്ത് വേദനിക്കുന്ന, ഉത്കണ്ഠയിൽ കഴിയുന്ന എല്ലാ സഹോദരങ്ങൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നു. ആരോഗ്യ ശുശ്രൂഷാരംഗത്ത് പ്രതിബദ്ധ തയോടെ നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് ശുശ്രൂഷകർ, ക്രമസമാധാനപാലകർ, ജനപ്രതി നിധികൾ തുടങ്ങിയവർക്ക് ഹൃദ്യമായ അഭിനന്ദനങ്ങൾ. അവസരോ ചിതമായ തീരുമാനങ്ങൾ വിവേകപൂർവ്വം എടുത്ത് രാഷ്ട്രത്തെ മുന്നോട്ട് നയിക്കുവാൻ രാഷ്ട്രനേതാക്കളെ ദൈവം അനുഗ്രഹിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു .

ഇന്ന് ഏറെപേർ ഭയത്തിന്റേയും ഉത്കണ്ഠയുടേയും നിഴലിലാണ്. ഇത്തരത്തിലുള്ള നമ്മുടെ സഹോദരങ്ങൾക്ക് പ്രത്യാശ പകരേണ്ടത് നമ്മുടെ കടമയാണ്. വളരെ പ്രത്യേകമായി വിവിധ സ്ഥലങ്ങളിലായി

നിരീക്ഷണത്തിൽ കഴിയുന്നവരോടും അന്യസംസ്ഥാനങ്ങളിൽ നിന്നും, പുറംരാജ്യങ്ങളിൽ നിന്നുമായി വരുന്ന നമ്മുടെ സഹോദരങ്ങളോടും അനുകമ്പാർഹമായ സമീപനമാണ് നമ്മുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടത്. അവരെ ഒറ്റപ്പെടുത്തുന്ന യാതൊരു പ്രവർത്തനങ്ങളും നമ്മളിൽ നിന്നും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാം. മാത്രമല്ല, ആവുന്നത്ര സഹായങ്ങൾ ചെയ്തു കൊടുക്കുവാൻ നമ്മൾ തയ്യാറാകണം.

ആരാധനാലയങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ അനുവാദം ലഭിച്ച ജൂൺ 8- മുതൽ നമ്മുടെ ഭൂരിഭാഗം ദേവാലയങ്ങളും തുറക്കുകയുണ്ടായി. ദേവാലയ തിരുക്കർമ്മങ്ങളിൽ ജനപങ്കാളിത്തം പടിപടിയായി വർദ്ധിച്ചുവരുന്നുണ്ട്. ദേവാലയങ്ങൾ അടഞ്ഞുകിടന്നപ്പോൾ യുട്യൂബ് വഴിയും ഓൺ ലൈൻ വഴിയായുമുള്ള വി.കുർബാനയിൽ പങ്കെടുത്താൽ മതിയെന്ന് അറിയിച്ചിരുന്നു. എന്നാൽ ദേവാലയങ്ങൾ തുറന്നു കഴിഞ്ഞപ്പോൾ, ഞായറാഴച മുതൽ ശനിയാഴ്ചവരെയുള്ള വി.കുർബ്ബാനയിൽ ഏതെങ്കിലും ഒരു കുർബ്ബാനയിൽ എല്ലാവരും പങ്കെടുക്കണമെന്ന് പറഞ്ഞ കാര്യം വീണ്ടും ഓർമ്മിപ്പിക്കട്ടെ. 10-വയസിന് താഴെയുള്ള കുട്ടികൾക്കും 65 വയസിന് മുകളിലുള്ള മുതിർന്നവർക്കും ഇപ്പോഴും ദേവാലയത്തിൽ വരാൻ അനുവാദമില്ലാത്തതിനാൽ അവർ മാത്രം ഓൺലൈൻ വഴിയുള്ള വി.കുർബ്ബാനയിൽ പങ്കുകൊള്ളട്ടെ. മറ്റുള്ളവരെല്ലാവരും ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ദേവാലയത്തിൽ വന്ന് തിരുക്കർമ്മങ്ങളിൽ പങ്കുചേരേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുന്നു. 65 വയസിന് മുകളിലുള്ള വ്യക്തികളുടെ ആത്മീയ ആവശ്യങ്ങൾ ബഹു. വൈദികർ വിവേകപൂർവ്വം, സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് നടത്തി കൊടുക്കുവാൻ പ്രത്യേകമായി ശ്രദ്ധിക്കണം. അനുരഞ്ജന കൂദാശ ആഗ്രഹിക്കുന്നവർക്ക് സാമൂഹിക അകലം പാലിച്ച് ആഗ്രഹം നിറവേറ്റികൊടുക്കണം. 10 വയസിന് മുകളിലുള്ള കുട്ടികൾക്കും യുവതീ യുവാക്കൾക്കും ആത്മീയമായ ആവശ്യങ്ങളും വിശ്വാസ പരിശീലനവും ജാഗ്രതയോടെ നിർവ്വഹിക്കുന്നതിൽ ബന്ധപ്പെട്ടവർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

നമ്മുടെ മക്കളെല്ലാം ഓൺലൈൻ ക്ലാസുകളിൽ പങ്കെടുത്തു വരികയാണല്ലോ. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം ചിലരെങ്കിലും പ്രയാസപ്പെടുന്നുണ്ട്. കുടുംബങ്ങളിൽ ആവശ്യമായ ഫോണുകളുടെയും ടിവിയുടെയും അഭാവം, നെറ്റ് കണക്ഷൻ ലഭ്യതയില്ലായ്മ എന്നിവ കുറെ പേരെയെങ്കിലും അലട്ടുന്ന പ്രശ്ന

ങ്ങളാണ്. ഇങ്ങനെയുള്ള മക്കൾക്ക് വന്നിരുന്ന് പഠിക്കുവാനുള്ള സാഹചര്യം നമ്മുടെ പള്ളികളോടും സ്കൂളുകളോടും മറ്റു സ്ഥാപനങ്ങളോടും അനുബന്ധിച്ച് ക്രമീകരിക്കാൻ കഴിഞ്ഞാൽ വലിയ ഉപകാരമായിരിക്കും. പ്രയാസങ്ങളുടെ നടുവിലും ഓൺലൈൻ സംവിധാനങ്ങളുമായി പൊരുത്തപ്പെട്ട് പഠിക്കുന്ന എല്ലാ മക്കളെയും അവർക്ക് പ്രോത്സാഹനം നൽകുന്ന മാതാപിതാക്കളെയും അഭിനന്ദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ കാലഘട്ടത്തിൽ നമ്മുടെ മക്കളോട് ഏറെ കരുതലോടെയും സ്നേഹത്തോടെയും പെരുമാറുവാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ. എല്ലാവിധ മാനസിക സംഘർഷങ്ങളിലും നിന്ന് അവരെ കാത്തു സൂക്ഷിക്കേണ്ടതുണ്ട്.

നമ്മുടെ വിശ്വാസ പരിശീലന പരിപാടികളും ഓൺലൈൻ മാധ്യമങ്ങളിലൂടെ നടക്കുകയാണല്ലോ. ജൂലൈ 15 മുതൽ ശാലോം ടെലിവിഷനും നമ്മുടെ അതിരൂപത മതബോധന കേന്ദ്രവും ഒരുമിച്ച് ചേർന്ന് വിശ്വാസ പരിശീലന ക്ലാസുകൾ ശാലോം ടി.വി മുഖേന സംപ്രേഷണം ചെയ്തുവരുന്നുണ്ട്. അവരെ അഭിനന്ദിക്കുന്നതിനോടൊപ്പം ഈ ക്ലാസുകളിൽ എല്ലാ മക്കളും പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

കോവിഡ് കാലഘട്ടവും ലോക് ഡൗണും ഏറെ കാര്യങ്ങൾ നമ്മളെ പഠിപ്പിക്കുകയുണ്ടായി അവയോർത്ത് ദൈവത്തെ സ്തുതിക്കാം. തരിശായി കിടന്ന സ്ഥലങ്ങൾ എല്ലാം കൃഷിഭൂമികളായി മാറിക്കഴിഞ്ഞു. എല്ലാ കുടുംബങ്ങളിലും തങ്ങൾക്ക് ആവശ്യമായ ഭക്ഷ്യപദാർത്ഥങ്ങൾ ഉത്പാദിപ്പിക്കുകയുണ്ടായി. കൂടുതൽ ഉന്മേഷത്തോടെ ജോലികളിൽ എല്ലാവരും തന്നെ വ്യാപൃതരായി. വരുമാനമാർഗ്ഗങ്ങൾ കുറഞ്ഞതിനാൽ ലളിതമായ ജീവിതശൈലി ഉൾക്കൊള്ളുവാൻ തയ്യാറായി. കൂടുതൽ സമയം കുടുംബങ്ങളിൽ ചെലവഴിക്കുവാൻ സാധിച്ചതുകൊണ്ട് കുടുംബ ബന്ധങ്ങൾ ഊഷ്മളമായി. ഇനിയും തികഞ്ഞ സാമ്പത്തിക അച്ചടക്കം പാലിച്ചെങ്കിൽ മാത്രമേ ഇപ്പോൾ സംജാതമായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധികളെ മറികടക്കുവാൻ നമുക്ക് കഴിയൂ. അനാവശ്യമായ എല്ലാ ചിലവുകളും നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. മിതത്വവും ലളിത ജീവിതശൈലിയും നമ്മുടെ ആഘോഷങ്ങളിലും മറ്റു ജീവിത സാഹചര്യങ്ങളിലും നമ്മുടെ മുദ്രാവാക്യമാകണം. കോവിഡ് അതിജീവനത്തിനായി കെസി

ബിസിയുടെ സമാധാനത്തിനും നീതിക്കും വികസനത്തിനും വേണ്ടിയുള്ള കമ്മീഷൻ 9-7-20നും കോവിഡ് പ്രതിരോധത്തിനായി കെസിബിസി 23-7-20നും നൽകിയ സർക്കുലറിലെ ആശയങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കാനും നാം സന്നദ്ധരാകണം.

സാമ്പത്തിക വരുമാനത്തിന്റെ അഭാവം കാരണം പ്രയാസപ്പെടുന്ന 30-ൽ പരം ഇടവകകൾ നമുക്കുണ്ട്. ഇവരെ സഹായിക്കുവാനായി അത്യവശ്യം സാമ്പത്തികശേഷിയുള്ള കുറേ ഇടവകകൾ മുന്നോട്ട് വന്നത് തികച്ചും അഭിമാനർഹമായ കാര്യമാണ്. സഹായിക്കുവാൻ തയ്യാറായ ഇടവകകളെയും അവിടങ്ങളിലെ ബഹു. വികാരിമാർ, കൈക്കാരൻമാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവരെയും അഭിനന്ദിക്കുന്നു.

ഗ്രാമീണ ബാങ്കുകൾ മുഖേന കേന്ദ്ര സർക്കാർ നടപ്പാക്കാൻ ആഗ്രഹിക്കുന്ന കിസാൻ ക്രെഡിറ്റ് കാർഡ് വായ്പാ പദ്ധതി നമ്മുടെ ചെറുകിട കർഷകർക്ക് വലിയൊരു ആശ്വാസമാണ്. 4 ശതമാനം പലിശയ്ക്ക് ലഭ്യമാകുന്ന ഈ വായ്പാ പദ്ധതിയിൽ കഴിയുന്നത്ര കർഷകർ ചേരുവാൻ ശ്രദ്ധിക്കണം. ഇതിനോടകം തന്നെ ധാരാളം കുടുംബങ്ങൾ ഈ വായ്പാ പദ്ധതിയിൽ പങ്കാളികളാകുവാൻ മുന്നോട്ട് വന്നതിൽ സന്തോഷമുണ്ട്. വായ്പകൾ എടുക്കുവാൻ കാണിക്കുന്ന ഉൽസാഹം, അതുമുഖേന നിങ്ങൾ ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിലും സമയത്തികവിൽ വായ്പാ തിരിച്ചടക്കുന്നതിലും കാണിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. ലോൺ കൃത്യ സമയത്ത് അടച്ചില്ലെങ്കിൽ അത് വലിയ ബാധ്യതയായി പരിണമിക്കുമെന്ന മുന്നറിയിപ്പും നല്കട്ടെ.

കോവിഡ് മഹാമാരി അതിവേഗം പടരുന്ന സാഹചര്യത്തിൽ നമ്മുടെ സന്യാസസമൂഹങ്ങളിലും കുടുംബങ്ങളിലും ആളുകൾ ഒരുമിച്ച് താമസിക്കുന്ന മറ്റ് ഇടങ്ങളിലും പ്രത്യേകമായ കരുതൽ ആവശ്യമാണ്. അടിയന്തര ആവശ്യങ്ങൾക്ക് മാത്രമേ പുറത്ത് പോകാവൂ. പോകുമ്പോൾ എല്ലാ മുൻകരുതലുകളും ഉണ്ടാകണം. നമ്മുടെ കുടുംബങ്ങളിലോ ഇടവകകളിലോ സന്യാസഭവനങ്ങളിലോ ആർക്കെങ്കിലും കോവിഡ് ബാധ ഉണ്ടായാൽ അവരെ ഒറ്റപ്പെടുത്തരുത്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കണം. നമ്മുടെ ഇടയിൽ കോവിഡ് ബാധിച്ച് ആരെങ്കിലും മരിച്ചാൽ സംസ്ക്കാരവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും, ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം നിർവഹിക്കുന്നതിന്

സജ്ജമായ ഒരു സന്നദ്ധ സേവന ടീമിന് ടിഎസ്എസ്എസ് പരിശീലനം നല്കി തയ്യാറാക്കിയിട്ടുണ്ട്. ടിഎസ്എസ്എസിന് അഭിനന്ദനങ്ങൾ. സന്നിഗ്ദഘട്ടങ്ങളിൽ ഈ ടീമിന്റെ സഹായം ആർക്കും തേടാവുന്നതാണ്.

പ്രിയ സഹോദരങ്ങളെ,

കോവിഡ് വ്യാപനം വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിലും നാം ഭഗ്നാശരാകരുത്. പത്രോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു: "ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്ക്കണ്ഠകളെല്ലാം അവിടുത്തെ ഏല്പിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്. നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ" (1 പത്രോ. 5:6-7). നല്ല തമ്പുരാൻ അറിയാതെ നമ്മുടെ ജീവിതത്തിലും ലോകത്തിലും ഒന്നും നടക്കുകയില്ല. എല്ലാം നന്മക്കായി പരിണമിപ്പിക്കാൻ അവിടത്തേക്ക് കഴിയും. കോവിഡിനേപ്പറ്റിയും ദൈവത്തിന് ഒരു പദ്ധതിയുണ്ട്. അതു നിറവേറട്ടെ. ഭഗ്നാശരാകാതെ, നമുക്ക് നിരന്തരം പ്രാർത്ഥിക്കാം. അവിടന്ന് നമ്മുടെ പ്രാർത്ഥന കേട്ട് ഈ മഹാമാരിയിൽ നിന്നും നമ്മെ കാത്തുസൂക്ഷിക്കട്ടെ.

നമ്മുടെ കുടുംബങ്ങളിൽ നിന്ന് പ്രാർത്ഥനകളും, കീർത്തനങ്ങളും, സ്തുതിഗീതങ്ങളും ദൈവസന്നിയിലേക്ക് ഉയരട്ടെ. സാഹചര്യങ്ങൾക്ക് അനുസരിച്ച് വി.കുർബാനയിൽ പങ്കുചേരാനും, അനുരജ്ഞന കൂദാശ സ്വീകരിച്ച് വി.കുർബാന സ്വീകരിക്കാനും ഉത്സാഹിക്കാം. 65 വയസ്സിന് മുകളിലുള്ളവരുടെ അജപാലന കാര്യത്തിൽ സവിശേഷ ശ്രദ്ധ ചെലുത്താം. നമ്മുടെ തന്നെ വ്യക്തിജിവിതത്തെ വിശുദ്ധവും ദൈവത്തിന് പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കാം. നമ്മുടെയും ലോകത്തിന്റേയും വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കാം.

സന്ന്യാസസഹോദരീ സഹോദരന്മാർ അവരുടെ എല്ലാ ഭവനങ്ങളിലും മാർച്ച് മാസംമുതൽ ലോകത്തിനു മുഴുവനുംവേണ്ടി മധ്യസ്ഥ പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുകയാണ്. ഒപ്പം കഷ്ടതയിലകപ്പെട്ടിരിക്കുന്ന സഹോദരങ്ങളെ സാധിക്കുന്നതുപോലെ സാമ്പത്തികമായി സഹായിക്കാനും ശ്രമിക്കുന്നു. വിശ്വാസപരിശീലനം, സംഘടനാപ്രവർത്തനങ്ങൾ, കൗൺസിലിംഗ് തുടങ്ങിയ മേഖലകളിലും അവശ്യാ

നുസരണം ശുശ്രൂഷകൾ നല്കുന്നുണ്ട്. അവരെ ഓരോരുത്തരെയും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു.

നമ്മുടെ അതിരൂപതയിലെ വൈദികർ എല്ലാവരും കൊറോണ പ്രതിരോധത്തിനും ലോകത്തിന്റെയും സഭയുടെയും വിശുദ്ധീകരണത്തിനുമായി 2020 ആഗസ്റ്റ് 15 മുതൽ അഖണ്ഡ ആരാധനയിൽ മുഴുകുകയാണ്. ആണ്ടു വട്ടത്തിലെ എല്ലാ ദിവസവും ഒരു വൈദികൻ രൂപതയുടെ ഏതെങ്കിലും ഒരു സ്ഥലത്ത് ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ രാവിലെ 9 മണി മുതൽ വൈകുന്നരം 5 മണി വരെ ആരാധനയിൽ ഉണ്ടാകും. ഓഗസ്റ്റ് 15ന് ആർച്ച്ബിഷപ്സ് ഹൗസിലെ ചാപ്പലിൽ ഞാൻ തന്നെ ഇതിന് തുടക്കം കുറിക്കുകയാണ്. ഇത് തടസ്സം കൂടാതെ നടക്കുവാൻ നിങ്ങൾ പ്രാർത്ഥിക്കണം. കൂടാതെ മാസത്തിൽ ഒരു രാത്രി ഓരോ ഫൊറോനയിലേയും താല്പര്യമുള്ള വൈദികർ ഏതെങ്കിലും ഒരു സ്ഥലത്ത് വൈകുന്നേരം 7 മണി മുതൽ 11 മണി വരെ നൈറ്റ് വിജിൽ പ്രാർത്ഥനയിലും പങ്കാളികളാകും. നിങ്ങളുടെ ഇടവകയിലെ ബഹു. അച്ചൻ ആരാധനയ്ക്കായി ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ ആയിരിക്കുമ്പോൾ താല്പര്യമെങ്കിൽ നിങ്ങൾക്കും അച്ചനോടൊപ്പം ആരാധനയിൽ പങ്കുചേരാം.

യുഗാന്ത്യം വരെ ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരിക്കുമെന്ന് പറഞ്ഞ കർത്താവ് നമ്മുടെ കൂടെയുണ്ട്. നമ്മൾ ഭയപ്പെടേണ്ടതില്ല. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷപ്രാപിക്കും (റോമ.10:13). ഒരു ജനതയെന്ന നിലയിൽ ഏകമനസ്സോടെ നമുക്ക് പ്രാർത്ഥിക്കാം. കർത്താവ് നമ്മെ സംരക്ഷിക്കുകയും സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്യട്ടെ.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25-07-2020 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2020 ഓഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ ദൈവാലയങ്ങളിൽ വായിക്കുകയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ഇടവകക്കാരിലേക്ക് എത്തിക്കുകയും ചെയ്യണം.

**കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡവലെപ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

# കോവിഡ്-19 അതിജീവനമാർഗ്ഗരേഖ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭയുടെ സാമൂഹിക നീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷനിൽ നിന്നും സ്നേഹാശംസകൾ!

ഇന്നുവരെ നാം അഭിമുഖീകരിച്ചിട്ടില്ലാത്ത ഒരു മഹാവിപത്തിനെ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമാണല്ലോ ഇപ്പോഴുള്ളത്. കോവിഡ് 19-ന്റെ വ്യാപനം എവിടെയും വലിയ ദുരിതങ്ങളും ആശങ്കകളുമാണ് ഉളവാക്കിയിരിക്കുന്നത്. ഈ പ്രതിസന്ധിയുടെ നടുവിൽ മനസ്സിടിയാതെ ദൈവം നല്കുന്ന കാലത്തിന്റെ അടയാളങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിയാൻ നമുക്കു കഴിയണം. സ്വാർത്ഥം ഉപേക്ഷിച്ച്, മനുഷ്യൻ ആത്യന്തിക ലക്ഷ്യമായ ദൈവത്തിലേക്കും ഒപ്പം സഹോദരങ്ങളിലേക്കും പ്രകൃതിയിലേക്കും മടങ്ങണമെന്ന ആഹ്വാനമിവിടെ മുഴങ്ങുന്നുണ്ട്. അത് നാം ശ്രവിച്ചുകൊണ്ട് പുതിയ ജീവിതശൈലികൾ സ്വീകരിക്കേണ്ടതാവശ്യമാണ്.

ഇന്നത്തെ പ്രത്യേക പരിതോവസ്ഥയിൽ ശരിയായി ഇടപെടുകയും പഠനം നടത്തുകയും ചെയ്തുകൊണ്ടാണ് അതിജീവനത്തിനു സഹായിക്കുന്ന കർമ്മപദ്ധതികൾ കമ്മീഷൻ ആവിഷ്കരിക്കുന്നത്. നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് നാം ഉണ്ടാക്കുന്ന ആഘാതങ്ങളാണ് പലപ്പോഴും വൈറസുകളുടെ രൂപമാറ്റത്തിന് (mutation) കാരണമാകുന്നത്. ഈ ഗണത്തിൽ ഏറ്റവും പുതിയതാണല്ലോ കോവിഡ് -19 ന് കാരണമാകുന്ന കൊറോണ വൈറസ്. ഈ വൈറസ് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും ആരോഗ്യമേഖലയിലും സാമ്പത്തിക മേഖലകളിലും കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഏൽപ്പിക്കുന്ന ആഘാതം നാമിന്ന് നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ദൂഷ്യഫലങ്ങൾ എന്നവസാനിക്കുമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുമില്ല. നാളിതുവരെ ഇതിനെ പ്രതിരോധിക്കുന്നതിനും വ്യാപനം തടയുന്നതിനും

സഭയെന്ന നിലയിൽ നമ്മൾ ഉണർന്നു പ്രവർത്തിച്ചു. ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ രൂപതാതലങ്ങളിൽ കോവിഡ് അതിജീവനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നത് തികച്ചും അഭിനന്ദനാർഹമാണ്. ഇക്കാര്യത്തിൽ നമ്മുടെ രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ വഹിച്ചിട്ടുള്ള പങ്ക് നിർണ്ണായകവുമാണ്. ഈ സന്ദർത്തിൽ കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ എല്ലാവരെയും പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. ഈ നാളുകളിൽ ത്യാഗപൂർവ്വം സേവനനിരതരായിരിക്കുന്ന നമ്മുടെ ആരോഗ്യപ്രവർത്തകർ, ഭരണാധികാരികൾ, നിയമപാലകർ, വൈദികർ, സന്ന്യസ്തർ തുടങ്ങിയവരെ ജസ്റ്റീസ് പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷൻ നന്ദിപൂർവ്വം ഓർക്കുന്നു.

ഏതൊരു ദുരന്തവും നമുക്കു മുന്നിൽ ചില വെല്ലുവിളികൾ അവശേഷിപ്പിക്കുന്നുണ്ട്. പുതിയ തീരുമാനങ്ങളും കർമ്മപദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കുവാനുള്ള അവസരമാണിത്. ദുരന്തമുഖത്തുള്ളവരെ അടിയന്തരമായി രക്ഷപ്പെടുത്തുക, അവർക്കാവശ്യമായ സഹായങ്ങൾ നൽകുക, പുനരധിവസിപ്പിക്കുക തുടങ്ങിയവ നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ് (Rescue, Relief and Rehabilitation).

ആവശ്യക്കാരന്റെ മുൻപിൽ മിശിഹായുടെ കണ്ണും കാതും കരങ്ങളും കാലുകളും ഹൃദയവുമായി കടന്നുചെന്ന്, അവരെ മനുഷ്യത്വപരമായി സഹായിച്ച് നമ്മുടെ ദൈവം ഇന്നും ജീവിക്കുന്ന ദൈവമാണെന്ന് അനുഭവവേദ്യമാക്കിക്കൊടുക്കുക വിശ്വാസികളുടെ കടമയാണ്. കർത്താവ് ഇന്നു നമ്മോട് ആവശ്യപ്പെടുന്ന സുവിശേഷ പ്രഘോഷണം തന്നെയാണിത് എന്നതിൽ സംശയമില്ല.

കേരള കത്തോലിക്കാസഭ, പങ്കുവയ്ക്കുന്ന ഒരു സമൂഹമെന്ന നിലയിൽ എന്നും എവിടെയും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് പൂർവ്വാധികം തീക്ഷ്ണതയോടെ തുടരേണ്ടത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഒരു അനിവാര്യതയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും തിരികെയെത്തുന്ന നമ്മുടെ സഹോദരങ്ങളെ അനുഭാവപൂർവ്വം സ്വീകരിച്ചുകൊണ്ട് അവർക്ക് അനുകൂലമായ ജീവിതസാഹചര്യങ്ങൾ ഒരുക്കി ക്കൊടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദുരന്തങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന വർത്തമാനകാലസാഹ

ചര്യത്തിൽ ഇവയെ ധൈര്യപൂർവ്വം അതിജീവിക്കാൻ നമ്മുടെ ജന ങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. ഈ മേഖലകളിലെല്ലാം ഉണർന്നു പ്രവർത്തിക്കുവാൻ സഭ മുഴുവനെയും ആഹ്വാനം ചെയ്യുന്നു.

പരിസ്ഥിതി, കൃഷി, സമ്പത്ത്, വ്യക്തി-കുടുംബ -സാമൂഹികബ ന്ധങ്ങൾ എന്നിവയോടുള്ള സമീപനങ്ങളിൽ ഒരു ആന്തരികപരിവർത്ത നത്തിന് നാം വിധേയരാകേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. ആഡംബരങ്ങളെക്കാൾ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകി വേണം നാം മുമ്പോട്ടു ചരിക്കുവാൻ. മിതത്വവും ലളിതജീവിതശൈലിയും ആഘോഷവേളകളിലും മറ്റു ജീവിതസാഹചര്യങ്ങളിലും നമ്മുടെ മുഖമുദ്രയായി മാറേണ്ടതുണ്ട്. സ്വയംപര്യാപ്തമായ കുടുംബജീവിതം, സമൂഹജീവിതം എന്നിവയായിരിക്കണം നമ്മുടെ മുമ്പോട്ടുള്ള പ്രയാണത്തിൽ പ്രഥമ പരിഗണനകൾ.

കോവിഡ്-19 ഏൽപ്പിക്കുന്ന ആഘാതങ്ങളെ അതിജീവിക്കു ന്നതിനായി വരുന്ന മൂന്നു വർഷത്തേക്ക് നമ്മുടെ കമ്മീഷന്റെ കീഴിലുള്ള കേരളാ സോഷ്യൽ സർവ്വീസ് ഫോറവും, 32 രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും സംയുക്തമായി 'കോവിഡ് അതിജീവനം' (Surviving Covid) എന്ന ശീർഷകത്തിൽ തയ്യാറാക്കി യിരിക്കുന്ന കർമ്മ പദ്ധതികൾ കേരള കത്തോലിക്കാ സഭയ്ക്കുവേണ്ടി സ്നേഹപൂർവ്വം സമർപ്പിക്കുകയാണ്. സാക്ഷരതയിൽ മുന്നിട്ടുനിൽ ക്കുന്ന കേരളസമൂഹത്തിന് ഒരു നവദർശനവും പരിരക്ഷയും പ്രദാനംചെയ്യുന്ന കർമ്മപരിപാടികളാണ് നമ്മൾ ആവിഷ്കരി ച്ചിരിക്കുന്നത്.

1. **ആരോഗ്യപരിരക്ഷ:** അനുദിനം രോഗഗ്രസ്തമാ യിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. വരുമാനത്തിന്റെ മുഖ്യപങ്കും മരുന്നിനും ചികിത്സയ്ക്കുമായിട്ടാണല്ലോ നാം ചെലവിടുന്നത്. ജീവിതശൈലീരോഗങ്ങൾ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് നമ്മുടെ ഇടയിലാണ്. ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ ദിനംതോറും കൂടിവരുന്നു. ഈ മേഖലയിൽ പ്രധാനമായും നാലു രീതിയിലുള്ള ഇടപെടലുകൾ പ്രയോജനപ്രദ മാകുമെന്ന് സഭ ചിന്തിക്കുന്നു.

(എ) ആരോഗ്യ പരിപോഷണ പ്രവർത്തനങ്ങൾ

(ബി) രോഗപ്രതിരോധപ്രവർത്തനങ്ങൾ

(സി) സൗഖ്യദായകമായ ചികിത്സാസൗകര്യങ്ങൾ

(ഡി) ആരോഗ്യ പുനരധിവാസ പ്രവർത്തനങ്ങൾ

ഇവയുടെ ഭാഗമായി നമ്മുടെ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങളെ അതേപടി പാലിക്കുന്നതിന് ഏവരും ശ്രദ്ധിക്കുന്നതോടൊപ്പം ഓരോരുത്തരും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കേണ്ടതുമാണ്. സാമൂഹ്യസുരക്ഷാപദ്ധതികളിൽ എല്ലാ കുടുംബാംഗങ്ങളും പങ്കുകാരാകേണ്ടതുമാണ്.

**2. ഭക്ഷ്യസുരക്ഷ:** ഭക്ഷണമായിരിക്കണം നമ്മുടെ മരുന്ന്. നമുക്കനുയോജ്യമല്ലാത്ത ഭക്ഷണക്രമമാണല്ലോ പല രോഗങ്ങളും ക്ഷണിച്ചുവരുത്തുന്നത്. ഭക്ഷ്യോൽപാദനത്തിൽ ഇനിയും നാം സ്വയംപര്യാപ്തത നേടിയിട്ടില്ല. ഇനിയെങ്കിലും ഇതിനൊരു പരിഹാരം ഉണ്ടായേ മതിയാകൂ. വിഷവിമുക്ത ഭക്ഷണശൈലി നാം അവലംബിക്കേണ്ടത് അത്യാവശ്യമാണ്. നാം എന്തു ഭക്ഷിക്കണമെന്ന് നാം തന്നെ തീരുമാനിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാവണം. പരസ്യങ്ങളുടെ പിന്നാലെ പോയി ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന ഭക്ഷണപദാർത്ഥങ്ങൾ സ്വീകരിക്കുന്നശൈലി വർജ്ജിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒപ്പം, രോഗപ്രതിരോധശക്തി പ്രദാനം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ കൂടുതലായി നമ്മുടെ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്താൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷണകാര്യത്തിൽ ഒരു മിതത്വം നാം പാലിക്കേണ്ടതുമുണ്ട്. ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങളും ഇതോടൊപ്പം നാം ഏറ്റെടുത്തു നടപ്പിലാ ക്കേണ്ടതാണ്. അങ്ങനെ ഒരു പുതിയ ഭക്ഷ്യസാക്ഷരത പിൻതുടരുവാൻ കേരള സമൂഹം കാലവിളംബം വരുത്തിക്കൂടാ.

**3. കാർഷികസംസ്കൃതി:** കൃഷിയായിരുന്നല്ലോ നമ്മുടെപ്രധാന സംസ്കാരം. നമ്മുടെ ഇളംതലമുറയെ കൃഷിയിലേക്കാകർഷിക്കുവാൻ നമുക്ക് സാധിക്കണം. കാർഷികവൃത്തിയിൽ ക്രൈസ്തവർ മുൻപന്തിയിലാണെങ്കിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ നാം പിൻപന്തിയിലാണ്. ഇവിടെയും ഒരു ക്രിയാത്മകമാറ്റം അനിവാര്യമാണ്. ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാന വർദ്ധനവിനും സഹായകരമാകുന്നു. ഏകവിള സമ്പ്രദായത്തിനു പകരം ബഹുവിളയും, സമ്മിശ്രകൃഷി രീതിയുമാണ് നാം ഏറ്റെടുക്കേണ്ടത്. നമ്മുടെ എല്ലാ കുടുംബങ്ങളിലും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കി പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ആർജ്ജിക്കേണ്ടതാണ്. പാരമ്പര്യമായി നമുക്കുള്ള കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, വിത്തിനങ്ങൾ തുടങ്ങിയവ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സാധിക്കും. പ്രകൃതിദത്ത കൃഷിരീതിയും

ജൈവകൃഷിരീതിയും ആയിരിക്കണം നാം അവലംബിക്കേണ്ടത്. അതുവഴി നമ്മുടെ ആവാസവ്യവസ്ഥയെയും മണ്ണിനെയും നമുക്ക് സംരക്ഷിക്കാനാവും. വിപണനമേഖലയിലും വിലസ്ഥിരത ഉറപ്പാക്കുന്ന നവസംരംഭങ്ങൾ ആരംഭിക്കേണ്ടത് ഇന്നത്തെ വലിയ ആവശ്യമാണ്.

**4. പരിസ്ഥിതി സംരക്ഷണം:** ഫ്രാൻസിസ് മാർപ്പാപ്പായുടെ ലൗദാതോ സി (*Laudato Si*) എന്ന ചാക്രികലേഖനം ഭൂമിയെ ഒരു പൊതുഭവനമായിട്ടാണല്ലോ അവതരിപ്പിക്കുന്നത്. ശുദ്ധമായ വായു, വെള്ളം. മണ്ണ്, ആവാസവ്യവസ്ഥ മുതലായവയെല്ലാം സമസ്ത ജീവജാലങ്ങളുടെയും അവകാശമാണെന്ന് മാർപാപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വലിച്ചെറിയൽ സംസ്കാരത്തിന് അറുതിവരുത്തേണ്ടതിന്റെ ആവശ്യകത മാർപാപ്പാ നമ്മെ വ്യക്തമായി ഉദ്ബോധിപ്പിക്കുന്നുണ്ട്. എല്ലാത്തരത്തിലുമുള്ള മലിനീകരണത്തിനും നമ്മൾ അറുതി വരുത്തേണ്ടതാണ്. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയണം. ഉറവിടങ്ങളിലെ മാലിന്യ സംസ്കരണം ജീവിതശൈലിയുടെ ഭാഗമാക്കേണ്ടതാണ്. കൃഷിയിടങ്ങളിലും അല്ലാതെയുമുള്ള വനവൽക്കരണം പ്രോൽസാഹി പ്പിക്കണം. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. പ്രകൃതിവിഭവങ്ങളുടെ നീതിപൂർവ്വകമായ ഉപയോഗം ഉറപ്പുവരുത്താൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളോടുകൂടി നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ നാമൊരുമിച്ച് യത്നിക്കണം.

**5. സാമ്പത്തികഭദ്രത:** മറ്റേതു മേഖലയും പോലെതന്നെ കോവിഡ്-19 സാമ്പത്തികമേഖലയിലും കനത്ത പ്രഹരമാണ് ഏൽപ്പിച്ചിരിക്കുന്നത്. മുൻഗണനാക്രമങ്ങളിൽ ആവശ്യങ്ങളെ ക്രമീകരിച്ച് മിതവ്യയം അഭ്യസിച്ച് സമ്പാദ്യശീലം വർദ്ധിപ്പിച്ചാൽ മാത്രമേ നമുക്ക് പിടിച്ചുനിൽക്കുവാനാവൂ. എല്ലാത്തരം ധൂർത്തും ആഡംബരങ്ങളും നമ്മൾ ഒഴിവാക്കാൻ ശ്രമിക്കണം. സാമ്പത്തിക അച്ചടക്കം പാലിക്കലാണ് ഈ സാക്ഷരതയുടെ മുഖ്യപ്രമേയം. സർക്കാർ ആനുകൂല്യങ്ങൾ വേണ്ടവിധം പഠിച്ചു മനസ്സിലാക്കി പ്രയോജനപ്പെടുത്തുന്നതിൽ നാം ഇനിയും മടിച്ചുനിൽക്കരുത്. വരുമാനദായകമല്ലാത്ത എല്ലാ നിക്ഷേപങ്ങളും സാമ്പത്തികമേഖലയിലുള്ള നമ്മുടെ ആഘാതം വർദ്ധിപ്പിക്കുകയേയുള്ളൂ. പാവങ്ങളോട് പക്ഷം ചേർന്ന് ജീവിക്കുന്നതിനായി ജാതി, മത, വർഗ്ഗ വർണ്ണഭേദമെന്യേ പങ്കുവയ്ക്കുന്ന ജീവിതശൈലി

നമുക്കവലംബിക്കാം. അങ്ങനെ നമ്മുടെ സാമ്പത്തികമേഖലയ്ക്ക് നമ്മളാലാവുംവിധം പുതുജീവൻ പകരുന്നതിന് ഇടയാകട്ടെ.

പ്രകൃതിദത്ത ദുരന്തങ്ങളെ നമുക്ക് അഭിമുഖീകരിക്കാതിരിക്കുവാൻ കഴിയില്ല. എന്നാൽ മനുഷ്യനിർമ്മിത ദുരന്തങ്ങൾക്ക് അറുതി വരുത്താൻ ഇനിയെങ്കിലും നാം ശ്രദ്ധിക്കേണ്ടതാണ്. പല ദുരന്തങ്ങളും മനുഷ്യനിർമ്മിതമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അതുകൊണ്ടുതന്നെ നമ്മുടെ സമൂഹത്തെ ശരിയായി ബോധവൽക്കരിച്ച് പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും നാം സജ്ജമാക്കേണ്ടിയിരിക്കുന്നു.

കേരള കത്തോലിക്കാസഭയുടെ സമൂഹികനീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷൻ ഈ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം തന്നെ കൂടുതൽ പഠനവിശകലനത്തിനു വിധേയമാക്കി അനുയോജ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ച് നമ്മുടെ പ്രകൃതിയെയും ജീവജാലങ്ങളെയും മനുഷ്യനെയും സംരക്ഷിക്കേണ്ടതിന് ഏവരെയും ദൈവനാമത്തിൽ ആഹ്വാനം ചെയ്യുന്നു. ഏവർക്കും ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സമൃദ്ധമായി ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് മാർ ജോസ് പുളിക്കൽ**
ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ബിഷപ്പ് തോമസ് മാർ എവുസേബിയൂസ്**
വൈസ് ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**
**കൊച്ചി** – 682 025

Ref: 3332/K-5/KCBC/OL/DS 23.07.2020

**കെസിബിസി സർക്കുലർ**

# കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താം

അഭിവന്ദ്യ പിതാക്കന്മാരേ, വൈദികരേ, സന്ന്യസ്തസഹോദരങ്ങളേ, പ്രിയ വിശ്വാസികളേ,

ഈ കോവിഡ് കാലത്ത് സർക്കാരിന്റെ പ്രതിരോധ പ്രവർത്തനങ്ങളോട് നമ്മൾ സർവാത്മനാ സഹകരിച്ചു കൊണ്ടിരിക്കുകയാണല്ലോ. സഭയുടെ ആരാധനാ ജീവിതത്തെയും സഭാ ജീവിതത്തിന്റെ മിക്കവാറും എല്ലാ മേഖലകളെയും കോവിഡ് പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

പ്രതിരോധ പ്രവർത്തനങ്ങളിൽ ഊന്നിയുള്ള ലോക്ക് ഡൗൺ ഭാഗികമായി തുടരുമ്പോൾ തന്നെ അനുദിനം രോഗികളുടെ എണ്ണം വർധിച്ചുകൊണ്ടാണിരിക്കുന്നത്. ലോക്ക് ഡൗണിനു ശേഷമുള്ള സാഹചര്യങ്ങൾ രോഗസാധ്യതയുള്ളവരുമായി കൂടുതൽ ആളുകൾ ഇടകലരുന്നതിന് അവസരമുണ്ടാക്കി. ഈ സന്ദർഭത്തിലും പ്രതിരോധത്തിൽ ഊന്നിയുള്ള സർക്കാരിന്റെ നടപടികൾ ഒരു പരിധിവരെ ഫലപ്രദമായി മുന്നേറുകയാണല്ലോ.

എങ്കിലും, കോവിഡ് 19 മഹാമാരി അതിവേഗം പടരുന്ന സാഹചര്യത്തിൽ, സഭയിലും സമൂഹത്തിലു മുണ്ടായേക്കാവുന്ന അടിയന്തര സാഹചര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നാം കൂടുതൽ സജ്ജരാകേണ്ടിയിരിക്കുന്നു.

1. നമ്മുടെ സന്ന്യാസഭവനങ്ങളിലും ആളുകൾ ഒരുമിച്ചു താമസിക്കുന്ന മറ്റിടങ്ങളിലും പ്രത്യേകമായ കരുതൽ ആവശ്യമാണ്. ആരോഗ്യരംഗത്തും മറ്റു സാമൂഹ്യ രംഗങ്ങളിലും പ്രവർത്തിക്കുന്നവർ ദൈനംദിനം അവരുടെ പ്രവർത്തന മേഖലകളിൽ രോഗസാധ്യതയുള്ളവരുമായി ഇടപഴകുന്ന സാഹചര്യങ്ങളുണ്ടായേക്കാം. അത്തരം ഇടങ്ങളിൽനിന്നു രോഗം പിടിപെടാതിരിക്കുന്നതിനും, രോഗമുണ്ടായാൽ മറ്റുള്ളവരിലേക്ക് പടരുന്നതിനുള്ള സാധ്യത തടയുന്നതിനും ആവശ്യമായ മുൻകരുതലുകളെടുക്കണം.

2. നമ്മുടെ സമർപ്പിതർ ഈ രംഗത്ത് അപകട സാധ്യത കൂടുതലുള്ള രംഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരാണ്. കഴിയുംവിധമുള്ള എല്ലാ മുൻകരുതലും സ്വീകരിക്കാൻ അവർ ശ്രദ്ധിക്കണം.

3. സഭ നടത്തുന്ന കെയർഹോമുകൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയ

ഇടങ്ങളിലും  പ്രത്യേകം കരുതലും ജാഗ്രതയും ഉണ്ടായിരിക്കണം.

4. അറുപത്തിയഞ്ചു വയസ്സിനു മുകളിലുള്ളവർക്ക് ഇടവകയിലെ ആത്മീയ ശുശ്രൂഷകളിൽ സംബന്ധിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, അവരെ ആത്മീയമായും മാനസികമായും സഹായിക്കുന്നതിന് വൈദികർ വേണ്ടതെല്ലാം ചെയ്യേണ്ടതാണ്.

5. കോവിഡ് രോഗബാധിതരായ ആർക്കുംതന്നെ അജപാലനപരമായ നമ്മുടെ ശ്രദ്ധ കിട്ടാതെപോകരുത്. ഏറെ ജാഗ്രതയോടും വിവേകത്തോടുംകൂടി ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നമ്മുടെ വൈദികരെ  ഒരുക്കണം.

6. കോവിഡ് രോഗലക്ഷണങ്ങളോടുകൂടി നമ്മുടെ സന്യാസഭവനങ്ങളിലോ ഇടവകകളിലോ ആളുകൾ ഉണ്ടെന്നു ബോധ്യമായാൽ ആരോഗ്യ പ്രവർത്തകരുടെ സഹായം തേടാൻ മടിക്കരുത്. ഇക്കാര്യത്തിൽ പ്രത്യേകം ജാഗ്രത പുലർത്താൻ വൈദികർക്ക് നിർദേശം നൽകണം.

7. കോവിഡ് 19  സംശയിക്കത്തക്ക രോഗ ലക്ഷണങ്ങളോടെ വൈദികർ വി. കുർബാനയോ മറ്റു കൂദാശകളോ പരികർമ്മം ചെയ്യാനോ വി. കുർബാന മറ്റുള്ളവർക്ക് നൽകാനോ ഇടയാകരുത്. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സഭയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്ന മറ്റു ശുശ്രൂഷകരും ഇക്കാര്യത്തിൽ ഉയർന്ന ജാഗ്രത പുലർത്തണം.

8. ക്വാറന്റൈനിൽ കഴിയുന്നവരും ഒറ്റപ്പെട്ടു കുടുംബങ്ങളിൽ കഴിയുന്നവരും ഇടവക വൈദികരുമൊക്കെ ഈ ദിവസങ്ങളിൽ ഏകാന്തതയും രോഗഭീതിയും മൂലമുള്ള മാനസിക സമ്മർദങ്ങളും അനുഭവിക്കുന്നുണ്ട്. നമ്മുടെ കരുതലും ബലപ്പെടുത്തുന്ന വാക്കുകളും വളരെ പ്രധാനപ്പെട്ടതാണ്. സാമൂഹ്യമായി അകലം പാലിക്കുമ്പോഴും ആത്മീയമായും മാനസികമായും പരസ്പരം ശക്തിപ്പെടുത്താൻ നമുക്ക് ജാഗ്രതയുള്ളവരാകാം.

9. കൗൺസിലിംഗിലൂടെയും മറ്റും വ്യക്തികളുടെ ഏകാന്തതയും ആശങ്കകളും കുറയ്ക്കുന്നതിനുള്ള ശുശ്രൂഷകൾ  രൂപതാതലത്തിൽ ശക്തിപ്പെടുത്താനും  ഈ രംഗത്ത്  പരിശീലനവും പരിചയവുമുള്ള അൽമായ സഹോദരങ്ങളുടെയും സമർപ്പിതരുടെയും സേവനം പ്രയോജനപ്പെടുത്താനും  കഴിയുന്നതെല്ലാം ചെയ്യണം.

10. രോഗികളെ തക്കസമയത്തു ശുശ്രൂഷാകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും, അവിടെയുണ്ടാകാവുന്ന അടിയന്തര സാഹചര്യങ്ങളിൽ

സർക്കാർ സംവിധാനങ്ങളെയും സഭയുടെ ശുശ്രൂഷകളെയും ശക്തിപ്പെടുത്തുന്നതിനും മരിച്ചടക്ക്, മൃതശരീരങ്ങൾ ദഹിപ്പിക്കൽ, ശ്മശാന ഭൂമി തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വൈദികരെയും സർക്കാർ സംവിധാനങ്ങളെയും സഹായിക്കുന്നതിനുമായി ഓരോ രൂപതയിലും കോവിഡ് 19 സന്നദ്ധപ്രവർത്തകരുടെ ഒന്നോ അതിലേറെയോ സംഘങ്ങളെ തയ്യാറാക്കേണ്ടതാണ്. രൂപതയിലെ സോഷ്യൽ സർവീസ് സൊസൈറ്റിയും യുവജന സംഘടനയും ആരോഗ്യ പ്രവർത്തകരും വൈദികരും ഉൾപ്പെട്ട ഒരു സംവിധാനമാണ് ഉണ്ടാകേണ്ടത്.

11. ഇടവകാതിർത്തിയിൽ കണ്ടെയിൻമെന്റ് സോണുകൾ ഉണ്ടെങ്കിൽ, അവിടെ വസിക്കുന്നവരുടെ ഭക്ഷണം, മരുന്ന് ഇത്യാദി കാര്യങ്ങളിൽ ഈ സംവിധാനങ്ങൾക്ക് ഫലപ്രദമായി സഹായിക്കാൻ കഴിയണം.

12. കെസിബിസി തലത്തിൽ, ഈ പ്രവർത്തനങ്ങളെ കേരള സോഷ്യൽ സർവീസ് ഫോറം ക്രോഡീകരി ക്കുന്നതാണ്. ഹെൽത്ത് കമ്മീഷനും യൂത്ത് കമ്മീഷനും കെസിഎംഎസ്സും ഈ പ്രവർത്തനങ്ങളുമായി കൈകോർക്കുന്നതാണ്.

13. ആവശ്യമായി വരുന്ന പ്രാരംഭ ചെലവുകൾ രൂപതയിൽനിന്നു കണ്ടെത്തേണ്ടതാണ്. പ്രയാസമുള്ള രൂപതകളെ സഹായിക്കുന്നതിന് കേരള സോഷ്യൽ സർവീസ് ഫോറം സന്നദ്ധത അറിയിച്ചിട്ടുമുണ്ട്. സന്നദ്ധപ്രവർത്തകർക്കുള്ള പരിശീലനം, PPE കിറ്റ് തുടങ്ങിയ കാര്യങ്ങളും ഹെൽത്ത് കമ്മീഷന്റെ സഹകരണത്തോടെ കെഎസ്എസ് ഫോറംവഴി ക്രമീകരിക്കുന്നതാണ്.

14. ആശയവിനിമയം എളുപ്പമാക്കുന്നതിന് ഫോറത്തിന്റെ ഓഫീസായ ആമോസ് സെന്ററിൽനിന്നും സന്നദ്ധ പ്രവർത്തകരുടെ ഒരു ഹെൽപ് ലൈൻ ക്രമീകരിക്കുന്നതാണ്.

15. നമ്മുടെ 32 രൂപതകളിലും ഇക്കാര്യങ്ങൾക്കായി പ്രത്യേകം ഡയറക്ടർമാരെ നിയമിക്കുകയോ സോഷ്യൽ സർവീസ് സൊസൈറ്റികളെ ചുമതലപ്പെടുത്തുകയോ വേണം.

16. കോവിഡ് പ്രതിരോധ യജ്ഞത്തിൽ നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥനകൾ തുടർന്നും ദൈവസന്നിധിയിൽ സമർപ്പിക്കാം.

ദൈവം നിങ്ങളെ കാത്തുപരിപാലിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ!

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

Ref: 3320/K-5/KCBC/OL/DS 06.07.2020

# പരിശുദ്ധ കന്യകമറിയത്തിന്റെ മൂന്നു അപദാനങ്ങൾ കൂട്ടിച്ചേർത്ത് മാധ്യസ്ഥ്യം തേടുന്ന സഭ

പരിശുദ്ധ കന്യകമറിയം വിശ്വാസികളുടെ പ്രത്യേക മധ്യസ്ഥയാണ്. ജപമാല പ്രാർത്ഥനയുടെ അവസാനത്തിൽ പരിശുദ്ധ കന്യകമറിയത്തിന്റെ അപദാനങ്ങൾ വാഴ്ത്തിപ്പാടി അവളുടെ മാധ്യസ്ഥ്യത്തിനായി അപേക്ഷിക്കുന്ന ലുത്തനീയ ഇറ്റലിയിലെ ലൊറേറ്റോ എന്ന മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ 1541-ൽ ആരംഭിച്ചതാണ്. 1587-ൽ സിക്സ്റ്റസ് 5-ാമൻ പാപ്പാ അതിനു അംഗീകാരം നല്കുകയും മറ്റ് പല ലുത്തനീയകൾ അനൗദ്യാഗികമാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. പിൽക്കാലത്ത് പല സമയങ്ങളിലായി 7 പുതിയ അർഥനകൾ പ്രസ്തുത ലൊറേറ്റോ ലുത്തനീയയുടെ കൂടെ ചേർക്കുകയുണ്ടായി. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 1988-ൽ "സഭയുടെ മാതാവേ" എന്നതും 1995 -ൽ "കുടുംബങ്ങളുടെ രാജ്ഞി" എന്നതും ചേർക്കുകയുണ്ടായി.

ഇപ്പോൾ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ വിപത്തായ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 ജൂൺ 20-ാംതീയതി പരിശുദ്ധ കന്യകമറിയത്തിന്റെ വിമലഹൃദയത്തിരുനാളിൽ മൂന്ന് സംബോധനകൾ കൂടെ ചേർത്ത് അവളുടെ മധ്യസ്ഥത്തിനായി യാചിക്കാനായി വിശ്വാസികളെ ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി.

"**കരുണയുടെ മാതാവേ**" എന്ന യാചന "സഭയുടെ മാതാവേ" എന്നതിനുശേഷവും, "**പ്രത്യാശയുടെ മാതാവേ**" എന്നത് "ദൈവവരപ്രസാദത്തിന്റെ മാതാവേ" എന്നതിനുശേഷവും "**കുടിയേറ്റക്കാരുടെ ആശ്വാസമേ**" എന്നത് "പാപികളുടെ സങ്കേതമേ" എന്നതിനുശേഷവും ചേർക്കാനാണ് പരിശുദ്ധ പിതാവ് നിർദേശിച്ചിരിക്കുന്നത്.

ഈ യാചനകളിലുള്ള മറിയത്തിന്റെ നാമങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം സഭയുടെ പരമ്പരാഗത പ്രാർത്ഥനകളിൽ ഉള്ളതാണ്. അതായത് "പരിശുദ്ധ രാജ്ഞി, കരുണയുടെ മാതാവേ സ്വസ്തി, ഞങ്ങളുടെ ജീവനും ശരണവുമേ സ്വസ്തി" (Salve, Regina, mater misericordiae; vita, dulcedo et spes nostra, salve = Hail, holy Queen, mother of mercy; hail our life, our sweetness, and our hope) എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ മറിയത്തെ സഭ "കരുണയുടെ മാതാവായും," "പ്രത്യാശയുടെ മാതാവായും" അഭിസംബോധന ചെയ്തുവരുന്നുണ്ട്. ഈ സംബോധനകൾ ലുത്തനീയയിലേക്കു ചേർക്കുകയാണ് മാർപാപ്പാ ചെയ്തത്.

**“കുടിയേറ്റക്കാരുടെ ആശ്വാസമേ”** (Solacium migrantium = Solace of migrants) എന്നത് ഈ കാലഘട്ടത്തിന്റെ വലിയ പ്രതിഭാസത്തിനു ചേർന്നതാണല്ലോ. മനുഷ്യർ തങ്ങളുടെ ദേശങ്ങളിൽ നിന്നും പുതിയ മേച്ചിൽ സ്ഥലങ്ങൾ അന്വേഷിച്ചു പോകുന്നു. സംസ്ഥാനങ്ങളുടെയും രാഷ്ട്രങ്ങളുടെയും അതിർത്തികൾ ഭേദിച്ച് മനുഷ്യർ നീങ്ങികൊണ്ടിരിക്കുന്നു. അതിർത്തിവരമ്പുകളില്ലാതെ ലോകം ഒന്നായി മാറുന്ന പ്രക്രിയയുടെ ഭാഗമാണത്. ബൈബിളിൽ തന്നെയും കുടിയേറ്റത്തിന്റെതായ ചിത്രങ്ങൾ കാണാനാകും. വിശ്വാസികളുടെ പിതാവായ അബ്രഹാം തന്റെ ദേശത്തുനിന്ന് മറ്റൊരു ദേശത്തേയ്ക്ക് - ദൈവം കാണിച്ചുകൊടുത്ത ഇടത്തേയ്ക്ക്- കുടിയേറുന്നു. പിൽക്കാലത്ത് ഇസ്രായേൽക്കാർ ഈജിപ്തിൽ അഭയാർത്ഥികളായി മാറുന്നു. എന്നാൽ ദൈവം അവരെ സ്വാതന്ത്ര്യത്തിന്റെ നാടായ, വാഗ്ദത്തഭൂമിയായ, കാനാൻ ദേശത്തേയ്ക്ക് തിരികെ കൊണ്ടുവരുന്നു. അസ്സീറിയായിലെയും ബാബിലോണിലെയും വിപ്രവാസം ദൈവജനത്തിന്റെ തുടർന്നുള്ള അനുഭവമായിരുന്നു. അങ്ങനെ വരുമ്പോൾ അഭയാർത്ഥികളാകുന്നതും, വിപ്രവാസത്തിലാകുന്നതും ഒക്കെ കുടിയേറ്റത്തിന്റെ ഭാഗങ്ങളാണ്. അതിനാൽ കുടിയേറ്റക്കാർക്കുവേണ്ടി ദൈവമാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിക്കുന്നത് നമ്മുടെ ഈ കാലഘട്ടത്തിൽ പ്രസക്തിയുള്ള കാര്യമാണ്.

പരിശുദ്ധപിതാവിന്റെ ആഹ്വാനത്തെ നമുക്ക് സർവാത്മനാ സ്വീകരിക്കാം. കന്യകമറിയം കരുണയുടെയും പ്രത്യാശയുടെയും അമ്മയാണ്. കാനായിലെ കല്യാണവിരുന്നിൽ അവൾ കരുണാപൂർവം തന്റെ പുത്രനോട് യാചിച്ചുകൊണ്ട് ആ ഭവനത്തിന് പ്രത്യാശ പകർന്നു. അവിടെ ആഘോഷവും ആനന്ദവും തിരികെ വന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ ലോകത്തെ മുഴുവൻ രക്ഷയുടെ സമ്പൂർണമായ അനുഭവത്തിലേയ്ക്കു നയിക്കാൻ നമുക്ക് കന്യകമറിയത്തിന്റെ മാധ്യസ്ഥ്യം തേടാം. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
സെക്രട്ടറി ജനറൽ, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
വൈസ് പ്രസിഡന്റ്, കെസിബിസി

Prot. No. 249/20, Circular No.7/2020

**സർക്കുലർ**
**തലശ്ശേരി അതിരൂപതയും ഗ്രാമീണ ബാങ്കും ചേർന്ന് നടപ്പിലാക്കുന്ന വായ്പാപദ്ധതി**

ഈശോയിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

കോവിഡ് കാലത്ത് നാം വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണല്ലോ. ഈ സാമ്പത്തിക മാന്ദ്യം മറികടക്കുവാൻ കർഷകർക്കും സാധാരണകാർക്കും നാമമാത്ര പലിശക്ക് പണം ലഭ്യമാക്കുന്ന ഒരു വായ്പാപദ്ധതി കേന്ദ്രഗവൺമെന്റിന്റെ പദ്ധതിപ്രകാരം കേരള ഗ്രാമീണ ബാങ്ക് ആവിഷ്ക്കരിച്ചിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ തലശ്ശേരി അതിരൂപതയോട് സഹകരിച്ച് ഈ പദ്ധതി ഇരുപതിനായിരത്തോളം കുടുംബങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ നടപ്പിൽവരുത്താൻ ഗ്രാമീണബാങ്കിന്റെ അധികാരികളുമായി നടത്തിയ ചർച്ചയിൽ ധാരണയായിട്ടുണ്ട്.

നമ്മുടെ അതിരൂപതയിലെ കുടുംബക്കൂട്ടായ്മയ്മകളുടെ നേതൃത്വത്തിലാണ് ഈ വായ്പാപദ്ധതി നടപ്പിൽ വരുത്തുന്നത്. വായ്പ ലഭിക്കുവാനുള്ള അപേക്ഷകരെ തിരഞ്ഞെടുക്കുക, ബാങ്കിൽ നിന്ന് വായ്പാ ലഭിക്കാനാവശ്യമായ സാങ്കേതിക സഹായങ്ങൾ നല്കുക, ലഭിച്ച വായ്പ ഉല്പാദനക്ഷമമായ കാര്യങ്ങൾക്ക് ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തുക, കൃത്യസമയത്ത് വായ്പ തിരിച്ചടക്കാൻ പ്രേരിപ്പിക്കുക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ കുടുംബകൂട്ടായ്മകളിലൂടെ നിർവഹിക്കും. ഓരോ ഇടവകയിലും ഇതിനായി ഒരു സമിതി രൂപീകരിക്കണം. കുടുംബകൂട്ടായ്മ വിഭാഗത്തിന്റെ അതിരൂപതാസമിതി ഇതിന്റെ സെൻട്രൽ കമ്മിറ്റിയായി പ്രവർത്തിക്കുന്നതാണ്.

താഴെ പറയുന്ന സവിശേഷതകൾ ഈ പദ്ധതിക്കുണ്ട്

1. കാർഷിക ജോലിക്കും കന്നുകാലി വളർത്തലിനും 4 ശതമാനം പലിശക്ക് ലോൺ ലഭ്യമാക്കുന്ന പദ്ധതിയാണിത്. സ്വന്തം പേരിൽ സ്ഥലം ഉണ്ടായിരിക്കണം.
2. 50000 മുതൽ160000 വരെ തുക ലഭിക്കും (കൈവശസ്ഥലത്തിന് ആനുപാതികമായി).
3. സ്ഥലത്തിന്റേയോ, സ്വർണ്ണത്തിന്റേയോ ജോലിക്കാരുടെയോ ജാമ്യം ആവശ്യമില്ല.
4. മറ്റ് ബാങ്കുകളിലെ ലോൺ തടസ്സമല്ല; കുടിശ്ശിക ഉണ്ടാകാതിരുന്നാൽ മതി.
5. അഞ്ച് വർഷത്തേക്കുള്ള ലോൺ വർഷവും കൃത്യമായി പലിശ അടച്ച് പുതുക്കിയാൽ മതി.
6. കൃത്യമായി തിരിച്ചടക്കുന്നവർക്കാണ് പലിശ നാല് ശതമാനമായി കുറയുന്നത് (അല്ലെങ്കിൽ പതിനൊന്ന് ശതമാനത്തിലധികമാകും).
7. ഓരോ വ്യക്തിയും ബാങ്കിൽ നിന്ന് സ്വന്തം ഉത്തരവാദിത്വത്തിലാണ് വായ്പ വാങ്ങേണ്ടത്.
8. വായ്പ എടുക്കുന്ന എല്ലാവർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാകും.
9. കിസാൻ ക്രെഡിറ്റ് കാർഡിലൂടെ പ്രധാനമന്ത്രിയുടെ സാമ്പത്തിക സഹായം, ഇൻഷുറൻസ്, സാമ്പത്തിക ആനുകൂല്യങ്ങൾ ഇവ ലഭിക്കുവാൻ അർഹത നേടുന്നതാണ്.

വളരെ കുറഞ്ഞ പലിശക്ക് ലഭ്യമാകുന്ന ഈ വായ്പ പുതുക്കുന്നതിനുള്ള പലിശ തുക പ്രധാനമന്ത്രിയുടെ കിസാൻസമ്മാൻനിധി സ്കീമിൽ കിസാൻകാർഡ് ഉടമകൾക്ക് ലഭിക്കുന്ന തുക പ്രയോജനപ്പെടുത്താവുന്നതാണ്. നമ്മുടെ മലയോരങ്ങളിലെ കാർഷികമേഖലക്ക് വലിയ ഉത്തേജനം നല്കുമെന്നതിന് സംശയമില്ല. 200 കോടിയോളം രൂപ ജനങ്ങളുടെ കൈകളിലെത്തുമ്പോൾ കാർഷിക മേഖലക്ക് മാത്രമല്ല എല്ലാ അനുബന്ധ മേഖലകൾക്കും ഉണർവ്വുണ്ടാകും.

ജൂലൈ ആദ്യവാരത്തിൽ ഈ പദ്ധതിയേക്കുറിച്ചുള്ള വിശദവിവരങ്ങൾ ഇടവക കോഡിനേറ്റർമാരോട് റീജണൽതലത്തിൽ വിശദീകരിക്കുന്നതാണ്. കുടുംബകൂട്ടായ്മകളിലൂടെ വായ്പയ്ക്കുള്ള പ്രാഥമിക അപേക്ഷാഫോറം വിതരണം ചെയ്യുകയും സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ഈ പദ്ധതിയുടെ വിജയത്തിനായി എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും ഇടവക കോഡിനേറ്റർമാരുടെയും കുടുംബകൂട്ടായ്മ ഭാരവാഹികളുടെയും പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുന്നു. പരമാവധി ആളുകൾക്ക് ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നതിന് എല്ലാവരും ഒത്തൊരുമിച്ച് പരിശ്രമിക്കുമല്ലോ.

സ്നേഹാശംസകളോടെ,
നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി
25-06-2020

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ യുക്തമായവിധത്തിൽ ഇടവകാംഗങ്ങളിലേക്ക് എത്തിക്കുമല്ലോ.

## Prot. No. 250/20, Circular No.8/2020

### സർക്കുലർ

### വിമൽജ്യോതി എഞ്ചിനീയറിംഗ് കോളെജ്

ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രേഷിതദൗത്യ നിർവ്വഹണത്തിന്റെ ഭാഗമായി തലശ്ശേരി അതിരൂപത ആരംഭിച്ച സ്ഥാപനമാണ് വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ്. അഭിമാനാർഹമായ വളർച്ചയുടെ ചരിത്രമാണ് ഈ കലാലയത്തിനുള്ളത്. കേരളത്തിലെ ഏറ്റവും മികച്ച എൻജിനീയറിംഗ്, എം.ബി.എ കോളേജുകളുടെ ഗണത്തിൽ നമ്മുടെ സ്ഥാപനങ്ങളും എണ്ണപ്പെട്ടു എന്നത് സന്തോഷകരമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് ഏറെ പിന്നോക്കാവസ്ഥയിലായിരുന്ന കുടിയേറ്റജനതയുടെ മുന്നിൽ എഞ്ചിനിയറിംഗ് മേഖലയിലെയും ബിസിനസ് മാനേജുമെന്റ് മേഖലയിലെയും പുതിയ ചക്രവാളങ്ങൾ തുറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കായി അധ്വാനിച്ച എല്ലാവരെയും പ്രത്യേകിച്ച് സ്ഥാപക ചെയർമാൻ മോൺ. മാത്യു എം. ചാലിനെയും സ്നേഹപൂർവ്വം ഓർമ്മിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്ന കേന്ദ്ര സർക്കാർ ഏജൻസിയായ NBA, NAAC അക്രഡിറ്റേഷൻ ഏജൻസികളുടെ അംഗീകാരം നമ്മുടെ കോളേജിനുണ്ട്. അക്കാദമിക മികവ്, ലാബ് സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ എണ്ണം, യൂണിവേഴ്സിറ്റി പരീക്ഷകളിലെ വിജയം, പ്ലേസ്മെന്റ് തുടങ്ങിയ നിരവധി മാനദണ്ഡങ്ങൾ പരിശോധിച്ച് അവയിൽ മികച്ച ഗുണനിലവാരമുണ്ടെന്ന് ഉറപ്പുവരുത്തിയാണ് നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ അംഗീകാരം നൽകുന്നത്. വിമൽ ജ്യോതി കോളേജ് പ്രസ്തുത അംഗീകാരം നേടിയെടുത്തു എന്നുള്ളത് സന്തോഷകരവും അഭിമാനാർഹവുമാണ്.

വിദ്യാർത്ഥികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ദക്ഷിണേന്ത്യയിലെതന്നെ ഏറ്റവും മികച്ച കോളേജുകളിലൊന്നാണ് വിമൽജ്യോതി. ആവശ്യമായ എല്ലാ ഫൊറോനകളിൽനിന്നും കോളേജിലേക്ക് യാത്രാ സൗകര്യവും മികച്ച ഹോസ്റ്റൽ സൗകര്യവും വിമൽജ്യോതിയിൽ ക്രമീകരിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരും ആരോഗ്യപ്രവർത്തകരെ സഹായിക്കുന്നതിനുവേണ്ടി നിർമ്മിച്ച റോബോട്ട്, പെഡൽ ഓപ്പറേറ്റഡ് സാനിറ്റൈസർ ഡിസ്പെൻസർ തുടങ്ങിയ വിവിധ പ്രൊജക്ടുകൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയാകർഷിക്കുകയും. സർക്കാരിന്റെ പ്രത്യേക അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തിരുന്നു. പ്ലസ്ടു പഠനം കഴിഞ്ഞ് മറ്റ് സംസ്ഥാനങ്ങളിലേക്ക് പഠനാർത്ഥം പോകുവാൻ പല വിദ്യാർത്ഥികളും താൽപ്പര്യം കാണിക്കാറുണ്ട്. എന്നാൽ, അടിസ്ഥാന സൗകര്യങ്ങളും ജീവിതസുരക്ഷയും, ആത്മീയ ധാർമ്മിക പരിശീലനങ്ങളും പല സ്ഥലങ്ങളിലും പരിമിതമാണെന്നുള്ളതാണ് വാസ്തവം. അന്യസംസ്ഥാനങ്ങളിലെ മിക്കവാറും എഞ്ചിനിയറിംഗ് കോളേജുകളിലെ വിജയശതമാനം നമ്മുടെ കോളേജിന്റെ പകുതി പോലുമില്ല എന്ന സത്യം മാതാപിതാക്കൾ അറിഞ്ഞിരിക്കണം.

അക്കാദമിക് മികവ്, അച്ചടക്കം, പ്രൊഫഷണൽ സംഘടനാ പ്രവർത്തനങ്ങൾ എന്നിവയിലൂടെ യോഗ്യരായ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനശേഷം പ്ലേസ്മെന്റ് ഉറപ്പുവരുത്തുക എന്നത് വിമൽ ജ്യോതിയുടെ പ്രഖ്യാപിത ലക്ഷ്യമാണ്. ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് തുടങ്ങിയ മുൻനിര ബാങ്കുകളിലും, ടാറ്റാ കൺസൾട്ടൻസി സർവ്വീസ് (TCS), ഇൻഫോസിസ് തുടങ്ങിയ വിവിധ ഐ.ടി കമ്പനികളിലും നമ്മുടെ കോളേജിലെ വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുന്നുണ്ട് എന്നത് ഏറെ അഭിമാനാർഹമാണ്. ലോകനിലവാരമുള്ള പന്ത്രണ്ടോളം കമ്പനികൾ വിമൽ ജ്യോതിയിൽ നിന്ന് കുട്ടികളെ നേരിട്ടു റിക്രൂട്ട് ചെയ്യുന്നതിനാൽ വിദ്യാഭ്യാസം പൂർത്തിയാകുന്നതോടെ ആകർഷകമായ ജോലി ഉറപ്പാക്കാനുള്ള അവസരവും വിദ്യാർത്ഥികൾക്കു ലഭിക്കുന്നു. വിമൽജ്യോതിയിൽ പഠിച്ച് ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾ ലോകോത്തര സങ്കേതികവിദ്യാ സ്ഥാപനങ്ങളിൽ ഉയർന്ന സ്ഥാനങ്ങൾ വഹിക്കുന്നു എന്നത് നമുക്ക് അഭിമാനകരമാണ്.

ഇക്കാര്യങ്ങൾ, നമ്മുടെ അതിരൂപത വിമൽ ജ്യോതിയിൽ ഒരുക്കിയിട്ടുള്ളതിനാൽ വിദ്യാർത്ഥികൾക്കൊപ്പം മാതാപിതാക്കൾക്കും ബഹുമാനപ്പെട്ട അച്ചന്മാർ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി എം.ബി.എ, എൻജിനീയറിംഗ് കോഴ്സുകളിൽ ചേർന്ന് പഠി

ക്കാൻ താൽപ്പര്യപ്പെടുന്ന നമ്മുടെ ഇടവകകളിലെ വിദ്യാർത്ഥികളെ വിമൽജ്യോതിയിലേക്ക് പ്രോത്സാഹിപ്പിച്ച് അയക്കണം.

കത്തോലിക്കരായ എല്ലാ വിദ്യാർത്ഥികൾക്കും എൻജിനീയറിംഗ് പഠനത്തിന് തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ഏർപ്പെടുത്തിയ 20000/- രൂപയുടെ പേട്രൺസ് സ്കോളർഷിപ്പ് നൽകുന്നതാണ്. കൂടാതെ, എൻട്രൻസ് പരീക്ഷയിൽ ആദ്യ 8000 റാങ്കുകൾ ലഭിക്കുന്നവർക്കു സൗജന്യനിരക്കിലും, പാവപ്പെട്ട വിദ്യാർത്ഥികൾക്കും വിവിധ സ്കോളർഷിപ്പുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സാധ്യതകളെല്ലാം ഉപയോഗിച്ച് വിമൽ ജ്യോതിയിൽ പഠിക്കാൻ നമ്മുടെ കുട്ടികളെ പ്രേരിപ്പിക്കുമല്ലോ. ഈ വർഷം അന്യസംസ്ഥാനങ്ങളിലും വിദേശങ്ങളിലുമുള്ള ഉപരിപഠന സാധ്യതകൾ സന്ദിഗ്ദ്ധാവസ്ഥയിലായിരിക്കുന്ന സാഹചര്യത്തിൽ +2 ന് സയൻസ് ഗ്രൂപ്പ് പഠിച്ച് എഞ്ചിനിയറിംഗ് പഠനം ആഗ്രഹിക്കുന്ന നമ്മുടെ കുട്ടികൾ വിമൽ ജ്യോതി കോളേജുമായി ഉടനെ ബന്ധപ്പെടുമല്ലോ.

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുവാനും അതിരൂപതയുടെ വിവിധ മേഖലയിൽ കോളേജിന്റെ അഡ്മിഷൻ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യാനും താഴെപ്പറയുന്ന അച്ചന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരോട് സഹകരിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

| | | |
|---|---|---|
| 1. | ഫാ. സെബാസ്റ്റ്യൻ വെമ്മേനിക്കട്ടയിൽ (തളിപ്പറമ്പ) | 9745 698 949 |
| 2. | ഫാ. തോമസ് അട്ടേങ്ങാട്ടിൽ (കുന്നോത്ത്, എടൂർ) | 8547 347 692 |
| 3. | ഫാ. ജോബി ചെരുവിൽ (കുന്നോത്ത്, എടൂർ) | 9495 581 739 |
| 4. | ഫാ. പോൾ ഇടത്തിനകത്ത് (നെല്ലിക്കാംപൊയിൽ) | 9495 949 427 |
| 5. | ഫാ. പോൾ കണ്ടത്തിൽ (പൈസക്കരി) | 9795 940 498 |
| 6. | ഫാ. ജോൺ കൂവപ്പാറ (ചെറുപുഴ) | 9946 217 264 |
| 7. | ഫാ. ജോസഫ് കൊട്ടാരത്തിൽ (പനത്തടി) | 8547 679 189 |
| 8. | ഫാ. ജോസഫ് കാഞ്ഞിരത്തുങ്കൽ (വെള്ളരിക്കുണ്ട്) | 9496 039 795 |
| 9. | ഫാ. ജോസഫ് കൊളുത്താപള്ളിൽ (കാഞ്ഞങ്ങാട്) | 9895 769 130 |
| 10. | ഫാ. ജോമിറ്റ് മഞ്ഞളാംകുന്നേൽ (തോമാപുരം) | 9400 493 867 |
| 11. | ഫാ. സന്തോഷ് നെടുങ്ങാട്ട് (പേരാവൂർ) | 9447 693 602 |
| 12. | ഫാ. ജോസഫ് വടക്കേപ്പറമ്പിൽ (ആലക്കോട്) | 9495 097 312 |
| 13. | ഫാ. തോമസ് വാളിപ്ലാക്കൽ (ചെമ്പേരി) | 9497 439 045 |
| 14. | ഫാ. സെബാസ്റ്റ്യൻ പൊടിമറ്റത്തിൽ (മേരിഗിരി) | 9497 232 354 |

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി
25-06-2020

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ യുക്തമായവിധത്തിൽ ഇടവകക്കാരിലേക്ക് എത്തിക്കുമല്ലോ.

Prot. No. 0714/2020

**സഭാദിനം-ഇടയലേഖനം**

*സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്*
*കർദിനാൾ ജോർജ് ആലഞ്ചേരി*
*തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും*
*മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും*
*തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന*
*എല്ലാ ദൈവജനത്തിനും എഴുതുന്നത്.*
*കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!*

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ദുക്റാനാതിരുനാൾ ദിനമായ ജൂലൈ മൂന്ന് ഒരിക്കൽ കൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോമലബാർ സഭാദിനമായും ആഘോഷിക്കുകയാണല്ലോ. ദുക്റാനാ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ തിരുനാ ളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമാശ്ലീ ഹായോട് ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ എന്റെ കർത്താവേ, എന്റെ ദൈവമേ (മാറ് വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനമായി നിലകൊള്ളുന്നു. കർത്താവേ, ദൈവമേ എന്ന രണ്ടുവിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്. ഇതിനുസമാനമായ വി. പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം,നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു എന്നതായിരുന്നു. പത്രോസിന്റെ ഈ പ്രഖ്യാപനം കർത്താവിന്റെ പരസ്യജീവിതത്തിന്റെ മധ്യത്തിലായിരുന്നു; തോമാശ്ലീഹായുടേത് ഈശോയുടെ ഉത്ഥാനത്തി നുശേഷവും. ഉത്ഥാനശേഷം വി. പത്രോസ് നടത്തിയത് ഈശോയോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപനമായിരുന്നു. ഈ സ്നേഹപ്രഖ്യാപനത്തിൽ ഉത്ഥിതനായ മിശിഹായിലുള്ള വി. പത്രോസിന്റെ പൂർണമായ വിശ്വാസസമർപ്പണവും ഉൾക്കൊണ്ടിരുന്നു. വിശ്വാസത്തിന്റെ സഫലീകരണമാണ് സ്നേഹം. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണു നമ്മെ രക്ഷിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. തോമാശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ വിശ്വാസം സ്നേഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ

സാക്ഷ്യപ്പെടുത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. കൊറോണ ബാധയുടെ ഈ കാലത്ത് അതു കൂടുതൽ സജീവമാക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു.

**ജീവിത നവീകരണം**

കൊറോണക്കാലം പല ജീവിതനവീകരണ സാധ്യതകളും നമുക്ക് തുറന്നു നൽകിയിട്ടുണ്ട്. കാലങ്ങളായി സഭ ചിന്തിച്ചുകൊണ്ടി രുന്നതുംപലതലങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടിരുന്നതുമായ ജീവിതലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്ന് നമുക്കുണ്ടാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധി ച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവു ചുരുക്കലിന്റെ കാലമായിരിക്കണം.

ധൂർത്തും ആർഭാടവും നമ്മുടെ ജീവിത ശൈലിയിൽ നിന്ന് അകലണം. ഉടനേ പുതിയ നിർമ്മാണപദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമനമനോഭാവം നമുക്കുണ്ടാകണം. നിർബന്ധിത പണപ്പിരിവുകൾ നടത്താതിരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരുവിധ സമ്മർദ്ദവുമില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊണ്ട് സഭാ കൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാനപ്രസംഗങ്ങളുടെയും തിരുനാളുകളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കും വേണ്ടി നിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ നിർവഹണം സഭാമക്കളുടെ കൂട്ടായ്മയുടെ പൊതുവായ ആത്മീയചിന്തയിൽ നിന്ന് ഉയിർകൊള്ളുന്നതാകട്ടെ.

വ്യക്തികളും സഭാസംവിധാനങ്ങളും ആവശ്യത്തിൽകവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സഭയുടെ മുഖം ദരിദ്രമാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി യഥാസമയം വേണ്ടത് നൽകുവാൻ തക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. സഭ തങ്ങളുടേതാണെന്നും തങ്ങളാണ് സഭയെന്നും സഭാശുശ്രൂഷകരുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ.ദൈവസ്നേഹപ്രേരിതമായ കാരുണ്യപ്രവർത്തനങ്ങളായിരിക്കണം സഭയുടെ മുഖമുദ്ര. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യക്ഷേമം എന്നീ മേഖലകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യസ്പർശംകൊണ്ട് ഉത്തമ ക്രൈസ്തവ സാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡുകാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ സാമൂഹ്യക്ഷേമ വിഭാഗങ്ങളും മറ്റ് സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്ക് ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ**

2020 കോവിഡുവർഷമായിലോകചരിത്രത്തിൽ അറിയപ്പെടുമെന്ന് തോന്നുന്നു. ഈ വർഷാവസാനംവരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോകജനതയ്ക്കു നേരിടേണ്ടിവരും. അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതുവിധേനയും തടയേണ്ടത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുണ്ടാകുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണ ഗതിയിലാക്കി ക്കൊണ്ടുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രണ്ടാം ഘട്ടത്തിൽ രാജ്യങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്.നമ്മുടെ രാജ്യവും ഇതേ സമീപനമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ഡൗണിൽ ഇളവുകൾ ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപനങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാണ്ട് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു. സ്വകാര്യ വാഹനഗതാഗതം ഏറെക്കുറെ പൂർണ്ണതോതിൽ ആയി. നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ 09 മുതൽ ആരാധനാലയങ്ങൾ തുറന്ന് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന്

അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കുമ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധനകളും സർക്കാരുകൾ നൽകുന്നുണ്ട്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചുവെന്നതിന്റെ പേരിൽ എല്ലാവരും എപ്പോഴും ആരാധനാകർമ്മങ്ങളിൽ സംബന്ധിക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്ന ദൈവാലയങ്ങൾക്ക് നിബന്ധനകൾ പാലിച്ചുകൊണ്ട് അതേ രീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗ വ്യാപനനിയന്ത്രണത്തിനുവേണ്ട മുൻകരുതലുകൾ എടുത്തേ തീരൂ. ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉണ്ടാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെങ്കിലുമുണ്ടെന്നറിഞ്ഞാൽ, ആരാധനാലയങ്ങൾ വീണ്ടും അടച്ചുകൊണ്ട് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതു സമൂഹം സാധാരണ ജീവിതശൈലിയിലേയ്ക്ക് വരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശികജീവിതം ക്രമേണ സാധാരണഗതിയിലേയ്ക്ക് വരണമെന്നതാണ് നമ്മുടെ ലക്ഷ്യം.

**ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ**

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നു കൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡു കാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വ ശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അൽമായരും ശരിയായ ക്രൈസ്ത വസാക്ഷ്യം നൽകുന്നതിൽ ദത്തശ്രദ്ധരായിരിക്കണം. ലോക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരുന്നതുകൊണ്ട് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബ പ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചുവല്ലോ. ഓൺലൈൻ കുർബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാനുഭവത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺലൈനിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മുതിർന്നവർക്കും വിശ്വാസവിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാകുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടുത്താവുന്നതാണ്.

വിശ്വാസജീവിതത്തിന് നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽ നിന്ന് അകറ്റുവാൻപരിശ്രമിക്കാം. മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം, മനുഷ്യജീവന് എതിരെയുള്ള അക്രമങ്ങൾ, സാമൂഹ്യ മാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയ്ക്കെതിരെയുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചരണങ്ങൾ, ലൈംഗികതയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേയ്ക്ക് തിരിച്ചുവന്നു കൊണ്ടിരിക്കുകയാണല്ലോ. അവർക്ക് ആവശ്യകമായ സഹായസഹ

കരണങ്ങൾ ചെയ്തുകൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം. പ്രവാസികളുടെ മക്കൾക്ക് ആവശ്യകമായ സ്കൂൾ-കലാലയ വിദ്യാഭ്യാസ സൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തിക്കൊടുക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

വംശീയ വിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കുന്നുണ്ട്. എക്കാലത്തുമുണ്ടായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നതാണ്. എന്നാൽ അടുത്ത കാലത്ത് അതു വീണ്ടും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ട് കാണുന്നു. മനുഷ്യത്വത്തിന് നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യേണ്ടത് ലോകജനതയുടെ സംസ്കാരികോന്നമനത്തിന് ആവശ്യകമാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയ വിവേചനം നമ്മുടെ വിശ്വാസത്തിന് കടകവിരുദ്ധമാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയ വ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായി കണ്ടാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ചതും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3:28). അതിനാൽ, നമ്മിൽ നിന്ന് വംശീയ വിവേചനത്തിന്റെ ചിന്തകളോ സംസാരമോ പ്രവൃത്തികളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തണം. എല്ലാ മനുഷ്യരെയും സഹോദരീസഹോദരന്മാരായി കണ്ട്, സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹികമാനങ്ങളെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. കൊറോണക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉൽപ്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയും വിധംരാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻപരിശ്രമിക്കണം. കൃഷിയാണ് പ്രഥമതപരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവക കളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷിചെയ്യണം. ഒരിഞ്ചു കൃഷിഭൂമി പോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം. ഐക്യരാഷ്ട്രസംഘടനയുടെ മുന്നറിയിപ്പു പ്രകാരം കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുകയാണ്. കേരളത്തിൽ ഉൽപദിപ്പിക്കുന്ന വകൊ ണ്ടുതന്നെ നമുക്ക് ഭക്ഷിക്കാൻ വേണ്ടവ ലഭിക്കുമെന്നാണ് വിദഗ്ദ്ധാ ഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്ന വർക്കുപോലും ഗ്രോബാഗുകളിലും ടെറസുകളിലും കൃഷിചെയ്യാവുന്നതാണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷിക വിളകൾ ന്യായവിലയ്ക്കു എല്ലാ വർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃ ദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യങ്ങളിലും ഇതരരാജ്യങ്ങളിലും വിൽപനസാധ്യതയുള്ള വിളകളിലേയ്ക്ക് നാം കൃഷി തിരിച്ചുവിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും അതോടൊപ്പം ഇൻ ഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്

നന്നായിരിക്കും. ചെറുകിട വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

കോവിഡ് കാലത്ത് വന്ന സാമ്പത്തിക മാന്ദ്യം അതിജീവിക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണപരിശ്രമങ്ങൾ കൂടിയേ തീരു. അതോടൊപ്പം, കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന കോവിഡാനന്തര സാമ്പത്തികോന്ന മനപ്രവർത്ത നങ്ങൾക്ക് നമുക്ക് പൂർണ്ണസഹകരണം നൽകാം. ഒരു ജനാധിപത്യ രാജ്യമെന്ന നിലയിൽ പൊതുസമൂഹത്തിൽ ഉണ്ടാകാവുന്ന അഴിമതിക്കും ചൂഷണത്തിനുമെതിരെ നാമെല്ലാവരും ജാഗരൂകതയോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതിപരമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറി ഞ്ഞാൽ പൊതുമനസാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധിപത്യപരമായ നടപടികൾ നാം സ്വീകരിക്കണം.

ഈ ചിന്തകളെല്ലാം ക്രൈസ്തവ ജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ സഹായിക്കുമെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരികതലങ്ങളും വ്യക്തിപരവും കുടുംബപരവും സാമൂഹിക വുമായ തലങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷ മൂല്യങ്ങൾക്ക് അനുസൃതമാക്കാൻ കോവിഡുകാലത്തും കോവിഡാന ന്തരകാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി. തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്ക് പങ്കുചേരാം.

ദൈവമേ സ്തുതി! ഈശോയേ സ്തുതി! പരിശുദ്ധാത്മാവേ സ്തുതി!

എല്ലാവർക്കും ദുക്റാനാതിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാ ലയത്തിൽ നിന്ന് 2020-ാം ആണ്ട് ജൂൺ മാസം 17-ാം തീയതി നല്കപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളിക ളിൽ 2020 ജൂൺ 28 -ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

Ref: 3318/K-5/KCBC/OL/DS 26.06.2020

**യുവജനദിനം 2020**

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ 2020 ജൂലൈ 5-ാംതീയതി യുവജനദിനമായി ആചരിക്കുന്നു. കെസിബിസി യുവജനകമ്മീഷന്റെ പേരിലുള്ള എല്ലാവിധ പ്രാർത്ഥനാശംസകളും കേരളത്തിലെ എല്ലാ യുവജനങ്ങൾക്കും ഒത്തിരി സ്നേഹത്തോടെ നേരുന്നു.

കെസിബിസി യുവജനകമ്മീഷന്റെ ഭാഗമായ കെസിവൈഎം, ജീസസ് യൂത്ത്, സിഎൽസി, AICUF, മിജാർക്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കൊ യൂത്ത് എന്നീ യുവജന സംഘടനകളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അവരെ നയിക്കുന്ന വൈദികർ, സന്ന്യസ്തർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അഭിവാദനങ്ങൾ.

2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന യുവജന സിനഡിന്റെ വെളിച്ചത്തിലുള്ള 'ക്രിസ്തുസ് വിവിത്' (ക്രിസ്തു ജീവിക്കുന്നു) എന്ന പ്രബോധനരേഖയിൽ ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു: നിങ്ങൾ ദൈവത്തിന്റെ "ഇപ്പോൾ" ആകുന്നു. ക്രിസ്തു ജീവിക്കുന്നു... നിങ്ങൾ ജീവനുള്ളവരായിരിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു. യുവജനം സഭയുടെ ഭാവിയല്ല മറിച്ച് അവർ സഭയുടെ വർത്തമാനകാലമാണ് എന്നാണ് പാപ്പാ അർത്ഥമാക്കുന്നത്.

സഭയ്ക്കും സമൂഹത്തിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷികളാകാൻ യുവജനങ്ങളെ ഒരുക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. കേരളസഭ ഈവർഷം പ്രേഷിതവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന വേളയിൽ 'യുവത്വം, പ്രേഷിതത്വം, രക്തസാക്ഷിത്വം' എന്ന ആപ്തവാക്യത്തിൽ അടിസ്ഥാനപ്പെടുത്തിയാണ് യുവജനശുശ്രൂഷയുടെ കർമപരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഉപവിഷയങ്ങളായി മതേതരത്വവും ഭരണഘടനാ സംരക്ഷണവും, കാരിത്താസ് സമരിറ്റൻ, കലയും സംസ്കാരവും, നവമാധ്യമസംസ്കാരം എന്നിവയും തെരഞ്ഞെടുത്തിരിക്കുന്നു.

കോവിഡ്-19 എന്ന മഹാമാരി ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവാക്കളാണ് സഭയുടെ നട്ടെല്ല് എന്ന് അവർ തെളിയിച്ചിരിക്കുന്നു. മുൻവർഷങ്ങളിലെ ഓഖി, പ്രളയം എന്നീ ദുരന്തങ്ങളുടെ മുമ്പിൽ രക്ഷകരായി മാറിയവരിൽ യുവജനങ്ങളുടെ പങ്കും അഭിമാനത്തോടെ ഓർക്കുന്നു. കൊറോണ വൈറസ് ഭീതി വിതയ്ക്കുന്ന ഈ സമയത്ത് നമ്മുടെ യുവജനങ്ങൾ ചെയ്തതും ചെയ്യുന്നതുമായ സേവനങ്ങൾ നിരവധിയാണ്.

ലക്ഷക്കണക്കിനു മാസ്ക്കുകളുടെ നിർമ്മാണവും വിതരണവും ഭക്ഷണപ്പൊതികളുടെ വിതരണം, കമ്മ്യൂണിറ്റികിച്ചനിലെ പങ്കാളിത്തം, മരുന്നു വിതരണം, ആംബുലൻസ് സേവനം, ഹെൽപ്പ്ഡെസ്ക് രൂപീകരണം, രക്തദാനം, അവശ്യസാധനങ്ങളുടെ വിതരണം തുടങ്ങി തങ്ങളുടെ ജീവൻ പണയപ്പെടുത്തി യൗവനക്കാർ ചെയ്യുന്ന പ്രവർത്തനങ്ങളെ സഭ കാണുന്നു. ഹൃദയം തുറന്ന് അഭിനന്ദിക്കുന്നു. സർക്കാരിന്റെ നിർദേശങ്ങൾക്കനുസൃതമായി, സംസ്ഥാനതലത്തിലും രൂപതാ തലത്തിലും ഇടവകതലത്തിലും സന്നദ്ധസേനകൾ രൂപീകരിച്ചു. മനഃശാസ്ത്രകൗൺസിലിംഗ് ടീമിനെ സജ്ജമാക്കി. പ്രവാസികളുമായി നിരന്തരം ആശയവിനിമയം നടത്തി.

പള്ളികൾ അടഞ്ഞുകിടന്നപ്പോൾ ദിവ്യബലിയർപ്പണങ്ങളെ ഡിജിറ്റൽപ്ലാറ്റുഫോമിൽ ഏവർക്കും എത്തിക്കുവാൻ, ലൈവ് സ്ട്രീമുകൾ നടത്തുവാൻ, നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുവാനൊക്കെ യുവജനങ്ങൾക്ക് സാധിച്ചു. അതോടൊപ്പം

ലോക്ഡൗൺ കാലത്ത് വീടിനുള്ളിൽ അടയ്ക്കപ്പെട്ടവർക്കുവേണ്ടി കലാവിനോദ മത്സരങ്ങൾ നടത്തി. ഭക്ഷ്യസ്വയം പര്യാപ്തതയ്ക്കായി 'ഹരിതം' എന്ന പേരിൽ പച്ചക്കറികൃഷി പദ്ധതി നടപ്പിലാക്കി. ഈ പറഞ്ഞതിലും ഏറെക്കാര്യങ്ങൾ അവർ ചെയ്തുകൊണ്ടിരിക്കുന്നു. സർഗാത്മകതയുടെ വസന്തകാലമാക്കി ഈ കോവിഡ് കാലത്തെ മാറ്റുവാൻ സമൂഹമാധ്യമങ്ങളുടെ സാധ്യതകളെ ഉപയോഗപ്പെടുത്തിയ പ്രേഷിതരാണ് നമ്മുടെ യുവജനങ്ങൾ. അവരെ കേരളസഭയും സമൂഹവും ഹൃദയത്തോട് ചേർത്തുവെച്ച് അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്യുന്നു.

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തിക രംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം തുടങ്ങിയകാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ പ്രേഷിതരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു.

രാഷ്ട്രീയ മണ്ഡലങ്ങളിൽ നേതൃത്വപാടവമുള്ള യുവജനങ്ങൾ മൂല്യാധിഷ്ഠിതമായി ഇടപെടേണ്ടതുണ്ട്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാരത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ളപ്പൊക്കദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ ശ്ലാഘനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തി ചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന ധീര പ്രേഷിതരാകാനും ധീരമായി നിലപാടുകളിൽ ഉറച്ചു നിന്നുകൊണ്ട് രക്തം ചിന്താനും നമ്മെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, AICUF/യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി, വേണ്ടിവന്നാൽ രക്തസാക്ഷികളായി മാറുവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)




## 1. വൈദികരുടെ അഖണ്ഡാരാധന

അഭിവന്ദ്യപിതാക്കന്മാരുടെ സാന്നിധ്യത്തിൽ ചേർന്ന ഫൊറോന വൈദിക കൂട്ടായ്മകളിൽ ചർച്ച ചെയ്ത് തീരുമാനിച്ചതുപോലെ 2020 ഓഗസ്റ്റ് 15–ാം തീയതി വൈദീകർ നടത്തുന്ന അഖണ്ഡാരാധന ആരംഭിക്കുകയാണ്. അഭിവന്ദ്യപിതാവ് സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ രാവിലെ 9 മണി മുതൽ 5 മണി വരെയാണ് ആരാധനാ സമയം. ഓരോ മാസവും ആരാധന നടത്തേണ്ടവരുടെ ലിസ്റ്റ് ഈ മാസം മുതൽ ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. വൈദികരോടൊപ്പം ആരാധനയിൽ പങ്കെടുത്ത് ലോകത്തിനു മുഴുവനും വേണ്ടി മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാൻ ഇടവകാജനത്തെയും ക്ഷണിക്കാവുന്നതാണ്. നിശ്ചയിച്ചിരിക്കുന്ന ദിവസം അസൗകര്യമുള്ളവർ വേറൊരു വൈദികനുമായി പരസ്പരം വച്ചു മാറാവുന്നതാണ്.

## 2. വൈദികരുടെ വാർഷിക ധ്യാനം

സെപ്റ്റംബർ മാസത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന വൈദികരുടെ വാർഷീക ധ്യാനം നവംബർ മാസത്തിലേക്ക് മാറ്റിയിരിക്കുന്നു. തീയതി പിന്നീട് അറിയിക്കുന്നതാണ്.

## 3. ബിഷപ്ഹൗസിൽ സന്ദർശകർക്ക് നിയന്ത്രണം

കോവിഡ്–19 പകരുന്ന സാഹചര്യത്തിൽ ഇടവകകളിൽ നിന്ന് അപേക്ഷകളുമായി ആരെയും കൂരിയായിലേക്ക് പറഞ്ഞയക്കേണ്ടതില്ല. വികാരിയച്ചൻ ശുപാർശ ചെയ്ത അപേക്ഷകൾ കൂരിയായുടെ ഔദ്യോഗിക ഈമെയിൽ വിലാസ (curiaadty@gmail.com) ത്തിലേക്ക് അയച്ചാൽ മറുപടി ലഭിക്കുന്നതാണ്. വളരെ അത്യാവശ്യ കാര്യങ്ങളിലൊഴികെ അഭിവന്ദ്യപിതാക്കന്മാരെ സന്ദർശിക്കുന്നതിനും നിയന്ത്രണമുണ്ട്. ബഹു. സെക്രട്ടറിയച്ചൻമാർ ഫോൺവഴി അഭിവന്ദ്യപിതാക്കന്മാരോട് സംസാരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുതരുന്നതാണ്.

## 4. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ മേജർ ആർച്ചുബിഷപ്പിന്റെ റോമിലെ വൈസ് പ്രൊക്കൂറേറ്റർ

സീറോ മലബാർ സഭയെ റോമിൽ ഔദ്യോഗികമായി പ്രതിനിധീകരിക്കാനുള്ള ഉത്തരവാദിത്വമുള്ള വൈസ് പ്രൊക്കുറേറ്ററായി തലശ്ശേരി അതി

രൂപതാംഗം ബഹു. ജോസഫ് (ബിജു) മുട്ടത്തുകുന്നേൽ അച്ചൻ നിയമിതനായി. ഇറ്റലിയിലെ സീറോ മലബാർ വിശ്വാസികളുടെ അജപാലന ഉത്തരവാദിത്വം വഹിച്ചു വരികയായിരുന്നു അദ്ദേഹം. മുട്ടത്തുകുന്നേലച്ചന് ഹൃദയപൂർവ്വകമായ അഭിനന്ദനങ്ങളും വിജയാശംസകളും ദൈവാനുഗ്രഹവും നേരുന്നു.

**5. ആദരാഞ്ജലികൾ**

**സി. മരീന എൻ. എസ് (78) :** നസ്രത്ത് സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപകാംഗമായ സി. മരീന 21.07.2020-ന് നിര്യാതയായി. ജൂലൈ 22-ന് 10.30-ന് ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റത്തിന്റെ മുഖ്യ



കാർമ്മികത്വത്തിൽ മൃതസംസ്കാരം കുന്നോത്ത് നസ്രത്ത് ജനറലേറ്റ് സിമിത്തേരിയിൽ നടത്തി. കുന്നോത്ത് ഫോർമേഷൻ ഹൗസിലെ അംഗമായിരുന്നുകൊണ്ട് വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. ചെമ്പന്തൊട്ടി പരേതരായ നെല്ലുവേലിൽ കുര്യൻ മറിയാമ്മ ദമ്പതികളുടെ മകളാണ്. നസ്രത്ത് സന്ന്യാസിനീസമൂഹത്തിന്റെ അസിസ്റ്റന്റ് ജനറലായും, ജനറൽ കൗൺസിലറായും, നോവിസ് മിസ്ട്രസായും, ജൂനിയർ മിസ്ട്രസായും, ആലക്കോട് പരപ്പ, വിമലഗിരിപരപ്പ, കുന്നോത്ത് പ്രകൃതി ചികിത്സാകേന്ദ്രം, തടിക്കടവ്, ചുണ്ടപ്പറമ്പ, രത്നഗിരി, കുന്നോത്ത് ഫോർമേഷൻ ഹൗസ് എന്നീ ശാഖാഭവനങ്ങളുടെ സുപ്പീരിയറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പരേതക്ക് നിത്യശ്വാസം നേരുന്നു.

## ജൂലൈ

**1. ബഹു. വൈദികരുടെ സ്ഥലംമാറ്റവും നിയമനവും (27.05.2020)**

| | | | |
|---|---|---|---|
| 1 | ആനക്കല്ലിൽ ആന്റണി | വികാരി | ഇരിട്ടി |
| 2 | ആനക്കല്ലിൽ ജെയിംസ് | " | കുട്ടാപ്പറമ്പ |
| 3 | ആനാനിക്കൽ ജോസ് | " | ഭാഷാപഠനം |
| 4 | ആനിത്താനം ജോസഫ് | " | കരുണാപുരം |
| 5 | അന്ത്യാംകുളം ജോൺസൺ | ഡയറക്ടർ | ഇൻഫാം, കർഷകവർഷം (അധികചുമതല) |
| 6 | അറയ്ക്കൽ കുര്യാക്കോസ് | വികാരി | ആനപ്പന്തി |
| 7 | ആശാരികുന്നേൽ ജോർജ് | " | മാട്ടറ |
| 8 | ആശാരിപറമ്പിൽ മാത്യു | " | കണ്ണൂർ (അധികചുമതല) |
| 9 | ആട്ടേൽ ഇമ്മാനുവേൽ | ഫൊറോനവികാരി | ആലക്കോട് |
| 10 | ചക്കാനിക്കുന്നേൽ തോമസ് | വികാരി | മുളപ്ര |
| 11 | ചാലിൽ ജോർജ് | പ്രോ വികാരി | രാജമുടി |
| 12 | ചേലമരം ജോർജ് | വികാരി | കണ്ണിവയൽ |
| 13 | ഇടമുളയിൽ മാത്യു | വികാരി | തടിക്കടവ് |

| | | | |
|---|---|---|---|
| 14 | ഇളംപുരയിടത്തിൽ ജോസഫ് | ,, | കരയത്തുംചാൽ |
| 15 | ഇളംതുരുത്തിപ്പടവിൽ മാത്യു | ഫൊറോന വികാരി | വെള്ളരിക്കുണ്ട് |
| 16 | ഇലവുംകുന്നേൽ ജോർജ്(ജൂണി.) | വികാരി | കുന്നുംകൈ |
| 17 | ഇലവുംകുന്നേൽ ജോർജ് (സീനി.) | ,, | ബളാൽ |
| 18 | കളപ്പുര ജോർജ് | ,, | വെളിമാനം |
| 19 | കാരക്കാട്ട് കുര്യാക്കോസ് | ,, | വിജയപുരം, തുരുമ്പി (അധികചുമതല) |
| 20 | കരിമ്പൂഴിയ്ക്കൽ ജോസഫ് | ,, | പടിമരുത് |
| 21 | കറുകമാലിൽ ജോസഫ് | ,, | മാടത്തിൽ |
| 22 | കട്ടക്കയത്തിൽ തോമസ് | | കാലിച്ചാനടുക്കം |
| 23 | കാവനാടി ജോസഫ് | ഫൊറോന വികാരി | നെല്ലിക്കാംപൊയിൽ |
| 24 | കൂവപ്പാറയിൽ ജോൺ | പ്രോ വികാരി | ജോസ്ഗിരി |
| 25 | കൊരട്ടിപ്പറമ്പിൽ ജോസഫ് | അവധി | ശാന്തിഭവൻ, കരുവൻചാൽ |
| 26 | കുടിപ്പറമ്പിൽ ചാക്കോ | കോ-ഡയറക്ടർ | പ്രതീക്ഷ (അധികചുമതല) |
| 27 | കുളത്തറ ജോസഫ് | വികാരി | പരിയാരം |
| 28 | കുന്നേൽ ജോസ് OSB | വികാരി | വിമലഗിരി (പരപ്പ) |
| 29 | കുന്നേൽ മാത്യു | പ്രോ വികാരി | ചാവറഗിരി |
| 30 | കുരിശുംമൂട്ടിൽ ജോസഫ് | വികാരി | ചരൾ |
| 31 | കുഴിയാനിമറ്റത്തിൽ ജോസഫ് | ,, | പാടാംകവല (താൽക്കാലികം) |
| 32 | മാടശ്ശേരി ലൂക്കോസ് | ,, | കുമ്പള (അധികചുമതല) |
| 33 | മഞ്ചപ്പള്ളിൽ ജോസഫ് | ,, | മണ്ടളം |
| 34 | മഞ്ഞളാംകുന്നേൽ ആന്റണി | ,, | കുടിയാൻമല |
| 35 | മാപ്പിളപ്പറമ്പിൽ തോമസ് (ജൂനി.) | ,, | ആര്യപ്പറമ്പ്, ട്രിബ്യൂണൽ ജഡ്ജ് |
| 36 | മേൽവെട്ടം മാണി | ,, | പെരുമ്പടവ് |
| 37 | മേനാച്ചേരി ലൂയിസ് | ,, | ചായ്യോത്ത്, നെല്ലിയടുക്കം |
| 38 | മുന്നാനപ്പള്ളിൽ ജയിംസ് | ,, | ചെടിക്കുളം |
| 39 | മുളങ്ങാട്ടിൽ ഇഗ്നേഷ്യസ് | ,, | ഉമ്മറപ്പൊയിൽ |
| 40 | മുണ്ടോളിക്കൽ ജോൺ | ആത്മീയപിതാവ് | മൈനർ സെമിനാരി |
| 41 | നടുവിലേക്കൂറ്റ് തോമസ് | അധ്യാപകൻ | ഗുഡ്ഷെപ്പേഡ് മേജർ സെമിനാരി, കുന്നോത്ത് |
| 42 | നീണ്ടൂർ തോമസ് | റസിഡന്റ് പ്രീസ്റ്റ് | ആലക്കോട് |
| 43 | നെല്ലുവേലിൽ ജോർജ് | റിട്ടയർമെന്റ് | ശാന്തിഭവൻ കരുവൻചാൽ |
| 44 | നിരപ്പേൽ അലക്സ് | വികാരി | കാഞ്ഞിരക്കൊല്ലി |
| 45 | നിരപ്പേൽ ജോസഫ് | ,, | വിമലശ്ശേരി |
| 46 | ഓലിക്കരോട്ട് തോമസ് | എക്സിക്യൂട്ടിവ് ഡയറക്ടർ | ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് |
| 47 | ഓരത്തേൽ ജോസഫ് | പ്രോ വികാരി | അടോട്ടുകയം, പുല്ലടി |
| 48 | പടിഞ്ഞാറേമുറിയിൽ പയസ് | അസി. മാനേജർ | VJEC ചെമ്പേരി (അധികചുമതല) |
| 49 | പാലമറ്റം മാത്യു | വികാരി | മണിക്കടവ് |
| 50 | പണ്ടാരപ്പറമ്പിൽ ജോസഫ് | വൊക്കേഷൻ പ്രൊമോട്ടർ | മൈനർ സെമിനാരി |

| | | | |
|---|---|---|---|
| 51 | പന്തലാനിയ്ക്കൽ തോമസ് | പ്രോ വികാരി | പാലത്തിൻകടവ് |
| 52 | പ്ലാവുനിൽക്കുംപറമ്പിൽ കുര്യാക്കോസ് | പ്രോ വികാരി അസി. ഡയറക്ടർ, | അൽഫോൻസാഗിരി, ശാന്തിഭവൻ |
| 53 | പൊന്നമ്പേൽ ജോൺ | വികാരി | ലിസിഗിരി |
| 54 | പൂവന്നിക്കുന്നേൽ ജോസ് | വികാരി | കീഴ്പ്പള്ളി |
| 55 | പൂവ്വത്താനിക്കൽ ജോൺപോൾ | വികാരി | രാജഗിരി, മരുതുംതട്ട് |
| 56 | പൂവത്തോലിൽ ജോസഫ് | വികാരി | അരവഞ്ചാൽ (താൽക്കാലികം) |
| 57 | പവ്വത്ത് ജോസഫ് | ,, | പാണത്തൂർ, കല്ലപ്പള്ളി, എള്ളുക്കൊച്ചി |
| 58 | പുളിക്കക്കുന്നേൽ ജേക്കബ് | വികാരി | പെരിങ്ങാല |
| 59 | പുളിക്കൽ ജോർജ് | ആത്മീയപിതാവ് | HGN സെമിനാരി, കരുണാപുരം |
| 60 | പുളിക്കൽ സെബാസ്റ്റ്യൻ | റെസിഡന്റ് പ്രീസ്റ്റ് | ചെമ്പേരി |
| 61 | പുളിന്താനം സെബാസ്റ്റ്യൻ | റിട്ടയർമെന്റ് | ശാന്തിഭവൻ, കരുവഞ്ചാൽ |
| 62 | പുലിയുറുമ്പിൽ ജോൺസൺ | പ്രോ വികാരി | അട്ടേങ്ങാനം |
| 63 | പുറത്തെമുതുകാട്ടിൽ ഡോൺബോസ്കോ | വികാരി | പെരുമ്പുന്ന, മേൽമുരിങ്ങോടി |
| 64 | പുത്തൻപുര സേവ്യർ (സീനി.) | വികാരി | ശ്രീകണ്ഠപുരം, കോട്ടൂർവയൽ |
| 65 | പുതിയാകുന്നേൽ ജോസഫ് | റിട്ടയർമെന്റ് | ശാന്തിഭവൻ, കരുവഞ്ചാൽ |
| 66 | പുതുക്കുളങ്ങര കുര്യാക്കോസ് | പ്രോ വികാരി | ഉദയപുരം, കോടോത്ത് |
| 67 | പുതുശ്ശേരി അബ്രാഹം | വികാരി | പടുപ്പ്, ബന്തടുക്ക |
| 68 | തടത്തിമാക്കൽ വർക്കി | ,, | പടിയൂർ (താൽക്കാലികം) |
| 69 | തെക്കെക്കുളം മാത്യു | മെഡിക്കൽ ലീവ് | ശാന്തിഭവൻ, കരുവഞ്ചാൽ |
| 70 | തെക്കെമുറിയിൽ ആന്റണി | വികാരി | തിരുമേനി, ചട്ടിവയൽ |
| 71 | തെക്കുംചേരിൽ ജോർജ് | റെസിഡന്റ് പ്രീസ്റ്റ് | പേരാവൂർ |
| 72 | തെരുവംകുന്നേൽ തോമസ് | റിട്ടയർമെന്റ് | ശാന്തിഭവൻ, കരുവഞ്ചാൽ |
| 73 | ഉറുമ്പുകാട്ടിൽ അഗസ്റ്റ്യൻ | വികാരി | എടക്കോം |
| 74 | വടക്കേമുളഞ്ഞനാൽ തോമസ് | വൈസ് പ്രിൻസിപ്പാൾ | വിമൽ ജ്യോതി MBA കോളെജ് |
| 75 | വടശ്ശേരിൽ സ്ക്കറിയ | പഠനം | ബാംഗ്ലൂർ |
| 76 | വളവനാൽ മാത്യു | വികാരി | അമ്മംകുളം (താൽക്കാലികം) |
| 77 | വലിയപറമ്പിൽ മാത്യു | വികാരി | ഉരുപ്പുംകുറ്റി, പഠനം |
| 78 | വാളിപ്ലാക്കൽ തോമസ് | ഡയക്ടർ | യൂത്ത് മിനിസ്ട്രി, VJEC അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് |
| 79 | വള്ളിമല ജോർജ് | വികാരി | കാസർഗോഡ് |
| 80 | വണ്ടർകുന്നേൽ ജോസഫ് | | ഭാഷാപഠനം |
| 81 | വരമ്പകത്ത് ലാസർ | ബർസാർ | VJEC, വികാരി, പൂപ്പറമ്പ |
| 82 | വരമ്പകത്ത് സ്ക്കറിയ | വികാരി | പൊട്ടൻപ്ലാവ്, അസി. ഡയറക്ടർ കുടുംബക്കൂട്ടായ്മ |

| | | | |
|---|---|---|---|
| 83 | വാരണത്ത് ജോസഫ് | „ മാലോം, ദർഘാസ് മാലോം ടൗൺ | |
| 84 | വയലുങ്കൽ ജോസഫ് | പഠനം | തൃശ്ശൂർ |
| 85 | വാഴപ്പിള്ളിൽ ജോസഫ് HGN | വികാരി | കാലാങ്കി |
| 86 | വീട്ടിയാങ്കൽ ജോസഫ് | റിട്ടയർമെന്റ് | ശാന്തിഭവൻ കരുവൻചാൽ |
| 87 | വെള്ളരിങ്ങാട്ട് ജോർജ് | വികാരി | കൊന്നക്കാട് |

**അസിസ്റ്റന്റ് വികാരിമാർ**

| | | |
|---|---|---|
| 1 | ചകിണിമാന്തറ സെബാസ്റ്റ്യൻ (ഭദ്രാവതി) | പനത്തടി |
| 2 | ചിറമേൽ ക്രിസ്റ്റീൻ (തൃശ്ശൂർ) | കിളിയന്തറ |
| 3 | എടൂക്കുന്നേൽ ഏലിയാസ് | ചെറുപുഴ |
| 4 | എഴുപറയിൽ ജോസഫ് | വായാട്ടുപറമ്പ |
| 5 | കളപ്പുരയ്ക്കൽ ജോസഫ് | പൈസക്കരി |
| 6 | കളപ്പുരയ്ക്കൽ വർഗ്ഗീസ് | തോമാപുരം |
| 7 | കാരക്കാട്ട് ക്രിസ്റ്റോ ISCH | റയറോം |
| 8 | കൊടവന വർഗ്ഗീസ് (ഭദ്രാവതി) | പാണത്തൂർ |
| 9 | മാഞ്ചിറയിൽ ജോസഫ് (അനൂപ്) MS | കുടിയാൻമല |
| 10 | മഞ്ഞക്കുന്നേൽ മൈക്കിൾ | മാലോം |
| 11 | മാഞ്ഞൂരാൻ പോൾ | ചന്ദനയ്ക്കാംപാറ |
| 12 | മുക്കുഴി മാത്യു | വെള്ളരിക്കുണ്ട് |
| 13 | നല്ലാനാട്ടു ബിജു CM | പച്ചാണി |
| 14 | നടൂപറമ്പിൽ ജോർജ് CRM | കുന്നോത്ത് |
| 15 | ഞെഴുകൻ ആൽവിൻ ISCH | പാലാവയൽ |
| 16 | ഓലിക്കുന്നേൽ കെൽവിൻ MSFS | മണിക്കടവ് |
| 17 | പടിഞ്ഞാറയിൽ ജേക്കബ് | ആലക്കോട് |
| 18 | പഞ്ഞിക്കുന്നേൽ ജേക്കബ് | തളിപ്പറമ്പ് |
| 19 | തട്ടുപറമ്പിൽ പോൾ Kolping | പുളിങ്ങോം |
| 20 | തെക്കെക്കര വർഗ്ഗീസ് Oprem | പടുപ്പ് |

**2. നന്ദി, സ്വാഗതം**

തലശ്ശേരി അതിരൂപതയിലെ വികാരിമാരും അസിസ്റ്റന്റ് വികാരിമാരും ആയി സേവനം ചെയ്തശേഷം മാതൃരൂപതകളിലേക്കും സന്യാസസമൂഹങ്ങളിലേക്കും തിരികെ പോകുന്ന ഫാ. മാത്യു അടാട്ട് എച്ച്ജിഎൻ, ഫാ. ജോസഫ് പൂത്തോട്ടാൽ CSJBP, ഫാ. ജോ വിത്സൻ ആഞ്ഞിലിക്കൽ ഒഎസ്എഫ്എസ്, ഫാ. മാത്യു കുഴുപ്പത്തടത്തിൽ സി.എസ്.ജെ.ബി.പി., ഫാ. ജോർജ് പാറയടിയിൽ സി.എസ്.ടി., ഫാ. ജോസഫ് കല്ലറക്കൽ ഒ.പ്രേം, ഫാ. ജെറോം കുറിയേടത്ത് ഒ.എഫ്.എം. കണ്വൻചാൽ, ഫാ. നിഖിൽ മണിയംകുളത്ത് ഒഎസ്എഫ്എസ്, ഫാ. ആന്റണി കലയംകണ്ടത്തിൽ, ഭദ്രാവതി, ഫാ. സന്തോഷ് കട്ടയ്ക്കൽ ഒ.എസ്.ബി., ഫാ. കദളിക്കുന്നേൽ മാത്യു ഒ.എഫ്.എം. കപ്പൂച്ചിൻ, ഫാ. നിരപ്പേൽ ജോസഫ് സി.എസ്.ടി, ഫാ. മുണ്ടിത്തൊട്ടിയിൽ കുര്യാക്കോസ് എം.എസ്., ഫാ. പുതുക്കാട്ടിൽ സെബാസ്റ്റ്യൻ സി.എസ്.ടി. എന്നിവർക്ക് ഹൃദയപൂർവമായ നന്ദി അറിയിക്കുന്നു.

ഈ വർഷം അതിരൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന എച്ച്.ജി. എൻ. സഭാംഗം ഫാ. വാഴപ്പള്ളിൽ ജോസഫ്, ഭദ്രാവതി രൂപതാംഗങ്ങളായ ഫാ. ചകിണിമാന്തറ സെബാസ്റ്റ്യൻ (പനത്തടി), ഫാ. കൊടവന വർഗീസ് (പാണത്തൂർ), തൃശ്ശൂർ രൂപതാംഗമായ ഫാ. ക്രിസ്റ്റിൻ ചിറമേൽ (കിളിയന്തറ), ഷേൺസ്റ്റാട്ട് സഭാംഗമായ ഫാ. ആൽവിൻ ഞെഴുകൻ, ഫാ. കെൽവിൻ ഓലിക്കുന്നേൽ എം.എസ്.എഫ്.എസ്., ലാസലൈറ്റ് സഭാംഗമായ ഫാ. ജോസഫ് മാഞ്ചിറയിൽ എന്നിവർക്ക് തലശ്ശേരി അതിരൂപതയിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

### 3. Decree of Suspension

Rev. Fr. Thomas Karingalikkattil, a priest of the Archdiocese of Thalassery, is suspended from all priestly ministries including celebration of Holy Qurbana and administration of sacraments and sacramentals. His request for dispensation from obligations of priestly celebacy is under due process.

#### 4. ഇടവകകളുടെ പുനർക്രമീകരണങ്ങൾ

സ്ഥിരം വികാരിയുണ്ടായിരുന്ന നെല്ലിയടുക്കം ഇടവക അജപാലന സൗകര്യത്തെപ്രതി, 27.06.2020 മുതൽ ചായോത്ത് ഇടവകവികാരിയുടെ കീഴിലുള്ള സ്വതന്ത്ര ഇടവകയായി പ്രവർത്തിക്കുന്നതാണ്.

കാസർഗോഡ് ഇടവകയുടെ കുരിശുപള്ളിയായിരുന്ന കുമ്പള കരുണാമയനായ ഈശോയുടെ നാമത്തിലുള്ള കുരിശുപള്ളി ഇടവകയുടെ ഉത്തരവാദിത്വം 27.06.2020 മുതൽ ഹൊസങ്കടി ഇടവക വികാരിക്കായിരിക്കും.

#### 5. ഫൊറോന വൈദികകൂട്ടായ്മകൾ

ജൂലൈ മാസത്തിൽ അതിരൂപതയിലെ 16 ഫൊറോനകളിലും അഭിവന്ദ്യപിതാക്കന്മാരുടെ സാന്നിധ്യത്തിൽ ഫൊറോനവൈദിക കൂട്ടായ്മയകൾ നടത്തുന്നതാണ്. ഓരോ ഫൊറോനയിലും കൂട്ടായ്മ നടത്തുന്ന ദിവസം ബഹുമാനപ്പെട്ട ഫൊറോന വികാരിമാരുമായി ആലോചിച്ചശേഷം അറിയിക്കുന്നതാണ്.

#### 6. ജൂലൈ 3 സഭാദിനം

നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3 സീറോ മലബാർ സഭാദിനമായാണല്ലോ ആചരിക്കുന്നത്. കോവിഡ് – 19 നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ ഈ ദിനം യുക്തമായ രീതിയിൽ ആചരിക്കാൻ എല്ലാ ഇടവകകളും പരിശ്രമിക്കുമല്ലോ. അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിന്റെ ഇടയലേഖനം എല്ലാ വിശ്വാസികൾക്കും എത്തിച്ചുകൊടുക്കാനും ഇടയലേഖനത്തിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനും വേണ്ട ക്രമീകരണങ്ങൾ ചെയ്യണം.

#### 7. ഇടവകകൾക്കുള്ള സിംകാർഡും ഇ–മെയിൽ വിലാസവും

ഇടവകകൾക്ക് സ്വന്തമായി മൊബൈൽ നമ്പർ ലഭിക്കാൻ സിംകാർഡുകൾ ആവശ്യപ്പെട്ടിരുന്നവർക്കുള്ള ബി.എസ്.എൻ.എൽ. സിംകാർഡുകൾ തയ്യാറായിട്ടുണ്ട്. ഫൊറോനകേന്ദ്രങ്ങളിൽ സിംകാർഡുകൾ എത്തിച്ചുതരുന്നതാണ്. ഓഡിറ്റർമാർ ആവശ്യപ്പെട്ടതനുസരിച്ച് ഇടവകകളുടെ ബാങ്ക് ഇടപാടുകൾ, ഇൻകംടാക്സ്, വില്ലേജ് ഓഫീസും

മറ്റ് സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട ഇടപാടുകൾ എന്നിവയ്ക്ക് ഇനിമുതൽ ഇടവകകൾക്ക് സ്വന്തമായുള്ള ഈ നമ്പറുകൾ തന്നെ ഉപയോഗിക്കണം. ഇനി ഏതെങ്കിലും ഇടവകകൾക്കോ സ്ഥാപനങ്ങൾക്കോ സംഘടന ഓഫീസുകൾക്കോ സിംകാർഡ് ആവശ്യമുണ്ടെങ്കിൽ ചാൻസലറച്ചനുമായി ബന്ധപ്പെടുക. 20 സിം കാർഡുകൾ കൂടി ലഭ്യമാണ്.


**8. ആദരാഞ്ജലികൾ**

**ശ്രീ വർഗ്ഗീസ് (വക്കച്ചൻ) വള്ളിമല (88)–** ബഹുമാനപ്പെട്ട ജോർജ് വള്ളിമല അച്ചന്റെ വത്സലപിതാവ് ശ്രീ വർഗ്ഗീസ് വള്ളിമല 2020 ജൂൺ 14-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം 15.06.2020 തിങ്കളാഴ്ച മാനടുക്കം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. ബഹുമാനപ്പെട്ട ജോർജച്ചനെയും കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും പരേതന് നിത്യാശ്വാസം നല്കണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ശ്രീ ജോർജ് ഇളയാനിത്തോട്ടത്തിൽ (72)–** ബഹുമാനപ്പെട്ട ജോസ് ഇളയാനിത്തോട്ടത്തിലച്ചന്റെ സഹോദരൻ ശ്രീ ജോർജ് ഇളയാനിത്തോട്ടത്തിൽ 29.05.2020-ന് നിര്യാതനായി. ചെമ്പേരി ലൂർദ് മാതാ ഫൊറോന ദൈവാലയത്തിൽ സംസ്കാര ചടങ്ങുകൾ നടന്നു. സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനമറിയിക്കുകയും പരേതന് നിത്യാശ്വാസം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**സി. ഫ്രാൻസിസ് ഫിലോ എഫ്.സി.സി (82)–** ബഹുമാനപ്പെട്ട മാത്യു കായാമ്മാക്കലച്ചന്റെ സഹോദരി സി. ഫ്രാൻസിസ് ഫിലോ എഫ്.സി.സി. 2020 ജൂൺ 22 ന് നിര്യാതയായി. മൃതസംസ്ക്കാരം 23. 06.2020ന് മലയിഞ്ചിപ്പാറ (പൂഞ്ഞാർ) എഫ്.സി. കോൺവെന്റിൽ നടന്നു. പരേതക്ക് നിത്യാശ്വാസം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**സി. മേരി ജെയിംസ് കാട്ടുനിലത്ത് എസ്.എച്ച് (81):** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗവും തൊക്കിലങ്ങാടി ക്രിസ്തുരാജാ ഹോസ്പിറ്റലിന്റെ പ്രഥമ അഡ്മിനിസ്ട്രേറ്ററുമായ സി. മേരി ജെയിംസ് കാട്ടുനിലത്ത് എസ്. എച്ച് (81) 2020 ജൂൺ 18 ന് നിര്യാതയായി. 18 -ാം തിയ്യതി രാവിലെ 11 മണിക്ക് തൊക്കിലങ്ങാടിയിൽ വച്ച് നടത്തിയ



മൃതസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് നേതൃത്വം കൊടുത്തു. തുടർന്ന് മൃതസംസ്കാരം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ എസ്. എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടത്തി. പരേത കോഴിക്കോട് ജില്ലയിൽ കുളത്തുവയൽ കാട്ടുനിലത്ത് പരേതരായ വർക്കി- ത്രേസ്യ ദമ്പതികളുടെ മകളാണ്. കട്ടിപ്പാറ, കുളത്തുവയൽ, തലയാട്, രാജഗിരി, കരുവഞ്ചാൽ, പോരൂർ, നീലേശ്വരം, തൊക്കിലങ്ങാടി എന്നീ സ്ഥലങ്ങളിലും തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ വികാർ പ്രൊവിൻഷ്യലായും, ജീവകാരുണ്യപ്രവർത്തനങ്ങളുടെ കൗൺസിലറായും ശുശ്രൂഷ നിർവ്വഹിച്ചിട്ടുണ്ട്. സിസ്റ്ററിനെ ദൈവം നിത്യമഹത്വത്തിലേയ്ക്ക് പ്രവേശിപ്പിക്കുമാറാകട്ടെ.

**9. സ്നേഹസ്മൃതി**

**ജൂലൈ**

| | | |
|---|---|---|
| 1. | റവ. ഫാ. മാണി വാഴചാരിയ്ക്കൽ | - 02-07-2014 |
| 2. | റവ. ഫാ. ജോസ് കണിവേലിൽ | - 01-07-2017 |
| 3. | റവ. ഫാ. അബ്രാഹം മൂങ്ങാമ്മാക്കൽ | - 05-07-1989 |
| 4. | റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ(സീനിയർ) | - 07-07-1994 |
| 5. | റവ. ഫാ. ജോൺ കല്ലുങ്കൽ | - 08-07-2012 |
| 6. | റവ. ഫാ. സേവ്യർ പുത്തൻപുരയിൽ | - 15-07-1999 |
| 7. | റവ. ഫാ. അബ്രാഹം മൂക്കനോലിൽ | - 16-07-1981 |
| 8. | റവ. ഫാ. ജേക്കബ് വെള്ളക്കട | - 20-07-1970 |
| 9. | റവ. ഫാ. മാത്യു കൊട്ടുകാപ്പിള്ളി | - 26-07-2003 |
| 10. | റവ. ഫാ. മാത്യു പൊയ്യക്കര | - 27-07-2008 |
| 11. | റവ. ഫാ. ജോൺ കടുകമ്മാക്കൽ | - 28-07-2010 |
| 12. | റവ. ഫാ. ജെയിംസ് മുകളേൽ | - 29-07-2009 |
| 13. | റവ. ഫാ. ജോസഫ് മണിമലത്തറപ്പിൽ | - 30-07-2012 |

**ഓഗസ്റ്റ്**

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. | - 02-08-1992 |
| 2. | റവ. ഫാ. ജോസഫ് മണിയങ്ങാട്ട് | - 02-08-2010 |
| 3. | റവ. ഫാ. ജോസഫ് ഇടക്കര | - 03-08-1973 |
| 4. | റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. | - 06-08-1958 |
| 5. | റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. | - 08-08-1993 |
| 6. | റവ. ഫാ. ജോസഫ് അറക്കപ്പറമ്പിൽ | - 09-08-2011 |
| 7. | റവ. ഫാ. തോമസ് മാമ്പുഴക്കൽ | - 13-08-1994 |
| 8. | റവ. ഫാ. വർക്കി കുന്നപ്പള്ളി | - 15-08-2012 |
| 9. | റവ. ഫാ. ജോൺ കച്ചിറമറ്റം | - 18-08-2007 |
| 10. | റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം | - 19-08-2007 |
| 11. | റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം | - 22-08-2005 |
| 12. | റവ. ഫാ. ജോസഫ് കോഴികോട്ട് | - 25-08-2010 |
| 13. | റവ. ഫാ. ആന്റണി കുര്യാളശ്ശേരി | - 26-08-2001 |
| 14. | റവ. ഫാ. ജോർജ് വട്ടുകളം | - 28-08-1970 |
| 15. | റവ. ഫാ. സഖറിയാസ് തണ്ണിപ്പാറ | - 30-08-1984 |
| 16. | റവ. ഫാ. പീറ്റർ കൂട്ടിയാനി | - 31-08-2014 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## വൈദികരുടെ അഖണ്ഡ ആരാധന

### AUGUST

| | | | |
|---|---|---|---|
| 15-Aug | Archbishop George Njaralakatt | 17-Aug | Bishop Joseph Pamplany |
| 18-Aug | Archbishop George Valiamattam | 19-Aug | Tharamangalam Alex |
| 20-Aug | Ottaplackal Joseph | 21-Aug | Parathepathickal Antony |
| 22-Aug | Kovoorputhenpurayil John | 24-Aug | Thengumpallil Thomas |
| 25-Aug | Njamatholil Abraham | 26-Aug | Kannamkulathel Joseph |
| 27-Aug | Attel Emmanuel | 28-Aug | Vadakkeparambil Joseph |
| 29-Aug | Achandiyil George | 31-Aug | Chempananickal John |

### SEPTEMBER

| | | | |
|---|---|---|---|
| 1-Sep | Mattathil Isaac | 2-Sep | Anakkallil James |
| 3-Sep | Pallichamkudy Sebastian TOR | 4-Sep | Pallineerackal Jacob |
| 5-Sep | Alamkottu Mathew | 7-Sep | Karickathadathil George |
| 9-Sep | Chennoth Sebastian | 10-Sep | Kalarickal Joseph |
| 11-Sep | Malakkaran Joseph | 12-Sep | Neendoor Thomas |
| 14-Sep | Velloorputhenpurayil Thomas | 15-Sep | Padinjarayil Jacob |
| 16-Sep | Manickathazhe Jose | 17-Sep | Parambummuriyil Sebastian OFM (Cap) |
| 18-Sep | Moonjelil Paul | 19-Sep | Elampurayidathil Joseph |
| 21-Sep | Charamthottiyil Jacob CST | 22-Sep | Manchapillil Joseph |
| 23-Sep | Anickathottathil Jacob | 24-Sep | Vemmenikkattayil Sebastian |
| 25-Sep | Palathanath Augustine CST | 26-Sep | Puthenpurayil Xavier Sr |
| 28-Sep | Varickanickal Martin | 29-Sep | Vengakunnel Mathew |
| 30-Sep | Muttumannil Philip | | |

സാമ്പത്തിക ബുദ്ധിമുട്ടുള്ള ഇടവകകൾക്ക് സഹായം സംഭാവന ചെയ്ത ഇടവകകൾ

| | | INCOME | | | INCOME |
|---|---|---|---|---|---|
| 1 | Velimanam | 25,000.00 | 2 | Thomapuram | 25,000.00 |
| 3 | Pulingome | 50,000.00 | 4 | Padannakkad | 75,000.00 |
| 5 | Chemperi | 75,000.00 | 6 | Palavayal | 75,000.00 |
| 7 | Cherupuzha | 50,000.00 | 8 | CML Kannur | 25,000.00 |
| 9 | Kannur | 25,000.00 | 10 | Karunapuram | 50,000.00 |
| 11 | Vayattupramaba | 75,000.00 | 12 | Edoor | 50,000.00 |
| 13 | Chempanthotty | 25,000.00 | 14 | Paisakari | 75,000.00 |
| 15 | Vellad | 30,000.00 | 16 | Ulickal | 75,000.00 |
| 17 | Karikottakari | 50,000.00 | 18 | Angadikadavu | 25,000.00 |
| 19 | Perumpadavu | 50,000.00 | 20 | Marygiri | 50,000.00 |
| 21 | Thalipramba | 25,000.00 | 22 | Chadanakampara | 50,000.00 |
| 23 | Karuvanchal | 25,000.00 | | | |

സഹായം ലഭിച്ച ഇടവകകൾ

| | | EXPENSE | | | EXPENSE |
|---|---|---|---|---|---|
| 1 | Santhinagar | 80,000.00 | 2 | Mudayaranji | 24,000.00 |
| 3 | Vijayapuram | 39,700.00 | 4 | Kankakkunnu | 40,000.00 |
| 5 | Balesugiri | 57,400.00 | 6 | Perinkari | 55,000.00 |
| 7 | Chavaragiri | 24,000.00 | 8 | Josgiri | 35,000.00 |
| 9 | Manadukkom | 12,000.00 | 10 | Bedoor | 24,000.00 |
| 11 | Deepagiri | 44,500.00 | 12 | Jayagiri | 31,000.00 |
| 13 | Udayapuram | 41,000.00 | 14 | Puncha | 70,000.00 |
| 15 | Hosangadi | 12,000.00 | 16 | Ponmala | 35,000.00 |
| 17 | Nellikunnu | 35,000.00 | 18 | Ottathai | 29,100.00 |
| 19 | Mulleria | 24,000.00 | 20 | Peringala | 12,000.00 |
| 21 | Areekamala | 58,000.00 | 22 | Paramba | 24,000.00 |
| 23 | Birikulam | 40,000.00 | 24 | Mavumchal | 25,000.00 |
| 25 | Kanakapally | 61,000.00 | 26 | Lissigiri | 36,000.00 |
| 27 | Thirur | 40,000.00 | | | |

# സെമിനാരി വാർത്തകൾ

## നന്ദിയോടെ ...കടപ്പാടോടെ

എട്ടുവർഷക്കാലം മൈനർ സെമിനാരിയുടെ ആദ്ധ്യാത്മികപിതാവായി, ഭാവി വൈദികർക്ക് വ്യക്തമായ ദിശാബോധം പകർന്നു നല്കി ആദ്ധ്യാത്മിക ആചാര്യനായി പ്രശോഭിച്ചശേഷം വെള്ളരിക്കുണ്ട് ഫൊറോന വികാരിയായി ചുമതല ഏറ്റെടുത്തിരിക്കുന്ന ബഹു. മാത്യു ഇളംതുരുത്തിപ്പടവിൽ അച്ചന് ഹൃദയപൂർവ്വകമായ നന്ദിയും പുതിയ അജപാലനശുശ്രൂഷാമേഖലയിൽ വിജയാശംസകളും നേരുന്നു.

കഴിഞ്ഞനാലു വർഷക്കാലം തലശ്ശേരി അതിരൂപതാ വൊക്കേഷൻ പ്രൊമോട്ടറും മൈനർ സെമിനാരി സ്റ്റാഫ് അംഗവുമായി പ്രവർത്തിച്ച് ദൈവവിളി പ്രോത്സാഹനത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്തശേഷം ഉപരിപഠനത്തിനായി പോകുന്ന ബഹു. ജോസഫ് വയലുങ്കൽ അച്ചന് ഹൃദയപൂർവ്വമായ നന്ദിയും പഠനമേഖലയിൽ വിജയാശംസകളും നേരുന്നു.

## 2. ഹൃദ്യമായ സ്വാഗതം

മൈനർ സെമിനാരി അദ്ധ്യാത്മിക പിതാവായി ചുമതല ഏറ്റെടുത്തിരിക്കുന്ന ബഹു. ജോൺ മുണ്ടോളിക്കൽ അച്ചനും അതിരൂപതാ വൊക്കേഷൻ പ്രെമോട്ടറായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നു ബഹു. പ്രജിൽ പണ്ടാരപറമ്പിൽ അച്ചനും സ്നേഹപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

## 3. മൈനർ സെമിനാരി നവാഗതർക്ക് സ്വാഗതം

ഈ വർഷം 33 വൈദികവിദ്യാർത്ഥികൾക്ക് നമ്മുടെ മൈനർ സെമിനാരിയിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. നവാഗതർക്ക് സ്വാഗതം. പൗരോഹിത്യത്തെ ലക്ഷ്യമാക്കിയുള്ള യാത്ര ആരംഭിച്ചിരിക്കുന്ന നിങ്ങളുടെ ജീവിത വഴിത്താരകളിൽ സമൃദ്ധമായ ദൈവാനുഗ്രഹം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നവാഗതരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| No | Name | Parish | Edu. |
|---|---|---|---|
| 1 | Alackal Emil (Philip) | Bheemanady | SSLC |
| 2 | Ariyamannil Alfred (Sebastian) | Chandanakampara | SSLC |
| 3 | Aykara Albin (Thomas) | Kadumeni | SSLC |
| 4 | Chengazhasseril Robert | Thabore | SSLC |
| 5 | Cheruparambil Roshin (John) | Malom | CBSE |
| 6 | Kalarimuriyil Sanjose | Kannivayal | SSLC |
| 7 | Kanattu Alphin | Chattamala | SSLC |

| | | | |
|---|---|---|---|
| 8 | Kandathinkara Shone (Luka) | Thomapuram | SSLC |
| 9 | Kannamkulam Roony (Mathew) | Kasaragod | CBCE |
| 10 | Karapuzhackal Shan (Joseph) | Kottiyoor | SSLC |
| 11 | Kidarathil Ashique (Thomas) | Thirumeni | SSLC |
| 12 | Kuzhumbil Basil (Joseph) | Josemount | SSLC |
| 13 | Malayilputhanpurail Alfin (George) | Manjalampuram | SSLC |
| 14 | Manjamattathil John | Ayannoor | SSLC |
| 15 | Marottickal Albin (George) | Peratta | SSLC |
| 16 | Muringathuparambil George | Vellarikundu | SSLC |
| 17 | Muriyamkariyil Thomas | Mudayaranji | SSLC |
| 18 | Naduviledathu Dalwin (Antony) | Kalichamaram | SSLC |
| 19 | Paramundayil Joyal (Thomas) | Paisakary | SSLC |
| 20 | Paruthipara Shine (Thomas) | Jayagiri | SSLC |
| 21 | Poovathummoottil Alby (Thomas) | Paisakary | SSLC |
| 22 | Thekkeyil Akhil (Antony) | Karikkottakari | CBSE |
| 23 | Theruvath Albi (Mathews) | Paisakary | SSLC |
| 24 | Vavakkattu Sandeep (Shindo Paul) | Kasaragod | CBSE |
| 25 | Edathil Ashish (Lukose) | Vellarikkundu | +2 |
| 26 | Kalladayil Joyal (Joseph) | Chattamala | +2 |
| 27 | Kanjhirathinkal Don (Jacob) | Kottoor | +2 |
| 28 | Mattathil Eujin (Thomas) | Konnakkad | +2 |
| 29 | Moolekkattil Albin (Mathew) | Cherupuzha | +2 |
| 30 | Velamkunnel Alex | Thomapuram | +2 |
| 31 | Alappatt Nikhil (Joseph) | Marigiri | BTech Comp Eng. |
| 32 | Kallarackal Philip | Koluvally | BSc Aeronautical Science |
| 33 | Vattakkunnel Mathew | Malom | CA Foundation |

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കരോട്ട്**

റെക്ടർ 8304 871 142

# വിശ്വാസപരിശീലനം

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).

**ദുക്റാന തിരുനാൾ**

"കർത്താവേ നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?. ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ പക്കലേയ്ക്ക് വരുന്നില്ല". സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി കണ്ടെത്തിയവനാണ് നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹാ. കുഞ്ഞുങ്ങളെ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി പഠിപ്പിക്കുക എന്നതുതന്നെയാണല്ലോ വിശ്വാസപരിശീലനത്തിന്റെ ആത്യന്തിക ലക്ഷ്യം. നമുക്ക് വിശ്വാസം പകർന്നുതന്ന മാർതോമ്മാശ്ലീഹായെ അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെട്ടു ജീവിക്കുവാനും മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനും നമുക്കു പരിശ്രമിക്കാം. ദുക്റാനത്തിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

**1. വിശ്വാസപരിശീലന പ്രവർത്തനവർഷ ഉദ്ഘാടനം**

2020 –2021 അധ്യായനവർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ജൂൺ 07 ഞായറാഴ്ചത്തെ വി. കുർബാനയ്ക്കുശേഷം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ വിശ്വാസ പരിശീലനം എപ്രകാരം ഓൺലൈൻ ആയി നടത്തുവാൻ സാധിക്കുമെന്നതിനെക്കുറിച്ച് അഭിവന്ദ്യപിതാവ് മാതാപിതാക്കളോടും കുട്ടികളോടും സംസാരിച്ചു. അതിരൂപതയുടെ Youtube ചാനലിലൂടെയും Facebook പേജിലൂടെയുമാണ് ഉദ്ഘാടനം സംപ്രേഷണം ചെയ്തത്.

**2. പ്രവർത്തനവർഷ ഒരുക്ക ആരാധന**

അതിരൂപതയിലെ വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കുമായി പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽവച്ച് ദിവ്യകാരുണ്യ ശുശ്രൂഷ ആരാധന നടത്തി. മദർഹോം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളിൽ ആരാധനയ്ക്ക് നേതൃത്വം നല്കി. വചനാഗ്നി ടെലിവിഷന്റെ Youtube ചാനൽ വഴിയും Facebook പേജിലൂടെയുമാണ് ആരാധന സംപ്രേഷണം ചെയ്തത്.

**3. "ഈശോയെ അറിയാൻ" വിശ്വാസപരിശീലനം ഭവനങ്ങളിൽ**

ക്ലാസ്സുകളിൽ ഒരുമിച്ചുകൂടി റഗുലർ സൺഡേസ്കൂൾ വിശ്വാസപരിശീലനം നടത്തുവാൻ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാധിക്കാത്തതിനാൽ വിശ്വാസപരിശീലന ക്ലാസ്സുകൾ നമ്മുടെ അതിരൂപതയിൽ ഓൺലൈൻ ആയി ആരംഭിച്ചു. ജൂൺ 14 ഞാറാഴ്ചത്തെ വി. കുർബാനയ്ക്കുശേഷം മാർ ജോസഫ് പാംപ്ലാനി പിതാവ്

ഓൺലൈൻ ക്ലാസ്സുകൾ ഉദ്ഘാടനം ചെയ്തു. ക്ലാസ്സുകൾ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ Youtube ചാനൽ വഴിയും വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ വഴിയും കുട്ടികളിലേയ്ക്ക് എത്തിക്കുന്നു.

**4. ഓൺ ലൈൻ വിശ്വാസപരിശീലനം – നിർദ്ദേശങ്ങൾ**

ഞായറാഴ്ച നമ്മൾ കുട്ടികളുടെ വിശ്വാസപരിശീലനത്തിനായി മാറ്റിവച്ച ദിവസമാണല്ലോ. രാവിലെ 10 മണിക്കാണ് വിശ്വാസപരിശീലനക്ലാസ്സുകൾ ആരംഭിക്കുന്നത്. ആ സമയം തന്നെ നമുക്കും ഉണർവുള്ള അധ്യാപകരാകാം. ചില പ്രായോഗിക നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

a. വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കുന്ന ക്ലാസ്സുകളുടെ ലിങ്ക് കുട്ടികൾക്ക് അയച്ചുകൊടുക്കുക. ക്ലാസ്സുകൾ കുട്ടികൾ കാണുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

b. പാഠഭാഗത്തെ സംബന്ധിച്ച് കൂട്ടിച്ചേർക്കേണ്ടുന്ന നമ്മുടെ അറിവും അനുഭവങ്ങളും Voice clip/Text message എന്നീ മാർഗ്ഗങ്ങൾവഴി കുട്ടികളുമായി പങ്കുവയ്ക്കുക.

c. ഓരോ പാഠഭാഗത്തിന്റെയും നോട്ടുകൾ തയ്യാറാക്കി ഫോട്ടോ എടുത്ത് വാട്സ്ആപ്പ് ഗ്രൂപ്പിലേയ്ക്ക് പോസ്റ്റ് ചെയ്യുവാൻ കുട്ടികളോട് ആവശ്യപ്പെടുക. വീഡിയോ ക്ലാസ്സിൽ നല്കുന്ന ഹോംവർക്കുകൾ കൂടാതെ ക്ലാസ്സ് അധ്യാപകർക്ക് വേറെ വർക്കുകൾ നല്കാവുന്നതാണ്.

d. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുകയും ഹോംവർക്കുകൾ പൂർത്തിയാക്കുകയും ചെയ്യുന്ന കുട്ടികൾക്ക് ഹാജരും Internal mark ഉം നല്കുന്നത് നല്ലതാണ്.

e. വാട്ട്സ്ആപ്പ് സൗകര്യം ഇല്ലാത്ത കുട്ടികളെ പ്രത്യേകം പരിഗണിക്കണം. അങ്ങനെയുള്ള കുട്ടികളെ ക്ലാസ്സ് ടീച്ചർ ഫോൺ വിളിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തണം. പാഠപുസ്തകം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

f. വിശുദ്ധരെ പരിചയപ്പെടൽ, സഭാത്മക വാർത്തകൾ, നമസ്ക്കാരങ്ങൾ, ഭക്തിഗാനങ്ങൾ, വചനവിചിന്തനം, ബൈബിൾ ക്വിസ്സ്, കുടംബത്തിൽ ചെയ്ത നന്മപ്രവൃത്തികളെക്കുറിച്ചുള്ള അനുഭവസാക്ഷ്യം, പാഠഭാഗത്തെ തിരുവചനങ്ങൾ പഠിച്ച് അവതരിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഓരോ ഞായറാഴ്ചയും ചെയ്യുന്നതിന് ക്ലാസ്സിലെ കുട്ടികളെ നിശ്ചയിക്കുകയും അവർ അവ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

g. കുടുംബമാണല്ലോ പ്രഥമ വിശ്വാസപരിശീലനവേദി. ഗാർഹിക വിശ്വാസപരിശീലനം നല്കി സ്വന്തം മക്കളെ വിശ്വാസത്തിൽ വളർത്തുന്നതിനും ആഴപ്പെടുത്തുന്നതിനും ആവശ്യമായ പ്രോത്സാഹനം മാതാപിതാക്കൾക്ക് നല്കുക. ഓൺലൈൻ ക്ലാസ്സുകളിലെ കുട്ടികളുടെ പങ്കാളിത്തം, ഹോംവർക്കുകൾ തയ്യാറാക്കി നല്കുന്നത്, പാഠഭാഗങ്ങൾ പഠിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ യഥാസമയം മാതാപിതാക്കളെ അറിയിക്കുക.

h. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത് ക്ലാസ്സ്ടീച്ചറിന്റെ ഉത്തരവാദിത്വമാണ്.

i. ഉത്തരവാദിത്വമുള്ള വിശ്വാസപരിശീലകരെന്ന നിലയിൽ എന്റെ ക്ലാസ്സിലെ കുട്ടികൾ വിശ്വാസത്തിലും, സന്മാർഗചിന്തയിലും, മൂല്യബോധത്തിലും വളരുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കണം. ഓൺലൈൻ വിശ്വാസപരിശീലന ക്ലാസ്സുകൾ വിജയത്തിലെത്തണമെങ്കിൽ വിശ്വാസപരിശീലകരുടെ നിസ്വാർത്ഥമായ സഹകരണം കൂടിയേ തീരു എന്നത് ഓർമ്മിക്കുമല്ലോ.

**5. സ്റ്റാഫ് മീറ്റിംഗ്**

എല്ലാ സൺഡേസ്കൂളുകളും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ജൂലൈ രണ്ടാമത്തെ ആഴ്ചയിൽ മീറ്റിംഗ്കൂടി ഓൺലൈൻ ക്ലാസ്സുകളിലെ കുട്ടികളുടെ പങ്കാളിത്തവും വിശ്വാസവളർച്ചയും വിലയിരുത്തണം.

**6. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ്**

2020–2021 പ്രവർത്തനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സൺഡേസ്കൂൾ റെഗുലർ ക്ലാസ്സുകൾ ആരംഭിച്ചതിനുശേഷമായിരിക്കും നടത്തുക (തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും).

**7. ഫൊറോന കമ്മിറ്റി**

ബഹു. ഫൊറോന ഡയറക്ടറച്ചൻ അധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേ തൃത്വം കൊടുക്കുന്നത്. അതിരൂപത വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ് മുതലായവ ഓഫീസിലേയ്ക്ക് നല്കേണ്ടതാണ്.

**8. പുതിയ ഹെഡ്മാസ്റ്റർ**

പുതിയ ഹെഡ്മാസ്റ്റർമാരെ നിയമിക്കുമ്പോൾ അവരുടെ വിലാസവും മറ്റുവിവരങ്ങളും ബന്ധപ്പെട്ടവർ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്.

**9. നന്ദി..... ആശംസകൾ**

ആലക്കോട്, നെല്ലിക്കാംപൊയിൽ, വെള്ളരിക്കുണ്ട് എന്ന ഫൊറോനകളിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ വെരി. റവ. ഫാ. ആന്റണി ആനക്കല്ലിൽ, വെരി. റവ. ഫാ. ജോസഫ് ആനിത്താനം, വെരി. റവ. ഫാ. ആന്റണി തെക്കേമുറി എന്നിവർക്ക് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി. മേൽപ്പറഞ്ഞ ഫൊറോനകളിൽ പുതിയ ഡയറക്ടർമാരായി നിയമിതാരായിരിക്കുന്ന വെരി. റവ. ഫാ. മാണി ആട്ടേൽ, വെരി. റവ. ഫാ. ജോസഫ് കാവനാടിയിൽ, വെരി. റവ. ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ എന്നിവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**10. പാഠപുസ്തകവിതരണം**

പാഠപുസ്തകങ്ങളുടെ വിതരണം ഏകദേശം പൂർത്തിയായി കഴിഞ്ഞു. ഇനിയും പാഠപുസ്തകങ്ങൾ വാങ്ങാത്ത സൺഡേസ്കൂളുകൾ എത്രയുംപെട്ടെന്നുതന്നെ പുസ്തകങ്ങൾ വാങ്ങി വിതരണം നടത്തേണ്ടതാണ്. തിങ്കൾ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെ ഓഫീസ് തുറന്നു പ്രവർത്തിക്കുന്നതാണ്.

**11. പാഠപുസ്തകങ്ങളുടെ വില**

ക്ലാസ്സ് I - IV - 30 രൂപ
ക്ലാസ്സ് V - XII - 35 രൂപ

**12. ആമുഖസെമിനാർ ജൂലൈ 11-14 (ഓൺലൈൻ)**

വിശ്വാസപരിശീലകർക്കായി ജൂലൈ 11 മുതൽ 14 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ ഓൺലൈൻ ആയി സംഘടിപ്പിക്കുന്നു. ഒരു മണിക്കൂർ ദൈർഘ്യമുള്ള 3 ക്ലാസ്സുകളായിരിക്കും ഒരു ദിവസം ഉണ്ടാവുക. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ Zoom App download ചെയ്യേണ്ടതാണ്. 100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ബഹു. ഹെഡ്മാസ്റ്റർ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരുടെ പേരും ഫോൺ നമ്പറും വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ഇടേണ്ടതാണ്. ജൂലൈ 8 നുള്ളിൽ പേര് രജിസ്റ്റർ ചെയ്യണം.

**13. മോഡൽ ക്ലാസ്സുകൾ**

Sign Method അനുസരിച്ച് ബോധനോപാധികളുടെ സഹായത്തോടെ ഒത്തിരിയേറെ വിശ്വാസപരിശീലകർ മോഡൽ ക്ലാസ്സുകൾ എടുക്കുകയും അതിന്റെ വീഡിയോ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് അയച്ചുതരികയുമുണ്ടായി. എല്ലാവർക്കും സ്നേഹപൂർവ്വം നന്ദി പറയുന്നു.

**14. നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനം**

സൺഡേസ്കൂളുകളിൽ റഗുലറായി പഠിക്കുവാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് മാത്രമായുള്ള അവധിക്കാല വേദപാഠ ക്ലാസ്സുകൾ ഈ വർഷം നടത്തുവാൻ സാധിച്ചിരുന്നില്ല. അവർക്കുള്ള ക്രമീകരണങ്ങൾ താഴെ പറയുംവിധമായിരിക്കും.

1. (കഴിഞ്ഞ അധ്യയനവർഷം 2019-2020) 6 മുതൽ 11 വരെ ക്ലാസ്സുകളിൽ പഠിക്കേണ്ടിയിരുന്ന കുട്ടികൾ ഇടവകയിലെ ക്ലാസ്സ് ടീച്ചറിന്റെ സഹായത്തോടെ പാഠഭാഗങ്ങൾ പഠിക്കേണ്ടതാണ്. അവർക്കുള്ള പരീക്ഷ ഓഗസ്റ്റ് മാസത്തിൽ ഇടവകാതലത്തിൽതന്നെ നടത്തി അടുത്ത ക്ലാസ്സിലേയ്ക്ക് പ്രൊമോഷൻ നല്കാവുന്നതാണ്.

2. 2019-2020 പ്രവർത്തനവർഷത്തിൽ പന്ത്രണ്ടാം ക്ലാസ്സിൽ വിശ്വാസപരിശീലനം നേടേണ്ടിയിരുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾ ഇടവകയിൽ ക്ലാസ്സ് ടീച്ചറിന്റെ സഹായത്തോടെ പാഠഭാഗങ്ങൾ പഠിക്കേണ്ടതാണ്. അവർക്കുള്ള ഡിപ്ലോമ പരീക്ഷ ഓഗസ്റ്റ് 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ വിശ്വാസപരിശീലന കേന്ദ്രം നടത്തുന്നതാണ്. ബഹു. ഹെഡ്മാസ്റ്റർ ജൂലൈ 26 നുള്ളിൽ കുട്ടികളുടെ പേരുവിവരങ്ങൾ ഓഫീസിൽ നല്കേണ്ടതാണ്.

**15. ഡിപ്ലോമ - സേ പരീക്ഷ**

2019-2020 പ്രവർത്തനവർഷത്തിൽ നടത്തിയ ഡിപ്ലോമ പരീക്ഷയിൽ തോറ്റ കുട്ടികൾക്കുള്ള സേ പരീക്ഷ ഓഗസ്റ്റ് 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ അതാത് ഇടവകകളിൽ വച്ച് നടത്തുന്നതാണ്. ബഹു. ഹെഡ്മാസ്റ്റർ സേ പരീക്ഷ എഴുതുന്നവരുടെ വിവരങ്ങൾ ജൂലൈ 26 നുള്ളിൽ ഓഫീസിൽ നല്കേണ്ടതാണ്

**16. സ്മാർട്ട് കാറ്റക്കിസം വെബ് പോർട്ടൽ**

വിശ്വാസപരിശീലന ക്ലാസുകളും പാഠ്യപദ്ധതിയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്നതിനായി സ്മാർട്ട് കാറ്റക്കിസം പദ്ധതിയും വെബ് പോർട്ടലും സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ, പഠനസഹായികൾ, പവർ പോയിന്റ് പ്രസന്റേഷൻ, അനുബന്ധ പ്രവർത്തനങ്ങൾ etc. എന്നിവയുടെ ഡിജിറ്റൽ പതിപ്പുകൾ ഇനി www.smsmartcatechism.org എന്ന വെബ് പോർട്ടലിലൂടെ ലഭിക്കും. ലോക്ഡൗൺ കാലഘട്ടത്തിൽ വിശ്വാസപരിശീലനം ഓൺലൈനായി നാം നടത്തുമ്പോൾ ഈ വെബ്സൈറ്റ് കൂടുതൽ ഉപകാരപ്രദമാണെന്ന കാര്യം ഓർമ്മിക്കുമല്ലോ.

**17. വിവിധ കുടിശികകൾ**

2019-2020 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ എത്രയും പെട്ടെന്ന് അടച്ച് സഹകരി ക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധി ക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയി ക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടു ത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

**18. ദിയാക്കോണിയ**

ജൂൺ - ജൂലൈ മാസങ്ങളിൽ ചെയ്യേണ്ട കർമ്മപദ്ധതികൾ

1) കാർഷിക സെമിനാർ
   a) ആരോഗ്യവും പച്ചക്കറിയും b) അടുക്കളയും അടുക്കളത്തോട്ടവും
   c) ജൈവവളത്തിന്റെ പ്രാധാന്യം
2) ഒരു വീട് ഒരു മുരിങ്ങ 3) അറിയാം കുമ്പളങ്ങയെ 4) ഗ്രീൻ മിഷൻ 5) കൃഷി പാഠം 6) നാട്ടറിവ് 7) ന്യൂനപക്ഷ അവകാശങ്ങൾ

## ഓഗസ്റ്റ് - 2020

## മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ സ്നേഹ പൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

### 1. ആഗസ്റ്റ് 4 - വിയാനി ഡേ

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ

വിയാനിയുടെ തിരുനാൾ ദിവസമായ ആഗസ്റ്റ് 4-ാം തീയ്യതി വിശ്വാസപരിശീലകരും കുട്ടികളും ബഹു. വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യണം. ഇപ്പോഴത്തെ സാഹചര്യത്തിൽ നേരിട്ട് ആശംസകൾ നേരുവാൻ സാധ്യമല്ലാത്തതിനാൽ വിശ്വാസപരിശീലകരുടെയും കുട്ടികളുടെയും വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി ആശംസകൾ നേരുവാൻ ശ്രദ്ധിക്കുമല്ലോ.. അന്നേ ദിവസം തന്നെയാണ് രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനവും

## 2. രക്ഷയുടെ പാതയിൽ - വിശ്വാസപരിശീലന ക്ലാസ്സുകൾ

അതിരൂപത വിശ്വാസപരിശീലന കേന്ദ്രവും ശാലോം ടെലിവിഷനും സംയുക്തമായി തയ്യാറാക്കിയ വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേഷണം ജൂലൈ 13 തിങ്കളാഴ്ച മുതൽ ആരംഭിച്ചു. തിങ്കൾ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ ആയിരിക്കും ക്ലാസ്സുകളുടെ സംപ്രേഷണം. ശാലോം ടിവിയിലും ശാലോമിന്റെ Youtube ചാനലിലും (Shalomtelevision) ഫെയ്സ്ബുക്ക് പേജിലും (Shalomtelevision) ക്ലാസ്സുകളുടെ സംപ്രേഷണം ഉണ്ടായിരിക്കും. കൂടാതെ സംപ്രേഷണം കഴിഞ്ഞുവരുന്ന ഞായറാഴ്ച എല്ലാ ക്ലാസ്സുകളുടെയും ലിങ്ക് അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ Youtube ചാനലിൽ നൽകുന്നതാണ്. വിശ്വാസപരിശീലകരും കുട്ടികളും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ Youtube ചാനൽ (Catechesis Thalassery) Subscribe ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

## വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേഷണ സമയം

ശാലോം ടിവിയിൽ തിങ്കൾ മുതൽ ശനിവരെ സംപ്രേഷണം ചെയ്യുന്ന വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേഷണ സമയം താഴെ കൊടുക്കുന്നു.

| ദിവസം | ക്ലാസ്സ് | സമയം |
|---|---|---|
| തിങ്കൾ - | ക്ലാസ്സ് I | : 11.30 - 11.45 |
| | ക്ലാസ്സ് II | : 11.45 - 12.00 |
| | ക്ലാസ്സ് V | : 3.30 - 4.00 |
| ചൊവ്വ - | ക്ലാസ്സ് III | : 11.30 - 12.00 |
| | ക്ലാസ്സ് VI | : 3.30 - 4.00 |
| ബുധൻ - | ക്ലാസ്സ് IV | : 11.30 - 12.00 |
| | ക്ലാസ്സ് X | : 3.30 - 4.00 |
| വ്യാഴം - | ക്ലാസ്സ് VII | : 11.30 - 12.00 |
| | ക്ലാസ്സ് XI | : 3.30 - 4.00 |
| വെള്ളി - | ക്ലാസ്സ് VIII | : 11.30 - 12.00 |
| | ക്ലാസ്സ് XII | : 3.30 - 4.00 |
| ശനി - | ക്ലാസ്സ് IX | : 11.30 - 12.00 |

## 3. ജൂലൈ-ആഗസ്റ്റ് മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന (തിങ്കൾ മുതൽ ശനിവരെ) വിശ്വാസപരിശീലന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്സ് ആപ്പ് ഗ്രൂപ്പിൽ നൽകുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും.

19/07/2020 ഞായർ - അദ്ധ്യായം 1

26/07/2020 ഞായർ - അദ്ധ്യായം 2

02/08/2020 ഞായർ - അദ്ധ്യായം 3

09/08/2020 ഞായർ - അദ്ധ്യായം 4 പാർട്ട് 1

16/08/2020 ഞായർ - അദ്ധ്യായം 4 പാർട്ട് 2

23/08/2020 ഞായർ - അദ്ധ്യായം 5 പാർട്ട് 1

30/08/2020 ഞായർ - അദ്ധ്യായം 5 പാർട്ട് 2

## 4. നവോദയ-സ്പോർട്സ് സ്കൂൾ ഡിപ്ലോമ പരീക്ഷ

നവോദയ-സ്പോർട്സ് സ്കൂളിൽ കഴിഞ്ഞ അദ്ധ്യായന വർഷം 12-ാം ക്ലാസ്സിൽ പഠിച്ച കുട്ടികൾക്കുള്ള ഡിപ്ലോമ പരീക്ഷയും വിശ്വാസപരിശീലന കേന്ദ്രം 2019-2020 വർഷം നടത്തിയ ഡിപ്ലോമ പരീക്ഷയിൽ തോറ്റ കുട്ടികൾക്കുള്ള സേ പരീക്ഷയും ആഗസ്റ്റ് 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ നടത്തുന്നു.

### നിർദ്ദേശങ്ങൾ

a. നവോദയ-സ്പോർട്സ് സ്കൂളിൽ പഠിക്കുന്ന കുട്ടിയുടെ പേര്, വീട്ടുപേര്, മാമ്മോദീസ പേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ ബഹു. വികാരിയച്ചന്റെ കത്തു സഹിതം ഓഫീസിലേക്ക് അയക്കേണ്ടതാണ്.

b. നവോദയ-സ്പോർട്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷ പേപ്പറിനൊപ്പം അസൈൻമെന്റ് സമർപ്പിക്കണം.

c. നവോദയ-സ്പോർട്സ് സ്കൂൾ കുട്ടികൾക്കായി കഴിഞ്ഞ വർഷം നടത്തിയ അവധിക്കാല വേദപാഠ ക്ലാസ്സിൽ 11-ാം ക്ലാസ്സിൽ പങ്കെടുത്ത കുട്ടികൾക്ക് മാത്രമായിരിക്കും പരീക്ഷ എഴുതാൻ അവസരമുള്ളത്.

d. ഡിപ്ലോമ പരീക്ഷയിൽ തോറ്റ കുട്ടികൾ സേ പരീക്ഷ എഴുതുന്നുണ്ടെങ്കിൽ അവരുടെ പേരും വീട്ടുപേരും മാത്രം ഓഫീസിലേക്ക് നൽകിയാൽ മതി.

e. പാഠപുസ്തകത്തിൽ നിന്നും ഉപപാഠപുസ്തകത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

f. നവോദയ-സ്പോർട്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ 100 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്.

g. പരീക്ഷ പേപ്പറുകൾ ആഗസ്റ്റ് 10 തിങ്കളാഴ്ച തന്നെ registered post ആയി ഓഫീസിലേക്ക് അയക്കേണ്ടതാണ്.

## 5. ആമുഖ സെമിനാർ.... നന്ദി

ജൂലൈ 11 മുതൽ 14 വരെയുള്ള തീയതികളിലായി നടന്ന 72-ാമത് ആമുഖ സെമിനാറിൽ മുന്നൂറ്റി അമ്പതോളം വിശ്വാസപരിശീലകർ പങ്കെടുത്തു. Zoom Application വഴിയാണ് ക്ലാസ്സുകൾ നടത്തിയത്. മാർ ജോർജ് ഞറളക്കാട്ട്, മാർ ജോസഫ് പാംപ്ലാനി, റവ. ഡോ. തോമസ് മേൽവെട്ടം, റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, റവ. ഡോ. ജോർജ് കരോട്ട്, റവ. ഫാ. അബ്രാഹം പുതുശ്ശേരി, റവ. ഫാ. നോബിൾ പാറയ്ക്കൽ, ഡോ. സി. ബിൻസി SH, ശ്രീ. ജോബി ജോൺ മൂലയിൽ, ശ്രീ. മാനുവൽ പരത്തനാൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. റിസോഴ്സ് ടീം അംഗങ്ങൾക്കും ക്ലാസ്സുകളിൽ പങ്കെടുത്ത വിശ്വാസപരിശീലകർക്കും ഹൃദ്യമായ നന്ദി.

## 6. വിശ്വാസപരിശീലകർക്കുള്ള സെമിനാർ

വിശ്വാസപരിശീലകർക്കായുള്ള സെമിനാർ ആഗസ്റ്റ് മാസത്തിൽ ഉണ്ടായിരിക്കുന്നതാണ്. Zoom Application വഴിയായിരിക്കും ക്ലാസ്സുകൾ നടത്തുക. ബഹു. വിശ്വാസപരിശീലകർ Zoom App ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കേണ്ടവിധം പരിചയിക്കുമല്ലോ. സെമിനാർ നടത്തുന്ന തീയ്യതി പിന്നീട് അറിയിക്കുന്നതാണ്.

## 7. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപത വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്

## 8. ദിയാക്കോണിയ

ജൂൺ - ജൂലൈ മാസങ്ങളിൽ ചെയ്യേണ്ട കർമ്മപദ്ധതികൾ

1) കാർഷിക സെമിനാർ
   a) ആരോഗ്യവും പച്ചക്കറിയും b) അടുക്കളയും അടുക്കളത്തോട്ടവും
   c) ജൈവവളത്തിന്റെ പ്രാധാന്യം
2) ഒരു വീട് ഒരു മുരിങ്ങ 3) അറിയാം കുമ്പളങ്ങയെ 4) ഗ്രീൻ മിഷൻ 5) കൃഷി പാഠം 6) നാട്ടറിവ് 7) ന്യൂനപക്ഷ അവകാശങ്ങൾ

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത
## FAMILY RENEWAL UNITS IN THALASSERY (FRUITS)

**കുടുംബകൂട്ടായ്മ ഓഫീസിൽനിന്ന് ആശംസകൾ**

കോവിഡ് മഹാമാരിയുടെ ദുരന്തങ്ങൾ തുടർന്ന് കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ സർക്കാരിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് നമുക്ക് പ്രവർത്തിക്കാം. ദൈവാലയങ്ങൾ തുറന്ന് കഴിഞ്ഞതിനാൽ, സാഹചര്യങ്ങൾ അനുസരിച്ച് വിശുദ്ധ ബലിയിൽ പങ്കെടുക്കുവാൻ ശ്രമിക്കേണ്ടതാണ്. അനാവശ്യമായ അപകട സൂചനകൾ ഉയർത്തി ദൈവമക്കളെ കൂദാശകളിൽനിന്നും സഭയിൽനിന്നും എന്നും അകറ്റി നിർത്താനുള്ള ഭൗതികവാദികളുടെ പരിശ്രമം സാത്താന്റെ തന്ത്രമാണ്. ഓരോ വിശുദ്ധ ബലിയും അമൂല്യമാണ്. കൂദാശകളിലൂടെയാണ് ദൈവിക വരപ്രസാദം നമ്മിലേക്ക് ഒഴുകിയെത്തുന്നതും. അതിനാൽ അവയിൽ പങ്ക് ചേരുവാൻ സാധിക്കുന്ന അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്താൻ നാം പരിശ്രമിക്കണം.

**ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

1. കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞതിനാൽ ഭാരവാഹികളുടെ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. (പോസ്റ്റിൽ അയച്ചാൽ മതി. പോസ്റ്റോഫീസുകൾ പ്രവർത്തിക്കുന്നുണ്ടല്ലോ). (ഭാരവാഹികൾ, കോർഡിനേറ്റർ, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവരുടെ പേര്)
2. കോർഡിനേറ്റർമാരുടെയും വികാരിയച്ചന്മാരുടെയും ഒരു യോഗം അഭിവന്ദ്യപിതാവ് Zoom ലൂടെ ഉടനെ വിളിച്ച് ചേർക്കുന്നതാണ്.
3. കോർഡിനേറ്റർമാരെ റീജിയണൽ തലത്തിലും (50 പേരിൽ കൂടാതെ) നേരിട്ട് വിളിച്ച് ചേർക്കുന്നുണ്ട്. തീയതി ഉടനെ അറിയിക്കുന്നതാണ്. പറഞ്ഞ് വിടുമല്ലോ.
4. മുഴുവൻ കുടുംബാംഗങ്ങളെയും ഒന്നിച്ച് ചേർക്കാൻ കഴിയില്ലെങ്കിലും കുടുംബനാഥന്മാരെയും കുടുംബനാഥകളെയും കൂട്ടായ്മതലത്തിൽ പള്ളിയിലേയ്ക്ക് വിളിച്ച് ചേർക്കുന്നത് നല്ലതായിരിക്കും. ആളുകളെ ഒന്നിച്ച് ചേർക്കുന്ന പ്രവർത്തനങ്ങളിലൂടെ സഭാത്മക വിശ്വാസം വളർത്താൻ നമുക്ക് പരിശ്രമിക്കാം.

പ്രിയപ്പെട്ടവരെ,

കുടുംബക്കൂട്ടായ്മയുടെ പ്രവർത്തനങ്ങളോടൊപ്പം കണ്ണൂർ ഹോളിഫാമിലി ഇടവകയുടെ വികാരിയായികൂടി ഞാൻ ഉത്തരവാദിത്വമേറ്റെടുക്കുകയാണ്. നിങ്ങൾ പ്രാർത്ഥിച്ച് അനുഗ്രഹിക്കണം.

## ഓഗസ്റ്റ് 2020

കോവിഡ് ഭീക്ഷണി ഇപ്പോഴും തുടരുന്നതിനാൽ സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദ്ദേശങ്ങൾ പാലിച്ച്കൊണ്ട് നമ്മുടെ വിശ്വാസത്തിലും സഭാജീവിതത്തിലും നമുക്ക് നിലനിൽക്കാം. സാധാരണ നിലയിൽ കുടുംബക്കൂട്ടായ്മകൾ നടത്തുവാൻ നമുക്കു സാധിക്കില്ല. കുടുംബക്കൂട്ടാ

യ്മയിൽ വരുവാൻ ചില ഇടവകകൾ നടപ്പിലാക്കിയ വ്യത്യസ്തമായ വഴികൾ പൊതുവായി അറിയിക്കുന്നു. താല്പര്യമുള്ളവർക്ക് സ്വീകരിക്കാം.

1. ഓൺ ലൈൻ കൂട്ടായ്മ – നമ്മൾ സാധാരണകൂടുന്ന ദിവസം 7 മണിക്ക് എല്ലാഭവനവും ഓൺലൈനിൽ വന്നാൽ ഒന്നിച്ച് പ്രാർത്ഥിക്കാമല്ലോ. എല്ലാ വീടുകളിലും കുട്ടികളുടെ പഠനത്തിനായി മൊബൈലുകളും ഇന്റർനെറ്റ് സൗകര്യങ്ങളുമുള്ളതിനാൽ ഇതു യാതൊരു ബുദ്ധിമുട്ടും കൂടാതെ നടപ്പിലാക്കാം.

2. കുടുംബനാഥന്മാരെയും നാഥമാരെയും (ഒരു വീട്ടിൽ നിന്ന് 2 പേർ) പള്ളിയിലേക്കു അച്ചനോട് ആലോചിച്ച് യൂണിറ്റ് പ്രസിഡന്റിനെ വിളിച്ച് ചേർക്കാം. സർക്കാർ നിർദ്ദേശങ്ങൾ (മാസ്ക്, സോപ്പ്, അകലം) കൃത്യമായി പാലിച്ച് അമ്പതുപേരിൽ കൂടാതെ പള്ളിയിൽ പ്രാർത്ഥിക്കാമല്ലോ. വികാരിയച്ചനും കോർഡിനേറ്ററും യൂണിറ്റ് ഭാരവാഹികളും താല്പര്യമെടുത്താൽ ഈ വിധത്തിൽ നമുക്കു ഒന്നിച്ച് ചേരാം. സന്മനസും കൂട്ടായ്മയും കാത്ത് സൂക്ഷിക്കാം.

കർത്താവിന്റെ സൗഖ്യം എത്രയും പെട്ടെന്ന് കടന്ന് വന്ന് നാമെല്ലാം ഈ മഹാമാരിയിൽ നിന്ന് രക്ഷപ്പെടുന്നതിനായി വ്യക്തിപരമായും കൂട്ടായ്മയിലും തീക്ഷ്ണമായി പ്രാർത്ഥിക്കാം.

## കിസാൻക്രഡിറ്റ് കാർഡ് ലോൺ

കോവിഡ്കാലത്തെ സാമ്പത്തിക പ്രതിസന്ധിമറികടക്കുവാൻ നമ്മുടെ അതിരൂപതയിൽ ഈ ലോൺ നടപ്പിലാക്കുവാൻ കുടുംബക്കൂട്ടായ്മകളെയാണ് അഭിവന്ദ്യപിതാവ് ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നത്.

കുടുംബക്കൂട്ടായ്മകളുടെ ഓരോ യൂണിറ്റ് പ്രസിഡന്റുമാരും തങ്ങളുടെ കൂട്ടായ്മയിലുള്ള കുടുംബങ്ങളിലേക്ക് ഈ വിവരം എത്തിക്കുകയും ഉപയോക്താക്കളെ കണ്ടെത്തുകയും വേണം. യൂണിറ്റിൽനിന്ന് വരുന്ന അപേക്ഷകളെ ഒന്നിച്ച്ചേർത്ത് ഇടവകതലത്തിൽ കർമ്മനിരതമാകേണ്ടത് ഇടവക കേർഡിനേറ്റർമാരാണ്. ആദ്യം എത്തുന്ന 20000 പേർക്കാണ് ഈ മാസം ലോൺ ലഭിക്കുക. യൂണിറ്റ് പ്രസിഡന്റും ഇടവക കോർഡിനേറ്ററും ഒരോ ഉപഭോക്താവും ഈ ലോൺ ഉല്പാദനപരമായി ചിലവഴിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ഇടയ്ക്ക് ആ വ്യക്തികളെ സന്ദർശിച്ച് പ്രോത്സാഹിപ്പിക്കുകയും കാലാവധി തെറ്റാതെ ലോൺ തിരിച്ചടക്കുവാൻ പ്രേരിപ്പിക്കുകയും വേണം.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തോലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**1. ഹൃദ്യമായ സ്വാഗതം**

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ഡോ. തോമസ് ഓലിക്കരോട്ടിന് സ്നേഹോഷ്മളമായ സ്വാഗതം. ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെയും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കർമ്മരംഗത്ത് പ്രാർത്ഥനാമംഗളങ്ങളും ആശംസകളും നേരുന്നു.

**2. നന്ദിയോടെ**

ആശാൻകവല ഇടവകയുടെ വികാരിയായി നിയമിതനായിരിക്കുന്ന ഫാ. കുര്യാക്കോസ് കാരക്കാട്ട് അച്ചന് പുതിയ കർമ്മരംഗത്ത് എല്ലാ മംഗളങ്ങളും ആൽഫാ കുടുംബം പ്രാർത്ഥനാപൂർവ്വം നേരുന്നു. കഴിഞ്ഞ ഒരുവർഷം ബൈബിൾ അപ്പസ്റ്റോലേറ്റിന്റെയും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും അസി. ഡയറക്ടർ എന്ന നിലയിൽ സ്തുത്യർഹമായി പ്രവർത്തിച്ച ബഹു. അച്ചന് ഹൃദയപൂർവ്വം നന്ദി പറയുന്നു.

**3. ഓൺലൈൻ ക്ലാസ്സുകൾ**

പുതിയ അദ്ധ്യയന വർഷത്തിലേക്ക് എല്ലാവർക്കും സ്വാഗതം! കോവിഡ് വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സമൂഹ്യഅകലം പാലിക്കുക എന്നത് അത്യാവശ്യവുമായതിനാൽ തിയോളജി പഠനം ഓൺലൈനായി പുനരാരംഭിക്കുന്നതിന് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് തുടക്കമിടുകയാണ്. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.

വീഡിയോ കോൺഫറൻസിംങ് പ്ലാറ്റ്ഫോമായ **"Zoom"** വഴിയാണ് ക്ലാസ്സുകൾ നടത്തപ്പെടുക. വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണിലോ കമ്പ്യൂട്ടറിലോ **"Zoom"** ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാനുള്ള ലിങ്കുകൾ നിങ്ങൾക്ക് വാട്സാപ്പ്/ഫോൺ മെസ്സേജ്, ഇമെയിൽ തുടങ്ങിയവയിലൂടെ ലഭിക്കുന്നതാണ്. ക്ലാസ്സുകളുടെ സമയക്രമീകരണങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**4. തിയോളജി കോഴ്സിന്റെ പാഠപുസ്തകങ്ങൾ ലഭ്യമാക്കും**

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങൾ അതാത് സ്റ്റഡി സെന്ററുകളിൽനിന്നും ലഭ്യമാണ്. തലശ്ശേരി അതിരൂപതയിലുള്ളവർക്ക് താഴെപ്പറഞ്ഞിരിക്കുന്ന കേന്ദ്രങ്ങളി ൽനിന്നും പുസ്തകങ്ങൾ ശേഖരിക്കാവുന്നതാണ്.

1. പേരാവൂർ (*സെന്റ് ജോസഫ് ഫൊറോനാ ദേവാലയം*)
2. ഇരിട്ടി (*ചാവറാ ഭവൻ*)
3. നെല്ലിക്കാംപോയിൽ (*സി.എം.സി പ്രൊവിൻഷ്യൽ ഹൗസ്*)
4. ചെമ്പന്തൊട്ടി (*സെന്റ് ജോർജ്ജ് ഫൊറോനാ ദേവാലയം*)
5. ചെമ്പേരി (*ഔർ ലേഡി ഓഫ് ലൂർഡ് ഫൊറോനാ ദേവാലയം*)

6. ആലക്കോട് (*സെന്റ് മേരീസ് ഫൊറോനാ ദേവാലയം*)

7. മാമ്പോയിൽ (*സേക്രഡ് ഹാർട്ട് ദേവാലയം*)

8. ചെറുപുഴ (*സെന്റ് മേരീസ് ഫൊറോനാ ദേവാലയം*)

9. ബദിയടുക്ക (*സെന്റ് മേരീസ് ദേവാലയം*)

10. പടുപ്പ് (*സെന്റ് ജോർജ്ജ് ദേവാലയം*)

11. കാഞ്ഞങ്ങാട് (*ഇൻഫെന്റ് ജീസസ് ദേവാലയം*)

12. തലശ്ശേരി (*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*)

**5. ആൽഫാ തിയോളജി പുതിയ സെന്ററുകൾ**

കാഞ്ഞിരപ്പള്ളിയിലും ചങ്ങനാശ്ശേരിയിലും ആസാമിലും ആൽഫയുടെ പുതിയ തിയോളജി പഠന കേന്ദ്രങ്ങൾ ആരംഭിച്ചു. ദൈവശാസ്ത്ര കോഴ്സിൽ രജിസ്റ്റർ എല്ലാ വിദ്യാർത്ഥികളുടെയും ക്ലാസ്സുകൾ ജൂലൈ രണ്ടാമത്തെ ആഴ്ചയിൽ ആരംഭിക്കുന്നതിനായിരിക്കും.

**6. ലോഗോസ് ക്വിസ് 2020**

ലോഗോസ് ക്വിസിന്റെ – 2020 രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. രജിസ്ട്രേഷൻ അവസാനിക്കുന്ന അവസാന തീയ്യതി ഓഗസ്റ്റ് 15 നാണ്. ഇടവകാതലത്തിൽ സാധിക്കുന്ന ഏവരെയും പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഓരോ ഗ്രൂപ്പിലും ഒന്നാം സമ്മാനം നേടുന്നവർക്ക് ഇടവകാതലത്തിൽ സമ്മാനം നൽകാൻ സാധിച്ചാൽ പങ്കെടുക്കുന്നവർക്ക് വളരെയധികം പ്രോത്സാഹനമാകും.

| | | |
|---|---|---|
| **രജിസ്ട്രേഷൻ അവസാനതീയ്യതി** | : | **ഓഗസ്റ്റ് 15** |
| **അതിരൂപതാതലത്തിൽ പരീക്ഷ** | : | **ഒക്ടോബർ 11** |
| **മേഖല തല പരീക്ഷ** | : | **നവംബർ 8** |
| **സംസ്ഥാനതല പരീക്ഷ** | : | **നവംബർ 21** |

**പഠനഭാഗങ്ങൾ**

- നിയമാവർത്തനം 22–34
- പ്രഭാഷകൻ 18–22
- മർക്കോസ് 1–8
- 1 കോറിന്തോസ് 1–8

ലോഗോസ് ഫാമിലിയ ക്വിസ്സിനായി ഇടവകകളിൽ നിന്ന് കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കും. ലോഗോസ് പഠനസഹായി ആൽഫാ ഓഫീസിൽ ലഭ്യമാണ്.

**7. എം റ്റി എച്ച് / ബി. റ്റി. എച്ച് പ്രബന്ധങ്ങൾ**

എം.റ്റി. എച്ച് പ്രബന്ധങ്ങളും ബി.റ്റി. എച്ച് പ്രബന്ധങ്ങളും സമർപ്പിക്കേണ്ട അവസാനതീയ്യതി ആഗസ്റ്റ് 15 നാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എം.റ്റി. എച്ച് പ്രബന്ധങ്ങളുടെ ഡിഫൻസ് സെപ്റ്റംബർ മാസത്തിൽ നടത്തുന്നതായിരിക്കും.

# ഓഗസ്റ്റ്

## 1. ദൈവശാസ്ത്രകോഴ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ അദ്ധ്യയനവർഷത്തിൽ നടത്തപ്പെടുന്ന ദൈവശാസ്ത്രകോഴ്സുകൾ ആരംഭിച്ചു. ബി.റ്റി.എച്ച്, എം.റ്റി. എച്ച് എന്നീ കോഴ്സുകളും ദൈവശാസ്ത്രത്തിൽ ഗവേഷണവും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഒരുക്കുന്നു. ഇന്ത്യക്കകത്തും പുറത്തുമായി 66 സെന്ററുകളിലായി 4000 ഓളം വിദ്യാർത്ഥികൾ ദൈവശാസ്ത്രപഠനം നടത്തുന്നുണ്ട്.

## 2. ഓഗസ്റ്റ് മാസത്തെ ക്ലാസ്സുകളുടെ സമയക്രമം

ഈ സെമസ്റ്ററിലെ എല്ലാ ക്ലാസ്സുകളും ഓൺലൈൻ വഴിയാണ് നടത്തപ്പെടുക.

### മലയാള വിഭാഗം

| വിഷയം | തിയ്യതി | സമയം | പ്രൊഫസർ |
|---|---|---|---|
| ആമുഖം, മെത്തഡോളജി | 3-8-2020 | 06.30 pm – 09.00 pm | ഡോ. ഫിലിപ്പ് കവിയിൽ, ഡോ. ബിൻസി മാത്യു SH |
| ദൈവശാസ്ത്ര പ്രവേശിക | 5-8-2020 | 06.30 pm – 09.00 pm | ഡോ. ടോം ഓലിക്കരോട്ട് |
| വി. ലൂക്കായുടെ സുവിശേഷം | 9-8-2020 | 06.30 pm – 09.00 pm | ഡോ. ജസീന്താ വൈകാസ് *(വൈസ് ഡീൻ, ആൻജെലികം യൂണിവേഴ്സിറ്റി, റോം)* |

### ഇംഗ്ലീഷ് വിഭാഗം

| വിഷയം | തിയ്യതി | സമയം | പ്രൊഫസർ |
|---|---|---|---|
| ആമുഖം, മെത്തഡോളജി | 4-8-2020 | 06.30 pm – 09.00 pm | ഡോ. ഫിലിപ്പ് കവിയിൽ, ഡോ. ബിൻസി മാത്യു SH |
| ദൈവശാസ്ത്ര പ്രവേശിക | 7-8-2020 | 06.30 pm – 09.00 pm | മാർ ജോസഫ് പാംപ്ലാനി |
| വി. ലൂക്കായുടെ സുവിശേഷം | 10-8-2020 | 09.00 am 02.00 pm 08.00 pm | മാർ ജോസഫ് പാംപ്ലാനി |

*വിദ്യാർത്ഥികൾക്ക് ഏതെങ്കിലും ഒരു സെഷൻ അറ്റെൻഡ് ചെയ്യാം*

**3. തീസിസ് സമർപ്പണം 2020 ഓഗസ്റ്റ് 30 വരെ:** അവസാനവർഷ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ ഓഗസ്റ്റ് 30 ന് മുമ്പായി തീസിസ് സമർപ്പിക്കേണ്ടതാണ്. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായുള്ള പ്രബന്ധാ വതരണ തീയതി അടുത്ത മാസത്തെ ബുള്ളറ്റിനിൽ അറിയി ക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വിശ്വാസത്തിന്റെ ജ്വാല അനേകായിരങ്ങളിലേക്ക് പകർന്ന വി.തോമാശ്ലീഹായുടെയും ജീവിതം കൊണ്ട് സുവിശേഷത്തിന് ഭാഷ്യം രചിച്ച വി.അൽഫോൻസാമ്മയുടെയും ഓർമ്മ കൊണ്ടാടുന്ന ഈ പുണ്യമാസത്തിൽ ഏവർക്കും തിരുനാൾ ആശംസകൾ നേരുന്നു. ചിന്തയിലും വീക്ഷണത്തിലും കർമ്മത്തിലും വ്യത്യസ്തത പുലർത്തിയിരുന്ന വി.തോമാശ്ലീഹായുടെ ചൈതന്യത്തെ നമുക്ക് ഹൃദയത്തിൽ സ്വീകരിക്കാം. വേദനകൾ ഉപേക്ഷിക്കപ്പെടേണ്ടതോ തിരസ്ക്കരിക്കപ്പെടേണ്ടതോ അല്ലെന്നും പ്രത്യുത സ്വീകരിക്കപ്പെടേണ്ടതും സ്വന്തമാക്കപ്പെടേണ്ടതുമാണെന്നും നമ്മെ പഠിപ്പിച്ച വി. അൽഫോൻസാമ്മയുടെ ജീവിതം നമുക്ക് മാതൃകയുമാക്കാം.

ഈ വർഷം മിഷൻലീഗ് സംഘടനയിൽ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കുഞ്ഞുമിഷനറിമാർക്കും മിഷൻലീഗ് സംഘടനാ പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ദുക്റാന |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ |
| പ്രാർത്ഥനാനിയോഗം | : | ബൽത്തങ്ങാടി, മെൽബൺ രൂപതകൾക്കുവേണ്ടി |
| സുകൃതംജപം | : | വി.തോമാശ്ലീഹായേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ |
| *ദിയാക്കോണിയ* | : | അടുക്കളയും അടുക്കളത്തോട്ടവും |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ബുധൻ : ഡോക്ടേഴ്സ് ഡേ

3 വെള്ളി : ദുക്റാന തിരുനാൾ, അംഗത്വ സ്വീകരണം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

4 ശനി : ഉപരിപഠന സ്കോളർഷിപ്പ്, പഠനസഹായം എന്നിവയുടെ അപേക്ഷകൾ അതിരൂപതയിലെത്തിക്കേണ്ട അവസാന ദിവസം.

5 ഞായർ : യുവജനദിനം

6 തിങ്കൾ : വി. മരിയാ ഗൊരേത്തിയുടെ തിരുനാൾ

16 വ്യാഴം : കർമ്മല മാതാവിന്റെ തിരുനാൾ

28 ചൊവ്വ : വി. അൽഫോൻസാമ്മയുടെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം. ലോക പ്രകൃതിസംരക്ഷണദിനം, പ്രകൃതിസംരക്ഷണ പ്രതിജ്ഞ.

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, അൽഫോൻസാ ക്വിസ്സ്, ജൂലൈ 20 നും 30 നും ഇടയിൽ മികച്ച ശാഖ, മേഖല വിലയിരുത്തൽ സന്ദർശനം നടത്തുന്നതാണ്. പ്രവർത്തന വർഷ ഉത്ഘാടനവും മാർഗ്ഗരേഖാപ്രകാശനവും നടത്താത്തമേഖലകൾ എത്രയും പെട്ടന്ന് നടത്തുമല്ലോ.

**3. *ദിയാക്കോണിയ***

ജൂൺ – ജൂലൈ മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

1) കാർഷിക സെമിനാർ: a) ആരോഗ്യവും പച്ചക്കറിയും b) അടുക്കളയും അടുക്കള ത്തോട്ടവും c) ജൈവവളത്തിന്റെ പ്രാധാന്യം,
2) ഒരു വീട് ഒരു മുരിങ്ങ 3) അറിയാം കുമ്പളങ്ങയെ 4) ഗ്രീൻ മിഷൻ 5) കൃഷി പാഠം 6) നാട്ടറിവ് 7) ന്യൂനപക്ഷ അവകാശങ്ങൾ. ഇവയെക്കുറിച്ചുള്ള വീഡിയോ കൾ അതിരൂപതാ ഓഫീസിൽ നിന്നും അയക്കുന്നത് കുട്ടികൾക്ക് അയച്ചുകൊടു ക്കാൻ ശ്രദ്ധിക്കുമല്ലോ.

**4. പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2020 – 2021 പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂൺ 7-ാം തിയതി ഞായറാഴ്ച ബിഷപ്പ് ഹൗസിൽ വച്ച് നടന്നു. അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറ ളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി.കുർബാനയ്ക്ക് ശേഷം പ്രവർത്തന വർഷം ഉത്ഘാടനം ചെയ്ത് പിതാവ് സംസാരിച്ചു. തുടർന്ന് മിഷൻലീഗ് തിരുബാലസഖ്യം മാർഗ്ഗരേഖ അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രകാശനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. അതിരൂപത വിശ്വാസപരിശീ ലന ഡയറക്ടർ ഫാ ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും അതിരൂപതാ ചെറു പുഷ്പ മിഷൻലീഗ് ഡയറക്ടർ ഫാ ജോസഫ് വേങ്ങക്കുന്നേൽ നന്ദിയും പറഞ്ഞു. ഉത്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും Live Streaming വഴി എല്ലാവർക്കും കാണാൻ അവസരമൊരുക്കി.

**5. മൈക്രോഗ്രീൻമത്സര വിജയികൾ**

വിശ്വാസപരിശീലന കേന്ദ്രത്തിന്റെയും ചെറുപുഷ്പമിഷൻലീഗ്, തിരുബാല സഖ്യം സംഘടനകളുടെയും നേതൃത്വത്തിൽ നടത്തിയ മൈക്രോഗ്രീൻ മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനാർഹരായവർക്കും അഭിനന്ദനങ്ങൾ.

**ക്ലാസ്സ് 5 – 12 : വിജയികൾ**

| | | | |
|---|---|---|---|
| Ist | - | തദേവൂസ് കൊരട്ടിക്കൽ | – തളിപ്പറമ്പ് |
| IInd | - | ജോർജ് കണ്ണംകുളം | – കരിക്കോട്ടക്കരി |
| IIIrd | - | എമിക്സ് കാരാടിയിൽ | – പെരിങ്ങാല |

**6. ശാഖാ വൈസ്ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ശാഖകളിൽ ഉണ്ടായിരിക്കേണ്ട റെക്കോഡുകൾ എല്ലാം കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ. അതോടൊപ്പം കുട്ടികളിൽ വായാനാ ശീലം വളർത്തുന്നതിന്റെ ഭാഗ മായി ലൈബ്രറി പുസ്തകങ്ങൾ തയ്യാറാക്കുകയും കുട്ടികൾക്ക് കൊടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമല്ലോ. മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നതനു സരിച്ച് ശാഖകളിൽ ഉണ്ടായിരിക്കേണ്ട പുസ്തകങ്ങളിൽ ഏതെങ്കിലും ഇല്ലാത്തവർ അതിരൂപതാ ഓഫീസിൽ അറിയിക്കുകയാണെങ്കിൽ നൽകുന്നതായിരിക്കും.

**7. ഹൃദ്യമായ നന്ദി**

കർമ്മ നിരതമായ പ്രവർത്തന ശൈലിയിലൂടെ, ത്യാഗനിർഭരമായ സേവനത്തി ലൂടെ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് മേഖലകളിൽ കൂടുതൽ ഉണർവും ഉന്മേഷവും കരുത്തും പകർന്ന് പുതിയ ഇടവകകളിലേയ്ക്കും സ്ഥാപനങ്ങളിലേക്കും

സ്ഥലം മാറിപോകുന്ന വെള്ളരിക്കുണ്ട് മേഖലാ ഡയറക്ടർ ഫാ.അബ്രാഹം പുതുശ്ശേരി, വൈസ് ഡയറക്ടർ സി. ഡെൽന എസ് എ ബി എസ്, കാഞ്ഞങ്ങാട് മേഖലാ ഡയറക്ടർ ഫാ. ജോസഫ് കുരിശുംമൂട്ടിൽ, പനത്തടി മേഖലാ ഡയറക്ടർ ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ, ചെമ്പന്തൊട്ടി മേഖലാ ഡയറക്ടർ ഫാ. ജോസഫ് വണ്ടർകുന്നേൽ, തളിപ്പറമ്പ് മേഖലാ ഡയറക്ടർ ഫാ. ജോൺസൺ പുലിയുറുമ്പിൽ, പേരാവൂർ മേഖലാ ഡയറക്ടർ ഫാ. കുര്യാക്കോസ് ഓരത്തേൽ ചെറുപുഴ മേഖല വൈസ്ഡയറക്ടർ സി. നിമ്മി റോസ്, കുന്നോത്ത് മേഖല വൈസ്ഡയറക്ടർ സി. ലീന എഫ് സി സി, എടൂർ മേഖലാ വൈസ്ഡയറക്ടർ സി. ഡെൻസി എഫ് സി സി കാഞ്ഞങ്ങാട് മേഖല വൈസ് ഡയറക്ടർ സി. ജോസിറ്റ ഡി.എം. എന്നിവർക്ക് അതിരൂപതാകുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും ആശംസകളും..

**8. മേഖലാ ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്**

സാഹചര്യങ്ങൾ അനുകൂലമായാൽ ഉടൻ തന്നെ ഈ വർഷത്തെ മേഖലാ കൗൺസിലും വാർഷികവും നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതാ കൗൺസിൽ, വാർഷികം ഒക്ടോബർ 2 ന് ആയിരിക്കും. ഈ വർഷം എം റ്റി സി പ്രോഗ്രാം മേഖലാ തലത്തിൽ ഒരു ക്ലാസ്സും ഒരു സഹവാസ ക്യാമ്പുമായാണ് ക്രമീകരിക്കേണ്ടത്. ഓരോ മേഖലയിലേയ്ക്കും ആവശ്യമായ എം റ്റി സി ഡയറിയുടെ എണ്ണം ഈ മാസം 30 ന് മുമ്പ് ഓഫീസിൽ എത്തിക്കുമല്ലോ. ഈ വർഷം എല്ലാ മേഖലകൾക്കും പ്രാർത്ഥിക്കുന്നതിനായും, സാമ്പത്തിക സഹായം കൊടുക്കാനായും ഓരോ മിഷൻ ഗ്രാമം നൽകുന്നതായിക്കും.

**9. ബെസ്റ്റ് ശാഖാ – മേഖലാ തിരഞ്ഞെടുപ്പ്**

ബെസ്റ്റ് ശാഖാ – മേഖലാ നിർണ്ണയത്തിനായി അതിരൂപതാ ഭാരവാഹികൾ ജൂലൈ 20 നും 30 നും ഇടയിൽ തെരഞ്ഞെടുക്കപ്പെട്ട ശാഖകളും മേഖലകളും സന്ദർശിക്കുന്നതായിരിക്കും. മേഖലയിൽ നിന്ന് 1,2,3 സ്ഥാനങ്ങൾ ലഭിച്ച ശാഖകളുടെ ലിസ്റ്റ് ജൂലൈ 5 –ാം തിയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**10. നമ്മുടെ അച്ചൻ, സ്നേഹമുള്ള സിസ്റ്റർ, മിഷൻഗ്രാമം**

അതിരൂപതയിലെ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും അഗതിമന്ദിരത്തിനും മിഷൻഗ്രാമത്തിനും വേണ്ടി പ്രാർത്ഥിക്കാനുള്ള ലിസ്റ്റ് ജൂലൈ ആദ്യ ആഴ്ചതന്നെ എല്ലാ മേഖലകളിലും എത്തിക്കുന്നതായിരിക്കും. ലഭിക്കുന്ന അഗതിമന്ദിരങ്ങൾ മിഷൻഗ്രാമങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. മിഷൻ ഗ്രാമവുമായി ബന്ധപ്പെട്ട് അവരുമായി സൗഹൃദം നിലനിർത്തുവാൻ പരിശ്രമിക്കുകയും ചെയ്യുമല്ലോ. ഏതെങ്കിലും ശാഖകൾക്ക് മിഷൻഗ്രാമങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

**11. സംസ്ഥാന ഡയറക്ടേഴ്സ് മീറ്റിംഗ്** : 21 – 5 – 2020 ന് Zoom വഴി നടന്ന സംസ്ഥാന ഡയറക്ടേഴ്സ് മീറ്റിംഗിൽ അതിരൂപത ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ പങ്കെടുത്തു.

**12. അതിരൂപതാ മീറ്റിംഗുകൾ**

26 – 05 – 2020 ന് Zoom വഴി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേരുകയും തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട് പിതാവ് പങ്കെടുക്കുകയും ചെയ്തു. കൂടാതെ 30 – 05 – 2020 ന് ചേർന്ന അതിരൂപത ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ എല്ലാ മേഖലകളിൽ നിന്നും ഡയറക്ടേഴ്സും വൈസ്

ഡയറക്ടേഴ്സും പങ്കെടുത്തു. 31 – 05 2020 ന് ചേർന്ന സംസ്ഥാന മാനേജിംഗ് കമ്മറ്റിയിൽ അതിരൂപതയിൽ നിന്നും 9 പേർ പങ്കെടുത്തു. അന്നേ ദിനം തന്നെ നടത്തപ്പെട്ട അതിരൂപതാ മാനേജിംഗ് കമ്മറ്റിയിൽ എല്ലാ മേഖലകളിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു. മാനേജിംഗ് കമ്മറ്റിയിൽ അതിരൂപതാ വിശ്വാസപരിശീലന ഡയറക്ടർ ഫാ ജേക്കബ് വെണ്ണായപ്പിള്ളിൽ ക്ലാസ്സ് എടുത്തു.

**13. ആദരാജ്ഞലികൾ**

തോമാപുരം മേഖലാ സെക്രട്ടറി ഷിജോ പുത്തൻപുരയുടെ പ്രിയമാതാവ് മേരി, വായാട്ടുപറമ്പ് മേഖല പ്രസിഡന്റ് സജി കുന്നത്തിന്റെ വത്സല പിതാവ് ജോസഫ്, മേരിഗിരി മേഖല എക്സിക്യൂട്ടീവ് അംഗം ജോഷി ആനിത്തോട്ടത്തിന്റെ വത്സല പിതാവ് ചാക്കോ എന്നിവരുടെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാജ്ഞലികളും.

**14. സെമിനാറുകൾ, ക്ലാസ്സുകൾ**

- 7.05.20 ന് നെല്ലിക്കാംപോയിൽ മേഖല പ്രവർത്തനവർഷ ഉത്ഘാടനം അതിരൂപതാ ഡയറക്ടർ ഫാ.ജോസഫ് വേങ്ങക്കുന്നേൽ നിർവ്വഹിച്ചു.
- 19.06.20 ന് സംസ്ഥാന പ്രതിനിധി ശ്രീ ബേബി പ്ലാശ്ശേരി വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സ് എടുത്തു.
- 11.06.20 ന് അതിരൂപതാ റീജണൽ ഓർഗനൈസർ ശ്രീ ജിന്റോ പാലക്കാത്തടത്തിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സ് എടുത്തു.
- 20.5.20 ന് എടൂർ മേഖലയിൽ ശാഖാ വൈസ്ഡയറക്ടേഴ്സിന് സംസ്ഥാന പ്രതിനിധി ശ്രീ ബേബി പ്ലാശ്ശേരി ക്ലാസ്സ് എടുത്തു.
- 20.06.20 ന് അതിരൂപതാ വൈസ് ഡയറക്ടർ സി. റോഷ്നി എഫ് സി സി വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സ് എടുത്തു.
- 12.07.20 ന് മേഖലാ ഭാരവാഹികൾ എം.ടി.സി. കുട്ടികൾ എന്നിവർക്ക് മുൻ അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് സെമിനാർ നടത്തി.

# ഓഗസ്റ്റ്

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. സ്വർഗ്ഗാരോപണത്തിരുന്നാൾ ആഘോഷങ്ങൾ പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ വളർന്ന് വരുവാൻ മിഷനറിമാരായ നമ്മെ ഓരോരുത്തരെയും ശക്തിപ്പെടുത്തട്ടെ. അടിമത്വത്തിൽനിന്നും സ്വാതന്ത്ര്യത്തിന്റെ വിഹായുസ്സിലേക്ക് പറന്നുയരുവാൻ നമ്മെ സഹായിച്ച നല്ല വ്യക്തിത്വങ്ങളെ സ്വാതന്ത്ര്യദിനത്തിൽ നന്ദിയോടെ ഓർക്കാം...അവർക്കായി പ്രാർത്ഥിക്കാം. വേദനിക്കുന്നവർക്ക് ആശ്വാസമായി, വഴിതെറ്റിപ്പോയവന് ഇടയനായി പ്രവർത്തിച്ച വി.ജോൺമരിയ വിയാനിയുടെ ജീവിത മാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : സ്വർഗ്ഗാരോപണ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ജോൺ മരിയ വിയാനി |
| പ്രാർത്ഥനാനിയോഗം | : തക്കല,ഗ്രേറ്റ് ബ്രിട്ടൺ മിഷൻ രൂപതകൾക്കു വേണ്ടി |
| സുകൃതജപം | : എന്റെ അമ്മേ, എന്റെ ആശ്രയമേ |
| സുകൃതം | : 73 സ്വർഗ്ഗസ്ഥനായ പിതാവേ |
| *ദിയാക്കോണിയ* | : വിത്ത് നടീൽ - ആഴ്ചചന്ത |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 ശനി | : | പതിനഞ്ച് നോമ്പ് ആരംഭം |
| 3 തിങ്കൾ | : | ശ്രീ ജെയ്സൺ മർക്കോസ് രണ്ടാം ചരമവാർഷികം, അനുസ്മരണം |
| 4 ചൊവ്വ | : | വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| 11 ചൊവ്വ | : | മിഷൻലീഗ് സ്ഥാപകനേതാവ് പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 11-ാം ചരമവാർഷികം. |
| 15 ശനി | : | പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 29 ശനി | : | അൽഫോൻസാ ക്വിസ്സ്, വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ, അതിരൂപതാതല ശാഖാ വെസ്ഡയറക്ടേഴ്സ് മീറ്റിംഗ്. |

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, കുഞ്ഞേട്ടൻ അനുസ്മരണം, അൽഫോൻസാ ക്വിസ്സ്

## 3. ദിയാക്കോണിയ

**ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ ശാഖാതലത്തിൽ ചെയ്യേണ്ടവ:**

1) **പയറും പഴവും:** ആഗസ്റ്റ് മാസത്തിൽ കുട്ടികൾ സ്വന്തം ഭവനത്തിലെ കൃഷിയിടത്തിൽ 3 ഇനം പഴവർഗ്ഗങ്ങളും 3 ഇനം പച്ചക്കറികളും കൃഷി ചെയ്യുന്നു.
2) **ഗ്രീൻ ഫെസ്റ്റ്:** ആഴ്ചചന്ത - കുട്ടികൾ കൃഷിചെയ്തവ വിൽപനയ്ക്ക് വയ്ക്കുന്നു. വിൽക്കുന്നു.
3) **കിങ്ങിണിക്കൂട്ടം:** കോഴി, താറാവ്, ആട്, മുയൽ വളർത്തലിനെക്കുറിച്ച് പഠിക്കുന്നു; വളർത്തുന്നു. നിർദ്ദേശങ്ങൾ നൽകുന്നു.
4) **മണ്ണിര കമ്പോസ്റ്റ് നിർമ്മാണം:** പഠിക്കുന്നു; തയ്യാറാക്കുന്നു.

## 4. മേഖലാ ഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

ചെറുപുഷ്പ മിഷൻലീഗ് 2020 - 2021 പ്രവർത്തന വർഷത്തിലെ മേഖലാതലപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പുതിയ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി ഈ മാസം മേഖലാഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് Zoom വഴി നടത്തപ്പെടുന്നതാണ്.

**5. അതിരൂപതാതല ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് :** ചെറുപുഷ്പ മിഷൻലീഗ് 2020 - 2021 പ്രവർത്തന വർഷത്തിലെ ശാഖാപ്രവർത്ത

നങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും പുതിയ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുമായി ഈ മാസം അവസാനത്തോടെ Zoom വഴി മീറ്റിംഗ് കൂടുന്നതാണ്. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് സാധിക്കുന്നിടത്തോളം Zoom application നേരത്തെതന്നെ download ചെയ്ത് അതിന്റെ പ്രവർത്തനങ്ങളെ മനസ്സിലാക്കുമല്ലോ.

## 6. അതിരൂപതാതല അൽഫോൻസാക്വിസ്സ്

**നിബന്ധനകൾ**

1) ഒരുമേഖലയിൽ നിന്ന് 5 കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. (5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾ) പങ്കെടുക്കുന്ന അഞ്ച് പേരുടെയും മാർക്കുകൾ കൂട്ടി ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന മേഖലയെ വിജയികളായി പ്രഖ്യാപിക്കുന്നതാണ്. ഏതെങ്കിലും മേഖലകൾക്ക് ഒരേ മാർക്ക് വന്നാൽ പിന്നീട് അതിരൂപതാ എക്സിക്യൂട്ടീവ് കൂടുന്ന സമയത്ത് നറുക്കെടുപ്പിലൂടെ വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
2) മേഖലയിൽ നിന്ന് പേരു തരുന്ന 5 പേരിൽ ഒരാൺ കുട്ടിയും ഒരു പെൺകുട്ടിയും നിർബന്ധമായും ഉണ്ടായിരിക്കണം.
3) ഓഗസ്റ്റ് 20 തിയതിക്കുള്ളിൽ മേഖലകളിൽ മത്സരം നടത്തി 5 കുട്ടികളുടെയും പേരുകൾ അതിരൂപതയിൽ തരേണ്ടതാണ്
4) പഠനഭാഗം: **'വി. അൽഫോൻസ ആത്മീയതയുടെ അനശ്വരദീപ്തി'** എന്ന പുസ്തകത്തിൽ **"ചരിത്രത്തിന്റെ ചാലുകൾ"** എന്ന തലക്കെട്ട് മുതൽ **"പ്രാർത്ഥനയായവൾ"** എന്ന തലക്കെട്ട് വരെയും **'നവമാലിക'** **8,9,10** അദ്ധ്യായങ്ങളും.
5) Google Form - വഴിയാണ് മത്സരം നടത്തുന്നത്.
6) ഒരു കുടുംബത്തിൽനിന്ന് ഒരാൾക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളൂ.
7) കുറഞ്ഞ സമയ ദൈർഘ്യമേ മത്സരത്തിന് ഉണ്ടാവുകയുള്ളൂ വളരെ വേഗത്തിൽ ഉത്തരങ്ങൾ Complete ചെയ്യുക.
8) എല്ലാ ചോദ്യത്തിലും ഉത്തരങ്ങൾക്ക് പല option കൊടുക്കുന്നതാണ്. ശരി ഉത്തരങ്ങൾ Tick ചെയ്താൽ മതിയാകും.
9) ഓഗസ്റ്റ് 29-ാം തിയതി മത്സരം നടത്തപ്പെടുന്നു.
10) മത്സരത്തിന് മൂന്നു ദിവസം മുമ്പ് മേഖലാ ഭാരവാഹികൾ പങ്കെടുക്കുന്ന കുട്ടികളുടെ അംഗത്വകാർഡിന്റെ ഫോട്ടോ 8281255847 എന്ന നമ്പറിലേക്ക് വാട്ട്സ് ആപ്പ് ചെയ്യണം.
11) ഓരോരുത്തർക്കും സ്വഭവനങ്ങളിൽ തന്നെ ആയിരുന്നുകൊണ്ട് മത്സരത്തിൽ പങ്കെടുക്കാം.

## 7. വിയാനി ഡേ

ആഗസ്റ്റ് 4-ാം തിയതി വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാരെയും ശാഖാ - മേഖലാ - രൂപതാ

ഡയറക്ടർമാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ, ബന്ധുക്കളും കുടുംബാംഗങ്ങളുമായ വൈദികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്യുവാൻ ബഹു.വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**8. ഉപരിപഠന സ്കോളർഷിപ്പ് :** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10–ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജത ജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ഓഗസ്റ്റ് 15 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**9. മിഷൻ ഞായർ കലണ്ടർ:** മറ്റു ബുദ്ധിമുട്ടുകൾ ഉണ്ടായില്ല എങ്കിൽ ഈ വർഷവും മിഷൻ കലണ്ടർ കഴിഞ്ഞ വർഷത്തെ എണ്ണമനുസരിച്ച് മേഖലകളിൽ എത്തിക്കുന്നതാണ്. ശാഖകൾ അതിരൂപതയിൽ തന്നിരിക്കുന്ന എണ്ണത്തിൽ വ്യത്യാസം ഉണ്ടെങ്കിൽ അതിരൂപതാ ഓഫീസിൽ ഓഗസ്റ്റ് 20 ന് മുമ്പ് അറിയിക്കുമല്ലോ.

### 10. കുഞ്ഞേട്ടൻ അനുസ്മരണം ഡ്രോയിംഗ് മത്സരവും

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 11–ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ ഓഗസ്റ്റ് 9–ാം തിയതി ഞായറാഴ്ച നടത്തുമല്ലോ. അതിരൂപതാതല അനുസ്മരണം കാർത്തികപുരം ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്. അതോടൊപ്പം കുഞ്ഞേട്ടൻ പെൻസിൽ ഡ്രോയിംഗ് മത്സരവും നടത്തപ്പെടുന്നു.

**നിബന്ധനകൾ**

1) ചെറുപുഷ്പ മിഷൻലിഗ് സ്ഥാപകനേതാവായ പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ മുഴുവൻ ചിത്രം പെൻസിൽ ഉപയോഗിച്ച് A4 ഷീറ്റിൽ വരച്ച് ഓഗസ്റ്റ് 25–ാം തീയതിക്കുമുമ്പായി അതിരൂപതാ ഓഫീസിലേക്ക് അയയ്ക്കുക.
1) 5–ാം ക്ലാസ്സ് മുതൽ 8–ാം ക്ലാസ്സ് വരെയും, 9–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സ് വരെയും ഉള്ള 2 സെക്ഷൻ ആയിട്ടായിരിക്കും മത്സരം.
2) ആൺ – പെൺ വ്യത്യാസമില്ല.
3) വരയ്ക്കുന്ന പേപ്പറിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.

**11. ജെയ്സൺ മർക്കോസ് അനുസ്മരണം :** ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മികമായി മരണമടഞ്ഞ ശ്രീ. ജെയ്സൺ മർക്കോസ് പാലയൂർ പൂവത്തിങ്കിൽ 2–ാം ചരമവാർഷിക അനുസ്മരണം ഓഗസ്റ്റ് 9–ന് പേരാവൂർ ഫൊറോനപ്പള്ളിയിൽ വച്ച് നടക്കും.

**12. അതിരൂപതാതല അംഗത്വസ്വീകരണവും ദുക്റാനയും :** അതിരൂപതാതല അംഗത്വസ്വീകരണം ആയന്നൂർ ശാഖയിൽ വച്ച് ഫാ. പീറ്റർ

കൊച്ചുവീട്ടിലിന്റെ നേതൃത്വത്തിൽ അതിരൂപതാ റീജണൽ ഓർഗനൈസർ ശ്രീ. ഷിജോ സ്രായിലിന്റെ സാന്നിധ്യത്തിൽ നടന്നു. ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച കുട്ടികളെ ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേക്ക് ഔദ്യോഗികമായി സ്വീകരിക്കുന്ന പ്രാർത്ഥനാ ശുശ്രൂഷയും അംഗത്വസ്വീകരണവും നടത്തി.

ദുക്റാനത്തിരുനാൾ ദിനത്തിൽ ചരൾ ശാഖയിൽവച്ച് അതിരൂപതാതല സെന്റ് തോമസ് ദിനാചരണം നടന്നു. ശാഖാ ഡയറക്ടർ ഫാ. ജോസഫ് കുരിശുംമൂട്ടിലും മേഖലാ ഡയറക്ടർ ഫാ. മാത്യു നരിക്കുഴിയും മറ്റ് മേഖലാ-ശാഖാ ഭാരവാഹികളും ആഘോഷമായ ദിവ്യബലിക്കും തുടർന്നുള്ള പ്രോഗ്രാമുകൾക്കും നേതൃത്വം നൽകി.

**14. ഹൃദ്യമായ സ്വാഗതം :** കാഞ്ഞങ്ങാട് മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന ബഹുമാനപ്പെട്ട കുര്യാക്കോസ് പുതുക്കുളങ്ങര അച്ചനും, പനത്തടി മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ജോസഫ് ഓരത്തേൽ അച്ചനും, വെള്ളരിക്കുണ്ട് മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന ജോർജ് വെള്ളരിങ്ങാട്ട് അച്ചനും, പേരാവൂർ മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന ജോർജ് ചാലിൽ അച്ചനും, ചെമ്പന്തൊട്ടി മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന ജോസഫ് ഇളംപുരയിടത്തിൽ അച്ചനും ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും...

**15. ഡോക്ടേഴ്സ് ഡേ :** അതിരൂപതാതല ഡോക്ടേഴ്സ് ഡേ ആചരണം തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റലിൽ വച്ച് നടത്തി. അഞ്ച് ഡോക്ടർമാരെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**16. ഡോക്യുമെന്ററി-അഭിനന്ദനങ്ങൾ :** തളിപ്പറമ്പ് മേഖലയുടെ നേതൃത്വത്തിൽ വി. ക്ലാര, പേരാവൂർ മേഖലയുടെ നേതൃത്വത്തിൽ വി. സെബസ്ത്യാനോസ്, വായാട്ടുപറമ്പ് മേഖലയുടെ നേതൃത്വത്തിൽ വി. മരിയഗൊരേത്തി എന്നീ വിശുദ്ധരുടെ ഡോക്യുമെന്ററികൾ തയ്യാറാക്കി പ്രകാശനം ചെയ്തു.

**17. മിഷനെ അറിയാൻ :** മിഷനെ അറിയാം ...മിഷനറിയാകാം...മിഷൻലീഗിലൂടെ എന്ന ആപ്തവാക്യത്തെ മുൻനിർത്തി എടൂർ മേഖലയുടെ നേതൃത്വത്തിൽ ചിക്കാഗോ മിഷൻ രൂപതയെ പരിചയപ്പെടുത്തി.

**18. മേഖലാ സന്ദർശനങ്ങൾ :** 03 -07 20 ന് കുന്നോത്ത് മേഖലയും, 04 -07 -20 ന് വെള്ളരിക്കുണ്ട്, തോമാപുരം മേഖലകളും, 10 -07- 20 ന് കാഞ്ഞങ്ങാട്, പനത്തടി മേഖലകളും, 12 -07-20 ന് ചെമ്പേരി, പൈസക്കരി മേഖലകളും, 13-07-20 ന് നെല്ലിക്കാംപോയിൽ മേഖലയും, 15-07-20 ന് എടൂർ,പേരാവൂർ മേഖലകളും, 16-07-20 ന് ആലക്കോട്, മേരിഗിരി, ചെറുപുഴ മേഖലകളും, 20 -07-20 ന് വായാട്ടുപറമ്പ്, തളിപ്പറമ്പ് മേഖലകളും, 21 -07 - 20 ന് ചെമ്പന്തൊട്ടി മേഖലയും അതിരൂപതാ ടീം സന്ദർശിച്ചു. സന്ദർശനത്തിന് നേതൃത്വം നൽകിയ അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ,

സെക്രട്ടറി ശ്രീ ജെയ്സൺ പുളിച്ചമാക്കൽ, ജനറൽ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കര, റീജണൽ ഓർഗനൈസേഴ്സ് ആയ ബിജു കൊച്ചു പൂവക്കോട്ട്, ശ്രീ ഷിജോ സ്രായിൽ, ശ്രീ സണ്ണി പടിഞ്ഞാറെചിറ്റേടത്ത്, ശ്രീ ജിന്റോ പാലയ്ക്കതടത്തിൽ, ശ്രീ ജോബി പനച്ചിക്കൽകരോട്ട്, ശ്രീ ബെന്നി മാടപ്പാട്ട്, സംസ്ഥാ പ്രതിനിധികളായ ശ്രീ ബേബി പ്ലാശ്ശേരി, ശ്രീ ഷിജോ പുതുപ്പറമ്പിൽ, സിസി പുതുക്കരി എന്നിവർക്ക് പ്രത്യേകം നന്ദി.

**19. മേഖലാ വാർത്തകൾ** എടൂർ, കാഞ്ഞങ്ങാട്, തോമാപുരം, നെല്ലിക്കാംപോയിൽ, കുന്നോത്ത്, പൈസക്കരി, ആലക്കോട്, വായാട്ടുപറമ്പ്, പനത്തടി, പേരാവൂർ, മേരിഗിരി എന്നീ മേഖലകൾ പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും നടത്തി.

**20. യുവജനദിനം** യുവജനദിനത്തോടനുബന്ധിച്ച് 05-07-20 ന് ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് യുവജനങ്ങളെ ഷോൾ അണിയിച്ച് ആദരിക്കുകയും വൃക്ഷതൈകൾ നൽകുകയും ചെയ്തു.

**21. ഇംഗ്ലീഷ് പ്രസംഗമത്സരവിജയികൾ:** യു പി, ഹൈസ്ക്കൂൾ വിഭാഗങ്ങൾക്കായി നടത്തിയ ഇംഗ്ലീഷ് പ്രസംഗമത്സരത്തിൽ പങ്കെടുത്തവർക്കും സമ്മാനാർഹരായവർക്കും അഭിനന്ദനങ്ങൾ. വിജയികൾക്കുള്ള ക്യാഷ് അവാർഡ് പിന്നീട് നല്കുന്നതാണ്.

**ക്ലാസ്സ് 5 - 8 : വിജയികൾ**

Ist - ആൻമേരി ചെമ്പനാനിക്കൽ - ഉളിക്കൽ
IInd - ക്രിസ്മരിയ വേറനാനിക്കൽ - നെല്ലിക്കാംപോയിൽ
IIIrd - ഷാരോൺ കാക്കനാട്ടേൽ - നിർമ്മലഗിരി

**ക്ലാസ്സ് 9 - 12: വിജയികൾ**

Ist - അൽഫോൻസ കാരന്താനം - തളിപ്പറമ്പ്
IInd - അഞ്ജന കുടകൊത്തിയേൽ - കരിക്കോട്ടക്കരി
IIIrd - എമിൻ വട്ടക്കണ്ടത്തിൽ - ഉദയപുരം

**23. വഴിവിളക്കുകൾ :** 20-07-20 ന് സംസ്ഥാനസമിതി നടത്തിയ ക്വിസ്സ് മത്സരത്തിൽ അതിരൂപതയിൽ നിന്നും 283 കുട്ടികൾ പങ്കെടുത്തു. കുട്ടികൾക്ക് വേണ്ട പ്രോത്സാഹനങ്ങൾ നൽകി പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ ഒരുക്കിയ എല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## സീനിയർ വിഭാഗം - വിജയികൾ

IInd - മരിയ കൊട്ടുകാപ്പള്ളി - വിളമന
IIIrd - ഗ്രേസ് കടുക്കുന്നേൽ - കീഴ്പ്പള്ളി

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

"എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന പ്രാർത്ഥനയോടെ ഗുരുപാദത്തിൽ പൂർണ്ണമായി തന്നെതന്നെ സമർപ്പിച്ച വി.തോമാശ്ലീഹായുടെയും, സഹനത്തിന്റെയും പ്രാർത്ഥനയുടെയും സേവനത്തിന്റെയും പാതയിൽ പരാതിയും പരിഭവവും ഇല്ലാതെ വിനയാന്വിതയായി ജീവിച്ച്, ഭാഗ്യമരണം പ്രാപിച്ച് ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും തിരുനാൾ നാം ആഘോഷിക്കുമ്പോൾ ഈ വിശുദ്ധരുടെ ജീവിത മാതൃക നമുക്കെന്നും മാർഗ്ഗദീപമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ദുക്റാന തിരുനാളിന്റെയും വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ എല്ലാ കൊച്ചുകൂട്ടുകാർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ദുക്റാന |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ |
| പ്രാർത്ഥനാനിയോഗം | : രോഗികൾക്കുവേണ്ടി |
| സുകൃതംജപം | : എന്റെ കർത്താവേ, എന്റെ ദൈവമേ |
| വചനം | : വഴിയും സത്യവും ജീവനും ഞാനാകുന്നു.(യോഹ 14 : 6) |
| *പ്രവൃത്തി* | : വിശുദ്ധരെക്കുറിച്ച് പഠിക്കുന്നു.(വി.തോമാശ്ലീഹ, വി. മരിയ ഗൊരേത്തി) |
| മത്സരം | : ക്രിസ്തീയ ആംഗ്യപ്പാട്ട് മത്സരം |

**1. ശ്രദ്ധിക്കാൻ**

3 വെള്ളി : ദുക്റാന തിരുനാൾ,
6 തിങ്കൾ : വി. മരിയാ ഗൊരേത്തിയുടെ തിരുനാൾ
16 വ്യാഴം : കർമ്മല മാതാവിന്റെ തിരുനാൾ
26 ഞായർ : 12 ശ്ലീഹൻമാരുടെ തിരുനാൾ
28 ചൊവ്വ : വി. അൽഫോൻസാമ്മയുടെ തിരുനാൾ, വി. കുർബാനയിലും പൊതുമീറ്റിംഗിലും ബാഡ്ജ് ധരിച്ച് പങ്കെടുക്കുന്നു

**2. ഈശോയെപ്പോലെ വളരാം..... വലുതാകാം....**Vol. 2

ഈശയെപ്പോലെ വളരാം വലുതാകാം എന്ന വർക്കുബുക്കിന്റെ 2-ാം വാല്യം എല്ലാ കൂട്ടുകാരുടെയും കൈകളിൽ ഉടനെതന്നെ എത്തുന്നതായിരിക്കും. പ്രവർത്തന മാർഗ്ഗരേഖ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ വർഷം മാർഗ്ഗ

രേഖ തയ്യാറാക്കിയിരിക്കുന്നത്. വർക്ക് ബുക്ക് കുട്ടികളിൽ എത്തിക്കാൻ വേണ്ട ക്രമീകരണങ്ങൾ അധ്യാപകർ ചെയ്യുമല്ലോ. പുസ്തകം മേഖലക ളിൽ എത്തിക്കുമ്പോൾ അറിയിക്കുന്നതായിരിക്കും.

**3. തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും**

തിരുബാലസഖ്യം തലശ്ശേരി അതിരൂപത 2020 – 2021 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂൺ 7 –ാം തിയതി ഞായറാഴ്ച ബിഷപ്പ് ഹൗസിൽ വച്ച് നടന്നു. അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി. കുർബാനയ്ക്ക് ശേഷം തിരുബാലസഖ്യം പ്രവർത്തനവർഷം ഉത്ഘാടനം ചെയ്ത് പിതാവ് സംസാരിച്ചു. തുടർന്ന് തിരുബാലസഖ്യം മാർഗ്ഗരേഖ അതി രൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രകാശനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. അതിരൂപത വിശ്വാസപരിശീലന ഡയറ ക്ടർ ഫാ ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും അതിരൂപതാ തിരുബാ ലസഖ്യം ഡയറക്ടർ ഫാ ജോസഫ് വേങ്ങക്കുന്നേൽ നന്ദിയും പറഞ്ഞു.

**4. ക്രിസ്തീയ ആംഗ്യപ്പാട്ട് മത്സരം**

തിരുബാലസഖ്യം കുട്ടികൾക്കായി ആംഗ്യപ്പാട്ട് മത്സരം നടത്തുന്നു. പാട്ട് ബൈബിൾ അധിഷ്ഠിതമായിരിക്കണം. ഉപമ, സംഭവം, അദ്ഭുതം തുട ങ്ങിയവയുടെ ആവിഷ്ക്കാരമോ ആശയവിപുലീകരണമോ ആകാം. സി ഡി പ്ലെയർ ഉപയോഗിച്ച് കളിക്കാവുന്നതാണ്. ആംഗ്യപ്പാട്ട് കളിക്കുന്നതിന് മുമ്പ് പേര്, വിട്ടുപേര്, ഇടവക, എന്നിവ പറഞ്ഞിരിക്കണം. ഫോൺനമ്പർ ആരും പറയേണ്ടതില്ല. holychildhoodtly01@gmail.com എന്ന emil അക്കൗണ്ടി ലേക്കോ, 9496900845 എന്ന whatsapp നമ്പറിലോ അയക്കാം. അയക്കേണ്ട അവസാന ദിവസം ജൂലൈ 20. സമയം– ഒരുപാട്ടിന്റെ സമയം. Boys നും Girls നും Separate ആയിരിക്കും മത്സരം. സിങ്കിൾ ആയിട്ടാണ് കളിക്കേണ്ടത്.

**5. മൈക്രോഗ്രീൻമത്സര വിജയികൾ**

വിശ്വാസപരിശീലന കേന്ദ്രത്തിന്റെയും ചെറുപുഷ്പമിഷൻലീഗ്, തിരുബാ ലസഖ്യം സംഘടനകളുടെയും നേതൃത്വത്തിൽ നടത്തിയ മൈക്രോഗ്രീൻ മത്സ രത്തിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനാർഹരായവർക്കും അഭിനന്ദനങ്ങൾ

**ക്ലാസ്സ് 1 – 4:വിജയികൾ**

| | | | |
|---|---|---|---|
| Ist | - | ഏബൽ മരിയ | – മണിപ്പാറ |
| IInd | - | ക്ലെറിൻ കാഞ്ഞിരത്തിങ്കൽ | – കനകപ്പള്ളി |
| IIIrd | - | ആൻട്രിയ മരിയ മരോട്ടിക്കൽ | – പേരട്ട |

## ഓഗസ്റ്റ്

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു. പരിശുദ്ധ അമ്മയുടെ ജീവിത മാതൃക സ്വന്തമാക്കി മുന്നേറുവാൻ കുഞ്ഞുകൂട്ടുകാർക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

### 1. വിയാനി ഡേ

ആഗസ്റ്റ് 4-ാം തിയതി വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ പിതാക്കൻമാർക്കും ബഹുമാനപ്പെട്ട വികാരിയച്ചനും ആശംസകളർപ്പിക്കുവാനും എല്ലാവൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

### 2. അതിരൂപതാതല ശാഖാ ആനിമെറ്റേഴസ് മീറ്റിംഗ്

തിരുബാലസഖ്യം 2020-2021 പ്രവർത്തന വർഷത്തിലെ ശാഖാപ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും പുതിയ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുമായി ഈ മാസം അവസാനത്തോടെ Zoom വഴി മീറ്റിംഗ് കൂടുന്നതാണ് തിയതി പിന്നീട് അറിയിക്കുന്നതാണ്.

**ഗാനാലാപനം മത്സരം :** തിരുബാലസഖ്യം കുട്ടികൾക്കായി സ്തോത്രഗീതം പാടൽ മത്സരം നടത്തുന്നു. പാട്ട് ആലപിക്കുന്നതിന് മുമ്പ് പേര്, വിട്ടുപേര്, ഇടവക, എന്നിവ പറഞ്ഞിരിക്കണം. ഫോൺനമ്പർ ആരും പറയേണ്ടതില്ല. പാട്ട് കാണാതെ പഠിച്ച് ആലപിച്ച് വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്കോ, 9496900845 എന്ന whatsapp നമ്പറിലോ അയക്കാം. അയക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 25. ഏറ്റവും മികച്ച 10 എണ്ണത്തിന് സമ്മാനങ്ങൾ നൽകുന്നതാണ്.

**3. വചനാമൃതം വിജയികൾ :** തിരുബാലസഖ്യം കുട്ടികൾക്കായി വചനാമൃതം എന്നപേരിൽ നടത്തിയ വചനം പറയൽ മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനാർഹരായവർക്കും അഭിനന്ദനങ്ങൾ.


**വിജയികൾ**

| | | |
|---|---|---|
| Ist | നിഹമെറിൻ കൊടിമറ്റംമൂട്ടിൽ | പാലാവയൽ |
| IInd | മാത്യൂസ് കാടൻകാവിൽ | പാലാവയൽ |
| IInd | അശോക് പുറവക്കാട്ട് | ചെമ്പന്തൊട്ടി |
| IIIrd | ഇവാൻ ജെസ്റ്റിൻ | കോളയാട് |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ




## " Go MAD " - Make A Difference

*നിങ്ങളുടെ യൗവ്വനം ഒരു ഇടവേളയല്ല.*
*നിങ്ങൾ ദൈവത്തിന്റെ ഇപ്പോൾ ആണ് (ക്രിസ്തൂസ് വിവിദ് 5:178).*

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**യാത്രാ മംഗളങ്ങൾ**

"നൻമയുടെ സ്മരണ അനശ്വരമായിരിക്കും. ദൈവവും മനുഷ്യരും അതു വിലമതിക്കുന്നു. നൻമ കാണുമ്പോൾ മനുഷ്യർ അതിനെ മാതൃകയാക്കുന്നു; അപ്രത്യക്ഷമാകുമ്പോൾ അതിനെ തീവ്രമായി കാംക്ഷിക്കുന്നു. എല്ലായ്പ്പോഴും അതു വിജയകിരീടമണിഞ്ഞു മുന്നേറുന്നു". (ജ്ഞാനം : 4 : 1 – 2)

അനശ്വരമായ നന്മയുടെ നിലനിൽക്കുന്ന നല്ല ഓർമ്മകൾ യുവഹൃദയങ്ങളിൽ പാകി, തലശ്ശേരി അതിരൂപതയിലെ യുവജനങ്ങളുടെ ശബ്ദം അതിരുകൾ ഭേദിച്ച് ലോകമെങ്ങും മുഴങ്ങികേൾക്കാൻ തക്കവിധം യുവജനപ്രസ്ഥാനത്തെ വാനോളം ഉയർത്തി മൂന്ന് വർഷക്കാലത്തെ യുവജനശുശ്രൂഷക്ക് ശേഷം പഠനരംഗത്തേക്ക് യാത്രയാകുന്ന സോണിയച്ചന് ഹൃദയം നിറഞ്ഞ നന്ദി.

നല്ല ഇടയന്റെ നേതൃത്വപാടവത്തോടെ സുകൃതത്തിന്റെ സുഗന്ധമുള്ള നല്ല ഓർമ്മകൾ യുവജനങ്ങൾക്ക്, യുവജനപ്രസ്ഥാനത്തിന് നൽകിയ യുവജനകുടുംബത്തിന്റെ, എന്നല്ല തലശ്ശേരി അതിരൂപതയുടെ അഭിമാനമായിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട സോണിയച്ചന് പഠനരംഗത്തും തുടർന്നുള്ള ശുശ്രൂഷാ ജീവിതത്തിലും എല്ലാവിധ നന്മകളും ആശംസിക്കുന്നു... പ്രാർത്ഥിക്കുന്നു. യുവജനപ്രസ്ഥാനത്തിന്റെ ഹൃദയത്തിൽ ചാലിച്ച നന്ദി...

**റൂത്ത് ഓൺലൈൻ യുവജനമഹാസംഗമം**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിന്റെ ഏടുകളിൽ കുറിക്കപ്പെട്ട കേരളസഭയിലെ ആദ്യത്തെ ഓൺലൈൻ യുവജന മഹാസംഗമം 2020 ജൂൺ മാസം 31 – ാം തിയ്യതി നടത്തപ്പെട്ടു. യുവജന പ്രസ്ഥാനത്തിന് ഇത് പുത്തൻ അനുഭവമായിരുന്നു. അമ്പത് രാജ്യങ്ങളിൽ നിന്നുള്ള വിശിഷ്ടാതിഥികളും, കേരളത്തിലും വിദേശത്തുമായുള്ള ഒരു ലക്ഷം യുവജനങ്ങളും മഹാസംഗമത്തിൽ പങ്കെടുത്തു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ റൂത്ത് ഓൺലൈൻ യുവജന മഹാസംഗമം ഉദ്ഘാടനം ചെയ്യുകയും യുവജനങ്ങളോട് സംവദിക്കുകയും ചെയ്തു. കൊറോണ മഹാമാരിയുടെ കാലത്ത് സഭയും കെസിവൈഎം പ്രവർത്തകരും കാഴ്ചവച്ച മാതൃകാപരമായ പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

ബഹുമാനപ്പെട്ട കേരള ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ കെ.കെ ശൈലജ ടീച്ചർ യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു. എംപി കെ. സുധാകരൻ, എംഎൽഎ മാരായ ഇ. പി. ജയരാജൻ, കെ.സി.ജോസഫ്, അഡ്വ.സണ്ണി ജോസഫ്, എന്നിവരും കലാസാംസ്കാ

രിക രംഗത്തെ പ്രമുഖർ, മലങ്കര സഭാദ്ധ്യക്ഷൻ : ബസേലിയോസ് മാർ ക്ലീമ്മീസ് ബാവ, സീറോ മലബാർ സഭാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, യുവജനകമ്മീഷൻ ചെയർമാൻ മാർ ക്രിസ്തുദാസ് പിതാവ്, തലശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട്, സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി എന്നിവർ യുവജനങ്ങളോട് സംവദിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. യുവജനങ്ങളുടെ കൾച്ചറൾ ഫെസ്റ്റ് സംഗമത്തിന് മാറ്റ് കൂട്ടി. ഇതോടൊപ്പം കേരളസർക്കാരിന്റെ കൊറോണക്കാലത്തെ സ്തുത്യർഹമായ സേവനങ്ങൾക്ക് തലശ്ശേരി അതിരൂപതയുടെ ആദരം അഭിവന്ദ്യ പിതാക്കൻമാർ അർപ്പിച്ചു. എല്ലാ വിശിഷ്ടാഥിതികളെയും, പങ്കാളികളായവരെയും, സഹായ സഹകരണങ്ങൾ നൽകിയവരെയും അതിരൂപത കെസിവൈഎം കുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

**പരിസ്ഥിതി ദിനം**

മണ്ണും മരങ്ങളും വരും തലമുറക്കായി കാത്ത് സൂക്ഷിക്കുക, പ്രകൃതിയെ സംരക്ഷിച്ച് പരിപാലിക്കുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഒരു മരം നടാം നല്ല നാളേക്ക് വേണ്ടി "Go MAD 4 NATURE" ചലഞ്ച് ഒരുക്കി. ഈ ദിനത്തിൽ ഡിഎഫ്ഒ ഷജിന കരിം ആറളം ഫാമിൽ ഒരു തൈ നട്ട് കൊണ്ട് സംസ്ഥാനം, രൂപത, ഫൊറോന തലങ്ങളിലുള്ള വനിതാ നേതാക്കളെ ചലഞ്ച് ചെയ്തു.

ബഹുമാനപ്പെട്ട സണ്ണി ജോസഫ് എംഎൽഎ ഒരു തൈ നട്ടുകൊണ്ട് ഈ ഉദ്യമത്തിൽ പങ്കാളിയാവുകയും തലശ്ശേരി അതിരൂപതയിലെ പിതാക്കൻമാരെ ചലഞ്ച് ചെയ്യുകയും ചെയ്തു. അഭിവന്ദ്യ പാംപ്ലാനി പിതാവ് വൃക്ഷ തൈ നട്ട് കൊണ്ട് ചലഞ്ച് ഈ ഏറ്റെടുക്കുകയും അതിന് ശേഷം ബഹു. മേഖലഡയറക്ടർ അച്ചൻമാരെ പിതാവ് ചലഞ്ച് ചെയ്തു."Go MAD 4 NATURE" ക്യാമ്പൈനിൽ പങ്കെടുത്ത് സഹകരിച്ച എല്ലാവർക്കും നന്ദി.

**പ്രിയപ്പെട്ട ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് ഹൃദയം നിറഞ്ഞ നന്ദി**

തലശ്ശേരി അതിരൂപത കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന് ഊർജ്ജവും ആത്മീയ ഉണർവും നല്കി യുവജനങ്ങളൊടൊപ്പം നിന്ന് പ്രവർത്തിച്ച്, അവർക്ക് പ്രചോദനമായിരുന്ന ഫൊറോന ഡയറക്ടേഴ്സായി സേവനമനുഷ്ടിച്ച ഫാ. ജോർജ് ചേലമരം (ചെമ്പന്തൊട്ടി) ഫാ. അജി കുഴിയാനിമറ്റത്തിൽ (ചെറുപുഴ) ഫാ. അലക്സ് നിരപ്പേൽ (തോമാപുരം) ഫാ. ടോമി നടുവിലെക്കൂറ്റ് (എടൂർ) ഫാ. ജിൻസ് വാളിപ്ലാക്കൽ (മേരിഗിരി) ഫാ. പ്രിൻസ് ആനാനിക്കൽ (നെല്ലിക്കാംപൊയിൽ) ഫാ. ജോബിൻ വലിയപറമ്പിൽ (വെള്ളരിക്കുണ്ട്) എല്ലാവർക്കും തലശ്ശേരി അതിരൂപത കെസിവൈഎം കുടുംബത്തിന്റെ നന്ദിയും, പുതിയ സ്ഥലത്ത് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

ദൈവനിയോഗം ഏറ്റെടുത്ത് കഴിഞ്ഞനാളുകളിൽ യുവജനപ്രസ്ഥാനത്തെ സ്നേഹിച്ച് യുവജനങ്ങൾക്ക് പ്രചോദനവും പ്രോൽസാഹനവും നൽകി അവരെ അനുധാവനം ചെയ്ത പ്രിയപ്പെട്ട ഫൊറോന ആനിമേറ്റേഴ്സ് സി. നാൻസി എസ്എച്ച് (ആലക്കോട്) സി. ജോൺസി മരിയ സിഎംസി (എടൂർ ) സി. റോസ് ജോസ് സി.എം.സി. (കാഞ്ഞങ്ങാട്) നിങ്ങളുടെ സ്നേഹ ശുശ്രൂഷക്ക് ഒത്തിരി നന്ദി. പുതിയ ശുശ്രൂഷാരംഗത്ത് എല്ലാവിധ നൻമകളും ആശംസിക്കുന്നു.

**സ്നേഹോഷ്മളമായ സ്വാഗതം :** കാലഘട്ടത്തിനനുസൃതം യുവജനപ്രസ്ഥാനത്തെ നയിക്കാൻ ദൈവം തിരഞ്ഞെടുത്ത ജിൻസ് വാളിപ്ലാക്കൽ അച്ചന് തലശ്ശേരി അതിരൂപത കെസിവൈഎം എസ്എംവൈഎം യുവജനപ്രസ്ഥാനത്തിലേക്ക് ഹൃദ്യമായ സ്വാഗതം. യുവജനങ്ങളുടെ സുഹൃത്തായി മേരിഗിരി ഫൊറോനയിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച ജിൻസച്ചന്റെ യുവജന പ്രേഷിതശൈലി മുമ്പോട്ടുള്ള പ്രവർത്തനങ്ങൾക്ക് കൈമുതലാകട്ടെയെന്ന് പ്രർത്ഥിക്കുന്നു.

**അഭിനന്ദനങ്ങൾ**

സംസ്ഥാന മീഡിയ കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട തലശ്ശേരി അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറി വിപിൻ മാറുകാട്ടുകുന്നേലിന് അഭിനന്ദനങ്ങൾ. ഇനി സംസ്ഥാനത്തും ചലിക്കട്ടെ വിപിന്റെ തൂലികയും അക്ഷരങ്ങളും. എല്ലാവിധ ആശംസകളും പ്രാർത്ഥനയും.

**കെസിവൈഎം അപരത :** 2019 – 2020 വർഷത്തിൽ കെസിവൈഎം പ്രസ്ഥാനത്തോടൊപ്പമുള്ള പ്രവർത്തനങ്ങളിൽ മനസ്സിൽ തങ്ങിനിൽക്കുന്ന ഏറ്റവും നല്ല പ്രവർത്തനങ്ങളെ കോർത്തിണക്കി നടത്തിയ ഫോട്ടോഗ്രാഫി മത്സരത്തിന്റെ ഫലങ്ങൾ

ഒന്നാം സമ്മാനം : ജിബിൻ പുലിക്കുരുമ്പ

രണ്ടാം സമ്മാനം : തെരേസ ചന്ദനക്കാംപാറ

**മൂന്നാം സമ്മാനം : ദേവമാത പൈസക്കരി** : മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികൾക്കും സഹകരിച്ച എല്ലാവർക്കും നന്ദി.

**വിവാഹ ആശംസകൾ :** തലശ്ശേരി അതിരൂപത യുവജനപ്രസ്ഥാനത്തിന്റെ 2018–2019 വർഷത്തിലെ പ്രസിഡന്റും, ഇപ്പോൾ എസ്എംവൈഎം ഡെപ്യൂട്ടി പ്രസിഡന്റുമായ ജിതിൻ മുടപ്പാലക്കും ഭാര്യ ജാസ്മിനും, തോമാപുരം ഫൊറോന പ്രസിഡന്റ് നിക്കിസണ്ണിക്കും ഭാര്യ ഷയനയക്കും, വെള്ളരിക്കുണ്ട് ഫൊറോന പ്രസിഡന്റ് ബിബിൻ അഗസ്റ്റിനും ഭാര്യ രഞ്ജിമയ്ക്കും അതിരൂപതാ കുടുംബത്തിന്റെ ആശംസകളും പ്രാർത്ഥനകളും.

# ഓഗസ്റ്റ്

## സ്വാതന്ത്രദിനാഘോഷം

യുവജനസഹോദരങ്ങളെ പ്രേത്യേക സാഹചര്യത്തിലൂടെ നാമും ലോകം മുഴുവനും കടന്ന് പോകുമ്പോൾ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ഒന്ന് ചേരുന്ന പുണ്യദിനമായ ആഗസ്റ്റ് 15 ന് നമുക്ക് ഭാരതത്തെയും ലോകം മുഴുവനെയും അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിക്കുകയും വി.ബലിയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്യാം.

## അതിരൂപത യുവജനദിനവും യാത്രയയപ്പുസമ്മേളനവും

ആവേശം ചോർന്നിട്ടില്ല, പ്രതിഷേധങ്ങളും പ്രവർത്തനങ്ങളും തീർന്നിട്ടില്ല... 'കാലഘട്ടത്തിനനുസരിച്ച്, സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ ശൈലി സ്വീകരിക്കുന്നുവെന്നുമാത്രം' എന്ന് പ്രഘോഷിച്ചുകൊണ്ട് ചെമ്പേരി ലൂർദ്ദ് മാതാ ദേവാലയത്തിൽ വച്ച് 2020 വർഷത്തെ അതിരൂപത യുവജനദിനം

കൊറോണ നിബന്ധനകൾക്ക് വിധേയപ്പെട്ട് ആഘോഷിച്ചു. ജൂലൈ 12 ന് രാവിലെ 10.30 ന് വി. കുർബാനക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. തലശ്ശേരി അതിരൂപത കെസിവൈഎം, എസ്എംവൈഎം പ്രസിഡന്റ് സിജോ കണ്ണേഴത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ചെമ്പേരി ഫൊറോന വികാരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, റവ. ഫാ. നോബിൾ ഓണംകുളം, റവ. ഫാ. സോണി വടശ്ശേരിയിൽ, അതിരൂപത ഡയറക്ടർ റവ. ഫാ. ജിൻസ് വാളിപ്ലാക്കൽ എന്നിവർ സംസാരിച്ചു. കെസിവൈഎം, എസ്എംവൈഎം പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.തോമസ്സ്മൂർ അനുസ്മരണവും ഈ അവസരത്തിൽ നടത്തി.

കഴിഞ്ഞ മൂന്ന് വർഷക്കാലം അതിരൂപത കെസിവൈഎം പ്രസ്ഥാനത്തെ വളർച്ചയുടെ പടവുകളിലൂടെ നയിച്ച സോണിയച്ചന് സമ്മേളനത്തിൽ വച്ച് യാത്രയയപ്പ് നൽകി. നവദമ്പതിമാരായ എസ്എംവൈഎം ഡെപ്യൂട്ടി പ്രസിഡന്റ് ജിതിൻ മുടപ്പാല-ജാസ്മിൻ, വെള്ളരിക്കുണ്ട് പ്രസിഡന്റ് ബിബിൻ-രഞ്ജിമ, തോമാപുരം പ്രസിഡന്റ് നിക്കി-ഷയന എന്നിവരെ ആദരിച്ചു. ഈ ദിനത്തിനായ് എല്ലാ സൗകര്യങ്ങളും ഒരുക്കി തന്ന ഫൊറോന വികാരി ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, അസ്സി. വികാരി ഫാ. ജിബിൻ വട്ടുകുളം, ഫൊറോന, യൂണിറ്റ് ഭരവാഹികൾ, ആനിമേറ്റർ സി. കരോളിൻ എഫ്സിസി, അതിരൂപത അല്മായ ആനിമേറ്റർ ജോമോൻ കരിനാട്ട്, പങ്കെടുത്ത യുവജനങ്ങൾ എല്ലാവരെയും നന്ദി അറിയിക്കുന്നു.

## ഹാഷ് 20 ചലഞ്ച്

കെസിവൈഎം തലശ്ശേരി അതിരൂപത ഒരുക്കുന്ന കൊറോണ സാമ്പത്തീക സഹായ പദ്ധതിയായ ഹാഷ് 20 ചലഞ്ചിന്റെ ഉദ്ഘാടനം അതിരൂപത യുവജനദിനത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. അതിരൂപതയിലെ യുവജനങ്ങളിൽ നിന്ന് ഓൺലൈനായി സമാഹരിക്കുന്ന തുക കൊറോണ സഹായ പദ്ധതിയിലേക്ക് നൽകുക, യുവജനങ്ങളെ സഹായിക്കുക തുടങ്ങിയ പ്രാഥമിക ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

## രക്തദാന സേന രൂപീകരിച്ചു

ചെമ്പേരി കെസിവൈഎം യൂണിന്റെ ആഭിമുഖ്യത്തിൽ ബ്ലഡ് ഡൊണേഷൻ ഫോറത്തിൽ രക്തദാന സേനാംഗങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു.

**യൂണിറ്റ്തല യുവജനദിനാഘോഷം** : ജൂലൈ 5 ന് **ചൂരപ്പടവ്** യൂണിറ്റിൽ വച്ച് നടന്ന യുവജനദിനാഘോഷം കെസിവൈഎം അതിരൂപത ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. വിശിഷ്ടാതിഥി

യായി കെസിവൈഎം, എസ്എംവൈഎം അതിരൂപത ജോയിൻ സെക്രട്ടറി ആനി ചാക്കോ പങ്കെടുത്തു. ഡയറക്ടർ ഫാ.അനീഷ് ചക്കിട്ടമുറി, ആനിമേറ്റർ സി. റിജിൻ മേരി എസ്എംഎസ്, യൂണിറ്റ് പ്രസിഡന്റ് അഖിൽ ചൂരനോലിൽ എന്നിവർ സംസാരിച്ചു.

ജൂലൈ 12 ന് **ഉരുപ്പുംകുറ്റി** യൂണിറ്റിൽ നടന്ന യുവജനദിനാഘോഷം അതിരൂപത കെസിവൈഎം, എസ്എംവൈഎം ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപത വൈസ്പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ ആശംസകളറിയിച്ച് സംസാരിച്ചു. ഫൊറോന ഡയറക്ടർ ഫാ. ജോബിൻ വലിയപറമ്പിൽ, യൂണിറ്റിലെ സിസ്റ്റേഴ്സ്, യൂണിറ്റ് പ്രസിഡന്റ് അജിത്ത് പിഎസ് എന്നിവർ പ്രസംഗിച്ചു.

**സിൻഡിക്കേറ്റ് മീറ്റിംഗ്** : ജൂലൈ 12 ന് ചെമ്പേരി ലൂർദ്ദ് മാതാ ദേവാലയത്തിൽ വച്ച് നടന്ന കെസിവൈഎം, എസ്എംവൈഎം അതിരൂപത സിൻഡിക്കേറ്റ് മീറ്റിംഗിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന എല്ലാ യുവജനനേതാക്കൾക്കും നന്ദി.

**ഹാഗിയ സോഫിയ പ്രതിഷേധം** : 537 ൽ പണികഴിപ്പിച്ച ഹാഗിയ സോഫിയ കത്തീഡ്രൽ തുർക്കി ഭരണകൂടണം പിടിച്ചെടുത്ത് മോസ്ക്ക് ആക്കി മാറ്റി. പിന്നീട് 1453 ൽ മ്യൂസിയമാക്കിമാറ്റിയ തുർക്കി ഭരണകൂടം ഇപ്പോൾ അത് വീണ്ടും മോസ്ക്ക് ആക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിൽ പ്രതിഷേധിച്ച് കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപത **'എന്റെ ദേവാലയവും, വിശ്വാസങ്ങളും എന്റെ അവകാശം'** എന്ന ആപ്തവാക്യം യുവജനങ്ങൾ ഉദ്ഘോഷിച്ച് കൊണ്ട് തലശ്ശേരി അതിരൂപതയിലെ വിവിധ കെസിവൈഎം യൂണിറ്റുകളിൽ യുവജനങ്ങൾ പ്രതിഷേധം നടത്തി.

## വി. പ്രതീകങ്ങളെ അവഹേളിക്കുന്നതിനെതിരെ പ്രതിഷേധം

ക്രൈസ്തവ സമൂഹത്തിന്റെ വിശ്വാസത്തെ അവഹേളിക്കുന്ന വിധത്തിൽ വിശുദ്ധ പ്രതീകങ്ങളെ ഉപയോഗിച്ചതിനെതിരെ ശക്തമായ പ്രതിഷേധവുമായി കെസിവൈഎം തലശ്ശേരി അതിരൂപതയിലെ യുവജനങ്ങൾ രംഗത്ത് വന്നു. അന്ത്യോക്യൻ ആരാധനാ ക്രമം പിന്തുടരുന്ന സഭകളിൽ ആരാധനക്ക് ഉപയോഗിക്കുന്ന വിശുദ്ധവസ്തുവായ മർബഹാസ ഫോട്ടോഷൂട്ടിന് ഉപയോഗിച്ചത് ഏറ്റവും സങ്കടകരമാണന്ന് യുവജനങ്ങൾ അറിയിക്കുകയും പ്രതിഷേധിക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

871, 872 എം.പി.സി ഓൺലൈൻ കോഴ്സ് മെയ് 26 27, ജൂൺ 16 – 17 എന്നീ തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലുമായി 363 പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

## 2. MPC Online Thalassery

വരുന്ന മാസങ്ങളിൽ അത്യാവശ്യം വിവാഹം നടത്തേണ്ടവർക്കും നേരിട്ടുള്ള കോഴ്സിൽ സംബന്ധിക്കാൻ ഗൗരവമായ അസൗകര്യങ്ങളുള്ളവർക്കും വേണ്ടി ജൂലൈ 1 – 2 തീയതികളിൽ ഓൺലൈൻ ആയി എം.പി.സി നടത്തുന്നതാണ്. അത്യാവശ്യമുള്ളവരാണ് ഈ കോഴ്സിന് അപേക്ഷിക്കുന്നത് എന്ന കാര്യം വികാരിയച്ചന്മാർ ഉറപ്പാക്കി കത്ത് നൽകേണ്ടതാണ്. രജിസ്ട്രേഷൻ ചെയ്യുന്നതിന് **www.familytly.com** എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 600 രൂപ അടക്കേണ്ടതിന്റെ ഡീറ്റെയിൽസ് ലിങ്കിൽ കൊടുത്തിട്ടുണ്ട്. മുൻപ് എം.പി.സി രജിസ്ട്രേഷൻ ഫീസ് ഓൺലൈൻ ആയി അടച്ചവർ അതിന്റെ റസിപ്റ്റ് അറ്റാച്ച് ചെയ്താൽ മതിയാകും. കോഴ്സ് സർട്ടിഫിക്കറ്റ് ഓൺലൈനായി തരുന്നതാണ്. ഓഫീസിൽ നിന്ന് വേണ്ടവർക്ക് സർട്ടിഫിക്കറ്റ് നേരിട്ട് വാങ്ങാവുന്നതാണ്.

**To get Registration Link :**

www.familytly.com

Mobile Phone : Click option more (-=)

Click - MPC online July 1 - 2, Fill the form - Submit

**Time Schedule :**

**എം.പി.സി ഓൺലൈൻ ജൂലൈ 01 : 08.00 am – 07.30 pm**

**02 : 08.00 am – 05.00 pm**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

## III. മാതൃവേദി

**1. തൂവാനീസ നിയോഗം** – ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് ഗർഭസ്ഥ ശിശുക്കൾക്കുവേണ്ടി പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനമായി എല്ലാ യൂണിറ്റിലും വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ തുടങ്ങി എല്ലാം അമ്മമാരെയും അംഗങ്ങളാക്കുക.

**3. ദിയാക്കോണിയ പ്രവർത്തനം:** മാംസോൽപാദന പരിശീലനം: മുയൽ, കോഴി, താറാവ്, തുടങ്ങിയവ, ന്യൂനപക്ഷ അവകാശങ്ങൾ നേടിയെടുക്കാനുള്ള ശ്രമങ്ങൾ, രാഷ്ട്രീയ സമിതി ബോധവൽക്കരണം, നേതൃത്വ പരിശീലന സെമിനാർ മേഖലാതലത്തിൽ.

**4. അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ മാതൃവേദി മേഖലാ പ്രസിഡണ്ടുമാരെയും മേഖലാ ആനിമേറ്റർമാരെയും പങ്കുചേർത്തുകൊണ്ട് അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈൻ ആയി നടത്തുകയുണ്ടായി. 22 പേർ പങ്കെടുത്തു. എല്ലാ മേഖലാ, യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു.

**5. അതിരൂപതാ ജനറൽ ബോഡി മീറ്റിംഗ്**

മെയ് 28-ാം വ്യാഴാഴ്ച മാതൃവേദിയുടെ ജനറൽബോഡി മീറ്റിംഗ് ഓൺലൈൻ വഴി നടന്നു. രാവിലെ 10 മണിയോടെ ആരംഭിച്ച മീറ്റിംഗ് അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ സെക്രട്ടറി ശ്രീമതി സിസിലി പുഷ്പക്കുന്നേൽ ഏവരെയും സ്വാഗതം ആശംസിച്ച ചടങ്ങിൽ അതിരൂപതാ പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തുകയും ചർച്ചയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് രൂപതാ ആനിമേറ്റർ സി.പൗളിൻ സി.എച്ച്.എഫ്, മീറ്റിംഗിൽ പങ്കെടുത്ത മേഖലാ ഡയറക്ടേഴ്സ് എന്നിവർ ആശംസകളർപ്പിച്ചു. ശേഷം അതിരൂപതാ വൈസ് പ്രസിഡണ്ട് ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു. തുടർന്ന് മാതൃവേദി ആന്തത്തോടെ മീറ്റിംഗ് സമാപിച്ചു.

**6. ഫാമുലസ് വോയ്സ് – 2020**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയിലെ എല്ലാ കുടുംബങ്ങൾക്കുമായി ഫാമുലസ് വോയ്സ് 2020 എന്ന പേരിൽ ഒരു കുടുംബ സംഗീത വീഡിയോ മത്സരം സംഘടിപ്പിച്ചു. ആലെ 141 ടീം അംഗങ്ങൾ മത്സരത്തിൽ പങ്കെടുത്തു. ഓരോ മേഖലയിലെയും മത്സരാർത്ഥികളെ മേഖലാതലത്തിൽ വിലയിരുത്തി 1,2,3, സ്ഥാനം നേടിയവരെ രൂപതയിലേക്ക് നിർദ്ദേശിക്കുകയും ചെയ്തു. ശേഷം രൂപതാതലത്തിൽ വിലയിരുത്തുകയും ചെയ്തു. പനത്തടി മേഖല ഒഴികെ ബാക്കി 15 മേഖലകളിൽ നിന്നുമായി 44 സംഗീത വീഡിയോ ലഭിക്കുകയും അതിൽ നിന്നും വിജയികളായി 1,2,3 സ്ഥാനങ്ങളും 2 പ്രോത്സാഹന സമ്മാനങ്ങളും തിരഞ്ഞെടുക്കുകയും ചെയ്തു. സമ്മാനമായി ഒന്നാം സ്ഥാനത്തിന് 1000 രൂപയും, രണ്ടാം സ്ഥാനത്തിന് 750 രൂപയും, മൂന്നാം സ്ഥാനക്കാർക്ക് 500 രൂപയും നൽകി. പങ്കെടുത്തവരെയും വിജയികളെയും അഭിനന്ദിക്കുന്നു. മേഖലാതലത്തിൽ വിലയിരുത്തി അതിരൂപതാതല സെലക്ഷൻ നടത്താൻ സഹകരിച്ച മേഖലാ ഡയറക്ടർമാർക്കും പ്രോത്സാഹിപ്പിച്ച മേഖലാ ആനിമേറ്റർമാർക്കും മറ്റ് ഭാരവാഹികൾക്കും നന്ദിയർപ്പിക്കുന്നു.

**മത്സര വിജയികൾ :**

**ഒന്നാം സ്ഥാനം : രാജു ഓലിക്കുഴിയിൽ & ഫാമിലി – പേരാവൂർ മേഖല (കൊളക്കാട്)**
**രണ്ടാം സ്ഥാനം : ഷാജി കുഴിമണ്ണിൽ & ഫാമിലി – കുന്നോത്ത് മേഖല (കുന്നോത്ത്)**
**മൂന്നാം സ്ഥാനം : ബിൻസി കീഴേടത്തുപറമ്പിൽ & ഫാമിലി – ചെറുപുഴ മേഖല (താബോർ)**
**പ്രോത്സാഹന സമ്മാനങ്ങൾ : ബേബി ആനക്കല്ലിൽ & ഫാമിലി – എടൂർ മേഖല (വെളിമാനം)**
**: ഷിജി പുത്തൻപുരക്കൽ & ഫാമിലി – തോമാപുരം മേഖല (പാലാവയൽ)**

**7. നന്ദി....**

മേഖലാ ഡയറക്ടർമാരായി കഴിഞ്ഞവർഷങ്ങളിൽ മാതൃവേദിയെ നയിക്കാൻ സഹകരിച്ച ഫാ. ജോസഫ് കാവനാടി (തളിപ്പറമ്പ് ഫൊറോന), ഫാ. ജോസഫ് കുള ത്തറ (പേരാവൂർ), ഫാ. ജോസഫ് നിരപ്പേൽ (പൈസക്കരി ഫൊറോന), ഫാ. ജോർജ്ജ് വള്ളിമല (പനത്തടി) എന്നിവർക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ കൃതജ്ഞതയും പുതിയ പ്രവർത്തന മേഖലകളിൽ ആശംസകളും അറിയിക്കുന്നു

മേഖലാ ആനിമേറ്റർമാരായി കഴിഞ്ഞ വർഷങ്ങളിൽ ശുശ്രൂഷ ചെയ്ത സി.ദിവ്യ എം.എസ്.എം.ഐ(പൈസക്കരി മേഖല), സി.ആൻ മേരി എസ്.എച്ച് (ചെമ്പേരി മേഖല), സി.അനുഷ (കാഞ്ഞങ്ങാട് മേഖല), സി.ലിജി എം.എൽ.എഫ്(തോമാപുരം മേഖല) എന്നിവർക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ കൃതജ്ഞത നറുമലരുകളും, പ്രാർത്ഥ നാശംസകളും. യൂണിറ്റ് ആനിമേറ്റർമാരായി വിവിധ ഇടവകകളിൽസേവനം അനു ഷ്ഠിച്ച് സ്ഥലം മാറിപ്പോകുന്ന എല്ലാ ആനിമേറ്റർ സിസ്റ്റർമാർക്കും കൃതജ്ഞതയും പ്രാർത്ഥനയും നേരുന്നു.

**8.** മാതൃവേദിയുടെ എക്സിക്യൂട്ടീവ് തീരുമാനം അനുസരിച്ച് വരും മാസങ്ങളിൽ അമ്മമാർക്ക് വേണ്ടി 2 ഓൺലൈൻ പരിപാടികൾ നടത്തുന്നതാണ്.

**1) സെന്റ് അൽഫോൻസ ക്വിസ്സ്**

ജൂലൈ 28-ാം തീയ്യതി വി.അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് മേഖലാതലത്തിൽ അൽഫോൻസാ ക്വിസ്സ് ഓൺലൈൻ ആയി നടത്തുന്നതാണ്. 30 ചോദ്യങ്ങൾ, ഒരു മണിക്കൂർ സമയം. അൽഫോൻസാമ്മയുടെ ജീവിതവുമായി ബന്ധ പ്പെട്ട ചോദ്യങ്ങളായിരിക്കും. രൂപതയിൽ നിന്നും ചോദ്യങ്ങൾ നൽകുന്നതാണ്. മേഖലാ ടീം മത്സരങ്ങൾ വിലയിരുത്തി സമ്മാനങ്ങൾ നൽകുന്നതാണ്.

**2) കവിതാ രചന സമാഹാരം**

മാതൃവേദി അമ്മമാരുടെ തെരഞ്ഞെടുത്ത കവിതകൾ ഓഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണത്തോട് അനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്നതാണ്.

**വിഷയം : കോവിഡ് കാലത്തെ അനുഭവങ്ങൾ**

മാക്സിമം 20 വരികൾ

ഇത് ഒരു മത്സരമല്ല അമ്മമാരുടെ സാഹിത്യരചനക്കുള്ള ഒരു അവസരമാണ്.

**10. അതിരൂപതാ സെനറ്റ് മീറ്റിംഗ്**

അതിരൂപത സെനറ്റ് മീറ്റിംഗ് ഓൺലൈൻ ആയി ജൂലൈ 4-ാം തീയ്യതി വൈകുന്നേ രം 3 മണിക്ക് നടത്തപ്പെടുന്നു. മേഖലാ പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ, മേഖലാ സെനറ്റ് മെമ്പർമാരിൽ ഒരാൾ, മേഖലാ ആനിമേറ്റർമാർ എന്നിവർ പങ്കെടുക്കേണ്ടതാണ്.

**11. അറിയിപ്പുകൾ**

- മാതൃവേദിയുടെ 3 മാസത്തെ മാർഗ്ഗരേഖ ഓൺലൈൻ ആയി പ്രസിദ്ധീകരിക്കുന്നത് വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ എല്ലാ യൂണിറ്റിലും എത്തിക്കുക.
- എല്ലാ യൂണിറ്റ് ഡയറക്ടർമാർക്കും അതിന്റെ കോപ്പി നൽകാൻ യൂണിറ്റ് പ്രസിഡ ണ്ട്മാരെ അറിയിക്കുക.
- ഈ മാർഗ്ഗരേഖയുടെ വെളിച്ചത്തിൽ യൂണിറ്റുകളും, മേഖലകളും കർമ്മരേഖ തയ്യാ റാക്കുക.

## ഓഗസ്റ്റ് – 2020

## I)1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

873 എം.പി.സി ഓൺലൈൻ കോഴ്സ് ജൂലൈ 1– 2 തീയ്യതിയിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 220 പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

### 2. Online MPC Live Classes

| | |
|---|---|
| August | 21 – 22 (Friday, Saturday) |
| September | 11 – 12 (Friday, Saturday) |
| October | 01 – 2 (Thursday, Friday)<br>23 – 24 (Friday, Saturday) |
| November | 12 – 13 (Thursday, Friday) |
| December | 15 – 16 (Tuesday, Wednesday) |

ആഗസ്റ്റ് മാസം മുതൽ എം.പി.സി ഓൺലൈനിൽ നടത്തുന്നതാണ്. ഓൺലൈൻ ക്ലാസുകൾ എല്ലാം ലൈവായി നടക്കുന്നതാണ്. രണ്ട് ദിവസത്തെ ക്ലാസുകൾ മുഴുവൻ സമയവും പങ്കെടുക്കുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

1. **Time Schedule :**

   **എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**

   **രണ്ടാം ദിവസം : 08.00 am – 05.00 pm**

2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974

6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.
7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

## III. മാതൃവേദി

**1. തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് ജോലിയില്ലാത്തവർക്കുവേണ്ടി പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** - ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനമായി ഇടവകാ വൈദികരുടെ തിരുനാൾ ദിനത്തിൽ എല്ലാ വൈദികർക്കും ആശംസകൾ അയക്കുക.

**3. ദിയാക്കോണിയ പ്രവർത്തനം –** പൂന്തോട്ടങ്ങൾ, ഔഷധസസ്യങ്ങൾ, ജൈവവളങ്ങൾ ഇവയ്ക്കുള്ള പരിശീലനം.മേഖലാതലത്തിൽ പഠനക്ലാസുകൾ ഓൺലൈൻ ആയി നടത്തുക.

**4. അതിരൂപതാ സെനറ്റ് :** തലശ്ശേരി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 4 ശനി, ജൂലൈ 20 തിങ്കൾ എന്നീ തീയ്യതികളിൽ ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 വരെ മാതൃവേദി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈൻ ആയി നടത്തപ്പെട്ടു. നടന്ന മീറ്റിംഗിൽ 61 പേർ സംബന്ധിച്ചു.തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു.

**5. കവിതാ രചന സമാഹാരം** : മാതൃവേദി അമ്മമാരുടെ തെരഞ്ഞെടുത്ത കവിതകൾ ഓഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനു ശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

**വിഷയം : കോവിഡ് കാലത്തെ അനുഭവങ്ങൾ**

മാക്സിമം 20 വരികൾ

ഇത് ഒരു മത്സരമല്ല അമ്മമാരുടെ സാഹിത്യരചനക്കുള്ള ഒരു അവസരമാണ്.

മേഖലകളിൽ അയക്കേണ്ട തീയ്യതി - ആഗസ്റ്റ് 7 മുതൽ 14 വരെ.

തിരഞ്ഞെടുത്ത കവിതകൾ അതിരൂപതാ ഓഫീസിലേക്ക് അയക്കുക.

## 6. മരിയൻ ആൽബനിർമ്മാണം

മാതാവിന്റെ പിറവിത്തിരുനാളിനോട് അനുബന്ധിച്ച് ഒരു മരിയൻ ആൽബം യൂണിറ്റുകളിൽ തയ്യാറാക്കി മേഖലയിൽ നിന്നുള്ള ഏറ്റവും നല്ല രണ്ട് ആൽബങ്ങൾ രൂപതാ മത്സരത്തിന് നൽകാവുന്നതാണ്.

**നിബന്ധനകൾ :**

- A4 സൈസ് ചാർട്ട് പേപ്പറിൽ തയ്യാറാക്കുക.
- ബൈന്റ് ചെയ്തിരിക്കണം.
- കളർ പ്രിന്റ് പാടില്ല.
- അച്ചടിച്ച പേപ്പർ കട്ടിങ്ങുകളും, ചിത്രങ്ങളും ആകാം.
- ആൽബത്തിന് പേര് നൽകാവുന്നതാണ്.
- മാക്സിമം 40 പേജ്.
- കൈ എഴുത്തിനോ, ചിത്രങ്ങൾ വരക്കുന്നതിനോ കുഴപ്പമുള്ളതല്ല.
- ക്യാഷ് അവാർഡുകൾ – ഒന്നാം സ്ഥാനം : 1000 രൂപ, രണ്ടാം സ്ഥാനം : 800 രൂപ, മൂന്നാം സ്ഥാനം : 600 രൂപ കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്.
- മേഖലയിൽ സെപ്റ്റംബർ 8 ന് മുമ്പായും അതിരൂപതാ ഓഫീസിൽ സെപ്റ്റംബർ 15 ന് മുമ്പായും എത്തിക്കേണ്ടതാണ്.

## 7. നന്ദി...

ചെമ്പേരി മേഖലാ മാതൃവേദി ഡയറക്ടറായി സേവനം ചെയ്ത ബഹു. നോബിൾ ഓണംകുളം അച്ചന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദി.

## 8. സ്വാഗതം...

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പുതിയ മേഖലാ ഡയറക്ടർമാരായി സ്ഥാനമേറ്റിരിക്കുന്ന ഫാ. ജെയിസ് പുത്തൻനട (ചെമ്പേരി), ഫാ.ജോൺ കൂവപ്പാറ(ചെറുപുഴ), ഫാ.അജി കുഴിയാനിമറ്റം(പൈസക്കരി), ഫാ.അബ്രാഹം പുതുശ്ശേരി (പനത്തടി), ഫാ.മനു മാപ്പിളപ്പറമ്പിൽ(പേരാവൂർ) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം നേരുന്നു.

മേഖലാ ആനിമേറ്റർമാരായി സ്ഥാനമേറ്റിരിക്കുന്ന സി. ഫിൽസി എസ്.എ.ബി.എസ് (കാഞ്ഞങ്ങാട്), സി.മിൻസി(പൈസക്കരി) എന്നിവർക്കും ഹൃദ്യമായ സ്വാഗതം നേരുന്നു.

## 9. അറിയിപ്പുകൾ

• ഫാബുലസ് 2020, ഫാമുലസ് വോയ്സ് എന്നീ ഓൺലൈൻ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ റീജിയണൽ തലത്തിൽ എത്തിച്ചിട്ടുണ്ട്. മേഖലാ സമിതിയുടെ നേതൃത്വത്തിൽ അത് എല്ലാവർക്കും എത്തിച്ചുകൊടുക്കുക. അൽഫോൻസാ ക്വിസ്സ് മത്സരത്തിൽ അമ്മമാരെ പങ്കെടുപ്പിക്കാനും വിജയികളെ വിലയിരുത്തി മേഖലാതലത്തിൽ സമ്മാനങ്ങൾ നൽകാനും നേതൃത്വം നൽകിയ മേഖലാ, യൂണിറ്റ് ഭാരവാഹികൾക്ക് പ്രത്യേകം നന്ദി... പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ...

• എല്ലാ യൂണിറ്റുകളും ഒരു ഭവനത്തെയെങ്കിലും ദത്തെടുത്ത് ഒരു വർഷത്തേക്ക് സ്ഥിരമായ ഒരു സഹായം

യൂണിറ്റിന്റെ സാമ്പത്തിക നിലയനുസരിച്ച് ചെയ്യുക. എല്ലാ യൂണിറ്റുകളിലെയും ദത്തുഭവനങ്ങളുടെ അഡ്രസ്സ് അടങ്ങിയ ലിസ്റ്റ് മേഖലാതലത്തിൽ ശേഖരിച്ച് രൂപതാ ഓഫീസിലേക്ക് വാട്ട്സ്ആപ്പ് ചെയ്യുക.

• എല്ലാ യൂണിറ്റുകളും വാട്ടസ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയും പരമാവധി അമ്മമാരെ അതിൽ അംഗങ്ങളാക്കുകയും ചെയ്യുക.

• ആഗസ്റ്റ് മാസം അംഗത്വമാസമായി ആചരിക്കുക. സെപ്റ്റംബർ മാസത്തിൽ പുതുക്കിയ അംഗത്വ രജിസ്റ്റർ അഫിലിയേഷനുവേണ്ടി രൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

• ദിയാക്കോണിയ മാർഗ്ഗരേഖ പ്രകാരം അമ്മമാരെ സ്വാശ്രയത്വത്തിലേക്ക് വളർത്തുന്ന പരിശീലന പരിപാടികൾ മേഖല, യൂണിറ്റ് തലത്തിൽ നടത്തി റിപ്പോർട്ട് നൽകുക.

• കർഷകവർഷത്തോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾക്കുവേണ്ടി രൂപതാതലത്തിൽ നടപ്പാക്കുന്ന കർഷക സ്ത്രീ അവാർഡിന് (സമ്പൂർണ്ണ കൃഷിക്ക്) 5001, 3001, 2001, 1000 എന്നിങ്ങനെ നാല് സമ്മാനങ്ങൾ നൽകുന്നതാണ്. വിലയിരുത്തൽ ഡിസംബർ മാസത്തിൽ.

## V. ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടേഴ്സ് മീറ്റിംഗ്

10.07.2020 വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർമാരുടെ യോഗം ഓമ്ലൈൻ ആയി ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്നു.

## IV. അമല പ്രോലൈഫ്

കുഞ്ഞേ നിനക്കായ് എന്ന മൂവ്മെന്റിൽ പങ്കുചേർന്ന് ഗർഭസ്ഥ ശിശുക്കളെ ആത്മീയമായി ദത്തെടുത്ത് പ്രാർത്ഥിക്കാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക.

പ്രോലൈഫ് ആനിമേറ്റർ - സി.സ്റ്റെല്ല എം.എസ്.എം.ഐ,
ഫോൺ : 9745233073

പ്രോലൈഫിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഈ പരിപാടിയുടെ മേഖലാതല കോർഡിനേറ്റേർസ് എല്ലാ മേഖലാ ട്രഷറർമാരായിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

പ്രിയ പ്രധാനാധ്യാപകരെ, അധ്യാപകരെ അനധ്യാപകരെ,

ഓൺലൈൻ ക്ലാസുകളും സ്കൂൾ അഡ്മിഷനും പേപ്പർ മൂല്യനിർണ്ണയവുമായി മുന്നോട്ടുപോകുന്നുവെന്ന് കരതുന്നു. കോവിഡ്-19ന്റെ ലോക്ഡൗൺ കാലത്ത് അധ്യാപക അനധ്യാപകർക്കായി നടത്തിയ ഉപന്യാസം, കഥ, കവിത തുടങ്ങിയ മത്സരങ്ങളുടെ ഫലം അറിയിക്കുന്നു. പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് വിജയികൾക്കും അഭിനന്ദനങ്ങൾ

**ഉപന്യാസം**

ഒന്നാം സ്ഥാനം - മഞ്ജുഷ കുര്യൻ പേരാവൂർ എച്ച്.എസ്.എസ്

രണ്ടാം സ്ഥാനം - ഷെറിൻ ജോർജ്, പാലാവയൽ എൽ.പി

മൂന്നാം സ്ഥാനം - ജിജോ ജോസഫ്, കരിക്കോട്ടക്കരി എച്ച്.എസ്,

അഞ്ജന സാഗർ, മാട്ടറ യു.പി

**കവിത**

ഒന്നാം സ്ഥാനം - സോജൻ വർഗ്ഗീസ്, കരിക്കോട്ടക്കരി യു.പി

രണ്ടാം സ്ഥാനം - ബിജു ജോസഫ്, വായാട്ടുപറമ്പ എച്ച്.എസ്.എസ്

മൂന്നാം സ്ഥാനം - മഞ്ജുഷ ജോർജ്, വീർപ്പാട് യു.പി

**കഥ**

ഒന്നാം സ്ഥാനം - ടിജോ മാത്യു, വായാട്ടുപറമ്പ യു.പി

രണ്ടാം സ്ഥാനം - തങ്കമ്മ എം. ടി, പൊട്ടംപ്ലാവ് യു.പി

മൂന്നാം സ്ഥാനം - ജോണി തോമസ്, കൊളക്കാട് എച്ച്.എസ്.എസ്,

ഷീജ കെ, പൈസക്കരി എച്ച്.എസ്

**മെയിന്റൻസ് ഗ്രാന്റ്**

മുൻ വർഷങ്ങളിലെ തുക ലഭിച്ചില്ലെങ്കിലും ഈ വർഷവും മെയിന്റനൻസ് ഗ്രാന്റിന് അപേക്ഷ നൽകണം. പ്രൊപ്പേസൽ നൽകുന്നതോടനുബന്ധിച്ച് പ്രധാന അധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സൂചിപ്പിക്കുന്നു. വിശദമായ കാര്യങ്ങൾ കെ. ഇ. ആർ അധ്യായം തതഢകകക ൽ വ്യക്തമാക്കിയിട്ടുണ്ട്:

1). ഓഗസ്റ്റ് 5-ാം തീയതിക്ക് മുമ്പായി മെയിനന്റനൻസ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ തയാറാക്കി കോർപ്പറേറ്റ് ഓഫീസിൽ ലഭിക്കണം

2). പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ട രേഖകൾ:

A. Maintenance Grant Application (Form 28) - 4 എണ്ണം വീതം

B. Expenture Statement (Form -29) 4 എണ്ണം വീതം

C.Property Statement - (Form 10) 2 എണ്ണം വീതം

D. Audit Certififcate 4 എണ്ണം വീതം

3). ഫോമുകൾ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്ന് മുൻവർഷ ങ്ങളിൽ ഇ-മെയിൽ ചെയ്തു തന്നതാണ്. പഴയ ഇ-മെയിൽ ശ്രദ്ധിക്കുക.

4). കെ.ഇ.ആർ പ്രകാരം 20000 രൂപയിലധികം ഗ്രാന്റ് ലഭിച്ച വിദ്യാലയങ്ങൾ മുൻവർഷത്തെ Expenture Statement ഓഡിറ്റു ചെയ്യണം. ഈ നിർദേശത്തിന് ഭേദഗതി വന്നിട്ടില്ല. ഓഡിറ്റ് ചെയ്യാതെ അപേക്ഷ കൊണ്ടുവരരുത്

5). മെയിനന്റനൻസ് ഗ്രാന്റ് പ്രൊപ്പോസലിലെ എല്ലാ ഫോമുകളിലും ഒരേ തീയതിയായി രിക്കണം.

6). അക്കാദമിക് വർഷത്തിന്റെ അവസാന ദിവസങ്ങളിലാണ് മെയിന്റനൻസ്ഗ്രാന്റ് അനു വദിച്ചു കൊണ്ട് വിദ്യാഭ്യാസ ഓഫീസർമാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. തുടർന്ന് ബിൽ സബ്മിറ്റ് ചെയ്ത് ട്രഷറിയിൽ നിന്ന് മാർച്ച് 31നു മുമ്പ് തുക ലഭിക്കാൻ ബുദ്ധിമുട്ടാണ്. അതിനാൽ പ്രധാനഅധ്യാപകർ മെയിന്റ നൻസ്ഗ്രാന്റ് അനുവദി ച്ചുകൊണ്ടുള്ള ഉത്തരവ് വിദ്യാഭ്യാസ ഓഫീസിൽ നിന്ന് വളരെ നേരത്തെ ലഭി ക്കുന്നതിന് പരിശ്രമിക്കണം.

7). മെയിന്റനൻസ്ഗ്രാന്റിന്റെ അനുവദിക്കപ്പെട്ട ഉത്തരവ് സ്കൂളിലാണ് ലഭിക്കുന്നതെ ങ്കിൽ ഉടൻ തന്നെ അതിന്റെ ഒറിജിനൽ കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കണം. കോപ്പി സ്കൂളിൽ സൂക്ഷിക്കണം.

8). മുൻവർഷങ്ങളിലെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭിച്ചിട്ടില്ലെങ്കിൽ അത് കൃത്യ മായി ലഭ്യമാക്കാൻ പ്രധാന അധ്യാപകർ പരിശ്രമിക്കണം. കോർപ്പറേറ്റ് ഓഫീ സിൽ നിന്ന് റിമൈൻഡർ ലെറ്ററുകൾ വാങ്ങിച്ച് വിദ്യാഭ്യാസ ഓഫീസിൽ കൊടു ക്കണം.

9). മെയിന്റനൻസ്ഗ്രാന്റ് തുക വിനിയോഗിക്കുമ്പോൾ കെ.ഇ.ആർ അധ്യായം XXVIII ലെ നിർദേശങ്ങൾക്കനുസൃതമായിരിക്കണം. സ്കൂളിലെ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, ചുറ്റുമതിൽ, ഗെയിറ്റ്, കിണർ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന്, ഇലക്ട്രിക്കൽ ഫിറ്റിങ്സ്, ഗ്ലോബ്, ചാർട്ടുകൾ,ചോക്ക്, ക്ലീനിങ്ങ് മെറ്റീരിയൽ, രജിസ്റ്ററുകൾ, എന്നിവ വാങ്ങുന്നതിന് മെയിന്റനൻസ്ഗ്രാന്റ് തുക ഉപയോഗിക്കാം.

10). മെയിന്റനൻസ് ഗ്രാന്റ് രജിസ്റ്റർ സ്കൂളിൽ കൃത്യതയോടെ ഭംഗിയായി സൂക്ഷിക്കണം.

11) മാനേജരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് എല്ലാ സ്കൂളിനും ഉണ്ട് . അത് ക്ലോസ് ചെയ്യരുത്. അതിലേക്കാണ് കോർപ്പറേറ്റ് ഓഫീസിൽ നിന്ന് ഫണ്ട് നൽകുന്നത്. അക്കൗണ്ട് നമ്പറും ഐഎഫ്സികോഡും കോർപ്പറേറ്റ് ഓഫീസിൽ നൽകേണ്ട താണ്. ഈ അക്കൗണ്ടിൽ മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുമോയെന്ന് അന്വേഷിക്കു ക. പ്രസ്തുത അക്കൗണ്ടിലേക്ക് മെയിന്റൻസ് ഗ്രാന്റ് ലഭിക്കുവാനുള്ളനടപടി കൾ ആരംഭിക്കണം.കോർപ്പറേറ്റ് ഓഫീസിലെ അക്കൗണ്ട് നമ്പറിലാണ് തുക വരു ന്നതെങ്കിൽ യഥാസമയം രേഖകളുമായി വന്ന് തുക വാങ്ങിക്കണം.

12) അതതു അക്കാദമിക് വർഷം തന്നെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭ്യമാക്കുന്നതിന് പ്രധാന അധ്യാപകരുടെ സത്വരശ്രദ്ധയുണ്ടാകണം. കോർപ്പറേറ്റ് ഓഫീസിൽ അവസാന നിമിഷം പ്രൊപ്പോസൽ എത്തിക്കുന്ന പ്രവണത ഒഴിവാക്കണം.

13) കോർപ്പറേറ്റ് വിദ്യാഭ്യാസ ഓഫീസിലെ www.ceadot.org.inഎന്ന വെബ്സൈറ്റിലേക്ക് വിദ്യാർത്ഥി കളുടെ എണ്ണം 30/06/2020 ചൊവ്വാഴ്ച 4 മണിക്കു മുമ്പായി എന്റർ ചെയ്യേണ്ടതാണ്. ഡിവിഷനുകൾ നഷ്ടപ്പെടുന്ന സ്കൂളുകൾ അക്കാര്യം പ്രത്യേകം അറിയിക്കേണ്ടതാണ്.

14) ആറാംപ്രവൃത്തിദിനറിപ്പോർട്ട് വിദ്യാഭ്യാസ ഓഫീസുകളിലേക്ക് അയക്കുന്നതിന്റെ പിഡിഎഫ് ഫയൽ കോപ്പി പ്രിന്റ് എടുത്ത് കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചുതരണം തസ്തിക നിർണ്ണയത്തിന ശേഷവും പ്രിന്റ് എടുത്ത് പ്രധാനാധ്യാപകൻ ഒപ്പു രേഖപ്പെടുത്തി അയയ്ക്കണം.

**6-ാം പ്രവൃത്തിദിന റിപ്പോർട്ട്**

ആറാം പ്രവൃത്തിദിന റിപ്പോർട്ട് അവസാന നിമിഷത്തേക്ക് മാറ്റിവയ്ക്കാതെ നേരത്തെതന്നെ തയ്യാറാക്കണം. ഫോർമാറ്റുകളൊക്കെ മുൻകൂട്ടി തയ്യാറാക്കി വെച്ചാൽ 6-ാം പ്രവൃത്തിദിന റിപ്പോർട്ട് പെട്ടെന്ന് തന്നെ നൽകാൻ സാധിക്കും. ഈ റിപ്പോർട്ട് നൽകുമ്പോൾ വളരെ ശ്രദ്ധവേണം. അറബിക്, ഉറുദു, സംസ്കൃതം എന്നീ തസ്തികകളുള്ള സ്കൂളുകളിൽ ആവശ്യത്തിന് കുട്ടികൾ ഉണ്ടെന്ന് ഉറപ്പുവരുത്തണം. വ്യക്തമായ പഠനവും അന്വേഷണവും നടത്തി കുട്ടികളുടെ എണ്ണം കൃമീകരിച്ചതിനുശേഷം മാത്രമേ ഓഫീസിൽ കൊടുക്കാവൂ. 6-ാം പ്രവൃത്തിദിന റിപ്പോർട്ട് കൊടുക്കുന്നതിന്റെ മൂന്നുദിവസം മുമ്പേ വീണ്ടും കോർപ്പറേറ്റിന്റെ സോഫ്റ്റ്വെയറിൽ കുട്ടികളുടെ വിവരങ്ങൾ ചേർക്കേണ്ടതാണ്. കൂടാതെ 6-ാം പ്രവർത്തിദിന റിപ്പോർട്ടിന്റെ ഫോർമാറ്റ് കോർപ്പറേറ്റ് ഓഫീസിലേക്ക് ഇ-മെയിൽ ചെയ്തു തരേണ്ടതാണ്.

ൻപുതിയ അനുപാതക്രമമനുസരിച്ച് കിട്ടാവുന്ന തസ്തികകൾക്കെല്ലാം പ്രൊപ്പോസൽ നൽകുക.

ൻനിർദ്ദേശിക്കുന്ന ഡിവിഷനുകൾക്ക് അനുസൃതമായി ക്ലാസ്റൂമുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തണം.

## ഓഗസ്റ്റ്

പ്രിയ പ്രധാനാധ്യാപകരെ, അധ്യാപകരെ അനധ്യാപകരെ,

കോവിഡ് 19ന്റെ ഭീതിയിലും എസ്.എസ്.എൽ.സി, എൽ.എസ്.എസ്, യു.എസ്.എസ്, പ്ലസ് ടു പരീക്ഷകൾ എഴുതി ഉന്നത വിജയം നേടിയ എല്ലാവരെയും അഭിനന്ദിക്കുന്നു. ഒന്നോ രണ്ടോ കുട്ടികളുടെ പരാജയം മൂലം നൂറുശതമാനം വിജയം ലഭിക്കാത്ത സ്കൂളുകളെയും നൂറുശതമാനം വിജയം ലഭിച്ച സ്കൂളുകളെയും ഇതിനായി അധ്വാനിച്ച രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, അധ്യാപക അനധ്യാപകർ എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## എസ്.എൽ.സി. വിജയികൾ

| സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയവർ | പരീക്ഷ വിജയിച്ചവർ | Full A+ | 9 A+ | ശതമാനം |
|---|---|---|---|---|---|
| എടൂർ എച്ച്.എസ് | 233 | 233 | 25 | 20 | 100 |
| കരിക്കോട്ടക്കരി എച്ച്.എസ് | 100 | 100 | 8 | 6 | 100 |
| കിളിയന്തറ എച്ച്.എസ് | 110 | 110 | 9 | 5 | 100 |
| കൊളക്കാട് എച്ച്.എസ് | 104 | 104 | 19 | 4 | 100 |
| വെളിമാനം എച്ച്.എസ് | 197 | 197 | 23 | 11 | 100 |
| ചന്ദനക്കാംപാറ എച്ച്.എസ് | 101 | 101 | 28 | 5 | 100 |
| നെല്ലിക്കുറ്റി എച്ച്.എസ് | 60 | 60 | 7 | 6 | 100 |
| പൈസക്കരി എച്ച്.എസ് | 113 | 113 | 23 | 6 | 100 |
| വായാട്ടുപറമ്പ എച്ച്.എസ് | 244 | 244 | 46 | 17 | 100 |
| പുലിക്കുരുമ്പ എച്ച്.എസ് | 56 | 56 | 4 | 3 | 100 |
| കടുമേനി എച്ച്.എസ് | 64 | 64 | 5 | 6 | 100 |
| പാലാവയൽ എച്ച്.എസ് | 122 | 122 | 24 | 13 | 100 |
| തോമാപുരം എച്ച്.എസ് | 150 | 150 | 33 | 10 | 100 |
| മേരിഗിരി എച്ച്.എസ് | 79 | 79 | 14 | 3 | 100 |
| അങ്ങാടിക്കടവ് എച്ച്.എസ് | 107 | 106 | 23 | 8 | 99 |
| കുന്നോത്ത് എച്ച്.എസ് | 151 | 150 | 20 | 8 | 99.3 |
| മണിക്കടവ് എച്ച്.എസ് | 207 | 206 | 24 | 11 | 99.51 |
| പോരാവൂർ എച്ച്.എസ് | 259 | 258 | 58 | 17 | 99.61 |
| ചെമ്പേരി എച്ച്.എസ് | 142 | 141 | 42 | 9 | 99.29 |
| ചെമ്പന്തൊട്ടി എച്ച്.എസ് | 103 | 101 | 30 | 6 | 98 |
| കുടിയാൻമല എച്ച്.എസ് | 96 | 94 | 27 | 7 | 98 |
| ചെറുപ്പുഴ എച്ച്.എസ് | 233 | 232 | 44 | 23 | 99.57 |
| പെരുമ്പടവ് എച്ച്.എസ് | 124 | 123 | 12 | 9 | 99.19 |
| വെള്ളരിക്കുണ്ട് എച്ച്.എസ് | 158 | 157 | 47 | 14 | 99.49 |

**എൽ.എസ്.എസ്, യു.എസ്.എസ് വിജയികൾ**
**യു.പി സെക്ഷൻ**

| സ്കൂൾ | എൽ.എസ്.എസ് | യു.എസ്.എസ് |
|---|---|---|
| അങ്ങാടിക്കടവ് യു.പി | 22 | 03 |
| അറബി യു.പി | 03 | 03 |

| | | |
|---|---|---|
| ചന്ദനക്കാംപാറ യു.പി | 00 | 02 |
| ചെമ്പൻതൊട്ടി യു.പി | 17 | 05 |
| ചെമ്പേരി യു.പി | 14 | 02 |
| ജോസ്ഗിരി യു.പി | 01 | 00 |
| കച്ചേരിക്കടവ് യു.പി | 05 | 00 |
| കാപ്പാട് യു.പി | 05 | 02 |
| കരിക്കോട്ടക്കരി യു.പി | 03 | 00 |
| കരിവേടകം യു.പി | 00 | 04 |
| കാരുള്ളടുക്കം യു. പി | 00 | 08 |
| കുടിയാൻമല യു.പി | 07 | 12 |
| കുന്നോത്ത് യു.പി | 07 | 04 |
| മണ്ഡപം യു.പി | 00 | 01 |
| മഞ്ഞളാംപുറം യു.പി | 05 | 04 |
| മണിക്കടവ് യു.പി | 06 | 06 |
| നെല്ലിക്കുറ്റി യു.പി | 02 | 01 |
| പൈസക്കരി യു.പി | 21 | 05 |
| പുലിക്കുറുമ്പ യു.പി | 04 | 01 |
| തൊണ്ടിയിൽ യു.പി | 12 | 06 |
| ഉദയഗിരി യു.പി | 10 | 02 |
| വയത്തൂർ യു.പി | 26 | 03 |
| വായാട്ടുപറമ്പ യു.പി | 09 | 04 |
| വീർപ്പാട് യു.പി | 06 | 01 |
| എടൂർ എച്ച്.എസ് | 00 | 10 |
| തോമാപുരം എച്ച്.എസ് | 00 | 04 |
| **ആകെ** | | 93 |

**യു.എസ്.എസ് ഉന്നത വിജയം നേടിയ സ്കൂൾ-കുടിയാൻമല-യു.പി 12**

**എൽ.പി സെക്ഷൻ**

| **സ്കൂൾ** | **എൽ.എസ്.എസ്** |
|---|---|
| എടക്കോം എൽ.പി | 01 |
| എടൂർ എൽ.പി | 14 |
| കോഴിച്ചാൽ എൽ.പി | 10 |
| മാങ്ങോട് എൽ.പി | 02 |
| മേരിപുരം എൽ.പി | 04 |
| നെല്ലിപ്പാറ എൽ.പി | 01 |
| പാലാവയൽ എൽ.പി | 11 |
| പാത്തൻപാറ എൽ.പി | 01 |
| രണ്ടാംക്കടവ് എൽ.പി | 03 |
| തോമാപരം എൽ.പി | 22 |
| വെള്ളരിക്കുണ്ട് എൽ.പി | 21 |
| വിളക്കന്നൂർ എൽ.പി | 5 |
| **ആകെ** | **280** |

**എൽ.എസ്.എസ് ഉന്നത വിജയം നേടിയ സ്കൂൾ-വയത്തൂർ യു.പി-26**

# പ്ലസ്ടു റിസൽട്ട്

| സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയവർ | വിജയി ച്ചവർ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയി ച്ചവർ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയി ച്ചവർ | ശതമാനം |
|---|---|---|---|---|---|---|---|---|---|
| അങ്ങാടിക്കടവ് | 49 | 49 | 100 | 48 | 47 | 98 | 47 | 47 | 100 |
| ചെമ്പേരി | 100 | 97 | 97 | 50 | 50 | 100 | 50 | 43 | 86 |
| കൊളക്കാട് | 119 | 117 | 98.31 | Nil | Nil | Nil | 63 | 55 | 87.3 |
| പെരുമ്പടവ് | 48 | 47 | 98 | 49 | 46 | 96 | Nil | Nil | Nil |
| തോമാപുരം | 150 | 144 | 96 | 48 | 48 | 100 | 48 | 37 | 78 |
| വെളിമാനം | 50 | 48 | 96 | 48 | 48 | 100 | 48 | 42 | 87.5 |
| വെള്ളരിക്കുണ്ട് | 100 | 98 | 98 | Nil | Nil | Nil | 48 | 44 | 92 |
| മേരിഗിരി | 59 | 59 | 100 | 55 | 49 | 89 | Nil | Nil | Nil |
| പേരാവൂർ | 62 | 62 | 100 | 64 | 62 | 96.88 | Nil | Nil | Nil |
| മണിക്കടവ് | 48 | 41 | 85.42 | 50 | 47 | 94 | Nil | Nil | Nil |
| പാലാവയൽ | 43 | 38 | 88.40 | 44 | 41 | 93 | Nil | Nil | Nil |
| കുന്നോത്ത് | 50 | 39 | 78 | 58 | 37 | 64 | Nil | Nil | Nil |

| | | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം |
|---|---|---|---|---|
| | ബയോളജി സയൻസ് | 49 | 49 | 100 |
| കിളിയന്തറ | കമ്പ്യൂട്ടർ സയൻസ് | 40 | 37 | 92.5 |
| | കൊമേഴ്സ് | 47 | 47 | 100 |
| പെരുമ്പടവ് | ബയോളജി സയൻസ് | 60 | 59 | 98.3 |
| | കമ്പ്യൂട്ടർ സയൻസ് | 53 | 49 | 92 |
| | ഹ്യുമാനിറ്റീസ് | 60 | 53 | 88.3 |
| | കൊമേഴ്സ് | 60 | 56 | 93.3 |
| എടൂർ | ബയോളജി സയൻസ് | 147 | 147 | 100 |
| | കമ്പ്യൂട്ടർ സയൻസ് | 50 | 50 | 100 |
| | കമ്പ്യൂട്ടർ കൊമേഴ്സ് | 49 | 49 | 100 |
| | കൊമേഴ്സ് പൊളിറ്റിക്സ് | 49 | 43 | 87.75 |

**ഫാ. മാത്യു ശാസ്താംപടവിൽ**

കോർപ്പറേറ്റ് മാനേജർ

# നിർമലഗിരി വാർത്തകൾ

നിർമലഗിരി കോളേജ് 2021-2021 പ്രവർത്തിദിനം ജൂൺ ഒന്നിന് ആരംഭിച്ചു. ബർസാർ ഫാ.ഷാജി തെക്കേമുറിയുടെ പ്രാർത്ഥനയോടെയും ആശീർവാദത്തോടെയും രാവിലെ ഒമ്പതരയ്ക്കാണ് അധ്യയന വർഷം ആരംഭിച്ചത്. കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ നിർദേശപ്രകാരം അന്നുതന്നെ അധ്യാപകർ ഓൺലെൻക്ളാസുകൾ എടുത്തുതുടങ്ങി.

## പുതിയ ചുമതലകൾ

ശ്രീ ജോസഫ് പോൾ കോളേജിന്റെ സൂപ്രണ്ടായി ചുമതലയേറ്റു. സിറ്റർ ഷൈനി എംഎസ്എം ഐ സ്റ്റോർ അസിസ്റ്റന്റായും ചുമതലയെടുത്തു.

## എൻഎസ്എസ് വെബിനാർ

മഴക്കാല രോഗങ്ങളും പ്രതിരോധവും എന്നീ വിഷയത്തിൽ ജൂൺ ആറിന് വെബിനാർ നടത്തി. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെവി ഉദ്ഘാടനംചെയ്തു. ഡോ.അഷിത ആൻ ബെന്നി പ്രഭാഷണം നടത്തി. പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപമോൾ മാത്യു, ശ്രീ. ഇമ്മാനുവൽ ടോം എന്നിവർ സംസാരിച്ചു.

### ഗസ്റ്റ് അധ്യാപക അഭിമുഖം

ജൂൺ 9,10,11 തീയതികളിൽ നടത്തിയ അഭിമുഖത്തിൽ 11 വിഷയങ്ങളിലായി 22 ഗസ്റ്റ് അധ്യാപകരെ തെരഞ്ഞെടുത്തു.

## വിജയത്തിളക്കം

കണ്ണൂർ യീണിവേഴ്സിറ്റിയുടെ ബിരുദപ്പരീക്ഷയിൽ നിർമലഗിരി കോളേജ് തിളക്കമാർന്ന വിജയം കൊയ്തു. നാല് ഒന്നാംസ്ഥാനം ഉൾപ്പെടെ എട്ട് ഉന്നത സ്ഥാനങ്ങളാണ് കോളേജിന് ലഭിച്ചത്. ഹോംസയൻസ് എന്നും രണ്ടും മൂന്നും സ്ഥാനം നേടിയപ്പോൾ കെമസ്ട്രി ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി. ഹിസ്റ്ററിക്കും സുവോളജിക്കും ഒന്നാം സ്ഥാനവും ഫിസിക് സിന് മൂന്നാം സ്ഥാനവും ലഭിച്ചു,ജസ്നറ്റ് സെബാസ്റ്റ്യൻ-ഒന്നാംസ്ഥാനം ഹോം സയൻസ്, വി.വി അമൃത- ഒന്നാം സ്ഥാനം കെമസ്ട്രി, കെ.എസ് കാവേരി -ഒന്നാംസ്ഥാനം ഹിസ്റ്ററി, ആൻസ് മരിയ ജോർജ്- ഒന്നാം സ്ഥാനം സുവോളജി. ശിശിര കെ. പ്രദീപ്- രണ്ടാം സ്ഥാനം ഹോംസയൻസ്,എൻ. അശ്വനി -രണ്ടാംസ്ഥാനം കെമസ്ട്രി, ജഹാന ഷെറിൻ- മൂന്നാം സ്ഥാനം ഹോംസയൻസ്, അഞ്ജലി ചന്ദ്രൻ- മൂന്നാം സ്ഥാനം ഫിസിക്സ് എന്നിവരാണ് ഉന്നത സ്ഥാനങ്ങൾ നേടിയത്.

## പരീക്ഷാ കേന്ദ്രം

വിവിധ ഓട്ടോണമസ് കോളേജുകളായ അസംഷൻ, എസ്ബി,ദേവഗിരി, സിഎംഎസ് എന്നീ ഓട്ടോണമസ് കേളേജുകളുടെ പരീക്ഷകൾ നിർമലഗിരിയിൽ നടന്നു വരുന്നു.

**സഹായധനം കൈമാറൽ**

രണ്ടാവർഷ കൊമേഴ്സ് വിദ്യാർത്ഥിനി അനന്യപ്രകാശിന് ചികിത്സാസഹായമായി രണ്ടുലക്ഷം രൂപ കൈമാറി. മാനേജ്മെന്റ്, അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ ചേർന്ന് സമാഹരിച്ച തുകയാണ് കൈമാറിയത്.

**വെബിനാർ സീരീസ്**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 24 മുതൽ 26 വരെ വെബിനാർ നടത്തി. ജഹീേ ്യീൗ ളശഹാ:ഔ ശിറ്യേീറൗരശേീി ീ ളശഹാ ാമസശിഴ എന്ന വിഷയത്തിൽ സിനിമാ നിർമാതാവ് ശ്രീ ഉണ്ണി വിജയൻ സെമിനാർ നയിച്ചു.കോ-ഓർഡിനേറ്റർമാരായ ഡോ. ഫിനിത ജോസ്, മിസ്സ്. ഷിനി ജോർജ്ജ് തുടങ്ങിയവർ സംസാരിച്ചു.

**വായന വാരാഘോഷം**

വായന വാരാഘോഷത്തിന്റെ ഭാഗമായി എൻഎസ്എസ് വോളണ്ടിയർമാർ ശേഖരിച്ച നൂറോളം പുസ്തകങ്ങൾ റിട്ടയേർഡ് അധ്യാപകനും ആദിവാസി മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തകനുമായ ശ്രീ അശോകൻ മാസ്റ്റർക്ക് കോളേജ് പ്രിൻസിപ്പൽ ഡോ.ഔസേപ്പച്ചൻ കൈമാറി.

**ഇഗ്നോ അഡ്മിഷൻ**

നിർമലഗിരി ഇഗ്നോ സ്റ്റഡി സെന്ററിൽ 2020 ജൂലൈയിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ജൂലൈ 31 ആണ് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ് അഡ്രസ്:www.ignou.ac.in

**ഡോ. ഔസേപ്പച്ചൻ കെ.വി.**
പ്രിൻസിപ്പൽ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

**B.Tech, M.Tech, MBA Admission 2020-21**

2020-21 വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. നിലവിലുള്ള 6 ബ്രാഞ്ചുകളിലും, കൂടാതെ ഈ വർഷം AICTE അനുവദിച്ചുതന്ന കമ്പ്യൂട്ടർ സയൻസിലെ മൂന്നാമത്തെ ബാച്ചിലേയ്ക്കും, പുതിയ പ്രോഗ്രാം B.Tech in Artificial Intelligence & Data Science (KTUന്റെ അംഗീകാരത്തിനു വിധേയമായി) ലേക്കും അഡ്മിഷൻ ലഭിക്കുന്നതാണ്. വിമൽ ജ്യോതിയിൽ ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ മുൻകൂട്ടി അഡ്മിഷനെടുക്കാനുള്ള അവസരം പ്രയോജനപ്പെടുത്തുക.

അഡ്മിഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 9447683082, 9846423448, 8943615547, 0460 2213512, 2212240.

**പ്ലേസ്മെന്റ് വാർത്തകൾ**

ബഹുരാഷ്ട്ര ഐ.ടി കമ്പനിയായ TCS-ന്റെയും വിമൽ ജ്യോതി പ്ലേസ്മെന്റ് സെല്ലിന്റെയും സംയുക്താഭിമുഖ്യത്തിൽ ജൂൺ 12ന് 2021, 2022, 2023 വർഷങ്ങളിൽ പാസ്സ് ഔട്ട് ആകുന്ന വിദ്യാർത്ഥികൾക്കായി വെബിനാർ സംഘടിപ്പിച്ചു. TCS കാമ്പസ് റിക്രൂട്ട്മെന്റ് പ്രോഗ്രാമുകളെക്കുറിച്ചും ഇന്റർവ്യൂവിന് എങ്ങനെ തയ്യാറെടുക്കാമെന്നതിനെക്കുറിച്ചും TCS HR ടീം കുട്ടികളുമായി സംവദിച്ചു.

NETHRAM LLCയുടെ ഓൺലൈൻ കാമ്പസ് റിക്രൂട്ട്മെന്റ് അവസാനവർഷ വിദ്യാർത്ഥികൾക്കായി ജൂൺ 18ന് സംഘടിപ്പിച്ചു. 7 കുട്ടികൾ അവസാന റൗണ്ടിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

പ്രശസ്ത ഓവർസീസ് എഡ്യുക്കേഷൻ കൺസൾട്ടിംഗ് കമ്പനി ആയ SANTA MONICA-യുമായി സഹകരിച്ച് അവസാനവർഷ വിദ്യാർത്ഥികൾക്കായി വിദേശ വിദ്യാഭ്യാസ സാധ്യതകളെക്കുറിച്ച് ഒരു ഓൺലൈൻ സെമിനാർ ജൂൺ 20ന് സംഘടിപ്പിച്ചു.

CYBROSYS, ECO SYSTEMS എന്നീ കമ്പനികൾ നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിലൂടെ വിമൽ ജ്യോതിയിലെ 2 അവസാനവർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.

**വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമി**

വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയിൽ ജൂലൈ 5ന് പുതിയ ബാച്ച് ആരംഭിക്കുന്നു. സിവിൽ സർവ്വീസ് പരിശീലനത്തിന് താൽപര്യമുള്ള കുട്ടികളെ കണ്ടെത്താനായി ദേശീയ തലത്തിൽ ജൂൺ 14ന് നടന്ന ദേശീയ ടാലന്റ് സേർച്ച് എക്സാമിൽ വിമൽ ജ്യോതി സെന്ററിൽ രജിസ്റ്റർ ചെയ്ത Muaad Bin Abdul ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നേടി 100% ഫീസിളവ് നേടി. വിമൽ ജ്യോതി സെന്ററിൽ രജിസ്റ്റർ ചെയ്ത 46 പേരിൽ സ്കോളർഷിപ്പ് പരീക്ഷ എഴുതിയ 26 പേർക്കും ദേശീയ തലത്തിൽ മികച്ച സ്കോർ നേടാനായി. ഈ പരീക്ഷയുടെ അടിസ്ഥാനത്തിൽ 2020 ജൂലൈ 5ന് തുടങ്ങുന്ന പുതിയ ബാച്ചിൽ അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്ക് ട്യൂഷൻ ഫീസിൽ 100 % മുതൽ 30% വരെ ഫീസിളവ് അനുവദിക്കുന്നതാണ്. കേരളത്തിൽ

നിന്നുള്ള കുട്ടികൾ ഇങ്ങനെയുള്ള മത്സര പരീക്ഷകളിൾ പരിശീലനം നേടി പങ്കെടുത്താൽ മികച്ച വിജയം നേടാൻ സാധിക്കും എന്നാണ് ടാലന്റ് സേർച്ച് എക്സാമിലെ വിജയം സൂചിപ്പിക്കുന്നത്. നമ്മുടെ ഇടവകകളിലെ ഡിഗ്രി യോഗ്യതയുള്ള മിടുക്കരായ കുട്ടികളെ ഈ പരിശീലനത്തെപ്പറ്റി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**യാത്രാമംഗളങ്ങൾ** : കഴിഞ്ഞ 8 വർഷക്കാലം വിമൽ ജ്യോതി സ്ഥാപനങ്ങളുടെ ബർസാർ എന്ന നിലയിൽ വളരെ സ്തുത്യർഹമായ സേവനം കാഴ്ചവെച്ച ശേഷം മാട്ടറ ഇടവക വികാരിയായി സ്ഥലംമാറിപ്പോകുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ജോർജ്ജ് ആശാരികുന്നേലച്ചന് സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നേരുന്നു. പുതിയ കോഴ്സുകൾ, NAAC, NBA അക്രഡിറ്റേഷൻ, ഭൗതിക സൗകര്യവികസനം, നിർമ്മാണ പ്രവർത്തനങ്ങൾ, കാമ്പസിന്റെ സംരക്ഷണം തുടങ്ങി ഒട്ടേറെ ഉത്തരവാദിത്വങ്ങൾ ഒരേസമയം അദ്ദേഹം നിറവേറ്റി. ബഹു. ജോർജ്ജച്ചന് വിമൽ ജ്യോതി നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

ബഹുമാനപ്പെട്ട ഫാ. ബിബിൻ വരമ്പകത്ത് 3 വർഷക്കാലം ഹോസ്റ്റൽ വാർഡൻ, കോളേജ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നീ നിലകളിൽ കോളേജിന്റെ എല്ലാമായി പ്രവർത്തിച്ചു. പ്രിയപ്പെട്ട ബിബിനച്ചൻ പൊട്ടംപ്ലാവ് ഇടവകയുടെ വികാരിയായി സ്ഥലംമാറിപ്പോകുന്നു. ബഹുമാനപ്പെട്ട അച്ചന് യാത്രാമംഗളങ്ങൾ നേരുന്നതോടൊപ്പം വിമൽ ജ്യോതിയുടെ ഹൃദയംനിറഞ്ഞ നന്ദിയും അറിയിക്കുന്നു.

യാത്രയയപ്പ് സമ്മേളനം 23/06/2020 ചൊവ്വാഴ്ച്ച 3 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. യാത്രയയപ്പ് മീറ്റിംഗിൽ വിമൽ ജ്യോതി സ്ഥാപനങ്ങളുടെ മാനേജർ ഫാ.ജെയിംസ് ചെല്ലങ്കോട്ട് അധ്യക്ഷത വഹിച്ചു. വിമൽ ജ്യോതിയുടെ ചെയർമാൻ മാർ ജോസഫ് പാംപ്ലാനി അനുഗ്രഹപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ.ബെന്നി ജോസഫ്, എം.ബി.എ കോളേജ് പ്രിൻസിപ്പാൾ ഡോ.തോമസ് മൈക്കിൾ, ഫാ.ജിനു വടക്കേമുളഞ്ഞനാൽ, പി.ടി.എ പ്രസിഡന്റ് ശ്രീ.മധുസൂദനൻ, സ്റ്റുഡന്റ് ചെയർമാൻ ആകാശ് രാജു തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

### വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്
### Webinar on scope of MBA

ഈ കാലഘട്ടത്തിൽ എം.ബി.എ.യുടെ സാധ്യതകൾ എന്ന വിഷയത്തെ ആസ്പദമാക്കി ചെമ്പേരി വിമൽ കോളേജിന്റെ നേതൃത്വത്തിൽ ഒരു വെബിനാർ സംഘടിപ്പിച്ചു. പ്രസിദ്ധ കരിയർ ഗുരുവും ട്രെയിനറുമായ മി. ഐസക് തോമസ്, മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിലെ ഡോ.മെറിൻ ജേക്കബ് എന്നിവർ നേതൃത്വം നൽകി.

### Alumni Meet : 2013-15 Batch

വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ചിലെ 2013-15 ബാച്ചിന്റെ സംഗമം 21/06/2020 ഗൂഗിൾ മീറ്റ് വഴി നടന്നു. മാനേജർ റവ.ഫാ.ജെയിംസ് ചെല്ലങ്കോട്ട്, പ്രിൻസിപ്പാൾ ഡോ.തോമസ് മൈക്കിൾ, വൈസ് പ്രിൻസിപ്പാൾ റവ.ഫാ.ജിനു വടക്കേമുളഞ്ഞനാൽ, അഡ്മിനിസ്ട്രേറ്റർ റവ.ഫാ.സുബിൻ റാത്തപ്പിള്ളി, വിദ്യാർത്ഥി പ്രതിനിധി അഖിൽ തോമസ് എന്നിവർ അഭിസംബോധന ചെയ്ത് സംസാരിച്ചു.

# ഓഗസ്റ്റ്

## B.Tech, M.Tech Admission 2020-21

2020–21 വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. നിലവിലുള്ള 6 ബ്രാഞ്ചുകളിലും, കൂടാതെ ഈ വർഷം AICTE അനുവദിച്ചു തന്ന കമ്പ്യൂട്ടർ സയൻസിലെ മൂന്നാമത്തെ ബാച്ചിലേയ്ക്കും, പുതിയ പ്രോഗ്രാം B.Tech in Artificial Intelligence & Data Science ലേക്കും അഡ്മിഷൻ ലഭിക്കുന്നതാണ്. വിമൽ ജ്യോതിയിൽ ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ മുൻകൂട്ടി അഡ്മിഷനെടുക്കാനുള്ള അവസരം പ്രയോജനപ്പെടുത്തുക. അഡ്മിഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിൽ വിളിക്കുകയോ ചെയ്യുക : 8281750777, 9400062918, 9447683082, 9846423448, 0460 2212240.

## പ്ലേസ്മെന്റ് വാർത്തകൾ

- കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഐ.ടി കമ്പനിയായ CYBROSYS TECHNOLOGIES നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 3 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- ബയോടെക്നോളജി മേഖലയിലെ പ്രമുഖ കമ്പനിയായ THE ECOSOLUTIONS നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിലൂടെ ഒരു അവസാന വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിക്ക് ജോലി ലഭിച്ചു.
- കേരള ഗവൺമെന്റ് പദ്ധതിയായ ക്ലീൻ കേരളയുടെ വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ടിലേക്ക് ട്രെയിനി ആയി ഒരു അവസാനവർഷ മെക്കാനിക്കൽ വിദ്യാർത്ഥി തിരഞ്ഞെടുക്കപ്പെട്ടു.

വിമൽ ജ്യോതി പ്ലേസ്മെന്റ് സെല്ലിന്റെയും CYBROSYS TECHNOLOGIES ന്റെയും സംയുക്താഭിമുഖ്യത്തിൽ കമ്പനിയിലെ വിവിധ തൊഴിലവസരങ്ങളെ സംബന്ധിച്ച് 2020 ജൂലൈ 18ന് അവസാനവർഷ വിദ്യാർത്ഥികൾക്കായി ഒരു വെബിനാർ സംഘടിപ്പിച്ചു. അടുത്ത 6 മാസത്തിനുള്ളിൽ PYTHON / ODOO DEVELOPERS ആയി 25 ആളുകളെ കമ്പനി റിക്രൂട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നതിനാൽ, ഈ അവസരങ്ങളെക്കുറിച്ചും അതിന്റെ സെലക്ഷൻ പ്രൊസസ്സിനെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത വെബിനാർ സംഘടിപ്പിച്ചത്.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമി

വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയിൽ ജൂലൈ 5–ന് പുതിയ ബാച്ച് ആരംഭിച്ചു. ഡൽഹി ALS അക്കാദമിയുടെ കാമ്പസ് ക്വാറന്റൈൻ സെന്റർ ആക്കിയതിനാൽ പൂർണതോതിലുള്ള ക്ലാസ്സുകൾ ജൂലൈ 28–നുശേഷമേ ആരംഭിക്കുകയുള്ളൂ. അതുവരെ പ്രിപ്പറേട്ടറി ക്ലാസ്സുകളാണ് കുട്ടികൾക്ക്

നൽകുന്നതെന്ന് അധികൃതർ അറിയിച്ചു. താൽപര്യമുള്ള ഡിഗ്രി അവസാന വർഷക്കാർക്കും ഡിഗ്രി കഴിഞ്ഞവർക്കും അടുത്ത വർഷത്തെ തുടർപഠനവും ജോലി സാധ്യതകളും അനിശ്ചിതാവസ്ഥയിലായ സാഹചര്യത്തിൽ സമയം നഷ്ടപ്പെടാതെ ഒരു വർഷത്തെ ചിട്ടയായ പരിശീലനം നേടി കേന്ദ്ര-സംസ്ഥാന മത്സരപരീക്ഷകളിൽ വിജയം നേടാനുള്ള മികച്ച അവസരമാണ്. താൽപര്യമുള്ള കുട്ടികൾക്ക് ഇനിയും ചേരാവുന്നതാണ്. നമ്മുടെ ഇടവകകളിലെ ഡിഗ്രി യോഗ്യതയുള്ള മിടുക്കരായ കുട്ടികളെ ഈ പരിശീലനത്തെപ്പറ്റി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വിമൽ ജ്യോതിയിൽ എം.ബി.എ അഡ്മിഷൻ

2020-22 ബാച്ച് എം.ബി.എ പ്രവേശനം ആരംഭിച്ചു. അഡ്മിഷൻ ആഗ്രഹിക്കുന്നവർ http://vjim.ac.in/admission/online-application/ എന്ന വെബ് സൈറ്റ് ലിങ്ക് വഴി ആപ്ലിക്കേഷൻ ഫോം സമർപ്പിക്കേണ്ടതാണ്. മാർക്കറ്റിംഗ്, ഫിനാൻസ്, ഹ്യൂമൻ റിസോഴ്സ്സ് മാനേജ്മെന്റ് എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷനാണുള്ളത്. കൂടാതെ ലോജിസ്റ്റിക് മാനേജ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ സർട്ടിഫിക്കേഷൻ സൗകര്യവും ലഭ്യമാണ്. വിദേശ രാജ്യങ്ങളിലെ കമ്പനികൾ സന്ദർശിക്കാനുള്ള അവസരവും എം.ബി.എ വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി കോളേജ് ഒരുക്കുന്നു. ഉന്നത മാർക്കോടെ ബിരുദം നേടി വിമൽ ജ്യോതിയിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് 40,000 രൂപയുടെ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും വിളിക്കുക: 9400512240, 9400062919 04602212240.

## കോളേജ് മാഗസിൻ പ്രകാശനം ചെയ്തു

വിമൽ ജ്യോതി എൻജിനീയറിങ്ങ് കോളേജ് 2020 വർഷത്തെ മാഗസിൻ "RESILIENCE" എന്ന പേരിൽ പുറത്തിറക്കി. കോവിഡ് മൂലം കോളേജ് അടച്ചിരിക്കുന്ന സാഹചര്യത്തിൽ ഇ-മാഗസിൻ ആയാണ് പ്രകാശനം നടത്തിയത്. ഗൂഗിൾ മീറ്റ് വഴി നടന്ന മാഗസിൻ പ്രകാശനചടങ്ങിൽ സിനിമ-ടി.വി താരം ആദിൽ ഇബ്രാഹിം മാഗസിൻ പ്രകാശനം ചെയ്തു. സിനിമാ സംവിധായകൻ അനുരാജ് മനോഹർ, വിമൽജ്യോതി മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട്, പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു. സ്റ്റുഡന്റ് എഡിറ്റർ ധന്യ സ്വാഗതം പറഞ്ഞ ചടങ്ങിൽ സ്റ്റാഫ് എഡിറ്റർ പ്രൊഫ. എം. വാസുദേവൻ നായർ നന്ദി രേഖപ്പെടുത്തി.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**

മാനേജർ

## സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


കഴിഞ്ഞ മൂന്നു വർഷങ്ങളായി തലശ്ശേരി സന്ദേശഭവൻ കേന്ദ്രീകരിച്ച് നടത്തപ്പെട്ടിരുന്ന സാൻജോസ് അക്കാദമിയുടെ പ്രവർത്തനങ്ങൾ ഇനിമുതൽ വിമൽജ്യോതി എൻജിനീയറിങ് കോളേജ് കേന്ദ്രീകരിച്ചാണ് നടത്തപ്പെടുക. വിമൽ ജ്യോതി കേന്ദ്രീകരിച്ച് ഈ മാസം മുതൽ ആരംഭിക്കുന്ന വിവിധ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

**1. സാൻജോസ് ഓൺലൈൻ എൻട്രൻസ് കോച്ചിംഗ്:** തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ ഇക്കഴിഞ്ഞ നാലാം തീയതി മുതൽ ഒരു വർഷം നീണ്ടു നിൽക്കുന്ന എൻട്രൻസ് പരിശീലനങ്ങൾ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് വേണ്ടി ആരംഭിച്ചു.

**2. ബ്രിഡ്ജ് പ്ലസ് വൺ:** സാൻജോസ് അക്കാദമി-വിമൽ ജ്യോതി (SAVE) എന്ന പേരിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ പഠിക്കുന്ന +1 വിദ്യാർത്ഥികൾക്കുവേണ്ടി വിമൽജ്യോതി എൻജിനീയറിങ് കോളേജ് കേന്ദ്രീകരിച്ച് ബ്രിഡ്ജ് പ്ലസ് വൺ എൻട്രൻസ്-ട്യൂഷൻ പരിശീലനം ഓൺ ലൈനായി ആരംഭിച്ചു. 100-ഓളം വിദ്യാർഥികൾ ഈ പരിശീലന സംവിധാനത്തിൽ ചേർന്നിട്ടുണ്ട്. ജൂലൈ 24-ന് SAVE ബ്രിഡ്ജ് +1 ഉദ്ഘാടനകർമ്മം വിമൽ ജ്യോതി മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് നിർവഹിച്ചു. ഇപ്പോൾ ദിനംപ്രതി 3 മണിക്കൂറുകൾ നീളുന്ന പരിശീലനമാണ് ക്രമപ്പെടുത്തിയിരിക്കുന്നത്.

**3. SANJOSE IELTS :** തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് കഴിഞ്ഞ ഒരു വർഷക്കാലം നടത്തിയിരുന്ന സാൻജോസ് ഐ.ഇ.എൽ.ടി.എസ് പരിശീലനം വിമൽജ്യോതി ചെമ്പേരിയുടെ വിശാലമായ ക്യാമ്പസിലേക്ക് പ്രവർത്തനം മാറ്റിയിരിക്കുന്നു. മികച്ച സൗകര്യങ്ങളോടെ താമസിച്ച് പഠിച്ച് വിവിധ രാജ്യങ്ങളിൽ ഉപരിപഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നൽകുന്ന പരിശീലന പദ്ധതിയാണിത്. ആഗസ്റ്റ് രണ്ടാം ആഴ്ച്ച മുതൽ പരിശീലനം ആരംഭിക്കുന്നതാണ്.

**K-TET, NET,NEET/JEE** തുടങ്ങിയ പ്രവേശന പരീക്ഷകൾക്കുവേണ്ടി യുള്ള പരിശീലനങ്ങളും ആഗസ്റ്റ് മാസംമുതൽ ആരംഭിക്കപ്പെടുന്നുണ്ട്. നമ്മുടെ അതിരൂപതയിലെ വിവിധ പരിശീലനങ്ങൾ ആഗ്രഹിക്കുന്ന കുട്ടികളെ ഈ വിവരം ബഹു. അച്ചന്മാർ ഇടവക കൂട്ടായ്മകളിൽ അറിയിക്കുമല്ലോ.

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**

ഡയറക്ടർ

# എ.കെ.സി.സി.

എല്ലാവർക്കും ദുക്റാന തിരുനാൾ ആശംസകൾ! കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ! കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ!

**മെയ് 31– കത്തോലിക്കാ കോൺഗ്രസ് വൈദികരോടെപ്പം**

പന്തക്കുസ്താദിനമായ മെയ് 31 ന് കത്തോലിക്കാ കോൺഗ്രസ് വൈദികരോടൊപ്പം എന്ന സന്ദേശവുമായി വികാരിയച്ചൻമാരെ നേരിൽ കണ്ടും ഫോൺ വിളിച്ചും ആശംസകൾ നേരുകയും സന്ദേശങ്ങൾ അയക്കുകയും ചെയ്തു. അതാത് ഫൊറോന പ്രസിഡണ്ടുമാരുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

**ജൂൺ 4 കർഷകരുടെ നിൽപ്പ് സമരം** : കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ എല്ലാ രൂപതകളിലും കേന്ദ്രസംസ്ഥാന ഗവൺമെന്റ് ഓഫീസുകൾക്കുമുമ്പിൽ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ നടത്തിയ നിൽപ്പുസമരം നമ്മുടെ അതിരൂപതയിലും നടത്തി. അതിരൂപതാതല ഉദ്ഘാടനം തളിപറമ്പ് ഹെഡ്പോസ്റ്റോഫീസിനുമുമ്പിൽ അതിരൂപതാ ഡയറക്ടർ ഫാ. മത്യു ആശാരിപറമ്പിൽ നിർവ്വഹിച്ചു. കർഷകമേഖലയിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടായിരുന്നു സമരം. കാർഷിക ഉൽപ്പന്നങ്ങൾക്കു തറവില പ്രഖ്യാപിച്ച് സംഭരിക്കുക. റബ്ബറിന് 200 രൂപ തറവില പ്രഖ്യാപിക്കുക. സ്വർണ്ണ പണയത്തിൻമേലുള്ള കാർഷിക വായ്പ്പ തുടരുക. സഹകരണസംഘങ്ങൾ മുഖേന സംഭരിച്ച കശുവണ്ടിയുടെ വില കർഷകർക്കു നൽകുക, വന്യമൃഗ ശല്യത്തിൽ നിന്നും കർഷകരെ രക്ഷിക്കുക തുടങ്ങിയവയായിരുന്നു ആവശ്യങ്ങൾ.

**ജൂൺ 19 ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി** : കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ കത്തോലിക്കാ കോൺഗ്രസ് സംഘടനയിൽ നടത്തുന്ന മാറ്റങ്ങളെ സംബന്ധിച്ചുള്ള വെബ് സെമിനാർ നടത്തി. റീ ബ്രാൻഡിംഗ് കത്തോലിക്കാ കോൺഗ്രസ് ആൻഡ് റീ ബിൽഡിംഗ് കമ്മ്യൂണിറ്റി എന്നി വിഷയങ്ങളെ സംബന്ധിച്ച് ദുബായിൽനിന്നുള്ള ലിജു ചാണ്ടി, ഡോ. ജോസ്കുട്ടി ഒഴുകയിൽ എന്നിവർ ക്ലാസ്സുകളെടുത്തു. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം അധ്യക്ഷ്യത വഹിച്ചു.

**ജൂലൈ 3 സെന്റ് തോമസ്ദിനം – സഭാദിനം** : സഭാദിനത്തിൽ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ സന്ദേശം കാലോചിതമായി വളരെയധികം പ്രസക്തിയുള്ളതാണ്. സഭാവിശ്വാസികൾ അനുവർത്തിക്കേണ്ട വസ്തുതകൾ വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. കോവിഡാനന്തരം ഒരു പുതിയ സമൂഹസൃഷ്ടിക്കായി നാനാവിധ തുറകളിലും നാം പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. നമുക്കതിനായി പ്രതിജ്ഞയെടുക്കാം! സർവ്വശക്തനായ ദൈവം നമ്മെയെല്ലാവരെയും സംരക്ഷിക്കട്ടെ! കോറോണ വൈറസിൽ നിന്നും നമ്മെ രക്ഷിക്കട്ടെ നമുക്കു പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

**നിവേദനം അയച്ചു :** 1947-ലെ റബ്ബർ ആക്ട് ഭേദഗതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നടപടിയിന്മേൽ ഉചിതവും കർഷകർക്ക് പ്രയോജനകരവുമായ നിർദ്ദേശങ്ങൾ നൽകാനും റബ്ബർ കർഷകർക്കുവേണ്ടി നിലകൊള്ളാനും കേരള മന്ത്രിസഭ തയ്യാറാകണമെന്നും റബ്ബർ ബോർഡ് നിലനിർത്താൻ വേണ്ടി കർഷകർക്കു വേണ്ടി വാദിക്കമമെന്നും ചൂണ്ടിക്കാട്ടി ബഹു. മുഖ്യമന്ത്രി, കൃഷിമന്ത്രി, വ്യവസായമന്ത്രി, ധനമന്ത്രി എന്നിവർക്ക് ഇൻഫാം നിവേദനം അയച്ചു.

**ഓൺലൈൻ ജില്ലാ കമ്മിറ്റി:** നിലവിലുള്ള വന്യമൃഗശല്യങ്ങളെക്കുറിച്ചും റബ്ബർ ആക്ട് ഭേദഗതി വിഷയത്തെക്കുറിച്ചും ചർച്ച ചെയ്യുന്നതിനു വേണ്ടി കണ്ണൂർ ജില്ലാ ഇൻഫാം എക്സിക്യൂട്ടീവ് യോഗം-ഓൺ ലൈനായി നടത്തി.സ്കറിയ നെല്ലംകുഴി, ആന്റണി ജീരകത്തിൽ, ജോസ് തോണിക്കൽ, ലാലിച്ചൻ കുഴിയാത്ത്, സണ്ണി പുല്ലുവേലിൽ, സണ്ണി തുണ്ടത്തിൽ, ഉണ്ണികൃഷ്ണൻ ചുഴലി എന്നിവർ സംബന്ധിച്ചു.

**പരാതി സമർപ്പിച്ചു:** വർധിച്ചുവരുന്ന വന്യമൃഗശല്യത്തിൽ നിന്നും കാർഷീക വിഭവങ്ങളെയും കർഷകരെ തന്നെയും രക്ഷിക്കാൻ സർക്കാർ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാത്തതിൽ പ്രതിഷേധം അറിയിച്ചും വന്യമൃഗശല്യത്തിന് ഉചിതമായ പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് വനം-കൃഷി വകുപ്പ് മന്ത്രിക്ക് പരാതി നൽകി. വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷീക ഉൽപന്നങ്ങൾക്കും വിളകൾക്കും നഷ്ടപരിഹാരം നൽകാൻ കൃഷിഭവനിലൂടെ സംവിധാനമൊരുക്കണമെന്നുമുള്ള പരാതി ധനമന്ത്രിക്കും കൃഷി മന്ത്രിക്കും വെവ്വേറെയും നൽകി.

## കർഷക വർഷം

കർഷക വർഷത്തിന്റെ ഔദ്യോഗിക ആരംഭം നാം നടത്തിയില്ലെങ്കിലും നമ്മുടെ ഇടവകകളിലും അനുബന്ധ സ്ഥാപനങ്ങളിലും വീടുകളിലും കാർഷിക മുന്നേറ്റം നടന്നു കൊണ്ടിരിക്കുകയാണല്ലോ. പല ഇടവകകളിലും ബഹു. അച്ചന്മാർ തന്നെ ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുമുണ്ട്. ഹൃദ്യമായ അഭിനന്ദനങ്ങളും നന്ദിയും. കർഷകവർഷ ബോർഡ് നമ്മുടെ പള്ളികളിൽ പ്രദർശിപ്പിക്കാത്തവരുണ്ടെങ്കിൽ അവ ഉടൻ തന്നെ പ്രദർശിപ്പിക്കാൻ മറക്കല്ലെ. ഒരോ 2 മാസവും കൂടുമ്പോൾ ഓരോ ഡിപ്പാർട്ടുമെന്റുകളും തയ്യാറാക്കി തരുന്ന (ഗിരിദീപത്തിലൂടെ അറിയിക്കുന്നവ) ദിയക്കോണിയകർമപദ്ധതിയിലെ കാര്യങ്ങളും പരമാവധി ചെയ്യാൻ ശ്രദ്ധിക്കണേ.

ആദരവോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
**ഡയറക്ടർ**

# എ. ഡി. എസ്. യു.

**അതിരൂപതാ എക്സിക്യൂട്ടീവ്**

വീഡിയോ കോൺഫറൻസിലൂടെ സംഘടിപ്പിക്കപ്പെടുന്ന അതിരൂപതാ സീനിയർ ഭാരവാഹികളുടെ ഒത്തുചേരലിൽ ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ, ചീഫ് ആനിമേറ്റർ ആൽബിൻ മണ്ടുംപാല, റീന ചെറിയാൻ, സിസ്റ്റർ ഷൈല എസ്കെ ഡി, ജോർജ് പി. എ. പാരിയ്ക്കാപ്പള്ളിൽ, സബിൻ ജോസ്, മഞ്ചുഷ കുര്യൻ, റിൻസി പി. കുര്യൻ. ഫാ. ജോൺസൺ അന്ത്യാംക്കുളം എന്നിവർ പങ്കെടുത്തു.

1. ജൂൺ 26-ാം തിയ്യതി അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചാരണം നടത്തുന്നതിനെ ക്കുറിച്ചു ചർച്ച ചെയ്തു.

2. ADSUവിന് ഒരു Facebook എന്ന ആശയം പ്രായോഗികമാക്കാൻ തീരുമാനിച്ചു. അതനുസരിച്ച് ADSU Facebook തയ്യാറാക്കപ്പെട്ടു. WhatsApp ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നതാണ്. ADSU വിന്റെ പേരിൽ നടത്തപ്പെടുന്ന വിടുകളിൽ നിന്നുമുള്ളത് ഈ Facebookൽ ഷെയർ ചെയ്യാവുന്നതാണ്.

3. വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ ചിന്തയുണർത്താനും നിലനിർത്താനും വേണ്ടി എല്ലാദിവസവും ഏതെങ്കിലും ഒരു ദിവസം അല്പസമയത്തേക്ക് ലഹരി വിരുദ്ധ ആശയം ഉൾക്കൊള്ളുന്ന സന്ദേശം ഹെഡ്മാസ്റ്റർ/ ആനിമേറ്റർ എന്നിവർ വഴി മുഴുവൻ കുട്ടികളിലേക്കും എത്തിക്കുക. അതിരൂപതാ കേന്ദ്രത്തിൽ നിന്നും സന്ദേശം നൽകുക.

4. ADSUഅംഗങ്ങളുടെ ലഹരിവിരുദ്ധ പോസ്റ്റർ, പെയിന്റിംഗ് തുടങ്ങിയവയും Facebook ൽ ഷെയർ ചെയ്തു തുടങ്ങുക. വരച്ചയാളുടെ പേരും, അഡ്രസ്സും, സ്കൂളിന്റെ പേരും, ക്ലാസും ചിത്രത്തോടെപ്പം ചേർക്കാൻ മറക്കരുതേ.

ലോക്ഡൗൺക്കാലത്ത് നടത്തപ്പെട്ട വിവിധ രചനാമൽസരങ്ങളിൽ സംബന്ധിച്ച് വിജയികളായ മഞ്ചുഷ കുര്യൻ, സിസ്റ്റർ ഷൈല SKD എന്നിവരെ ഡയറക്ടർ അനുമോദിച്ചു. ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ എല്ലാവർക്കും നന്ദി പറഞ്ഞു.

**ഓഫീസ് സംവിധാനം**

ഈ വർഷത്തെ പ്രത്യേകസാഹചര്യത്തിൽ ADSU യൂണിറ്റ് പ്രവർത്തനങ്ങൾ പൂർണമായും പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തതിനാൽ സന്ദേശഭവനിലുള്ള ADSU ഓഫീസിൽ സ്ഥിരമായി ഒരു കോ-ഓർഡിനേറ്റർ ഉണ്ടായിരിക്കില്ല. അറിയിപ്പുകളും വാർത്തകളും മുൻ സംവിധാനമായ e-mail നോടുകൂടി ഡയറക്ടറുടെ WhatsApp നമ്പർക്കൂടി ഉപയോഗിക്കാൻ ശ്രദ്ധിക്കുക.

**പ്രവർത്തിച്ചു തുടങ്ങാം**

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നമ്മുടെ സ്കൂളുകളിൽ സമ്മേളനം വച്ചുള്ള ADSU പ്രവർത്തനാരംഭം നടത്താനാവില്ലല്ലോ. അതിനാൽ നമ്മുടെ സ്കൂൾ ഹെഡ്മാസ്റ്റർമാരും, ADSU ആനിമേറ്റർമാരും ശ്രദ്ധിക്കാൻ ഏതാനും കാര്യങ്ങൾ.

1. യൂണിറ്റാരംഭം എന്നു വേണമെങ്കിലും നടത്താം ഓൺലൈനായി.
2. കേന്ദ്രഓഫീസിൽ നിന്നും നൽകപ്പെടുന്ന നിർദേശങ്ങൾ നമ്മുടെ എല്ലാ വിദ്യാർത്ഥികളിലും എത്തിക്കാൻ ശ്രമിക്കുക.

3. ജൂൺമാസം മുതൽ സ്കൂൾ ആഭിമുഖ്യത്തിൽ ഓൺലൈനായി ക്രമീകരിക്കുന്ന ലഹരിവിരുദ്ധപ്രവർത്തനങ്ങൾ രേഖയായി സൂക്ഷിച്ചു വയ്ക്കുക.

4. ഓരോ മാസവും കേന്ദ്രഓഫീസിൽ നിന്നും നൽകപ്പെടുന്നവ കൂടാതെ ഇതര ലഹരിവിരുദ്ധ പരിപാടികൾ ആനിമേറ്റർമാർക്ക് എക്സിക്യൂട്ടിവ് അംഗങ്ങൾക്കു ക്രമീകരിക്കാവുന്നതാണ്.

5. ബഹു. ഹെഡ്മാസ്റ്റർമാർ ഒന്നു ശ്രദ്ധിക്കണേ. നമ്മുടെ സ്കൂളുകളിലെല്ലാം ADSU യൂണിറ്റുകൾ ഉണ്ട് ആനിമേറ്റർ ഓരോ വിഭാഗത്തിനും (ALP, UP, HS, HSS) ഉണ്ട്. ഈ പ്രവർത്തനവർഷം ഇപ്രകാരം ഓരോ ആനിമേറ്റർമാരെ നിയോഗിക്കുകയോ, തിരഞ്ഞെടുക്കുകയോ ചെയ്ത് അവരുടെ പേരും WhatsApp നമ്പറും ADSU HM എന്ന പുതിയൊരു WhatsApp-ലേക്ക് അയച്ചുതരുമല്ലോ.

6. ആനിമേറ്റർമാതുടെ പേരുവിവരങ്ങൾ ജൂലൈ 20-ന് മുമ്പ് അറിയിക്കണം.

7. നിലവിലുള്ള അതിരൂപതാ ഭാരവാഹികൾ :

അഡ്വ. മനോജ് എം. കണ്ടത്തിൽ - ചീഫ് ഓർഗനൈസർ,ആൽബിൻ മണ്ടുംപാല- ചീഫ് ആനിമേറ്റർ, മഞ്ചുഷ കുര്യൻ, റീന ചെറിയാൻ, ജോർജ് വി. എ.

അധ്യാപക എക്സിക്യൂട്ടീവ് അംഗങ്ങൾ: സി. ഷൈല SKD, സബിൻ ജോസ്, റിൻസി പി. കുര്യൻ

കൃതജ്ഞതയോടെ, : 2019 ജൂൺമാസം മുതൽ 2020 മാർച്ച് വരെ ADSU വിന്റെ കോ-ഒഡിനേറ്ററായിരുന്ന സി. ലൂസീന പൊരുന്നോലം SH , ഈ വർഷത്തെ പ്രത്യേക കോവിഡ് സാഹചര്യം പരിഗണിച്ച് ADSUവിന്റെ ഓഫീസ് കാര്യങ്ങൾ മുമ്പെന്ന പോലെ പ്രവർത്തിക്കാനാവില്ലല്ലോ. നമ്മുടെ ADSU വിന്റെ പ്രവർത്തനങ്ങളെല്ലാം കഴിഞ്ഞ ഒരു വർഷം കർമ്മോത്സുകതയോടെ ക്രോഡീകരിച്ച് നേതൃത്വം നൽകി ഓഫീസ് കാര്യങ്ങളെല്ലാം കൃത്യതയോടെ നിർവ്വഹിച്ച സിസ്റ്റർ ലൂസിനാക്ക് എല്ലാ സീനിയർ-ജൂണിയർ ഭാരവാഹികളുടെയും അംഗങ്ങളുടെയും പേരിൽ ഹൃദ്യമായ നന്ദി! ഒപ്പം പ്രാർത്ഥനാപൂർവ്വമായ ആശംസകളും.

## ഓഗസ്റ്റ്

അഭിനന്ദനങ്ങൾ: നമ്മുടെ സ്കൂളുകളിൽ വച്ച് ക്ലാസ് നടക്കുന്നില്ലെങ്കിലും പല സ്കൂളുകളിലും ലഹരിവിരുദ്ധ പരിപാടികൾ ഓൺലൈനായി ചെയ്ത് വിദ്യാത്ഥികളെ ഉണർത്തുന്നതിൽ നേതൃത്വം നൽകുന്ന അധ്യാപകർക്കും അള ടഡ ആനിമേറ്റർമാർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

**ശ്രദ്ധിക്കാൻ**: പ്രധാന അധ്യാപകരും എഡിഎസ്യു ആനിമേറ്റർമാരും ശ്രദ്ധിക്കാൻ വേണ്ടി: എഡിഎസ്യു സ്ഥാപിതമായതും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതു നമ്മുടെ സ്കൂളിലെ വിദ്യാത്ഥി സമൂഹം ലഹരിവിരുദ്ധ മനോഭാവത്തിൻ ജീവിക്കുന്നതിനും ഭാവിയിൽ ലഹരി രഹിതരായിത്തീരുന്നതിനും വേണ്ടിയാണ്. ഈ കോവിഡ് പശ്ചാത്തലത്തിൽ ഇതിന്റെ ഉത്തരവാദിത്വം പ്രിയ ബഹുമാനപ്പെട്ട പ്രധാന അധ്യാപകരും അളടഡ ആനിമേറ്റർമാരും ഏറ്റെടുത്താലെ ശരിയാകൂ

# പ്രതീക്ഷ ലഹരിമോചന കേന്ദ്രം

**പ്രബന്ധരചനാ മത്സര വിജയികൾ**

പ്രതീക്ഷാ മാനേജിംഗ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പ്രബന്ധരചനാ മൽസരത്തിൽ 190 പേർ രണ്ടു ജില്ലകളിൽ നിന്നായി പങ്കെടുത്തു. മദ്യം ഒരു ആവശ്യവസ്തുവോഎന്ന വിഷയത്തൽ നടത്തപ്പെട്ട മൽസരത്തിന്റെ ഫലം ചുവടെ ചേർക്കുന്നു.

I. ഷാജി തോമസ് (തടിക്കടവ്), II. സിസ്റ്റർ മോൺസി എബ്രാഹം SH(പേരാവൂർ), III. മഞ്ചുഷ കുര്യൻ (കരിക്കോട്ടക്കരി) ഇവർക്ക് 3000, 2000, 1000 രൂപാവീതം ക്യാഷ് അവർഡുകൾ നല്കുന്നതായിരിക്കും. തുടർന്നുള്ള ഏറ്റവും മികച്ച പത്ത് പ്രബന്ധങ്ങൾക്കുള്ള ആയിരം രൂപാവിലവരുന്ന പുസ്തകത്തിന് അർഹരായവർ

1. സിസ്റ്റർ നിർമ്മല SABS
2. അപർണ്ണ ജോൺ
3. ബിന്ദു സണ്ണി
4. പ്രിയ സണ്ണി
5. ബി. പി. അബുബക്കർ
6. സിസ്റ്റർ മേരി മാത്യു CMC
7. ദീപാ തോമസ്
8. ഷുഹൈബ് കെ. പി.
9. ഗഫൂർ പുതുപ്പണം
10. സിസ്റ്റർ എൽസീന SABS

---

എൽപി, യുപി, എച്ച്എസ്, എച്ച്എസ്എസ് തലങ്ങളിൽ ഓരോ ആനിമേറ്റർമാരെ നിയമിക്കണം ആരെന്ന് എച്ച്എം എന്നെ അറിയിക്കണെ. പ്രധാനാധ്യാപകർ ആനിമേറ്റർമാരുമായി ആലോചിച്ച് സാധ്യമെങ്കിൽ എല്ലാമാസവും 15 മിനിറ്റെങ്കിലും ഏതെങ്കിലും തരത്തിലുള്ള ലഹരി വിരുദ്ധ ആശയം വിദ്യാർത്ഥികൾക്ക് കൈമാറാൻ ശ്രദ്ധിക്കണം.

ഏതെങ്കിലും സ്കൂളിലേക്ക് പ്രത്യേകമായി എന്തെങ്കിലും പ്രസംഗമോ ക്ലാസ്സോ, സന്ദേശമോ വേണമെന്നുണ്ടെങ്കിൽ ആവശ്യപ്പെട്ടാൽ അവ ഞാൻ തയ്യാറാക്കി തരുന്നതാണ്. ലഹരി വിരുദ്ധ പരിപാടികൾ സ്കൂൾ തലങ്ങളിൽ ചെയ്യുന്നത് എഡിഎസ് യു ഈ-മെയിലേക്ക് അയക്കുന്നതു പോലെ താഴെ പറയുന്ന വാട്ട്സ് ആപ്പിലേക്കും അയച്ചു തരുമല്ലോ. വീടുകളിൽ തന്നെ വിദ്യാർത്ഥികൾ ആയിരിക്കുന്നതിനാൽ മാസത്തിൽ ഒരിക്കലെങ്കിലും ഒരു ലഹരി വിരുദ്ധ പ്രവൃത്തി ചെയ്യാൻ ആനിമേറ്റർമാർ ശ്രദ്ധിക്കണേ.

ആദരാഞ്ജലികൾ : എ. ഡി. എസ്. യു. വിന്റെ മുൻഭാരവാഹിയായിരുന്ന ആന്റണിയുടെ പിതാവും മുക്തിശ്രീയുടെ പ്രസിഡണ്ട് മാർഗരറ്റ് ചാമക്കാലായുടെ സഹോദരനുമായ അഗസ്റ്റ്യൻ ചിറമാട്ടേലിന്റെ അകാല നിര്യാണത്തിൽ ഡയറക്ടർ ചുണ്ടപ്പറമ്പ് പള്ളിയിൽ പോയി റീത്ത് സമർപ്പിച്ച്, മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ആന്റണിക്കും വീട്ടുകാർക്കും എ.ഡി. എസ്. യു. കുടുംബത്തിന്റെ വക അനുശോചനവും പ്രാർത്ഥനകളും.

ആദരവോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
**ഡയറക്ടർ**

വിജയികൾക്കും പങ്കെടുത്ത എല്ലാവർക്കും അനുമോദനങ്ങൾ പുരസ്ക്കാര ദിന വിവരങ്ങൾ പിന്നീട് അറിയിക്കും.

**ലോകപരിസ്ഥിതി ദിനാചാരണം:** പ്രതീക്ഷാകേന്ദ്രത്തിന്റെ പരിസരത്ത് ഫലവൃക്ഷ തൈനട്ട് ലോകപരിസ്ഥിതിദിനാചരണം നടത്തി.

**ചികിൽസാകേന്ദ്രം തുറന്ന് പ്രവർത്തനം ആരംഭിക്കുന്നു:** കോവിഡ് 19-ന്റെ നിരീക്ഷണ കേന്ദ്രമായും തുടർന്ന് പ്രവാസി കെയർ സെന്ററായും പ്രവർത്തനത്തിനായി നൽകപ്പെട്ടിരുന്ന പ്രതീക്ഷ ജൂലൈ 1 മുതൽ തുറന്നു പ്രവർത്തനം ആരംഭിക്കുന്നു. ചികിൽസയ്ക്കായി വരുന്നവർ അടിയന്തരമായി ശ്രദ്ധിക്കാൻ

1. ചികിൽസാർത്ഥി ഏതുപ്രദേശത്തുനിന്നു വന്നാലും അവരുടെ സ്ഥലത്തെ PHC (പ്രഥമികാരോഗ്യകേന്ദ്രം)യിൽ നിന്നും കോവിഡ് പോസീറ്റീവല്ല നെഗറ്റീവ് ആണന്ന സർട്ടിഫിക്കറ്റ് കൊണ്ടുവരണം.
2. കേന്ദ്രത്തിൽ വരുന്ന എല്ലാവരും നിർബന്ധമായി മാസ്ക് ധരിച്ചിരിക്കണം.
3. ഉപയോഗിക്കാനുള്ള വസ്ത്രങ്ങളഎല്ലാം മുൻകൂട്ടി കരുതി വരിക.
4. ആധാർ, വോട്ടർ ID തുടങ്ങിയവയും കരുതേണ്ടതാണ്.
5. വരുന്നതിനു മുമ്പ് കേന്ദ്രത്തിലേക്ക് ഫോൺ ചെയ്ത് ചോദിച്ചതിനുശേഷം വരിക.

**സ്വാഗതം:** പ്രതീക്ഷ സെന്ററിന്റെ കോ-ഡിറക്ടറായി 27-ാം തീയതി ചാർജെടുക്കുന്ന ഫാ. ചാക്കോ കുടിപ്പറമ്പിലിന് പ്രതീക്ഷയിലേക്ക് സ്വാഗതം.

**കൃതജ്ഞതയോടെ** : കഴിഞ്ഞ രണ്ടുവർഷമായി പ്രതീക്ഷയിൽ സ്റ്റഫാംഗങ്ങളായിരുന്ന ഡോ. സി. സീലിയായും, സി. ഷാന്റി എസ്കെഡി യും വിവിധ കാരണങ്ങളാൽ ഈ വർഷം തല്സ്ഥാനത്ത് തുടരാനാവാത്തതിനാൽ അവരുടെ സേവനങ്ങളെ ഏറെ നന്ദിയോടെ ഞങ്ങൾ അനുസ്മരിക്കുന്നു.

## ഓഗസ്റ്റ്

## വെഞ്ചരിപ്പും പുനരാരംഭവും

മൂന്നു മാസത്തോളം കോവിഡ്- 19-ന്റെ നിരീക്ഷണ കേന്ദ്രമായും കെയർ സെന്ററായും പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രതീക്ഷയിൽ ജൂലായ് ഒന്ന് മുതൽ വീണ്ടും ചികിത്സാ സംവിധാനങ്ങൾ പുനരാരംഭിച്ചു. അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് കെട്ടിട വെഞ്ചരിപ്പും പുനഃപ്രവർത്തന ഉത്ഘാടനവും നിർവഹിച്ചു. സമ്മേളനത്തിൽ ഡോ.സെബാൻ ചെരിപ്പുറത്ത്, പഞ്ചായത്ത് പ്രസിഡണ്ട് എ.കെ.രമ്യ, സെക്രട്ടറി കെ.എം.മാത്യു, കോ-ഡയറക്ടർ ഫാ.ചാക്കോ കുടിപ്പറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. പുതിയ പ്രോജക്ട് ഓഫീസർ ആൽബിൻ തോട്ടത്തിൽ,ഡോ.സെരിബ എന്നിവർക്ക് വരവേൽപ്പും നടത്തി

**ആരോഗ്യബോധവൽക്കരണ ക്ലാസ്സ് :** ജൂലൈ ഒന്നിന് എരഞ്ഞോളി പ്രാഥമികആരോഗ്യ കേന്ദ്രത്തിൻ നിന്നുമുള്ള ഹെൽത്ത് ഇൻസ്പെകടർ മാരായ ശശി, സുനിൽ എന്നിവർ ക്ലാസുകളെടുത്തു. ചികിത്സക്കായി വരുന്നവർ കൊണ്ടുവരേണ്ട രേഖകൾ സ്റ്റാഫംഗങ്ങൾ സ്വീകരിക്കേണ്ട

മുൻകരുതലുകൾ എന്നിവയെക്കുറിച്ചും ചർച്ച ചെയ്തു

**സ്പിരിച്ചൽ റിട്രീറ്റ്** : ജൂലൈ രണ്ടാം തിയതി എല്ലാ സ്റ്റാഫംഗങ്ങൾക്കും വേണ്ടി മദർ ഹോം ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഏകദിന ധ്യാനം സംഘടിപ്പിക്കപ്പെട്ടു. ഫാ.സെബാസ്റ്റ്യൻ പുതുപള്ളിൽ, ഫാ. ജിമ്മി എന്നിവർ നേതൃത്വം നൽകി.

**സൈക്കോ സ്പിരിച്ചൽ ഈസ്റ്റേൺ ധ്യാനം:** പ്രതീക്ഷാ ചാപ്പലിൽ വച്ച് ഓൺലൈനായി ഒരാഴ്ചക്കാലത്തേക്ക് നടത്തപ്പെട്ട ഈസ്റ്റേൺ ധ്യാന പരിശീലന പരിപാടിയിൽ മുഴുവൻ സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു. ഡോ. സെബാൻ ചെരിപ്പുറം നേതൃത്വം നൽകി.

**കൗൺസിലേർസ് ട്രെയിനിംഗ്:** പ്രതീക്ഷ കൗൺസിലർമാർക്കുള്ള എംപവർമെന്റ് കോഴ്സിൽ സി. തെരേസ്, ആൽബിൻ തോട്ടത്തിൽ, മനു മാത്യു, സി.എത്സീന എസ്എബിഎസ് എന്നിവർ പങ്കെടുത്തു. ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം കോഴ്സിന് നേതൃത്വം നൽകി.

**ഭരണ നൈപുണ്യ പരിശീലനം:** പ്രതീക്ഷയുടെ ഓഫീസ് നടത്തിപ്പിനെക്കുറിച്ച് ദ്വിദിന പഠന പരിശീലന പരിപാടി നടത്തപ്പെട്ടു ഫാ.ചാക്കോ കുടിപറമ്പിൽ, ആൽബിൻ തോട്ടത്തിൽ എന്നിവർ സംബന്ധിച്ചു. ഫാ ഡയറക്ടർ ട്രെയിനിംഗിന് നേതൃത്വം നൽകി.

**ക്വിസ് മത്സരം :** സ്റ്റാഫ് അംഗങ്ങളുടെ പരിശീലനത്തിന്റെ ഭാഗമായി നടത്തപ്പെട്ട ക്വിസ് മത്സരത്തിൽ ജോയ് മണ്ടപത്തിൽകുന്നേൽ, ബെന്നി പൊന്നാട്ട് എന്നിവർ ഒന്നാം സ്ഥാനവും സി. എത്സീന, സി.തെരേസ് എന്നിവർ രണ്ടും മൂന്നും സ്ഥാനവും നേടി.

**പ്രാത്ഥനായജ്ഞം:** കോവിഡ് വ്യാപനം നിയന്ത്രണ വിധേയമാക്കുന്നതിനു വേണ്ടി മൂന്നുദിവസം തുടർച്ചയായി ആരാധന നടത്തപ്പെട്ടു. സ്റ്റാഫ് അംഗങ്ങൾക്ക് വേണ്ടിയുള്ള ആത്മീയ ശുശ്രൂഷക്ക് സി.എത്സീന, സി.തെരേസ് എന്നിവർ നേതൃത്വം നൽകി.

**പുതിയ മൊബൈൽനമ്പർ:** നിലവിലുള്ള ലാൻഡ് നമ്പറുകൾക്കു പുറമെ 94000 62914 എന്ന നമ്പർകൂടി പുളതായി ചേർക്കപ്പെട്ടിരിക്കുന്നു.

**ഓൺലൈൻ ഇൻസ്പെക്ഷൻ:** ജൂലൈ 8, 21 എന്നീ തീയതികളിൽ ഡൽഹിയിൽ നിന്നുള്ള ഓൺലൈൻ ഇൻസ്പെക്ഷൻ നടത്തപ്പെട്ടു.

**വീഡിയോ കോൺഫറൻസും ഇൻസ്പെക്ഷനും:** 18-ന് കേന്ദ്ര ഗവൺമെന്റിന്റെ സാമൂഹ്യനീതി ഓഫീസിൽ നിന്നും സംഘടിപ്പിക്കപ്പെട്ട വീഡിയോ കോൺഫറൻസിൽ ഫാ: ഡയറക്ടർ പങ്കെടുത്തു.

ആദരവോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ

**കെ. സി. ബി. സി. മദ്യവിരുദ്ധസമിതിയുടെയും മുക്തിശ്രീയുടെയും നേതൃത്വത്തിൽ മദ്യ വിരുദ്ധ ഏകോപന സമിതി കലക്ട്രേറ്റ് ധർണ്ണ ഉദ്ഘാടനം. മാർ പാംപ്ലാനി**

മെയ് 28 വ്യാഴം കണ്ണൂർ ജില്ലയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന പതിമൂന്ന് സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ കണ്ണൂർ കലക്ട്രേറ്റിനു മുമ്പിൽ ധർണ്ണ നടത്തി. രാവിലെ പത്തരമണിക്ക് ആരംഭിച്ച ധർണ്ണ മാർ പാംപ്ലാനി ഉദ്ഘാടനം ചെയ്തു. മദ്യത്തിന്റെ ഉപയോഗത്തിൽ നിന്ന് ജനം മാറി തുടങ്ങിയപ്പോൾ വീണ്ടും നാടൊട്ടുക്ക് മദ്യകച്ചവടത്തിന് മുതിരുന്നത് ഒരു ജനാധിപത്യസർക്കാരിന് ദൂഷണമല്ല എന്ന് അദ്ദേഹം പ്രസ്താവിച്ചു. മദ്യവിരുദ്ധ ഏകോപനസമിതി ചെയർമാൻ ഫാ. ചാക്കോ കുടിപ്പറമ്പിൽ, വൈസ് ചെയർമാൻ ടി. പി. ആർ. നാഥ്, ജനറൽ കൺവീനർ ആന്റണി സാർ മേൽവെട്ടം, അബ്ദുൾ സലാം എന്നിവർ പ്രസംഗിച്ചു.

**മെയ് 30 അതിരൂപതാ സെനറ്റ് ഓൺലൈനിൽ ഉദ്ഘാടനം മാർ ജോസഫ് പാംപ്ലാനി**

കെ. സി. ബി. സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ എന്നിവ ഓൺലോനിൽ അതിരൂപതാ സെനറ്റ് യോഗം ചേർന്നു. മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം നിർവ്വഹിച്ചു. തിന്മക്കെതിരെയുള്ള പോരാട്ടം തന്നെയാണ് അതിന്റെ വിജയമെന്നും അതുകൊണ്ട് മദ്യവിരുദ്ധപ്രവർത്തനം നടത്തുക എന്നത് തന്നെ വിജയത്തിന്റെ ഭാഗമാണന്നും പിതാവ് പറഞ്ഞു.

**ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ**

1. വൈദികരുടെ സ്ഥലമാറ്റത്തിനുശേഷം മേഖലാ ഡയറക്ടർമാരുമായി പാംപ്ലാനി പിതാവും അതിരൂപതാഡയറക്ടറും ഒരുമിച്ച് സംഘടനാപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച.
2. യൂണിറ്റ്, മേഖല അതിരൂപതാ തല തെരഞ്ഞെടുപ്പ്, ലോക്ക്ടൗണിനുശേഷം
3. മദ്യവിരുദ്ധപ്രവർത്തനകർ പൊതുപ്രവർത്തകർ എന്നനിലയിൽ അതിന്റെ പ്രവർത്തനശൈലിയിലും മാറ്റം വരുത്തണം. മണ്ഡലം, പഞ്ചായത്ത് സമിതികൾക്ക് രൂപം കൊടുക്കണം.
4. ഇതര മദ്യവിരുദ്ധസംഘടനകളുമായി യോജിച്ച് പ്രവർത്തിക്കണം.
5. സമരപരിപാടികൾ സമൂഹമനസ്സാക്ഷിയിൽ ചലനം സൃഷ്ടിക്കുമെന്നതിനാൽ അതിനും പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകണം.

**അതിരൂപതാ സമിതി**

**ജൂൺ 1 മുതൽ 7 വരെ പ്രാർത്ഥനാവാരാചരണം**

ജൂൺ 1 മുതൽ 7 വരെ അതിരൂപതാ ഭാരവാഹികൾ മദ്യമുക്തനാടിനും, മദ്യപാനികൾക്കുവേണ്ടി പ്രാർത്ഥനാവാചാരണം നടത്തി.

**ജൂൺ 7 മുതൽ 14 വരെ പ്രാർത്ഥനാവാചാരണം അതിരൂപതയിൽ ഉദ്ഘാടനം**

കെ. സി. ബി. സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ എന്നിവയുടെ ആഭിമുഖ്യത്തിൽ ഒരാഴ്ച നീണ്ടു നില്കുന്ന പ്രാർത്ഥനാവാചാരണത്തിനു തുടക്കം കുറിച്ചു. ജൂൺ 7 ന്

ഞായറാഴ്ച മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് പാംപ്ലാനി സമാപനപ്രാർത്ഥനയും ആശീർവ്വാദവും നൽകി, എല്ലാദിവസവും രാത്രി 9.30 ന് ഓൺലൈനിൽ പ്രാർത്ഥന ആരംഭിക്കുന്നു. മേഖലാഭാരവാഹികളും യൂണിറ്റ് ഭാരവാഹികളും സംബന്ധിച്ചു.

**12 മണിക്കൂർ ദിവ്യകാരുണ്യാരാധന**

മെയ് 11 ന് രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ ലഹരിവിമുക്തനാട്. രോഗവ്യാപനം തടയപ്പെടാൻ, കുടുംബസമാധാനം എന്നീ നിയോഗങ്ങളോടെ അതിരൂപതാ നേതൃത്വത്തിൽ 12 മണിക്കൂർ ദിവ്യകാരുണ്യാരാധന നടത്തി. മണ്ഡപം ഇടവക ആതിഥ്യം വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, ടോമി സാർ, ജയ സണ്ണി എന്നിവർ നേതൃത്വം നൽകി.

**പ്രാർത്ഥനാവാചാരണം സമാപനം തോമാപുരം മേഖലയിൽ ജൂൺ 14 ന്**

ഒരാഴ്ച നീണ്ടിനിന്ന പ്രാർത്ഥനാവാചാരണത്തിന് തോമാപുരം മേഖല ആതിഥ്യം നൽകി. മണ്ഡപം ഇടവകയിൽവെച്ച് വി. കുർബ്ബാന, ദിവ്യകാരുണ്യാരാധന, മധ്യസ്ഥപ്രാർത്ഥന, ജപമാല, ഗാനശുശ്രൂഷ, വചനപ്രസംഗം എന്നീ ശുശ്രൂഷകളോടെയായിരുന്നു സമാപനം. സംസ്ഥാന, അതിരൂപതാ, മേഖലാ ഭാരവാഹികളായ തങ്കച്ചൻ കൊല്ലംക്കൊമ്പിൽ, തോമസ് ചാരശ്ശേരി, ടോമിസാർ ജയ സണ്ണി എന്നിവർ നേതൃത്വം നൽകി. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ സമാപനാശീർവ്വാദം നൽകി.

**വെള്ളരിക്കുണ്ട് താലൂക്ക് ഓഫീസ് ധർണ്ണ** : വെള്ളരിക്കുണ്ട് താലൂക്ക് ഓഫീസ് ധർണ്ണ ജൂൺ 15 ന് നടത്തി. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ അദ്ധ്യക്ഷം വഹിച്ചു. തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ജോസ് തെക്കേക്കണ്ടം, ജിജി തച്ചാറുകുടിയിൽ എന്നിവർ പ്രസംഗിച്ചു.

# ഓഗസ്റ്റ്

## ജൂൺ 24 ദിവ്യകാരുണ്യ പ്രയാണം

തിൻമകളുടെ ആധിപത്യത്തിനുമേൽ ക്രിസ്തു ശക്തി വ്യാപരിക്കുന്നതിനായും പകർച്ച വ്യാധിയുടെ ശമനത്തിനുവേണ്ടിയും ദിവ്യകാരുണ്യപ്രയാണം നടത്തി. എല്ലാ ഫൊറോനപ്പള്ളികളിലും പ്രത്യേകപ്രാർത്ഥന ചടങ്ങുകൾ നടന്നു. ഒരുക്ക ശുശൂഷകൾക്ക് മാർ ജോസഫ് പാംപ്ലാനി കാർമ്മികത്വം വഹിച്ചു. മദർഹോം ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുതുപ്പള്ളിയും മദ്യവിരുദ്ധ സമിതി,മുക്തിശ്രീ ഡയറക്ടർ ഫാ.ചാക്കോ കുടിപ്പറമ്പിലും നേതൃത്വം നൽകി.

## ജൂൺ 26 : ലോക ലഹരി വിരുദ്ധ ദിനം

അതിരൂപതാതല ലോക ലഹരി വിരുദ്ധ ദിന പരിപാടി അങ്ങാടിക്കടവിൽ വച്ച് നടത്തി. ലഹരി സാമഗ്രികളുടെ പ്രതീകാത്മ ഹോമം നടത്തി. ഫാ. ചാക്കോ കുടിപ്പറമ്പിലും ഫാ. തോമസ് ആമക്കാട്ടും ഡോ. ജോസ്‌ലെറ്റ്

മാത്യുവും സംയുക്തമായി ഹോമാഗ്നി ജ്വലിപ്പിച്ചു. ആന്റണി മേൽവെട്ടം, സണ്ണി പട്ടമന, സി. റിൻസി സി.എം.സി. എന്നിവർ നേതൃത്വം നൽകി.

## ജൂലൈ 3 ന് വെളിച്ചം 2020 അതിരൂപതാതല ഉദ്ഘാടനം

ഇടവകകളിലൂടെ നടത്തപ്പെടുന്ന സായാഹ്ന കൺവെൻഷൻ വെളിച്ചം 2020 അതിരൂപതാതല ഉദ്ഘാടനം തലശ്ശേരി കത്തീഡ്രലിൽ വെച്ച് നടന്നു. മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു. കത്തീഡ്രൽ വികാരി റവ. ഡോ. ജോർജ് കരോട്ട്, ഫാ. ജോൺ മുണ്ടോളിക്കൽ എന്നിവർ പ്രസംഗിച്ചു.

## ജൂലൈ 5 ന് യുവജനബോധവത്കരണ സെമിനാർ

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷ്യങ്ങളെക്കുറിച്ചുള്ള ബോധവത്കരണ സെമിനാർ കാഞ്ഞിരക്കൊല്ലിയിൽ നടന്നു. രാവിലെ 9 മുതൽ 11.30 വരെ ആയിരുന്നു. സെമിനാർ. ഫാ. അലക്സ് നിരപ്പേൽ നേതൃത്വം നൽകി.

## വെളിച്ചം 2020 സായാഹ്ന കൺവെൻഷൻ

ജൂലൈ 5 ന് ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ 7 മണി വരെ വെളിച്ചം 2020 സായാഹ്ന കൺവെൻഷൻ കാഞ്ഞിരക്കൊല്ലിയിൽ വെച്ച് നടന്നു. വി.കുർബാന, ക്ലാസ്, ആരാധന എന്നിവയ്ക്ക് ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. അലക്സ് നിരപ്പേൽ എന്നിവർ നേതൃത്വം നൽകി.

## യാത്രാമംഗളങ്ങൾ

സ്തുത്യർഹമായ ശുശ്രൂഷകൾക്കു ശേഷം തൊക്കിലങ്ങാടിയിലേക്ക് സ്ഥലം മാറുന്ന സി. ലൂസീന പൊരുന്നേടത്തിന് മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾ സംയുക്തമായി യാത്രയയപ്പ് നൽകി. ജൂലൈ 7 ന് പ്രതീക്ഷയിൽ വെച്ച് നടന്ന യോഗത്തിൽ റവ. ഡോ. ജോൺസൺ അന്ത്യാംകുളവും ഫാ. ചാക്കോ കുടിപ്പറമ്പിലും സ്നേഹോപഹാരം നൽകി. അതിരൂപതാകുടുംബത്തിന്റെ എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

## ജൂലൈ 14 അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗും പ്രമേയാവതരണവും

കെ.സി. ബി. സി. മദ്യവിരുദ്ധ സമിതിയുടേയും മുക്തിശ്രീയുടേയും അതിരൂപതാ എക്സിക്യുട്ടീവ് മീറ്റിംഗ് ഓൺലൈനിലൂടെ നടന്നു. ഭാവികാര്യങ്ങൾ ചർച്ച ചെയ്തു. സമ്പർക്കത്തിലൂടെ കോവിഡ് പകരുന്ന സാഹചര്യത്തിൽ അതിന് ഏറ്റവും അനുകൂലമായി നില്ക്കുന്ന സാഹചര്യമാണ് മദ്യവിപണനത്തിലൂടെ സംഭവിക്കുന്നത്.ആയതിനാൽ മദ്യക്കച്ചവടം നിർത്തണമെന്ന് സമിതി സർക്കാരിനോട് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

സ്നേഹാദരങ്ങളോടെ,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
**ഡയറക്ടർ**

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി

## (ടി.എസ്.എസ്.എസ്.)

**ജൂൺ 5 ലോക പരിസ്ഥിതി ദിനം**

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഈ മാസം സാധിക്കുന്ന മരങ്ങൾ നട്ടുപിടിപ്പിക്കാൻ കാഡ്ബറിയുടെ മുപ്പതിനായിരം കൊക്കോ തൈകൾ എല്ലാ മേഖലകളിലും വിതരണം ചെയ്തു.

**അനുശോചനം, പ്രാർത്ഥന**

ടി എസ് എസ് എസ് എടൂർ മേഖലാ സ്റ്റാഫ് ശ്രീ ജോജുവിന് പിതാവ് നിര്യാതനായി ശ സംസ്കാരചടങ്ങിൽ്രൈ ഡയറക്ടർ നിരപ്പ് അസിസ്റ്റന്റ് ഡയറക്ടർ ഫാദർ ജോർജ് കളരി മുറി സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തു. ടി എസ് എസ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും, ടിഎസ് എസ്എസ്ൽ നിന്ന്പള്ളികൾ,സ്ഥാപനങ്ങൾ,ഭവനങ്ങൾ, തെർമോമീറ്റർ, സാനിറ്റൈസർ, ഹൈജീൻ ഫോം സോപ്പ് എന്നിവ മിതമായ വിലയിൽ കൊടുത്തുതുടങ്ങി. ആവശ്യമുള്ളവർ സ്റ്റാഫ് ഷീയശിെ ആയി ബന്ധപ്പെടുക. ഫോൺനമ്പർ. 9847307057 ആലക്കോട്, ചെമ്പേരി, നെല്ലിക്കാംപൊയിൽ. എടൂർ പേരാവൂർ മേരിഗിരി എന്നീ മേഖലകളിലെ ലോണുകളുടെ അപേക്ഷകൾ സ്വീകരിച്ചു. ജൂലൈ മാസം ആദ്യവാരത്തിൽ ഓൺ വിതരണം ചെയ്യുന്നതാണ്.

**ടി എസ് എസുമായി കൈകോർത്ത് മാലാഖമാർ മഹാരാഷ്ട്രയിൽ**

കോവിഡ് ദുരന്ത കാലഘട്ടത്തിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി സേവനത്തിന് പുതിയ മാതൃകയായി. കോമഡി രോഗികളെ പരിചരിക്കാൻ കേരളത്തിൽ നിന്നും നഴ്സുമാരെ മഹാരാഷ്ട്രയ്ക്ക് അയക്കാൻ സാധിച്ചു. യാത്രാ സംഘത്തിന്റെ വാഹനത്തിന് മാർ ജോസഫ് പാംപ്ലാനി ഫ്ലാഗ് ഓഫ് ചെയ്തു. നിങ്ങൾ കേരളത്തിന്റെ അഭിമാനമാണെന്നും നിങ്ങൾ സാഹോദര്യത്തിന് മാതൃകയാണെന്നും ഈ മക്കളെ സേവനം ചെയ്യാൻ ധൈര്യം കാണിച്ച മാതാപിതാക്കളെ അഭിനന്ദിക്കുന്നതെന്നും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ ഭരണാധികാരികൾക്കും നന്ദി അറിയിക്കുന്നു എന്ന് അവരെ യാത്രയാക്കി കൊണ്ട് പിതാവ് സംസാരിച്ചു. പി എസ് ഡയറക്ടർ ഫാദർ നിരപ്പ് സന്ദേശം ഡയറക്ടർ പദവി തളിപ്പറമ്പ് സെൻ മേരീസ് ഫൊറോന വികാരി ഫാദർ എബ്രഹാം എന്നിവർ പങ്കെടുത്തു.

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സ്റ്റാഫ് മീറ്റിംഗ് ജൂൺ ഒന്നാം തീയതി തളിപ്പറമ്പിൽ വച്ച് നടന്നു പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനങ്ങൾ നടത്തി.

**മാസ്ക് വീതരണം**

ബഹുമാനപ്പെട്ട മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നേതൃത്വത്തിൽ കണ്ണൂർ ഓട്ടോ ഡ്രൈവേഴ്സ് മാസ്ക് വിതരണം ചെയ്തു.

**പി എഫ് എം എസ് ട്രെയിനിങ് കോഴ്സ്** : ചൈൽഡ് ഇന്ത്യൻ ഫൗണ്ടേഷൻ നേതൃത്വത്തിൽ കണ്ണൂരിൽ സംഘടിപ്പിച്ച പി എഫ് എം എസ് ട്രെയിനിങ് കോഴ്സിൽ കുമാരി അനീറ്റ തോമസ് പങ്കെടുത്തു.

**വർക്ക്ഷോപ്പുകൾ** (കോഡിനേറ്റ് orientation വർക്ക്ഷോപ്പ്)

കാരിത്താസ് ഇന്ത്യ സംഘടിപ്പിച്ച കർഷകരെ പുനരുദ്ധരിക്കുന്നു വേണ്ടി നടത്തിയ വർക്ഷോപ്പിൽ ടി എസ് സ് സ് സ്റ്റാഫ് ജോബിൻ സ് പങ്കെടുത്തു. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി സംഘടിപ്പിച്ച പ്രോഗ്രാ മിൽ ടി എസ് എസ് എസ് സ്റ്റാഫ് മിസ്റർ തോമസ് പങ്കെടുത്തു.

**അംഗപരിമിതർക്ക് താങ്ങായി ടി എസ് എസ് എസ്**

ചായി എസ് എൽ എഫ് കാഞ്ഞങ്ങാട് മേഖലയിലെ അംഗപരി മിതർക്കായുള്ള കുട്ടികൾക്ക് വേണ്ടി ഭക്ഷ്യധാന്യ കിറ്റ്കളും വാക്കും സാമ്പത്തിക സഹായവും വിതരണം ചെയ്തു കാഞ്ഞങ്ങാട് ശിളമിဇ ജീസസ് ഓഡിറ്റോറിയത്തിൽ വച്ച് തലശ്ശേരി അതിരൂപത വികാരി ജനറൽ ജോസഫ് പ ഫാദർ ജോസഫ് ഒറ്റപ്ലാക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് zമൃമ്മിമ വികാരി ഫാദർ തോമസ് പരപരാഗത്തു ടി എസ് എസ് എസ് ഡയറക്ടർ ഫാദർ ബെന്നി നിരപ്പേൽ ടി എസ് എസ് പ്രോഗ്രാം ഓഫീസർ സിസ്റ്റർ സ്മിത ടി എസ് എസ് എസ് സ്റ്റാഫ് അത് അഖിൽഷാജി യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ പങ്കെടുത്തു.

കാരിത്താസ് ഇന്ത്യ സൊമാറ്റോയുമായി ചേർന്ന് 200 കിറ്റുകൾ അതിനു തൊഴിലാളികൾക്ക് വിതരണം ചെയ്തു

**കാരിത്താസ് വാളണ്ടിയർ സെമിനാർ**: കാരിത്താസ് വളണ്ടിയേഴ്സ് ട്രെയിനിങ്ങിൽ തിരഞ്ഞെടുക്കപ്പെട്ട 20 പേർക്ക് ക്ലാസുകളും പരിശീലനങ്ങളും ലഭിച്ചു.

**കോവിഡ്19 അവലോകന മീറ്റിങ്ങുകൾ:**

കണ്ണൂർ കളക്ടറേറ്റിൽ വച്ച് നടത്തപ്പെട്ട കോവിഡ്19 മീറ്റിംഗുകളിൽ ടി എസ് എസ് എസ് ഡയറക്ടർ ഫാദർ ബെന്നി നിരപ്പേൽപങ്കുചേർന്നു.

## ഓഗസ്റ്റ്

## മാതാ സെന്റർ സന്ദർശിച്ചു

തലശ്ശേരി അതിരൂപതാ ഓക്സിലറി ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി 2020 ജൂലൈ 3 വെള്ളിയാഴ്ച തലശ്ശേരി മാതാ സെന്റർ സന്ദർശിക്കുകയും വി. തോമാശ്ലീഹായുടെ നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന ഫാ. അനീഷ് കട്ടക്കയത്തിനും ശ്രീ. തോമസ് വേങ്ങക്കുന്നേലിനും ആശംസകളർപ്പിക്കുകയും ചെയ്തു.

## യാത്രയയപ്പ് നൽകി

TSSS അസി. ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ഫാ. പ്രിയേഷ് കളരിമുറിയിൽ പുതിയ ഇടവകാ വികാരിയായി കാലിച്ചാനടുക്കം സെന്റ് ജോസഫ്സ് ദേവാലയത്തിൽ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 2020 ജൂലൈ 3 വെള്ളിയാഴ്ച സന്ദേശഭവനിൽ വെച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്, ഓക്സിലറി ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി എന്നിവരുടെ നേതൃത്വത്തിൽ സന്ദേശഭവനിൽ വച്ച് യാത്രയയപ്പ് നൽകി. TSSS ഡയറക്ടർ

ഫാ. ബെന്നി നിരപ്പേൽ, പ്രിയേഷ് അച്ചന്റെ സേവനങ്ങൾക്ക് നന്ദിയർപ്പിച്ചു സംസാരിച്ച ചടങ്ങിൽ TSSS ഓഫീസ് സ്റ്റാഫംഗങ്ങളും പങ്കെടുത്തു. പുതിയ കർമ്മമേഖലയിൽ അച്ചന് എല്ലാവിധ വിജയങ്ങളും പ്രാർത്ഥനകളും നേരുന്നു.

## സംസ്കാര ചടങ്ങിൽ പങ്കെടുത്തു

പനത്തടി ഓഫീസ് മാനേജർ സി. ഫിലോമിയുടെ സഹോദരന്റെ സംസ്കാര ചടങ്ങിൽ TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

പേരാവൂർ യൂണിറ്റ് സെക്രട്ടറിയും TSSS ഓഡിറ്ററുമായി ശ്രീ. ഗ്രെയ്സണിന്റെ പിതാവിന്റെ വിയോഗത്തിൽ TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അനുശോചനം അറിയിച്ചു.

## CHAI ഡിജിറ്റൽ ഫിസിയോതെറാപ്പി

2020 ജൂലൈ 8 ബുധനാഴ്ച CHAI-SLF അംഗം കുമാരി. ജാസ്മിന് ഫിസിയോതെറാപ്പി നൽകുന്നതിനായി TSSS സ്റ്റാഫ് അംഗങ്ങളായ സി. ആഷയും സി. സ്മിതയും ജാസ്മിന്റെ ഭവനം സന്ദർശിക്കുകയും ഫിസിയോതെറാപ്പി നൽകുകയും ചെയ്തു.

## ONLINE കോൺഫറൻസ് നടത്തി

CHAI DIGITAL REACH PHYSIOTHERAPY CBR WORKERS Follow up -ന്റെ ഭാഗമായി 2020 ജൂലൈ 10 വെള്ളിയാഴ്ച TSSS സ്റ്റാഫ് അംഗങ്ങളായ സി. ആഷ, സി. സ്മിത എന്നിവർ കുമാരി. ജാസ്മിന്റെ ഭവനം സന്ദർശിക്കുകയും സി. ആഷയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി CHAI ഓഫീസ് അംഗങ്ങളായ ശ്രീ. സോമശേഖരൻ, ശ്രീമതി. ഭുവന എന്നിവർ ഓൺലൈൻ കോൺഫറൻസ് നടത്തുകയും ചെയ്തു. തന്റെ പ്രവർത്തനങ്ങൾ വളരെ മനോഹരമായി പരീക്ഷകർക്ക് മുമ്പിൽ അവതരിപ്പിച്ച സി. ആഷയ്ക്ക് അഭിനന്ദനങ്ങൾ.

**ലാപ്ടോപ്പ് നൽകി** : പരിയാരം മെഡിക്കൽ കോളേജിൽ നിന്നും BAMS കോഴ്സിൽ ഉന്നത വിദ്യാഭ്യാസം നേടുന്ന നിർധന ആയുർവേദിക് വിദ്യാർത്ഥിനി കുമാരി അശ്വനിയുടെ ഭവനം 2020 ജൂലൈ 10 വെള്ളിയാഴ്ച TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സന്ദർശിക്കുകയും പഠനസഹായാർത്ഥം ലാപ്ടോപ്പ് നൽകുകയും ചെയ്തു. കണ്ണൂർ ജില്ലാ സാമൂഹികനീതി ഓഫീസർ ശ്രീ. പവിത്രൻ, പേരാവൂർ ഗ്രാമപഞ്ചായത്തംഗം ശ്രീ. സുരേഷ് ചാലാറത്ത്, ശ്രീ. സന്തോഷ് പാമ്പാറ, ശ്രീ. കെ. ശിവശങ്കരൻ തുടങ്ങിയവർ പങ്കെടുത്തു.

**ബോധവൽക്കരണം** : കൊറോണ സുരക്ഷാപോളിസി ബോധവൽക്കരണം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 2020 ജൂലൈ 21

ചൊവ്വാഴ്ച TSSS-ഉം സ്റ്റാർ ഹെൽത്തും ചേർന്ന് പദ്ധതികൾ രൂപീകരിച്ചു. TSSS-ലെ മുഴുവൻ സ്റ്റാഫ് അംഗങ്ങളും ഇൻഷൂറൻസിൽ അംഗങ്ങളായി.

**സന്നദ്ധസേന രൂപീകരിച്ചു** : തലശ്ശേരി അതിരൂപതയുടെ 80 അംഗ കോവിഡ് പ്രതിരോധ പ്രവർത്തന സന്നദ്ധസേനയായ "സമിരറ്റൻ സന്നദ്ധസേന" 2020 ജൂലൈ 21 ചൊവ്വാഴ്ച രൂപീകരിച്ചു. പ്രദേശിക മേഖലകളിൽ ലോക്ഡൗൺ കാലത്തും സേവനം ലഭിക്കത്തക്ക വിധത്തിൽ മേഖലകൾ തിരിച്ചാണ് സേന രൂപീകരിച്ചത്. സമിരറ്റൻ സേനയുടെ എല്ലാ വോളണ്ടിയേഴ്സിനും ബഹു. വൈദീകർക്കും അഭിനന്ദനങ്ങൾ.

## ഡിസാസ്റ്റർ ക്ലിനിക്ക്

കോവിഡ്-19 എന്ന മഹാമാരി നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ കുട്ടികൾക്ക് സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാം എന്നതിനെക്കുറിച്ച് കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ DRR (Disaster Risk Reduction) കോ-ഓർഡിനേറ്റേഴ്സിന് ഓൺലൈൻ ക്ലാസ് സംഘടിപ്പിച്ചു. TSSS-ൽ നിന്നും സ്റ്റാഫ് അംഗം ശ്രീ. തോമസ് വേങ്ങക്കുന്നേൽ ക്ലാസിൽ സംബന്ധിച്ചു.

## ഗ്രാഫിക് ഡിസൈനിംഗ്, ഡിടിപി & പ്രിന്റിംഗ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ഗ്രാഫിക് ഡിസൈനിംഗ്, ഡിടിപി, ഓഫ്സെറ്റ് & ലേസർ പ്രിന്റിംഗ് സേവനങ്ങൾ 2020 ഓഗസ്റ്റ് 01 മുതൽ പ്രവർത്തനമാരംഭിക്കുകയാണ്. തലശ്ശേരി അതിരൂപതാ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട് TSSS Design & Print-ന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുന്നു.

നോട്ടീസ്, ബ്രോഷർ, പോസ്റ്റർ, ബുക്കുകൾ, ബിൽബുക്ക്, മാഗസിൻ, ഡയറി, കലണ്ടർ, സ്റ്റിക്കർ, ലെറ്റർപാഡ്, ബിസിനസ് കാർഡ്, ഇൻവിറ്റേഷൻ, താങ്ക്സ് കാർഡ്, ബർത്ത് ഡേ കാർഡ്, വെഡ്ഡിംഗ് കാർഡ്, സപ്ലിമെന്റ് തുടങ്ങി എല്ലാവിധ ഗ്രാഫിക് ഡിസൈനിംഗ്, ഡിടിപി, ഓഫ്സെറ്റ് & ലേസർ പ്രിന്റിംഗ് വർക്കുകളും വളരെ ഉത്തരവാദിത്വത്തിൽ ചെയ്തു കൊടുക്കുന്നു.

എല്ലാ വൈദികരുടെയും സഹായസഹകരണങ്ങൾ സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് : +91 8086 100 324**
**G-mail: tssspress@gmail.com**

സ്നേഹപൂർവ്വം,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

ജൂൺ 7, 14, 21, 28 ദിവസങ്ങളിൽ മദർഹോം വചനാഗ്നി ടെലിവിഷനിലൂടെ വിശുദ്ധ കുർബാന അർപ്പിച്ചു.

കോവിഡ് കാലത്ത് വിവിധ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന സമയത്ത് സഹോദരങ്ങൾക്ക് വിവിധ സംഘടനകളിലൂടെ സഹായം എത്തിച്ചു നൽകി.

കുട്ടികൾക്കും മുതിർന്നവർക്കും ഓൺലൈൻ കൗൺസിലിംഗ് നൽകി.

**ജൂലൈ മാസത്തെ പ്രോഗ്രാം**

വിശുദ്ധ കുർബാന വചന അഗ്നി ചാനൽ ലൈവ്

ജൂലൈ 3, 6.30 am ന് ദുക്റാന തിരുനാൾ

ജൂലൈ 5, 12,19,26 തീയതികളിൽ 6.30 am വിശുദ്ധ കുർബാന

## ഓഗസ്റ്റ്

ആദം മിനിസ്ട്രി അംഗങ്ങളും ഉദയഗിരി ഇടവകാംഗങ്ങളുമായ മാതാപിതാക്കളും മക്കളും ബധിരരായ ഭവനത്തിലെ കുട്ടികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കിയതിന്റെ ഭാഗമായി അതിരൂപത കോർപറേറ്റ് മാനേജർ ബഹുമാനപ്പെട്ട ഫാ. ബിനോയ് ശാസ്താംപടവിലിന്റെ സഹായത്തോടെ കുട്ടികൾക്ക് മൊബൈൽ ഫോൺ ലഭ്യമാക്കി. അച്ചന് ഹൃദ്യമായ നന്ദി.

ജൂലൈ 3, ദുക്റാന തിരുന്നാൾ ദിവസം ഓൺലൈനിൽ ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും ആദം മിനിസ്ട്രിയിലെ തോമസ് നാമധാരികൾക്ക് മംഗളങ്ങൾ നേരുകയും ചെയ്തു. ജൂലൈ 5, 12, 19, 26 തീയതികളിൽ മദർ ഹോം വചനാഗ്നി ചാനലിലൂടെ ഓൺലൈൻ ആയി വി. കുർബാന അർപ്പിച്ചു. ജൂലൈ 28, വി. അൽഫോൻസാമ്മയുടെ തിരുന്നാൾ ആഘോഷവേളയിൽ വി. കുർബാന, നൊവേന എന്നിവ മധ്യേ സഹനങ്ങളുടെ വിശുദ്ധയുടെ മാധ്യസ്ഥം അംഗങ്ങൾക്ക് ഉണ്ടാകുവാൻ പ്രാർത്ഥിച്ചു. കുട്ടികൾക്കും മുതിർന്നവർക്കും ഓൺലൈൻ കൗൺസലിംഗ് നൽകി.

ആദം മിനിസ്ട്രി അംഗങ്ങൾക്കായി ഓഗസ്റ്റ് 2, 9, 15, 16, 23 തീയതികളിൽ വൈകുന്നേരം 7 മണിക്ക് മദർ ഹോം വചനാഗ്നി ചാനലിലൂടെ ഓൺലൈൻ ആയി വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോർജ്ജ് കളരിമുറിയിൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

**മാർ ജോർജ് ഞറളക്കാട്ട്**

## മെയ് 2020

27. രാവിലെ അതിരൂപതാകാര്യാലയത്തിൽ നടന്ന സിഫാം ഭരണ സമിതി മീറ്റിങ്ങിൽ പങ്കെടുത്തു.

28. രാവിലെ 10.30 ന് നടന്നസീറോമലബാർ മതബോധന കമ്മീഷൻ മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു. ഉച്ചക്കഴിഞ്ഞ് 3 മണിക്ക് വീഡിയോ കോൺഫറൻസു വഴി നടന്ന അജപാലന ഏകോപന സമിതി സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു.

29. തലശ്ശേരി മൈനർ സെമിനാരിയിൽ ഈ വർഷം ചേരുന്ന വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളുമായി വീഡിയോ കോൺഫറൻസ് നടത്തി.

30. മട്ടന്നൂർ എം.എസ്.എഫ്.എസ് ആശ്രമത്തിൽ വച്ച് നാട്ടക്കല്ല് ഇടവകാംഗമായ ഡീക്കൻ കെൽവിൻ ഓലിക്കുന്നേൽ എം.എസ്. എഫ്.എസിന് തിരുപ്പട്ടം നൽകി.

31. വൈകുന്നേരം 9.15 ന് അതിരൂപതാകാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു.

## ജൂൺ 2020

01. രാവിലെ 9 മണിക്ക് കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ അധ്യയനവർഷാരംഭത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയുംതുടർന്ന് വീഡിയോ കോൺഫറൻസ്സിലൂടെ അധ്യയനവർഷ ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു.

04. ഉച്ചക്കഴിഞ്ഞ് 2.30 ന്സൺഡേസ്കൂൾ പ്രധാനാധ്യപകരുടെ സമ്മേളനം വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്തു.

06. ഉച്ചക്കഴിഞ്ഞ് 3 മണിക്ക് ചെമ്പേരി കരുണാലയത്തിൽ പുതിയതായി നിർമ്മിച്ച അടുക്കളയും ഊട്ടുമുറിയും വെഞ്ചരിച്ചു.

07. രാവിലെ 6.30ന് അതിരൂപതാകാര്യലയത്തിൽ വച്ച് സൺഡേസ്കൂൾ അധ്യയനവർഷാരംഭത്തോടനുബന്ധിച്ച് വി.ബലിയർപ്പിക്കുകയും തുടർന്ന് അധ്യയനവർഷ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും ചെയ്തു.

തുടർന്ന് 9 മണിക്ക് അതിരൂപതാകാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

09. രാവിലെ 11 മണിക്ക് കണ്ണൂർ പള്ളിക്കുന്നിൽ ആരംഭിച്ച ബയോ മൗണ്ടേയ്ൻ ഫാർമേഴ്സ് പ്രോഡ്യൂസേഴ്സ് കമ്പിനിയുടെ ഓഫീസ് വെഞ്ചരിച്ചു. തുടർന്ന് ധർമ്മശാലയിലുള്ള എം.എസ്.എം.ഐ കൗൺസിലിംഗ് സെന്റർ സന്ദർശിച്ചു. വൈകുന്നേരം മാമ്പോയിൽ ഇടവകയിൽ നിര്യാതനായ പാപ്പച്ചൻ മാപ്രാകാവിലിന്റെ ഭവനത്തിലെത്തി ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

10. രാവിലെ10 മണിക്ക് കണ്ണൂർ ദീപിക ദിനപത്ര ഓഫീസ് വെഞ്ചരി ക്കുകയുംതുടർന്ന് ഓഫീസിലെ വിവിധ വകുപ്പു മേധാവികളുടെ മീറ്റിങ്ങിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.വൈകുന്നേരം അതിരൂപതാകാര്യാലയത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

11 രാവിലെ മാനന്തവാടിരൂപതയിലെ പോരൂർ ഇടവകാംഗമായ പീടികമലയിൽ ലിജോ-ലിനു ദമ്പതികളുടെ മകൾ ഇഷാന മരിയക്ക് മാമ്മോദീസ നൽകി.

12 വൈകുന്നേരം 9.15ന് അതിരൂപതാകാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

14. വൈകുന്നേരം 9.15ന് അതിരൂപതാകാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

16 വൈകുന്നേരം 8 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന അതിരൂപതാ ആലോചന സമിതി മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

17 നടവയൽ ഇടവകയിൽ ഞറളക്കാട്ട് മറിയാമ്മയുടെ നവതി ആഘോഷ ത്തിൽ പങ്കെടുത്തു.

27 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ ബഹു. മാണി ആട്ടേൽ അച്ചന്റെ യാത്രയയപ്പിനോടനുബന്ധിച്ച് കൃതഞ്ജതാ ബലിയർപ്പിച്ചു.

30 വൈകുന്നേരം തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരി സ്റ്റാഫ് മീറ്റിങ്ങിൽ പങ്കെടുത്തു

## ജൂലൈ 2020

**01** വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

02 വൈകുന്നേരം 6.30ന് തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമി നാരിയിൽ ദുക്റാന തിരുന്നാളിനോടനുബന്ധിച്ച് നടന്ന അക്കാദമിയിൽ അധ്യക്ഷത വഹിച്ചു.

03 രാവിലെ 6.30ന് മൈനർ സെമിനാരിയിൽ ദുക്റാന തിരുന്നാൾ ദിനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

04 രാവിലെ 9 മണിക്ക് ബാലേശുഗിരി ഉണ്ണിമിശിഹാ ദൈവാലയത്തിൽ വച്ച് പള്ളോട്ടൈൻ സഭാംഗമായ ഡീക്കൻ ആന്റണി കൈതപ്പറമ്പിലിന് തിരുപ്പട്ടം നല്കി. ഉച്ചക്ക് 12 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ഇളംത്തോട്ടത്തിൽ ജിജോ-മഞ്ജു ദമ്പതികളുടെ നാലാമത്തെ കുട്ടി എവിൻസ് മൈക്കിളിന് മാമ്മോദീസ നല്കി.

ഉച്ചക്കഴിഞ്ഞ് ഒറ്റത്തൈ ഇടവകാംഗമായ ഫാ. സെബാസ്റ്റ്യൻ കൂട്ടുങ്കൽ എം.എസ്.ടിയുടെ മാതാവ് കൂട്ടുങ്കൽ ത്രേസ്യാമ്മയുടെ നിര്യാണത്തിൽഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

06 രാവിലെ 9 മണിക്ക് അരീക്കമല ഇടവകയിൽ നസ്രത്ത് സന്യാസിനി സമൂഹം പുതിയതായി നിർമ്മിച്ച മഠം വെഞ്ചരിച്ചു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ വച്ച് നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു.

07 മഞ്ഞളാംപുറം ഇടവകയിൽ വച്ചു നടന്ന പേരാവൂർ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ വചനം പങ്കുവെക്കുകയും തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു

08 എടൂർ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ വചനം പങ്കുവെക്കുകയും തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു

09 കുന്നോത്ത് ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ വചനം പങ്കുവെക്കുകയും തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

10 അതിരൂപതാകാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

11 രാവിലെ 10 മണിക്ക് വിഡീയോ കോൺഫറൻസിലൂടെ നടന്ന ഹയർ സെക്കന്ററി സ്കൂൾ മാനേജർമാരുടെ മിറ്റീങ്ങിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ വച്ചു നടന്ന് വൈദികരുടെ മാസധ്യാനത്തിൽ വചനം പങ്കുവെക്കുകയും തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

13 നെല്ലിക്കാംപൊയിൽ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ വചന വിചിന്തനം നടത്തി. തുടർന്ന് 11.30ന് ഉരുപ്പുംകുറ്റി ഇടവകയിൽ മേനാച്ചേരി ജോയലിന്റെ വിവാഹം ആശീർവദിച്ചു. ഉച്ചക്കഴിഞ്ഞ് നെല്ലിക്കാംപൊയിൽ ഫൊറോനായിലെ മാസധ്യാനത്തോടനുബന്ധിച്ചുള്ള ചർച്ചകൾക്ക് നേതൃത്വം കൊടുത്തു.

14 ചെമ്പേരി വിമൽജ്യോതി എൻജീനിയറിംഗ് കോളേജിൽ വച്ചു നടന്ന ചെമ്പേരി ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിൽ വചനം

പങ്കുവെക്കുകയും തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

15 ചന്ദനക്കാംപാറ പള്ളിയിൽവച്ചു നടന്ന പൈസക്കരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ വചനം പങ്കുവെക്കുകയും തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. വൈകുന്നേരം ചന്ദനക്കാംപാറ ഇടവകാംഗമായ ഡീക്കൻ ഓസ്റ്റിൻ ചക്കാംക്കുന്നേലിന്റെ ഭവനം സന്ദർശിച്ചു.

16 ചെമ്പന്തൊട്ടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ വചനം പങ്കുവെക്കുകയും തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

17 രാവിലെ 10 മണിക്ക് വീഡിയോകോൺഫറൻസിലൂടെ നടന്ന സിനഡിൽ സെമിനാരി കമ്മീഷൻ അംഗങ്ങളുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

18 രാവിലെ 6.30ന് തലശ്ശേരി മൈനർ സെമിനാരിയിൽ വി. ബലിയർപ്പിക്കുകയും ബൽത്തങ്ങടി രൂപതാംഗമായ ബ്രദർ ജോസഫ് തുറക്കലിന് കാറോയപ്പട്ടം നല്കുകയും ചെയ്തു. രാവിലെ 10.30ന് വീഡിയോ കോൺഫറൻസിലൂടെ നടന്ന സ്ഥിരംസിനഡിൽ പങ്കെടുത്തു.

20 വായാട്ടുപറമ്പ് ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിൽ വചനം പങ്കുവെക്കുകയും തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

21 ആലക്കോട് ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിൽ വചനം പങ്കുവെക്കുകയും തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടു ക്കുകയും ചെയ്തു. വൈകുന്നേരം കരുവഞ്ചാൽ ശാന്തിഭവൻ സന്ദർ ശിച്ചു.


22 രാവിലെ കരുവഞ്ചാൽ ശാന്തിഭവനിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പെരുമ്പടവ് പള്ളിയിൽ വച്ചുനടന്ന മേരിഗിരി ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിൽ വചനം പങ്കുവെക്കുകയും ശേഷംനടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

23 കോഴിച്ചാൽ പള്ളിയിൽ വച്ചുനടന്ന ചെറുപുഴ ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിൽ വചനം പങ്കുവെക്കുകയും തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

24 വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ വച്ചു നടന്ന വൈദികരുടെ ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു.

25 രാവിലെ 11.30 ന് ജർമ്മനിയിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദികരുമായി വീഡിയോ കോൺഫറൻസ് നടത്തി.

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂൺ 2020

01. മാങ്ങോട് ഇടവകാംഗമായ ഡീക്കൻ തോമസ് കേളിമറ്റത്തിൽ എം.എസ്.എഫ്.എസിന് പൗരോഹിത്യ പട്ടം നൽകി തുടർന്ന് 12 മണിക്ക് മണിക്കടവ് ഇടവകയിൽ സി.എസ്.ടി. അച്ചന്മാരുടെ നേതൃത്ത്വത്തിൽ നിർമ്മിച്ച 25-ാമത്തെ ഭവനം വെഞ്ചിരിച്ചു.

04. ഉച്ചകഴിഞ്ഞ് 3.30 ന് തലശ്ശേരി അതിരൂപതയിലെ സൺഡേസ്കൂൾ പ്രധാനാധ്യപകരുടെ വീഡിയോ കോൺഫറൻസിലൂടെ നടന്ന സമ്മേളനത്തിൽ സംസാരിച്ചു.

07. രാവിലെ 9 മണിക്ക് അതിരൂപതാകാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ പങ്കെടുത്തു. രാത്രി 10.30 ന് ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിലെ അമേരിക്കയിലെ മിയാമിയിലുള്ള വിദ്യാർത്ഥികൾക്ക് വീഡിയോ കോൺഫറൻസിലൂടെ ക്ലാസ്സെടുത്തു.

10. രാവിലെ 10 മണിക്ക് കണ്ണൂർ ദീപിക ദിനപത്ര ഓഫീസിലെ വിവിധ വകുപ്പു മേധാവികളുടെ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം 6 മണി മുതൽ അതിരൂപതാകാര്യാലയത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

12. വൈകുന്നേരം9.15ന് അതിരൂപതാകാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ പങ്കെടുത്തു.

14. വൈകുന്നേരം 9.15ന് അതിരൂപതാകാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ പങ്കെടുത്തു.

16. വൈകുന്നേരം 8 മണിക്ക് രൂപതാകേന്ദ്രത്തിൽ വെച്ചു നടന്ന അതിരൂപതാ ആലോചന സമിതിമീറ്റിങ്ങിൽ പങ്കെടുത്തു.

19. രാവിലെ 8.45 മുതൽ കുന്നോത്ത് സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾക്ക് വീഡിയോ കോൺഫറൻസിലൂടെ ക്ലാസ്സെടുത്തു.

22. രാവിലെ 8 മണിക്ക് കൊന്നക്കാട് ഇടവകയിലെ കുഞ്ഞുങ്ങൾക്ക് ആദ്യകുർബ്ബാന നൽകി. 10 മണിക്ക് മാലോം ഇടവകയിലെ തുണ്ടത്തിൽ പ്രകാശ് ജോസഫിന്റെ 6-ാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. 10.30 ന് മാലോം ഇടവകയിലെ കുട്ടികൾക്ക് ആദ്യകുർബ്ബാന നൽകി.

തുടർന്ന് വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതിയിൽ നിർമ്മിച്ച ജോസഫ് തോലമ്മാക്കലിന്റെ ഭവനം വെഞ്ചിരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ബളാൽ ഇടവകയിൽ പുതുതായി നിർമ്മിച്ച സെമിത്തേരി വെഞ്ചിരിച്ചു. വൈകുന്നേരം 7 മണിക്ക് ചെമ്പേരി എൻജിനിയറിംഗ്കോളേജിൽ ബഹു. അച്ചന്മാരുടെ യാത്രയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. രാത്രി 9 മണിക്ക് ചരളിൽ നിര്യാതനായ പാംപ്ലാനിയിൽ മാത്യുവിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

23. രാവിലെ 10 മണിക്ക് ആലുവ സെമിനാരിയിലെ ഡീക്കന്മാർക്ക് വീഡിയോ കോൺഫറൻസിലൂടെ ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ചരൾ ഇടവകയിൽ നിര്യാതനായ പാംപ്ലാനിയിൽ മാത്യുവിന്റെമൃതസംസ്ക്കാരശുശ്രൂഷയ്ക്കു നേതൃത്ത്വം നൽകി.

25. രാവിലെ 8 മണിക്ക് പറമ്പ ഇടവകയിൽ തുരുത്തേൽ ബിനു- എലിസബത്ത് ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. 10.30ന് ചെറുപുഴ ഇടവകയിൽ ജിതിൻ മുടപ്പാലയിലിന്റെ വിവാഹം ആശീർവദിച്ചു.

26. രാവിലെ 8.45 മുതൽ കുന്നോത്ത് സെമിനാരിയിലെ കുട്ടികൾക്ക് വീഡിയോ കോൺഫറൻസിലൂടെ ക്ലാസ്സെടുത്തു.

## ജൂലൈ

01 വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയാ മീറ്റിംഗിൽ പങ്കെടുത്തു.

02 രാവിലെ 10 മണിക്ക് ആരാധന സന്യാസസമൂഹത്തിന്റെ പയ്യന്നൂർ ഇടവകയിലെ എടാട്ടുള്ള മഠത്തിലെ നവീകരിച്ച ചാപ്പൽ കൂദാശകർമ്മം നിർവ്വഹിച്ചു.

03 രാവിലെ 6.30-ന് ദുക്റാന തിരുനാൾ ദിനത്തിൽ സന്ദേശഭവനിൽ വി.ബലിയർപ്പിച്ച് സന്ദേശം നല്കി. അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

05 വൈകുന്നേരം 10 മണിക്ക് മിയാമിയിലുള്ള ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സെടുത്തു.

06 വൈകുന്നേരം അതിരൂപതാകാര്യാലയത്തിൽ വച്ച് നടന്ന കൂരിയ മീറ്റിങ്ങിൽ പങ്കെടുത്തു.

07 മഞ്ഞളാംപുറം ഇടവകയിൽവച്ചുനടന്ന പേരാവൂർ ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു.

08 എടൂർ ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു.

09 കുന്നോത്ത് ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു.

10 കുന്നോത്തു സെമിനാരിയിലെ മൂന്നാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സെടുത്തു. അതിരൂപതാകാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6 മണിക്ക് മതബോധന അദ്ധ്യാപകരുടെ പ്രാരംഭ സെമിനാറിൽ ഓൺലൈൻ ക്ലാസ്സെടുത്തു.

11 രാവിലെ 10 മണിക്ക് വിഡീയോ കോൺഫറൻസിലൂടെ നടന്ന ഹയർസെക്കന്ററിസ്കൂൾ മാനേജർമാരുടെ മിറ്റീങ്ങിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ വച്ചു നടന്ന വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു.

12 രാവിലെ 10 മണിക്ക് ചെമ്പേരിയിൽ വെച്ച് കെ. സി. വൈ. എം. പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്യുകയും വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം 4.30 ന് മതബോധന അദ്ധ്യാപകർക്ക് ക്ലാസ്സെടുത്തു.

13 നെല്ലിക്കാംപൊയിൽ ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു.

14 ചെമ്പേരി വിമൽജ്യോതി എൻജീനിയറിംഗ് കോളേജിൽ വച്ചു നടന്ന ചെമ്പേരി ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു.

15 ചന്ദനക്കാംപാറ പള്ളിയിൽ വച്ചു നടന്ന പൈസക്കരി ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു. വൈകുന്നേരം ചന്ദനക്കാംപാറ ഇടവകാംഗമായ ഡീക്കൻ ഓസ്റ്റിൻ ചക്കാംക്കുന്നേലിന്റെ ഭവനം സന്ദർശിച്ചു.

16 ചെമ്പന്തൊട്ടി ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകാര്യാലയത്തിൽ നടന്ന കൂരിയാമീറ്റിംഗിൽ പങ്കെടുത്തു.

17 കുന്നോത്തു സെമിനാരിയിലെ മൂന്നാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സെടുത്തു. വൈകുന്നേരം 4 മണിക്ക് ഫാമിലി അപ്പസ്റ്റോലേറ്റിന്റെ ഗവേണിംഗ്ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

20 വായാട്ടുപറമ്പ് ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു.

21 ആലക്കോട് ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു. വൈകുന്നേരം കരുവഞ്ചാൽ ശാന്തിഭവൻ സന്ദർശിച്ചു.

22 രാവിലെ കരുവഞ്ചാൽ ശാന്തിഭവനിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പെരുമ്പടവ് പള്ളിയിൽ വച്ചു നടന്ന മേരിഗിരി ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു.

23 കോഴിച്ചാൽ പള്ളിയിൽ വച്ചു നടന്ന ചെറുപുഴ ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിലും ചർച്ചകളിലും പങ്കെടുത്തു.

24 കുന്നോത്തു സെമിനാരിയിലെ മൂന്നാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സെടുത്തു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ വച്ചു നടന്ന വൈദികരുടെ ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു. വൈകുന്നേരം 9 മണിക്ക് ഡോക്ട്രിനൽ കമ്മീഷൻ അംഗങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തി.

25 രാവിലെ 11.30 ന് ജർമ്മനിയിൽ അജപാലന ശുശ്രൂഷചെയ്യുന്ന തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദികരുമായി വീഡിയോ കോൺഫറൻസ് നടത്തി. വൈകുന്നേരം 3 മണിക്ക് പബ്ലിക്ക് അഫയർ കമ്മറ്റി അംഗങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തി. വൈകുന്നേരം 4.30 ന് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയാ മീറ്റിംഗിൽ പങ്കെടുത്തു.

26. അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

❖❖❖